



ഡോ. കെ. രാഘവൻ പിള്ള സ്മരണിക

ഡോ. കെ. രാഘവൻ പിള്ള സ്മരണിക

ഡോ. കെ. രാഘവൻപിള്ള

1920–1987

തിരുവല്ല തിരുപ്പ ലിയൂരിൽ പനിക്ക ത്തു മഠത്തിലേത്തു തറവാട്ടിൽ ജനനം. തിരുവനന്തപുരം യൂ ണിവേഴ്സിററി കോളേജ്, ലണ്ടൻ സ്കൂൾ ഓഫ് ഓറി യൻറൽ ആൻഡ് ആ ഫ്രിക്കൻ സ്റ്റഡീസ് എന്നിവിടങ്ങളിൽ ഉ ന്നത വിദ്യാഭ്യാസം. തിരുവനന്തപുരം യൂ ണിവേഴ്സിററി കോളേജ്, അമേരി ക്കൻ അക്കാദമി ഓ ഫ് ഏഷ്യൻ സ്റ്റഡീ സ്, ഹസ്തലിഖി ത ഗ്രന്ഥശാല മുത ലായ സ്ഥാപനങ്ങ ളിൽ ഉദ്യോഗം.




ഡോ. കെ. രാഘവൻ പിള്ള
സ്മരണിക

ഡോ. കെ. രാഘവൻ പിള്ള സ്മാരകസമിതി

ശ്രീ. കെ. സി. പിള്ള
ഡോ. കെ. എം. ജോർജ്ജ്
പ്രൊഫസർ എസ്. ഗുപ്തൻ നായർ
ഡോ. കെ. രാമചന്ദ്രൻ നായർ
ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ
ഡോ. എൻ. പി. ഉണ്ണി
ഡോ. കെ. സുബ്രഹ്മണ്യം
ഡോ. കെ. അപ്പുക്കുട്ടൻ നായർ (ട്രഷറർ)
ഡോ. ടി. ഭാസ്കരൻ (കൺവീനർ)

ഡോ. കെ. രാഘവൻ പിള്ള സ്മരണിക



സമ്പാദകൻ
ഡോ. ടി. ഭാസ്കരൻ

ഡോ. കെ. രാഘവൻ പിള്ള സ്മാരകസമിതി
തിരുവനന്തപുരം 1989

Dr. K. Raghavan Pillai Smaranika (Collection of Papers in Malayalam in Memory of Dr. K. Raghavan Pillai. First Published August 1989.

Edited and Published by Dr. T. Bhaskaran, Convenor, Dr. K. Raghavan Pillai Endowment Committee. Cover Photo P. L. Manoj, Cover Design Raju. Printed at Viani Printings, Cochin, 682 018. Price Rupees forty.

പ്രസ്താവന

മൗലികത്വം അവകാശപ്പെടാവുന്ന അപൂർവ്വം ചില എഴുത്തുകാരിൽ ഒരാളായിരുന്നു ഡോ. രാഘവൻ പിള്ള. മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിലും അവയുടെ സാഹിത്യങ്ങളിലും അസാമാന്യമായ അവഗാഹം നേടിയിരുന്ന അദ്ദേഹം ആ ഭാഷകളിൽ സർഗ്ഗാത്മകരചനകൾ നടത്തിയിട്ടുണ്ട്. ആ ഭാഷകൾ അദ്ദേഹത്തിന് എത്രത്തോളം വഴങ്ങിയിരുന്നു എന്ന് ആ രചനകളിൽ നിന്നൂഹിക്കാം. ബഹുമുഖമായിരുന്നു രാഘവൻ പിള്ളയുടെ പ്രതിഭ. അദ്ധ്യാപകൻ, ഗവേഷകൻ, ഭാഷാശാസ്ത്രജ്ഞൻ, പ്രാചീനഗ്രന്ഥപ്രസാധകൻ, പൗരസ്ത്യവിജ്ഞാനനിപുണൻ, വിദ്യാഭ്യാസവിചക്ഷണൻ എന്നീ നിലകളിലെല്ലാം അദ്ദേഹം സ്വന്തം വ്യക്തിപ്രഭാവം പ്രകടമാക്കിയിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസം നിർവ്വഹിക്കാൻ പോലും വിഘാതമാകത്തക്കവിധത്തിലായിരുന്നു അദ്ദേഹത്തിന്റെ തറവാടിന്റെ സാമ്പത്തികസ്ഥിതി. എന്നിട്ടും ഏതോ ആന്തരിക പ്രേരണയാൽ നീതനായിട്ടെന്നപോലെ അദ്ദേഹം പഠിച്ചുയരുകയും ലണ്ടനിൽ നിന്നു പിഎച്ച്. ഡി. ബിരുദം നേടുകയും ചെയ്തു. ഒരമേരിക്കൻ സർവ്വകലാശാലയിൽ കുറച്ചുകാലം പ്രൊഫസറായി ജോലിനോക്കിയിട്ടുള്ള അദ്ദേഹം ചൈന സന്ദർശിച്ചിട്ടുണ്ട്.

വരുംതലമുറയ്ക്ക പ്രചോദകമാകാവുന്ന തരത്തിൽ അദ്ദേഹത്തിൻെറ സ്മരണ നിലനിറുത്തുവാൻ വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അദ്ദേഹത്തിൻെറ സുഹൃത്തുക്കളും ആരാധകരും സഹപ്രവർത്തകരും വിദ്യാർത്ഥികളും ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ആ ആഗ്രഹം സഫലീകരിക്കുവാൻ വേണ്ടി ഒരു കമ്മിററി രൂപീകരിക്കപ്പെട്ടു. (കമ്മിററി അംഗങ്ങളുടെ പേരുകൾ അന്യത്ര ചേർത്തിരിക്കുന്നു.) കേരള സർവ്വകലാശാലയിൽ ഡോ. രാഘവൻ പിള്ളയുടെ പേരിൽ സ്മാരകപ്രഭാഷണങ്ങൾ നടത്തുക, ഒരു സ്മരണിക പ്രസിദ്ധീകരിക്കുക എന്നിവയാണു കമ്മിററി മുഖ്യലക്ഷ്യങ്ങളായി മുന്നിൽ കണ്ടതു്. എൻഡവ്മെൻറിനുവേണ്ടിയുള്ള തുക സർവ്വകലാശാലയെ ഏല്പിച്ചു കഴിഞ്ഞു. ഡോ. രാഘവൻപിള്ള രണ്ടു പതിററാണ്ടിലധികം കാലം സ്വന്തം സേവനം സമർപ്പിച്ച ഹസ്തലിഖിതഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിലായിരിക്കും സ്മാരകപ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നതു്. ഈ സ്മരണിക പ്രസിദ്ധീകരിക്കുന്നതോടെ രണ്ടാമത്തെ ലക്ഷ്യവും സഫലീകരിക്കപ്പെടുന്നു. ഈ സമാരംഭം വിജയപര്യവസായി ആക്കുവാൻ ലേഖനങ്ങൾ തന്നും സാമ്പത്തിസഹായം എത്തിച്ചും സർവ്വാത്മനാ സഹകരിച്ച സകലരോടും ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഡോ. രാഘവൻപിള്ളയുടെ ഗ്രന്ഥശേഖരവും കൈയെഴുത്തുപ്രതികളും ഹസ്തലിഖിതഗ്രന്ഥശാലയ്ക്കു സംഭാവന ചെയ്യുവാൻ അദ്ദേഹത്തിൻെറ ധർമ്മപത്നി ഡോ. (മിസ്സിസ്) എൻ. ശാരദാദേവി തീരുമാനിച്ച വിവരം വെളിപ്പെടുത്തുവാൻ ഞങ്ങൾക്കതിയായ ആഹ്ളാദമുണ്ടു്. ഹസ്തലിഖിതഗ്രന്ഥശാലയ്ക്ക് ഇതു് ഒരു അമൂല്യമായ സമ്പത്തായിരിക്കുമെന്നതിൽ സംശയമേ ഇല്ല. ഭാവിഗവേഷകർക്കു് ഈ ഗ്രന്ഥശേഖരം അത്യന്തം പ്രയോജനപ്പെടുന്നതാണു്.

ഡോ. രാഘവൻപിള്ളയുടെ സ്മരണയ്ക്കു മുമ്പിൽ ശ്രദ്ധാഞ്ജലിയായി ഈ ലഘുഗ്രന്ഥം ഞങ്ങൾ സമർപ്പിക്കുന്നു.

തിരുവനന്തപുരം
28- 7- 1989

ഡോ. ടി. ഭാസ്കരൻ
കൺവീനർ

ഉള്ളടക്കം

ഭാഗം ഒന്ന്

ഓർമ്മകൾ, വിലയിരുത്തലുകൾ

ഭാഗം രണ്ട്

ഭാഷ, സാഹിത്യം, സംസ്കാരം

ഭാഗം മൂന്ന്

ഡോ. രാഘവൻ പിള്ളയുടെ കൃതികൾ

ഭാഗം ഒന്ന്

ഓർമ്മകൾ

വിലയിരുത്തലുകൾ

അമ്മാവനെപ്പററി

എൻ. ആർ. ഗോപിനാഥപിള്ള

അമ്മാവൻ അന്തരിച്ചിട്ട രണ്ടുകൊല്ലം തികയാൻ പോകുന്നു. 'എന്താണു് ഒന്നും എഴുതാത്തതു്'' എന്നു് അടുത്തവർ പലപ്പോഴും ചോദിക്കാറുണ്ടു്. ശരിയാണു്. 'എന്തേ എഴുതാത്തതു്'' എന്നു ഞാൻ എന്നെ കുററപ്പെടുത്തുകയും ചെയ്യാറുണ്ടു്. വല്ലതും എഴുതാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നാഗ്രഹിച്ച നിമിഷങ്ങളും കുറവല്ല. എന്നാൽ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ട നിസ്സഹായതയുടെ ഒരു ഇരയായി നില്ക്കുവാനേ എനിക്കു് ഇതുവരെ കഴിഞ്ഞിട്ടുള്ളു. എന്തുകൊണ്ടു് ഇതു സംഭവിച്ചു, സംഭവിക്കുന്നു, എന്നെനിക്കറിഞ്ഞുകൂടാ. മനസ്സാണു് മനുഷ്യൻ എന്ന സത്യം ഒരിക്കൽക്കൂടി ഞാൻ മനസ്സിലാക്കുന്നു. ഭാസ്കരൻ സാറിൻെറ നിർബ്ബന്ധം ഇല്ലായിരുന്നെങ്കിൽ ഞാൻ ഇപ്പോഴും ഇതെഴുതുമായിരുന്നില്ല. അമ്മാവൻെറ ഓർമ്മ അത്ര സജീവമായ ഒരു അനുഭവമായി മനസ്സു മുഴുവൻ നിറഞ്ഞുനില്ക്കുന്നു. 'എടാ' എന്ന ആ വിളി എൻെറ ചെവിയിൽ ഇപ്പോഴും ഉറഞ്ഞു കിടക്കുന്നു. അന്തരീക്ഷത്തിൻെറ അടരുകറ ഭേദിച്ച ആ ശബ്ദം മനസ്സിൽ ഒരു മന്ത്രമായി വർത്തിക്കുന്നു. മരണം ജീവിതത്തിൻെറ പൂർണ്ണവിരാമമാണെന്നു് അമ്മാവൻ വിശ്വസിച്ചിരുന്നില്ല. ഞാനും വിശ്വസിക്കുന്നില്ല.

അല്പവിരാമത്തിലും അർദ്ധവിരാമത്തിലും ഒരു വാക്യവും അവസാനിക്കുന്നുമില്ല!

മലയിൽ വസിക്കുന്നവൻ മലയുടെ മഹത്ത്വം മനസ്സിലാക്കുന്നില്ല; ഗംഗയിൽ പാർക്കുന്നവൻ ഗംഗയുടെ വിശുദ്ധിയുമറിയുന്നില്ല. അതിപരിചിതത്വം വസ്തുതകളുടെ ഉണ്മ അറിവാൻ തടസ്സം സൃഷ്ടിക്കുന്നു; അകൽച്ചയിൽ അടുപ്പവും അടുപ്പത്തിൽ അകൽച്ചയുമുണ്ട്. വളരെ അടുത്തവർ—എത്ര സത്യം—നമ്മിൽനിന്ന് എത്രയോ കാതം അകന്നുനിൽക്കുന്നു. നമുക്ക് ഏററവും അന്യൻ നാം തന്നെ. അമ്മാവൻെറ കാര്യത്തിലും ഇതുതന്നെയാണ് പരമാർത്ഥം. വർഷങ്ങൾ കൂടെ കഴിഞ്ഞിട്ടുണ്ടെങ്കിലും വളരെ കുറച്ചേ എനിക്ക് അമ്മാവനെപ്പററി അറിയാൻ കഴിഞ്ഞിട്ടുള്ളു. ഇതിൻെറ ഒരുകാരണം എൻെറയും അമ്മാവൻെറയും സ്വഭാവത്തിൻെറ പ്രത്യേകത കൂടിയാവാം. വളർച്ചമുററി വിവാഹിതനായി പിതാവായിട്ടും ഞാൻ എന്നും അമ്മാവൻെറ മുമ്പിൽ പത്തു വയസ്സിനു താഴെ പ്രായമുള്ള ഒരനന്തരവൻ മാത്രമായിരുന്നു. അമ്മാവൻ അങ്ങനെ മാത്രമേ എന്നെ കണ്ടിരുന്നുള്ളൂ; എനിക്ക് അങ്ങനെ ആകാനേ കഴിഞ്ഞിരുന്നുമുള്ളൂ. അരുന്ധതിയുടെ മുമ്പിൽ സപ്തർഷികളെ പോലെയുള്ള ഒരനുഭവം!

രണ്ട്

മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ ഗ്രാമങ്ങളിൽ ഒന്നാണ് തിരുപ്പുലിയൂർ. ചെങ്ങന്നൂരിനും ബുധനൂരിനും മധ്യേ സ്ഥിതി ചെയ്യുന്ന ഈ ജനപദം പണ്ടൊരു കാലത്ത് തമിഴകം മുഴവൻ പ്രഥിതമായിരുന്നു. വൈഷ്ണവരുടെ പാടൽ പെററ 18 ക്ഷേത്രങ്ങളിൽ ഒന്ന് തൃപ്പുലിയൂരാണ്. പാണ്ഡവമധ്യമനായ ഭീമൻ പ്രതിഷ്ഠിച്ചതാണ് അവിടത്തെ വിഷ്ണുവിഗ്രഹമെന്നാണ് ഐതിഹ്യം. തൃപ്പുലിയൂരിലെ ആഢ്യനായർഗൃഹങ്ങളിൽ ഒന്നായ മഠത്തിലേത്ത്—പനിക്കത്ത് എന്ന മഠത്തിലേത്ത്—1920-ൽ രാഘവൻ ജനിച്ചു. അച്ഛൻ ശങ്കരപ്പിള്ള. അമ്മ ലക്ഷ്മിപ്പിള്ള. അച്ഛൻ കായംകുളത്ത് ചെട്ടികുളങ്ങര 'തട്ടയ്ക്കാട്ട്' തറവാട്ടിലെ അംഗമായിരുന്നു. കണക്ക്, പിള്ള, എന്നീ സ്ഥാനമാനങ്ങൾ തലമുറയായി അമ്മയുടെ തറവാട്ടിനുമുണ്ടായിരുന്നു. കുതിരപ്പുറത്തു കയറി സവാരി ചെയ്ത പ്രതാപികളായ അമ്മാ

വന്മാരെപ്പററിയും 'പോണ്ടന്മാർ' വഹിക്കുന്ന മഞ്ചലിൽ കയററി നീരാട്ടിനു പോകുന്ന അമ്മാവിമാരെപ്പററിയും തലമുറകൾ വാതോരാതെ ഇപ്പോഴും പറയാറുണ്ട്. അമ്പലത്തിൽ ആറാട്ടിനു പുറത്തെഴുന്നള്ളിയ്ക്കണമെങ്കിൽ 'പണിയ്ക്കത്തെ' കാരണോർ പള്ളിവാളുമായി ആനയ്ക്കു അകമ്പടി സേവിക്കണമായിരുന്നു. വളരെ അടുത്തകാലം വരെ ഈ പതിവു നിലനിന്നിരുന്നു. പ്രതാപം അതിൻെറ വഴിക്കു നിന്നെങ്കിലും അമ്മാവൻെറ ജനനകാലത്തു് തറവാടു് സാമ്പത്തികമായി അത്ര മുമ്പന്തിയിലായിരുന്നില്ല. സ്വർണ്ണാഭരണങ്ങൾ അശയിൽ തൂക്കിയിട്ടിരുന്ന നിലവറകൾ താരതമ്യേന നരിച്ചീറുകളുടെ താവളമായിരുന്നു. അപ്പൂപ്പൻ ആദ്യം ആധാരമെഴുത്തുകാരനും ഒടുവിൽ വക്കീൽ ഗുമസ്തനുമായിരുന്നു. തലമുറകളുടെ ധൂർത്തിനു ശേഷവും കുറച്ചു നിലവും പുരയിടങ്ങളും അന്നു ബാക്കിയുണ്ടായിരുന്നു. പക്ഷേ അവയിൽ നിന്നു കിട്ടിയിരുന്ന ആദായം വീട്ടു ചെലവിനു മുഴക്കുമായിരുന്നില്ല. വീടെന്നു പറഞ്ഞാൽ ഒരു കൊച്ചു സദ്യയ്ക്കു വേണ്ട ആൾത്തിരക്കുള്ള ഒരു കൂട്ടുകുടുംബം. അമ്മൂമ്മ പിൽക്കാലത്തു് പലപ്പോഴും ഓക്കാറുള്ളതുപോലെ അപ്പൂപ്പൻെറ 'പേനാത്തുമ്പിൽ' നിന്നു കിട്ടിയിരുന്ന തുച്ഛമായ വരവായിരുന്നു ആ വലിയ കുടുംബത്തിൻെറ മുഖ്യവരുമാനം. അമ്മൂമ്മയുടെ ഇളയസഹോദരനായ 'പപ്പു' പിള്ളയിൽ നിന്നു കിട്ടിയിരുന്ന സഹായവും എടുത്തു പറയേണ്ടിയിരിക്കുന്നു. അമ്മ, മക്കൾ, അനന്തരവർ, അവരുടെ കുട്ടികൾ, എല്ലാമുൾപ്പെട്ട ഒരു വലിയ കൂട്ടുകുടുംബത്തിൻെറ ചുമതല പാവം അപ്പൂപ്പൻെറ ദുർബലമായ തോളിലായിരുന്നു.

ശങ്കരപ്പിള്ള–ലക്ഷ്മിപ്പിള്ള ദമ്പതിമാർക്ക് എട്ടു മക്കൾ ഉണ്ടായിരുന്നു: നാലാണും, നാലു പെണ്ണും. അവരിൽ നാലാമത്തേതാണ് അമ്മാവൻ. ഞങ്ങളുടെ ഗ്രാമം കണ്ട ഏററവും വലിയ സുന്ദരിയായായിരുന്നു എൻെറ അമ്മൂമ്മ. ഞങ്ങളുടെ സൗന്ദര്യമില്ലായ്മയെപ്പററി സൂചിപ്പിക്കുവാൻ ഇപ്പോഴും പഴയ ആളുകൾ ഇക്കാര്യം ഓർമ്മിപ്പിക്കാറുണ്ട്. അമ്മൂമ്മയ്ക്കും ഇതേ വിചാരം തന്നെ ഉണ്ടായിരുന്നു. എൻെറ മുഖശ്രീ എൻെറ മക്കൾക്കൊന്നിനും കിട്ടിയില്ലല്ലോ എന്നു് അമ്മൂമ്മ പകുതി കളിയായും പകുതി കാര്യമായും ഇടയ്ക്കൊക്കെ ആത്മഗതം നടത്താറുണ്ടായിരുന്നു.

ശരിയായായിരുന്നു, – അമ്മൂമ്മ സുന്ദരിയായായിരുന്നു – എല്ലാ അർത്ഥത്തിലും സുന്ദരി. ഉലയിൽ കാച്ചി എടുത്ത സ്വർണ്ണത്തിന്റെ നിറം; ആവശ്യത്തിനു മാത്രം മേദസ്സുള്ള ശരീരം. 'ബലാഗുളച്യാദി' എണ്ണയുടെ നറുമണം പരത്തുന്ന മുടി. ആകർഷകമായ പെരുമാററം; കടുത്ത ആജ്ഞാശക്തി, ഏതു സന്ദർഭത്തെയും ധീരമായി നേരിടാനുള്ള മനസ്സാന്നിധ്യം. – ഇത്രയുമൊക്കെ ആയാൽ എന്റെ അമ്മൂമ്മയുടെ ഒരു രേഖാചിത്രമായി. അസാധാരണമായ എന്തോ ഒരു വശ്യത അമ്മൂമ്മയ്ക്കു് ഉണ്ടായിരുന്നു. ആകാരത്തിലും പെരുമാററത്തിലും കളങ്കമില്ലാത്ത കുലീനത ആദ്യന്തം നിഴലിച്ചിരുന്നു.

അമ്മാവന്റെ ബാല്യകാലം ദാരിദ്ര്യവിമുക്തമായിരുന്നില്ല. പട്ടിണി കിടന്ന ദിവസങ്ങളും കുറവല്ല. കുടുംബത്തിന്റെ കുലീനതയെപ്പററിയുള്ള ചിന്ത അടുത്ത വീട്ടിൽ നിന്നും ഭക്ഷ്യവസ്തുക്കൾ കടമായിപ്പോലും വാങ്ങുവാൻ അമ്മൂമ്മയ്ക്കു് എന്നും ഒരു വിലക്കായിരുന്നു. അന്യന്റെ മുമ്പിൽ കടം വാങ്ങിക്കുവാൻ വേണ്ടിയാണെങ്കിലും കൈ നീട്ടുന്നതു് അത്ര കുറച്ചിലായിരുന്നു അമ്മൂമ്മയ്ക്കു്; അവരുടെ ആലോചനയിൽ "കണ്ടു മുഷിഞ്ഞവനോടു കടവും ഉണ്ടു മുഷിഞ്ഞവനോടു ഉരുളയും വാങ്ങിക്കണം." കണ്ടു മുഷിഞ്ഞവർ ആ ഗ്രാമത്തിൽ അധികം ഉണ്ടായിരുന്നില്ല; ഉണ്ടു മുഷിഞ്ഞവരുടെ എണ്ണവും തഥൈവ. അരിയില്ലെങ്കിൽ പട്ടിണി കിടക്കുക തന്നെ ഗതി. ഒന്നോ രണ്ടോ ദിവസം ഉണ്ടില്ലെന്നു വച്ചു് ഒരു കുറവും വരില്ല എന്നായിരുന്നു മരിക്കുന്നിടം വരെ അമ്മൂമ്മയുടെ വിശ്വാസപ്രമാണം. 'കുറഞ്ഞവരുടെ മുമ്പിൽ കൈ നീട്ടുക— അതു് അവർക്കു് ഓർക്കാനേ കഴിഞ്ഞിരുന്നില്ല. എന്നാൽ വല്ലതും ഉള്ളപ്പോഴത്തെ സ്ഥിതി ഇതായിരുന്നില്ല. വീട്ടിൽ ആഹാരസമയത്തു് ചെറിയ ഒരു സദ്യയ്ക്കു് ആൾ ഉണ്ടായിരിക്കും. ബന്ധുക്കളും അടുത്ത വീട്ടിലെ കുട്ടികളും ഒക്കെയായി ആകെ ഒരു രസമായിരിക്കും. ആണുങ്ങൾക്കു കൊടുത്തു കഴിഞ്ഞാൽ പിന്നെ പിള്ളേരുടെ ഊഴമായി. ഉള്ളതൊക്കെയവർക്കും കൊടുത്തു് അവസാനം കഞ്ഞിവെള്ളം മാത്രം കുടിച്ചു് സംതൃപ്തിയായി ഏമ്പക്കം വിട്ടു നടന്ന അമ്മൂമ്മ കത്തിച്ചു വച്ച നിലവിളക്കുപോലെ മനസ്സിൽ ഇപ്പോഴും ജ്വലിച്ചു നില്ക്കുന്നു.

ചെങ്ങന്നൂർ സ്കൂളിൽ ആയിരുന്നു അമ്മാവൻെറ ഹൈസ്കൂംവിദ്യാഭ്യാസം. വീട്ടിനടുത്തുള്ള എഴുത്തുപള്ളിക്കൂടത്തിൽ അക്ഷരങ്ങളും മററും കൂട്ടിവായിക്കുവാൻ പഠിച്ചു. ഞങ്ങളുടെ വകയിലെ ഒരമ്മാവൻ–കുഞ്ഞുപിള്ള–തന്നെ ആയിരുന്നു ആദ്യത്തെ ഗുരുനാഥൻ. പുലിയൂർത്തന്നെ ആദ്യത്തെ ക്ലാസ്സുകളും പഠിച്ചു. അവിടെ നിന്ന് ഏതാണ്ട് രണ്ടര മൈൽ ദൂരെയാണ് ചെങ്ങന്നൂർ. പഠിക്കുവാൻ വളരെ മിടുക്കനായിരുന്നു അമ്മാവൻ എന്ന് സതീർത്ഥ്യർ ഇപ്പോഴും ഓർക്കാറുണ്ട്. പഠിക്കുമ്പോഠം നാടകത്തിലും മററും നന്നായി അഭിനയിച്ചിരുന്നു. അന്നത്തെ ഒരു സംഭവം അമ്മൂമ്മ ഇടയ്ക്കിടയ്ക്കു പറയാറുണ്ട്. അമ്മാവൻെറ ഇടത്തു കൈയിനു് ഒരു ചെറിയ വളവ് അങ്ങനെ ഉണ്ടായതാണത്രേ. കഥ ഇതാണ്: ഒരിക്കൽ അഭിനയിച്ചുകൊണ്ടിരിക്കുമ്പോഠം 'കണ്ണുപററി' സ്റ്റേജിൽ ബോധംകെട്ടുവീണു. വീണ വീഴ്ചയിൽ കൈയുടെ കുഴ തിരിഞ്ഞു. പിന്നീടു കുറേക്കാലത്തിനുശേഷമേ കൈ ശരിയായുള്ളൂ. ഏതായാലും ഒരു 'നട'ൻെറ മരണമായിരുന്നു ആ സംഭവം. അമ്മാവൻ അതിൽപ്പിന്നെ അഭിനയിച്ചിട്ടില്ല. [അഭിനയം അങ്ങോർക്കു് എന്നും അപരിചിതവും ആയിരുന്നു.] വിദ്യാഭ്യാസകാലത്തു് വീട്ടുകാരെ ഞെട്ടിക്കളഞ്ഞ മററൊരു സംഭവവും നടക്കുകയുണ്ടായി. അമ്മൂമ്മയുടെ ഭാഷയിൽ 'തൃപ്പുലൂരപ്പനും വല്യച്ഛന്മാരും രക്ഷിച്ചു.' മരിക്കുന്നിടം വരെ ആ കാര്യവും പറഞ്ഞ് അമ്മൂമ്മ കരയാറുണ്ടായിരുന്നു. ഒരു ചൊവ്വാഴ്ച ദിവസം. സന്ധ്യയ്ക്ക് അമ്പലത്തിൽ വിളക്കു കത്തിക്കുവാൻ അമ്മാവൻെറ കൈയിൽ എണ്ണ കൊടുത്തയച്ചു. വളരെ വിജനമായ നാട്ടുവഴി. വീടിനും അമ്പലത്തിനും ഇടയ്ക്കു് അഞ്ചാറു വീടുകളേ ഉള്ളൂ. പകൽപോലും ആളുകഠം നടക്കാൻ ഭയക്കുന്ന 'നാറാണത്തുകാവു്'. അതിലെ കൂടെ വേണം കടന്നു പോകുക. 'ഒററ ഓട്ടത്തിനു വരണം' എന്നു നിർദ്ദേശിച്ചാണ് അമ്മൂമ്മ അമ്പലത്തിൽ വിട്ടതു്. ഏതാപത്തിലും വീട്ടിലെ 'വല്യച്ഛന്മാരും പുലിയൂർത്തേവരും' രക്ഷിക്കുമെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന അമ്മൂമ്മയ്ക്ക് മററു കാര്യങ്ങഠം ഒന്നും അപ്പോഠം തോന്നിയും ഇല്ല. അമ്മാവൻ ഒററയ്ക്കു പോകുമ്പോഠം ഏതോ ചില 'ഗോസായികഠം' കുട്ടിയെ കണ്ടു ഭ്രമിച്ചു പൊടിയിട്ടു മയക്കി കൂടെ കൊണ്ടു പോയി. ക്ഷേത്രത്തിൻെറ തെക്കേ നടയും കടന്ന് തീരെ വിജനമായ ഒരു

സ്ഥലം അടുക്കാറായപ്പോഠം എവിടെ നിന്നോ വന്ന ആജാനു ബാഹുവായ ഒരാഠം 'വീട്ടിൽ പോടാ,' എന്ന് ആജ്ഞാപിക്കു ന്നപോലെ അമ്മാവനു തോന്നി. ഗോസായിമാരുടെ കൈതട്ടി ഓടിയ കുഞ്ഞു് അടുത്തുള്ള കൊല്ലന്മാരുടെ വീട്ടുപടിക്കൽ ചെന്നു മയങ്ങി വീണു. വിളക്കും കത്തിച്ച് കുവളത്തിന്റെ തറയിൽ തിരികൊളുത്താൻ ചെന്ന കൊല്ലത്തി അമ്മാവനെ കാണുകയും ആളുകളെ കൂട്ടി വീട്ടിൽ എത്തിക്കുകയും ചെയ്തു. കുഞ്ഞിനെ കൊണ്ടുചെല്ലുമ്പോഴും അമ്മൂമ്മ നിലവിളക്കിന്റെ മുമ്പിലിരുന്നു നാമം ചൊല്ലുകയായിരുന്നു. ഇക്കഥ വൃദ്ധന്മാർ ഇപ്പോഴും പറയാറുണ്ട്. 'തൃപ്പൂലൂരപ്പനാണു്' ആ വൃദ്ധസന്യാസി എന്ന് അമ്മൂമ്മ മരണപര്യന്തം വിശ്വസിച്ചിരുന്നു. എന്നും അമ്പലത്തിൽ വഴിപാടു നടത്തുക, കാവിൽ വിളക്കു കൊളുത്തുക, ഇലഞ്ഞിത്തറയിൽ തിരിവയ്ക്കുക – ഇതൊക്കെ മുറ തെററാതെ മരിക്കും വരെ അവർ നിർവഹിച്ചിരുന്നു.

ഹൈസ്കൂഠം വിദ്യാഭ്യാസത്തിനു ശേഷം കടുത്ത സാമ്പത്തി കക്ലേശംകൊണ്ടു തുടർന്നു പഠിക്കുവാൻ കഴിയുമോ എന്ന ഒരു ശങ്ക ഉണ്ടായി. അപ്പൂപ്പൻ നാട്ടിലെ കരയോഗത്തിന്റെ സെക്ര ട്ടറി ആയിരുന്നു. പഠിക്കാൻ മിടുമിടുക്കനായതുകൊണ്ടു് എങ്ങ നെ,യെങ്കിലും പഠിപ്പിക്കണമെന്നായിരുന്നു എല്ലാവരുടെയും അഭിപ്രായം. 'ഒരു പണപ്പിരിവു നടത്തി സഹായിക്കാം' എ ന്ന് കരയോഗക്കാർ തീരുമാനം എടുത്തു. അപ്പൂപ്പനും ഈ തീരു മാനം ഭാഗികമായി സ്വീകാര്യമായിരുന്നു. അമ്മൂമ്മയെപ്പോ ലെ കടുകട്ടിയായ തറവാടിത്തചിന്ത അപ്പൂപ്പനില്ലായിരുന്നു. സഹായവാഗ്ദാനം അറിഞ്ഞ അമ്മൂമ്മ അതിന് എതിരായിരു ന്നു. കുടുംബത്തിനു പിൽക്കാലത്തു് മാനക്കേടുണ്ടാകുന്ന ഒന്നിനും അവർ തയ്യാറായിരുന്നില്ല. നിരസിക്കുവാൻ അമ്മൂമ്മ പറഞ്ഞ കാരണം ഇതായിരുന്നു. ''എന്റെ കുഞ്ഞു് വല്ലവന്റേയും സ ഹായം കൊണ്ടു് പഠിച്ചു വലിയവനായി നാട്ടിൽ വരുമ്പോഠം ഇതിൽ ഏതെങ്കിലും ഒരു തെണ്ടി അവന്റെ മുഖത്തു നോക്കി എന്റെ കാശു കൊണ്ടു കൂടിയാ നീ ഇപ്പോ വല്യവനായതു് എന്നു പറഞ്ഞാൽ അവനു പിന്നെ ഈ നാട്ടിൽ ജീവിക്കാൻ ഒ ക്കുമോ? അവനു മീശവച്ചു ഈ നാട്ടിൽ അന്തസ്സോടെ ജീവിക്കേ ണ്ടേ?'' ഏതായാലും നാട്ടുകാരുടെ ആ സഹായവാഗ്ദാനം അ മ്മൂമ്മ സ്വീകരിച്ചില്ല. സ്വീകരിക്കാൻ പ്രേരിപ്പിച്ചുമില്ല.

''പഠിക്കുവാൻ വിധിച്ചിട്ടുണ്ടെങ്കിൽ പഠിക്കും, ഇല്ലെങ്കിൽ എങ്ങനെ എങ്കിലും ജീവിക്കട്ടെ'' – ഇതായിരുന്നു വിധിത്തീർപ്പ്. അവസാനം അമ്മൂമ്മ തന്നെ വിജയിച്ചു. അമ്മാവൻ തിരുവനന്തപുരത്തു കോളേജിൽ ചേർന്നു. അതും യാദൃച്ഛികമായിരുന്നു. എൻെറ അച്ഛനും അമ്മയും–അമ്മാവൻെറ ഏററവും മൂത്ത സഹോദരി–അക്കാലത്തു് തിരുവനന്തപുരത്തു് താമസമായി. അഞ്ചൽ വകുപ്പിലെ ജോലി രാജിവച്ച അച്ഛൻ ഒരു സ്വകാര്യ മുതലാളിയുടെ മുഖ്യകാര്യസ്ഥനായി അക്കാലത്തു് തിരുവനന്തപുരത്തു വന്നു. അമ്മാവനും അവരോടൊപ്പം ചേർന്നു. മണക്കാട്ടായിരുന്നു താമസം. സാമ്പത്തികക്ലേശം അപ്പോഴും വിട്ടുമാറിയിരുന്നില്ല. ട്യൂഷനെടുത്തു് ഫീസിനു് പൈസയുണ്ടാക്കി. അച്ഛൻ സർവതന്ത്രസ്വതന്ത്രനായിരുന്നു. അമ്മയ്ക്കു് അമ്മാവനും അമ്മാവനു് അമ്മയുമായിരുന്നു വാസ്തവത്തിൽ തുണ. വളരെ അസാധാരണമാണു് ആ സഹോദരീസഹോദരന്മാർ തമ്മിലുള്ള ആത്മബന്ധം. അമ്മയ്ക്കു് രാഘവനായിരുന്നു ഒന്നാമത്തെ പുത്രൻ; അമ്മാവനു് അമ്മൂമ്മയോടുണ്ടായിരുന്നതിനേക്കാരം കൂടുതൽ ആദരവും സ്നേഹവും അമ്മയോടായിരുന്നു. അമ്മയുടെ എല്ലാക്കരുത്തും യഥാർത്ഥത്തിൽ അമ്മാവൻ ആയിരുന്നു. അമ്മാവനോടൊപ്പം ഏതു് ഘട്ടത്തിലും അമ്മ അടി പതറാതെ നിന്നു. അമ്മയുടെ വാക്കിനെതിരായി അമ്മാവനോ അമ്മാവൻെറ അഭിമതങ്ങരംക്കെതിരായി അമ്മയോ പ്രവർത്തിച്ചിരുന്നില്ല. രാഘവനപ്പുറം അവർക്കു് അന്നും ഇന്നും ഒന്നുമില്ല, ആരുമില്ല. ഒരു ചിറകു നഷ്ടപ്പെട്ട പക്ഷിയെപ്പോലെ അവർ ഇപ്പോരം പിടഞ്ഞു കഴിയുന്നു.

1944-ൽ യൂണിവേഴ്സിററി കോളേജിൽ നിന്നു് അമ്മാവൻ ബി. എ. (ഓണേഴ്സ്) പരീക്ഷയിൽ ഒന്നാമനായി വിജയിച്ചു. സംസ്കൃതമായിരുന്നു മുഖ്യവിഷയം. 1944 മുതൽ മൂന്നു വർഷം അവിടെ ഗവേഷണവിദ്യാർത്ഥിയായിരുന്നു. പ്രബന്ധവിഷയം കൃത്യമായി എന്തെന്നു് അറിഞ്ഞുകൂടാ. ഇടയ്ക്കു കാശീ സർവ്വകലാശാലയിൽ ഗവേഷണവിദ്യാർത്ഥിയായി പോകാൻ ഒരു ശ്രമം നടത്തിയിരുന്നതായി അറിയാം. എന്തു കൊണ്ടോ അതു നടന്നില്ല. കുറച്ചു കാലം വിളവംകോട്ട താലൂക്കിൽ ഒരു ക്ലാർക്കായും ജോലി നോക്കിയിരുന്നു. വളരെക്കുറച്ചു കാലമേ ആ ജോലിയിൽ തുടർന്നുള്ളൂ. ഗവേഷണ

വിദ്യാർത്ഥിയായി ചേർന്നതു് അതിനു മുമ്പോ പിമ്പോ എന്ന് എനിക്കു നിശ്ചയമില്ല. മൂന്നുവർഷത്തോളം ഏതായാലും ഗവേഷണം തുടർന്നു. നാട്ടുകാരനായ കിഴക്കേ മഠത്തിലെ "ഗോപിക്കുഞ്ഞു" മായുണ്ടായിരുന്ന സൗഹൃദം മരണം വരെ അഭംഗുരം തുടർന്നിരുന്നു. വളരെ ബലിഷ്ഠമായിരുന്നു ആ സുഹൃത് ബന്ധം. 1947-ൽ ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജിൽ മലയാളം അദ്ധ്യാപകനായി ചേർന്നു. എം. പി. മന്മഥനും അന്നു് അവിടെ ഒരു അദ്ധ്യാപകനായിരുന്നു. ചങ്ങനാശ്ശേരിയിൽ അദ്ധ്യാപകനായിരുന്ന കാലത്താണു് ലണ്ടൻ യൂണിവേഴ്സിററിയിലെ നിയമനം. ഡോ. ഗോദവർമ്മ ആയിരുന്നു അതിനു് പ്രേരിപ്പിച്ചിരുന്നതു് എന്നാണു് അറിവു്.

ലണ്ടൻ യൂണിവേഴ്സിററിയിൽ മൂന്നരവർഷം അധ്യാപകനും വിദ്യാർത്ഥിയുമായിരുന്നു. മലയാള ഭാഷയെപ്പററി ശബ്ദശാസ്ത്രപരമായ ഒരു പഠനം നടത്താൻ ലണ്ടൻ യൂണിവേഴ്സിററിയിലെ പൗരസ്ത്യഭാഷാവിഭാഗത്തിലെ സീനിയർ ലക്ചററായിരുന്ന മിസ് ഐലിൻ ഐവാൻസിനെ സഹായിക്കുകയായിരുന്നു മുഖ്യപ്രവൃത്തി. മലയാളത്തിന്റെ ശബ്ദശാസ്ത്രസവിശേഷതകൾ പഠിപ്പിക്കുന്നതോടൊപ്പം 'വാക്യപദീയ' ത്തെപ്പററി ഗവേഷണം നടത്തുവാനും ലണ്ടനിലെ താമസം സഹായകമായി. വിശ്വപ്രസിദ്ധനായ പ്രഫസർ ഫിർത്തായിരുന്നു ആ വകുപ്പുമേധാവി. സംസ്കൃതത്തിന്റെ തലവൻ ഡോ. ബ്രഫുമായിരുന്നു. ഏ. എൽ. ബാഷം, W. S. അല്ലൻ മുതലായവർ അന്ന് അവിടെ സഹപ്രവർത്തകരായിരുന്നു. ലണ്ടൻ സർവകലാശാലയിൽ നിന്നു് 1951-ൽ പി എച്ച്. ഡി. ബിരുദം കരസ്ഥമാക്കി. ഇംഗ്ലണ്ടിലെ ജീവിതത്തെപ്പററി 'എന്റെ ലണ്ടൻ ജീവിതം' എന്ന കൃതിയിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഇന്ത്യൻ സ്റ്റുഡൻസ് യൂണിയന്റെ പ്രസിഡന്റ് എന്ന നിലയിൽ സ്ററാഫോഡു് ക്രിപ്പ്, ലോർഡു് ലൂയി, മൗണ്ടു് ബാററൻ, അനാറിൻ ബെവൻ, ഹാരോൾഡു് വിൽസൺ, ആററ്ലി, വി. കെ. കൃഷ്ണമേനോൻ മുതലായവരുമായി അടുത്തിടപഴകുവാൻ ഇംഗ്ലണ്ടിലെ ജീവിതം അവസരമുണ്ടാക്കി. ഭാഷാശാസ്ത്രത്തിൽ ഉപരിപഠനം നടത്തുവാനും ഇതു സഹായിച്ചു. ഇന്ത്യൻ ചരിത്രത്തിലെ വിധിനിർണ്ണായകമായ ഒരു ഘട്ടത്തിലായിരുന്നു ഇംഗ്ലണ്ടിലെ താമസം. 1948 ജനുവരി 27 വൈകു

ന്നേരം ഇംഗ്ലണ്ടിൽ എത്തി. മൂന്നു ദിവസം കഴിഞ്ഞു ഗാന്ധിജി വെടിയേററു മരിക്കുന്നു. 1951 ജൂലായ് മാസത്തിൽ ലണ്ടനോടു വിടപറഞ്ഞു.

1951-ൽ യൂണിവേഴ്സിററി കോളേജിൽ സംസ്കൃതവകുപ്പിൽ അദ്ധ്യാപകനായി, 1956 വരെ അവിടെ അദ്ധ്യാപകനായിത്തുടന്നു. 1956-ൽ സാൻ ഫ്രാൻസിസ്കോയിലെ അമേരിക്കൻ അക്കാദമി ഓഫ് ഏഷ്യൻ വകുപ്പിൽ പ്രഫസ്സറായി നിയമിതനായി. സംസ്കൃതത്തിൻെറയും പൗരസ്ത്യതത്ത്വശാസ്ത്രത്തിൻെറയും പ്രഫസ്സറായി 1958 വരെ അവിടെ ജോലി നോക്കി. യൂണിവേഴ്സിററിയിൽ അദ്ധ്യാപകനായിരിക്കെ ചൈനയിൽ ഒരിടക്കാലസന്ദർശനം നടത്താൻ അവസരം ലഭിച്ചു. സർ. സി. പി. രാമസ്വാമി അയ്യരുടെ നേതൃത്വത്തിൽ ചൈന സന്ദർശിച്ച സംസ്കാരികസംഘത്തിലെ അദ്ധ്യാപകാംഗം അമ്മാവനും വിദ്യാർത്ഥി പ്രതിനിധി ശ്രീ. പി. ജി. പുരുഷോത്തമൻപിള്ളയുമായിരുന്നു. ആ സാംസ്കാരികപര്യടനത്തിലെ അനുഭവങ്ങളെപ്പററി മാതൃഭൂമിയിൽ ഒരു ലേഖനപരമ്പര അക്കാലത്തു് എഴുതിയിരുന്നു.

അമേരിക്കയിലെ ജീവിതവും ബഹുധാ അനുഭവസമ്പന്നമായിരുന്നു. പ്രഫ. എമനവുമായി അടുത്തിടപഴകാൻ കഴിഞ്ഞതു് വിലപ്പെട്ട ഒരനുഭവമായി അമ്മാവൻ കരുതിയിരുന്നു. ഭാഷാശാസ്ത്രത്തിൽ ഉപരിഗവേഷണം തുടരുവാനും അതു് ഉപകരിച്ചു. 1958-ൽ മാനുസ്ക്രിപ്ററ്സു ലൈബ്രറിയിൽ ക്യൂറേററായി നിയമിതനായി. ഇടക്കാലത്തു് ആ സ്ഥാപനം ഗവേഷണ സ്ഥാപനമായി ഉയർത്തുകയും അതിൻെറ ആദ്യത്തെ ഡയറക്ടറായി നിയമിതനാവുകയും ചെയ്തു. പെൻഷൻ പററി പിരിയുന്നിടംവരെ ആ ജോലിയിൽത്തന്നെ തുടർന്നു.

1965 ൽ ആയിരുന്നു അമ്മാവൻെറ വിവാഹം. ഞാൻ അന്നു് എസ്. എൻ. കോളേജിൽ അദ്ധ്യാപകനാണ്. വീട്ടിൽ അന്നു്– ഞാനോർക്കുന്നു– എന്തൊരാഹ്ളാദത്തിമിർപ്പായിരുന്നു! ഒരു ഇളംകാററു പോലെ എൻെറ അമ്മ എല്ലായിടത്തും തൻെറ സാന്നിധ്യം അനുഭവപ്പെടുത്തി. അപ്പൂപ്പനാണെങ്കിൽ 'സ്വർഗ്ഗം കിട്ടിയ വാശി'. അമ്മൂമ്മ പതിവിൻപടി ഗംഗ തന്നിലെ ഹ്രദം പോലെ ശാന്തഗംഭീരയായിരുന്നു. എങ്കിലും ആ മുഖത്തുദിച്ച

നിലാവിന്റെ വെളിച്ചം ഇന്നും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു! കാരണം ഉണ്ട്. വിവാഹത്തിനു പിടികൊടുക്കാതെ അമ്മാവൻ എത്രയോ കാലമായി കുതറി മാറി നിൽക്കുകയായിരുന്നു. എത്രയെത്ര ആലോചനകൾ! ആലോചനകൾ മുറുകി മുറുകി വരുമ്പോൾ 'ഇത്തിരി കഴിയട്ടെ' എന്നു് പറഞ്ഞു് കാലു മാറി ചവിട്ടും. അപ്പൂപ്പനും മററും കടുത്ത നിരാശതയോടെ കുറേക്കാലത്തേയ്ക്കു് പിൻതിരിയും. അനുകൂലകാലാവസ്ഥയിൽ വീണ്ടും ആലോചന തുടങ്ങുകയായി. അങ്ങനെയങ്ങനെ ഒടുവിൽ അതു് ഒരു യാഥാർത്ഥ്യമായി. അമ്മാവി-ഡോ. ശാരദാദേവി- അന്നു് തിരുവനന്തപുരത്തു് മെഡിക്കൽ കോളേജ് അദ്ധ്യാപികയായിരുന്നു. എന്റെ അച്ഛനും അമ്മയും പോയിക്കണ്ടു; ഇഷ്ടപ്പെട്ടു; അമ്മാവന്റെ അനുവാദമില്ലാതെ തന്നെ അമ്മ വാക്കുകൊടുത്തു. 'ഇത്തവണ അവനെ വിടില്ല' എന്ന നിർബ്ബന്ധബുദ്ധിയിലായിരുന്നു അമ്മ. അതു് വിധിയുടെ നിയോഗമായിരുന്നു എന്നു് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അമ്മാവന്റെ മനസ്സുമായി ഏകീഭവിക്കുവാൻ അമ്മാവിക്കു് എത്ര അനായാസേന കഴിഞ്ഞു! നിനച്ചിരിക്കാത്ത നിമിഷത്തിൽ നിന്നുപോയെങ്കിലും അതുവരെ ആ വീട്ടിൽ ഒരപശ്രുതിയും ഉണ്ടായിരുന്നില്ല.' അമ്മാവനുമായി എല്ലാ കാര്യത്തിലും പൊരുത്തപ്പെട്ടുപോകുക, ആളിനെ ശരിക്കും അറിയുന്നിടം വരെ, ഏതു സ്ത്രീക്കും കഠിനമായ ഒരു പരീക്ഷണമാണു്. അമ്മാവി അതിൽ പൂർണ്ണമായി വിജയിച്ചു എന്നു് എനിക്കു് സാക്ഷ്യപ്പെടുത്താൻ കഴിയും. സ്നേഹാർദ്രവും സുഖദവുമായ അവരുടെ സാന്നിദ്ധ്യം അമ്മാവന്റെ ജീവിതഭദ്രതയ്ക്കു് എന്നും കനത്ത ഒരു രക്ഷാവലയമായിരുന്നു.

ഔദ്യോഗികവും അനൗദ്യോഗികവുമായ ഒട്ടുവളരെ കമ്മററികളിൽ അമ്മാവൻ അംഗമായിരുന്നു. കേരള സംസ്ഥാന ഔദ്യോഗിക ഭാഷാ കമ്മീഷൻ, ആർക്കൈവ്സ് അഡ്വൈസറി ബോർഡു്, കേന്ദ്രഗവണ്മെൻറിന്റെ സാങ്കേതിക ശാസ്ത്രീയപദ കമ്മീഷന്റെ ഉപദേശകസമിതി അംഗം, സാഹിത്യപ്രവർത്തക സംഘത്തിന്റെ ഉപാദ്ധ്യക്ഷൻ, ഓറിയൻറൽ സ്റ്റഡീസിന്റെ ഡീൻ, ദേവസ്വം ബോർഡു് കൾച്ചറൽ ഡവലപ്മെൻറ് കമ്മററി അദ്ധ്യക്ഷൻ, വിശ്വവിജ്ഞാനകോശം ഉപദേശ സമിതി അംഗം മുതലായവ അവയിൽ ചിലതു മാത്രമാണു്.

മൂന്ന്

തന്നെപ്പററി എന്തെങ്കിലും എഴുതിവയ്ക്കുക അമ്മാവൻെറ സ്വഭാവമായിരുന്നില്ല. ചിലപ്പോഴൊക്കെ ഡയറി എഴുതുന്നതു കണ്ടിട്ടുണ്ട്. എഴുതിയാൽ ഉടനെതന്നെ വലിച്ചു കീറി കളയുകയും ചെയ്യും. അടുക്കും ചിട്ടയുമായി കാര്യങ്ങൾ കുറിച്ചിടുക, കാര്യങ്ങൾ ചിട്ടയായും കൃത്യസമയത്തും ചെയ്യുക—അങ്ങനെ ഒരു സ്വഭാവം അമ്മാവന് ഉണ്ടായിരുന്നില്ല. ''ജീവിതം അച്ചട്ടായി ജീവിക്കുന്ന ഭാഗ്യവാന്മാരിൽ ഒരാളല്ല ഞാൻ'' എന്ന് 'എൻെറ ലണ്ടൻ ജീവിത'ത്തിൽ ഒരിടത്തു എഴുതിയതിൽ അര ശതമാനംപോലും അതിശയോക്തിയില്ല.

അമ്മാവൻെറ ഒരു പ്രത്യേകതയെപ്പററി ഞാൻ ആദ്യമേ സൂചിപ്പിച്ചുവല്ലോ. എന്നെ സംബന്ധിച്ചിടത്തോളം വളരെ അടുത്തു നിന്നപ്പോഴും അമ്മാവൻ വളരെ അകന്നു നിന്നു. കാളിദാസൻ ദിലീപനെപ്പററി പറഞ്ഞപോലെ അധൃഷ്യനും അഭിഗമ്യനുമായിരുന്നു. 1958-ൽ ഞാൻ പ്രീ-യൂണിവേഴ്സിററിക്കു ഇൻറർ മീഡിയററു കോളേജിൽ ചേർന്നതുമുതൽ 1963-ൽ എം. എ. പാസാകുന്നിടംവരെ അമ്മാവൻെറ കൂടെയായിരുന്നു താമസം. മൂക്കിൻെറ അററത്തായിരുന്നു ശുണ്ഠി. അതുകൊണ്ടു തന്നെ വളരെ അടുക്കാൻ ഭയമായിരുന്നു. ഉറവ വററാത്ത സ്നേഹത്തിൻെറ ഊഷ്മളധാരയാണ് എന്നറിയാമായിരുന്നതു കൊണ്ടു മാനസികമായി ഒട്ടും അകൽച്ചയുമില്ലായിരുന്നു. ശരിയായ ഒരു മരുമക്കത്തായത്തറവാട്ടിലെ അമ്മാവൻ - അനന്തരവ-ബന്ധത്തിൻെറ സ്വഭാവമതിനുണ്ടായിരുന്നു. 'കടലിൽ കോളു കൊള്ളുന്നതു പോലെയാണ് അമ്മാവന് ചിലപ്പോൾ നിറം മാറുക. എന്തു കാരണമെന്ന് ആർക്കും ആദ്യം ഒരു പിടിയും കിട്ടുകയില്ല. ഒരു വാക്കായിരിക്കും ചിലപ്പോൾ കാരണം; ചിലപ്പോൾ കറിയുടെ എരിവിൽ നിന്നാവും ആ പൊട്ടിത്തെറി. തൈരിന് പുളി കൂടിയതോ കുറഞ്ഞതോ ആകും മററു ചിലപ്പോൾ കാരണം. കാപ്പികൊണ്ടു ചെന്നപ്പോൾ വളരെ ശാന്തനായിരുന്നു പത്രം വായിച്ചു ആൾ അടുത്തനിമിഷം മേശപ്പുറത്തിരുന്ന പത്രം എടുത്ത് എറിയുന്നതു കാണാം. കഷണ്ടി കയറിയ തലയിൽ വലതു കൈകൊണ്ട് പതുക്കെത്തടവി കാളിദാസശ്ലോകം ഒരു സവിശേഷഈണത്തിൽ ചൊല്ലുന്നതിനിടയിൽ

ഏതെങ്കിലും പുസ്തകം മുററത്തേക്കു ചിറകുംവച്ചു പറന്നു പോകുന്നതു കാണാം. കോപത്തിനു എടുത്തു പറയത്തക്ക പ്രകോപനം ഒന്നും വേണ്ട; അതാറിത്തണുക്കാനും അധികം സമയം വേണ്ടാ. 'പ്രവചനാതീതം' എന്നു വിളിക്കാവുന്ന ഈ പ്രത്യേകതയ്ക്കു കാര്യമായ മാററം വരുന്നതു് അവസാന കാലത്തായിരുന്നു. അവസാനമവസാനം 'മൂക്കിലെ ദേഷ്യം' ഏതാണ്ടു കുറഞ്ഞു കുറഞ്ഞു വന്നു. സൂര്യന്റെ ചൂടു് സായംകാലത്തു് കെട്ടടങ്ങുന്നതുപോലെ, കോപത്തിന്റെ തീക്ഷ്ണതയും കുറഞ്ഞു കുറഞ്ഞു വന്നു. ഞങ്ങളിൽ ആരെങ്കിലും അടുത്തുണ്ടാകണമെന്നതു് കടുത്ത നിർബന്ധമായിരുന്നു. അകാരണമായ ഒരസ്വസ്ഥത അവസാനകാലത്തു് അമ്മാവനു് ഉണ്ടായിരുന്നു. അതു പൂർണ്ണമായും വിട്ടുമാറി പൂർണ്ണരീതിയിൽ സാഹിത്യപ്രവർത്തനം തുടങ്ങിയപ്പോഴേയ്ക്കും, കാലം തിരശ്ശീല വലിച്ചു താഴ്ത്തി. ഭാസനെപ്പററിയുള്ള ഒരു ചർച്ചയായിരുന്നു, അമ്മാവൻ പങ്കെടുത്ത അവസാനത്തെ പരിപാടി. ആ പരിപാടിയിൽ പങ്കെടുത്തു വന്നു് ഏതാനും ദിവസങ്ങൾക്കകം നിയതി ആ ജീവിതത്തിന്റെ യവനിയും അവസാനമായി താഴ്ത്തിയിറക്കി.

അമ്മാവൻ വലിയ ഒരളവിൽ അന്തർമുഖനായിരുന്നു. തന്നെപ്പററി വളരെക്കുറച്ചേ സ്വന്തം ആൾക്കാരോടു പറഞ്ഞിരുന്നുള്ളൂ. എഴുതുകയും പതിവില്ലായിരുന്നു. ഡയറി എഴുതുന്ന സ്വഭാവം ആദ്യകാലത്തുണ്ടായിരുന്നതും പിന്നീടു വേണ്ടെന്നു വച്ചു. വായന തന്നെയായിരുന്നു പ്രിയപ്പെട്ട വിഷയം. കർക്കശമായ വ്യാകരണം മുതൽ അതിതരളമായ അത്യാധുനികസാഹിത്യം വരെ ആർത്തിയോടെ വായിക്കുമായിരുന്നു. ശാരീരികമായി തീരെ വയ്യാതിരുന്നപ്പോഴും വായനയോടുള്ള ഈ കമ്പത്തിനു് ഒരു കുറവും വന്നിരുന്നില്ല. വായിക്കുന്നതിനൊക്കെ കൃത്യമായി നോട്ടെടുക്കുന്ന സ്വഭാവം ഉണ്ടായിരുന്നു. അവ ഓർമ്മയിൽ സൂക്ഷിച്ചു വയ്ക്കുവാനും കഴിഞ്ഞിരുന്നു. ശാസ്തമംഗലത്തു താമസിച്ചിരുന്ന കാലത്തു് പരേതനായ സീതാരാമനും അമ്പലപ്പുഴ നീലകണ്ഠപ്പിള്ളസാറും ഞായറാഴ്ചകളിൽ നിത്യസന്ദർശകരായിരുന്നു. സീതാരാമനുമായി ജ്യോതിഷചർച്ചകൾ ഗൗരവമായിത്തന്നെ നടത്തുന്നതു് കേട്ടിട്ടുണ്ടു്. നീലകണ്ഠപ്പിള്ളസാറുമായി വെടിപറഞ്ഞിരിക്കുകയായിരുന്നു പതിവ്. രാമചന്ദ്രൻ സാറുമായി ദീർഘദീർഘമായ ചർച്ചകൾ നടത്തുന്നതും കണ്ടിട്ടു

ണ്ടു്. സംഭാഷണത്തിനിടയിൽ എപ്പോഴെങ്കിലും കെ. സി. പിള്ളസാറിനെപ്പററി പരാമർശിക്കേണ്ടി വന്നാൽ വളരെ ആദരപൂർവ്വം മാത്രമേ അതു ചെയ്തിരുന്നുള്ളു. ഒരു ജ്യേഷ്ഠനെപ്പോലെ സാറിനെ ആദരിച്ചിരുന്നു എന്നതാണു് വാസ്തവം.

അമ്മാവൻ ഒരു ഈശ്വരവിശ്വാസി ആയിരുന്നുവോ? ആയിരുന്നു എന്നതിൽ എനിക്കു് ഒരു സംശയവും ഇല്ല. ജീവിതത്തിന്റെ ആത്യന്തികമായ അർത്ഥശൂന്യതയെപ്പററി മററു പലരേക്കാളും അമ്മാവൻ ബോധവാനായിരുന്നു. ഭൗതികതയെ നിഷേധിച്ചിരുന്നുമില്ല. ഭൗതികതയെ നിഷേധിക്കാത്ത, ആത്മീയത അംഗീകരിക്കുന്ന ഒരു മനസ്സു് അദ്ദേഹത്തിനുണ്ടായിരുന്നു. ശങ്കരാചാര്യരുടെ സ്തോത്രകൃതികളും കാളിദാസകവിതയും ഭഗവദ്ഗീതയിലെ ശ്ലോകങ്ങളും സാർത്രിന്റെ അസ്തിത്വദർശനവും ആ മനസ്സിനു് അന്യമായിരുന്നില്ല. കവിതകൾ മൂളി, കഷണ്ടി കയറിയ തലയിൽ ഇടക്കിടെ തടവി, മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു് ഞാൻ ഇപ്പോഴും കാണുന്നുണ്ടു്. പാശ്ചാത്യ നാഗരികതയുടെ വിവിധമുഖങ്ങളുമായി അടുത്തു ബന്ധപ്പെട്ടിട്ടും പൗരസ്ത്യതത്ത്വചിന്തയോടും ജീവിതരീതികളോടുമായിരുന്നു ആഭിമുഖ്യം. വളരെ പുരോഗമനവാദിയായിരുന്നെങ്കിലും വലിയൊരളവിൽ യാഥാസ്ഥിതികനുമായിരുന്നു. അസ്തിത്വവാദം മുതലായ ആധുനികചിന്താധാരകളിൽ അഗാധമായ അറിവുണ്ടായിരുന്നെങ്കിലും മനസ്സിന്റെ അടരുകളിൽ അവയ്ക്കു് വേരുകൾ ആഴത്തിൽ ഇറക്കുവാൻ കഴിഞ്ഞിരുന്നില്ല. ശങ്കരനും അദ്വൈതചിന്തയും ആയിരുന്നു മനസ്സിനു് കൂടുതൽ അഭിമതം.

വളരെ പെട്ടെന്നു് കോളുകൊള്ളുകയും വളരെ പെട്ടെന്നു് ആറിത്തണുക്കുകയും ചെയ്യുന്ന ആ മനസ്സു് അന്യരുടെ കഷ്ടപ്പാടുകളിൽ എപ്പോഴും കരുണാർദ്രമായിരുന്നു. ഫീസു് കൊടുക്കാൻ കഴിവില്ലാത്ത എത്രയോ പേർക്കു് എത്രയോ വർഷം ഫീസു കൊടുത്തിട്ടുണ്ടു്! അന്യരുടെ കഷ്ടപ്പാടുകൾ തന്റെ കഷ്ടപ്പാടുകളായിക്കൂടി കാണാൻ അമ്മാവനു് മിക്കപ്പോഴും കഴിഞ്ഞിരുന്നു. 'മൂഡ്' മാറിയിരിക്കുമ്പോഴാണെങ്കിൽ വരുന്നവരുടെ കാര്യവും കഷ്ടം തന്നെ. അവർ പോയിക്കഴിഞ്ഞിട്ടു് അവരെപ്പററി പറയുകയായിരിക്കും പിന്നെ കുറേ ദിവസത്തേക്കു പണി! മിക്കപ്പോഴും എന്നു പറഞ്ഞതിനു് ഇതാണർ

ത്ഥം. 'നല്ല മൂഡിലാ'ണെങ്കിൽ വരുന്നവർക്കു നല്ലകോളുതന്നെ· അവരുടെ കാര്യം ശ്രദ്ധിച്ചു കേൾക്കുക, ആകാവുന്നത്ര സഹായം ചെയ്യുക, തൻെറ ചില ജീവിതാനുഭവങ്ങൾ അവരുമായി പങ്കിടുക–അങ്ങനെ നീണ്ടും കഥ. കൈയയച്ചു സഹായിക്കാനും മടിയില്ല. ചെറുപ്പത്തിൽ അനുഭവിച്ച കഷ്ടപ്പാടുകൾ ആയിരിക്കും ഇത്തരം ഒരു മനോഭാവം ഉണ്ടാകുവാൻ കാരണം. അങ്ങനെ സഹായം പററിയവർ വളരെയുണ്ട്. ചിലരൊക്കെ നന്ദി കാണിച്ചിട്ടുണ്ട്, ചിലരൊക്കെ നന്ദികേടും കാണിച്ചിട്ടുണ്ട്. മരിച്ചതിനുശേഷം "രാഘവൻപിള്ളയ്ക്കു ഒന്നും അറിഞ്ഞുകൂടായിരുന്നു", എന്നെഴുതിവിടുന്ന വിദ്വാന്മാരും നമ്മുടെ നാട്ടിൽ ഉള്ളപ്പോൾ ഇതിൽ അത്ഭുതമൊന്നും എനിക്കില്ല.

അമ്മാവന് പ്രകടമായ ചില ദൗർബല്യങ്ങളുണ്ടായിരുന്നു. അടുത്തവർ എന്നു പറയപ്പെടുന്നവർ പറയുന്നതു് അപ്പടി വിശ്വസിക്കുന്ന ഒരു സ്വഭാവം അവസാനകാലത്തുപോലും ഉണ്ടായിരുന്നു. അതു് ശരിക്കും മുതലാക്കിയ വിദ്വാന്മാരുമുണ്ട്. 'അടുത്തവർ ചതിക്കില്ല' എന്നായിരുന്നു ആത്മാർത്ഥമായ വിശ്വാസം. തന്നെപ്പോലെയാണ് എല്ലാവരും എന്നായിരുന്നു ആ ശുദ്ധാന്തഃകരണൻെറ വിചാരം. പല കാര്യങ്ങളുടേയും പരിണതി മുൻകൂട്ടി കാണാൻ ഇതുമൂലം പലപ്പോഴും കഴിഞ്ഞിരുന്നില്ല. ഋജുബുദ്ധികളായ നല്ലവരുടെ ഈ സഹജദൗർബല്യം കാര്യം കാണാൻമാത്രം ജനിച്ച സൃഗാലബുദ്ധികൾ തങ്ങളുടെ കാര്യസാദ്ധ്യത്തിനായി ഉപയോഗപ്പെടുത്തുക സാധാരണമാണല്ലോ. യാഥാർത്ഥസുഹൃത്തുക്കളെപ്പററി നുണപറയുക, അവരെ തെററിക്കുക, ആ തെററിദ്ധാരണ നീക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കാതിരിക്കുക, ഉണ്ടായാൽത്തന്നെ പുതിയൊരു തെററിദ്ധാരണ കിളിർപ്പിക്കാനുള്ള അവസരമായി അതു മാററുക—ഇതൊക്കെ അടുത്തു നിൽക്കുന്ന പലർക്കും ചെയ്യുവാൻ കഴിഞ്ഞു. അമ്മാവൻെറ ബുദ്ധികൂർമ്മതയും, കാറിലെ പെട്രോളും ആരോഗ്യവും പേഴ്സിലെ നോട്ടുകളും ഇക്കൂട്ടർക്കു കുറേയേറെ ഒഴുക്കിക്കളയാൻ കഴിഞ്ഞു! ഒന്നിനു പിറകേ ഒന്നായി ഒരു തുടർക്കഥ പോലെ ഈ ദുരന്തം ആവർത്തിച്ചിരുന്നു!

ഈ സ്വഭാവത്തിന് എന്നാൽ മറെറാരു വശമുണ്ട്. സ്വന്തക്കാർക്കുവേണ്ടി തൻെറ സ്വാധീനശക്തി ഉപയോഗിക്കുന്നതിൽ അമ്മാവൻ നൈസാമിനേക്കാൾ അറു പിശുക്കനായി

ഡോ. കെ. രാഘവൻപിള്ളയും കുടുംബവും



ഡോ. കെ. രാഘവൻപിള്ള, പത്നി ഡോ. (മിസ്സിസ്)
എൻ. ശാരദാ ദേവി, മകൾ ലക്ഷ്മി, മകൻ രാജേഷ്

രുന്നു. അന്യർക്കുവേണ്ടി എന്തും ചെയ്യും; ആരെയും കാണും; വഴി വിട്ടു പോലും ചിലപ്പോഠം സഹായിക്കും; എന്നാൽ സ്വന്തക്കാരുടെ കാര്യത്തിൽ ഇതായിരുന്നില്ല നിലപാട്. വിപുലമായ ഒരു സുഹൃദ്വലയം അമ്മാവനു് ഉണ്ടായിരുന്നു. സ്വകാര്യാഭിവൃദ്ധിക്കോ, വീട്ടുകാരുടെ നന്മയ്ക്കോ അതു് ഉപയോഗപ്പെടുത്തിയ സന്ദർഭങ്ങഠം അവിശ്വസനീയമാംവിധം എണ്ണത്തിൽ കുറഞ്ഞവയായിരുന്നു. ''അവന്മാരോടൊക്കെ എനിക്കിതു പറയാൻവയ്യ. ഞാൻ പറഞ്ഞു എന്നു പിറേറന്നു മുതൽ പറഞ്ഞു നടക്കും. കിട്ടാനുള്ളതാണെങ്കിൽ എന്തായാലും കിട്ടും. കിട്ടിയില്ലെങ്കിൽ വിധിയെന്നു കരുതിയാൽ മതി'' എന്നു പറഞ്ഞ് അഭ്യർത്ഥകനെ നിരാശപ്പെടുത്തുകയും സ്വയം നിസ്സഹായകനാകുകയും ചെയ്ത എത്രയോ സന്ദർഭങ്ങഠം എനിക്കു് നേരിട്ടറിയാം! താരതമ്യേന നിസ്സാരരായ മിടുക്കികളും മിടുക്കന്മാരും അവ തട്ടിയെടുക്കുമ്പോഠം 'ഞാൻ പറയേണ്ടതായിരുന്നു, ഇല്ലേ?' എന്നു് ആത്മഗതം നടത്തി ആത്മപീഡ അനുഭവിക്കുകയും ചെയ്യും. ഇതായിരുന്നു ആ മനുഷ്യന്റെ പ്രകൃതി! നീതിബോധവും അന്യന്റെ മുമ്പിൽ സ്വന്തം കാര്യത്തിനുവേണ്ടി തലകുനിക്കാനുള്ള വിഷമവും അത്തരം സന്ദർഭങ്ങളിൽ അങ്കുശമായി വർത്തിച്ചിരുന്നു.

അതുപോലെ മറെറാരു സ്വഭാവവും ഞാൻ ശരിക്കും ശ്രദ്ധിച്ചിട്ടുണ്ടു്. ഒരു കൊച്ചു കാര്യത്തിൽ പോലും ഉറച്ചൊരു തീരുമാനം പെട്ടെന്നെടുക്കാൻ അമ്മാവനു കഴിഞ്ഞിരുന്നില്ല. 'ശാസ്ത്രമറിയാവുന്നവനു മൂത്രമൊഴിക്കാൻ പററില്ല' എന്ന മട്ടിൽ കാര്യങ്ങളുടെ അനുകൂലവും പ്രതികൂലവും ആയ വശങ്ങഠം വിസ്തരിച്ചു് ചച്ച് ചെയ്തു് ഒടുക്കം എടുക്കുന്ന തീരുമാനങ്ങഠം പലതും യാഥാർത്ഥ്യത്തിൽനിന്നു് അകന്നു നില്ക്കുന്നതായിരിക്കും. സ്വന്തം അഭിപ്രായം അടിച്ചേൽപ്പിക്കാൻ അമ്മാവൻ വളരെ വിമുഖനായിരുന്നു. തന്റെ തീരുമാനംകൊണ്ടു് പിന്നീടു് ആർക്കെങ്കിലും ദോഷംവന്നാലോ എന്നായിരുന്നു വേവലാതി. ഇങ്ങനെ ഉറച്ച തീരുമാനം എടുക്കാൻ കഴിയാതിരുന്നതുകൊണ്ടു് മാനസികമായി വളരെ വേദനിക്കേണ്ടി വന്ന സന്ദർഭങ്ങളുമുണ്ടു്. 'നിങ്ങഠം പറഞ്ഞപോലെ അന്നു ചെയ്താൽ മതിയായിരുന്നു. എങ്കിൽ ഈ കുഴപ്പം ഒന്നും ഇപ്പോഠം ഉണ്ടാകുമായിരുന്നില്ല' എന്നു് പിന്നീടു് ഏററു പറയുകയും ചെയ്യും. അപ്പോഴേയ്ക്കും കാലം വളരെ കഴിഞ്ഞിരിക്കും, പാലത്തിന്റെ അടിയിലെ വെള്ളം

വററുകകൂടി ചെയ്തിരിക്കും. പിന്നീടു കുറേക്കാലം അതായിരിക്കും സംസാരവിഷയം. അന്യരുടെ മുമ്പിൽ തലകുനിക്കുന്നതു് ഒട്ടും ഇഷ്ടമായിരുന്നില്ല. അടുക്കു പറഞ്ഞ് അന്യരിൽ നിന്നു് ആനുകൂല്യങ്ങൾ പിടിച്ചു വാങ്ങുന്നതിലും താത്പര്യമുണ്ടായിരുന്നില്ല. ആരോടു പെരുമാറുമ്പോഴും അവരിൽ നിന്നു് ഒരുതരത്തിലും താൻ കുറഞ്ഞവനല്ല എന്ന ആത്മവിശ്വാസം ആ മനസ്സിനു് വല്ലാത്ത ഒരു തൻേറടം നൽകിയിരുന്നു. അഹന്ത വരെ ചിലപ്പോൾ അതിനു് നീളവും ഉണ്ടായിരുന്നു.

എൻെറ അമ്മാവൻ 'ഇങ്ങനെയൊക്കെത്തന്നെയാണു്' എന്നു ഞാൻ അവകാശപ്പെടുന്നില്ല. പറയേണ്ടതൊന്നും പറഞ്ഞു എന്നു വിശ്വാസവുമില്ല. പറഞ്ഞതു തന്നെ നേരേ ചൊവ്വേ പറയാനും കഴിഞ്ഞിട്ടില്ല. ഞാൻ ഇപ്പോഴും അതിനു പററിയ ഒരു മാനസികാവസ്ഥയിലല്ല. വാക്കുകൾ എല്ലാം മൗനമായ് മാറുന്നു; വാച്യം ഇല്ലാതെ ധ്വനിയായിത്തീരുന്നു. പക്ഷേ ഒന്നു് എനിക്കുറപ്പുണ്ടു്: ''ആ ചെറിയ വലിയ മനുഷ്യനിൽ ഇങ്ങനെയൊക്കെ ചിലതുകൂടി ഉണ്ടായിരുന്നു.''

പ്രിയസ്മരണ

എൻ. കൃഷ്ണപിള്ള

ഇതു സ്നേഹവ്യാകുലമായ ഒരു സ്മരണയാണ്. ഒരു പഠനമല്ല. ഡോ. രാഘവൻ പിള്ളയെ ഞാൻ ആദ്യമായി അറിയുന്നതു് 1944–45 കാലത്താണെന്നു തോന്നുന്നു. അദ്ദേഹം അന്നു് യൂണിവേഴ്സിററി കോളേജിൽ സംസ്കൃതം ഓണേഴ്സ് കോഴ്സ് കഴിച്ചിട്ടേയുള്ളു. ഒരസാധാരണസ്ഥിതിവിശേഷത്തിലാണു് ഞങ്ങളുടെ പരിചയപ്പെടൽ. കോളേജിലെ മലയാളം വകുപ്പു മേധാവി ആയിരുന്ന ഡോ. ഗോദവർമ്മയാണു് അതിനു കാരണക്കാരൻ. അദ്ദേഹം ഇംഗ്ലണ്ടിൽ പഠിച്ചിരുന്ന ലണ്ടൻ സ്കൂൾ ഓഫ് ഓറിയൻറൽ ആൻറ് ആഫ്രിക്കൻ സ്റ്റഡീസിൽ ജോലി നോക്കിയിരുന്ന മിസ്. ഇവാൻസ് എന്നൊരു മദാമ്മ അന്നു് തിരുവനന്തപുരത്തു് എത്തിയിരുന്നു. സ്വാഭാവികമായും ഡോ. ഗോദവർമ്മയുമായി അവർ സന്ധിച്ചു. പലവുരു അവർ തമ്മിൽ കണ്ടു. മലയാളഭാഷയിലെ സവിശേഷമായ ഉച്ചാരണങ്ങൾ പഠിക്കുകയായിരുന്നു അവരുടെ ആഗമനോദ്ദേശ്യം. അതിനു് നമ്മുടെ കോളേജിൽ നിന്നും ഒരു അദ്ധ്യാപകനെ സഹായത്തിനു നിർദ്ദേശിക്കണം എന്നു് മദാമ്മ ഡോ. വർമ്മയോടു് അപേക്ഷിച്ചു. അതോടൊപ്പം തിരുവനന്തപുരത്തു നിന്നും ഒരു ഭാഷാധ്യാപകനെ ലണ്ടൻ

സ്കൂളിലേക്ക് ഒരു സ്കോളർഷിപ്പോടുകൂടി കൊണ്ടുപൊയ്ക്കൊള്ളാമെന്നും അവർ ഏററു. ഇക്കാര്യം ഡോ. ഗോദവർമ്മ എന്നോടാണ് ആദ്യം സംസാരിച്ചതു്. ഇംഗ്ലണ്ടിൽ പോകാൻ ഇതൊരു നല്ല അവസരമാണെന്നും ഉപരിപഠനം അവിടെ നടത്തിയിട്ട് കൈച്ചെലവൊന്നും കൂടാതെ മടങ്ങി വരാമെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ എന്തുകൊണ്ടോ ഞാൻ അക്കാര്യത്തിൽ താത്പര്യം കാണിച്ചില്ല. എന്നെ ഒഴിവാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണു ചെയ്തതു്. അന്ന് എന്നോടൊപ്പം കോളേജിൽ പ്രവർത്തിച്ചിരുന്ന ശ്രീ. ഗുപ്തൻ നായരെയാണ് ഞങ്ങളുടെ പ്രൊഫസർ ഈ നിർദ്ദേശവുമായി സമീപിച്ചതു്. ഗുപ്തൻനായർക്കും എൻെറ നിലപാടുതന്നെ ആയിരുന്നു. പിന്നീട് ഞങ്ങൾ രണ്ടുപേരും കൂടി നിർദ്ദേശിച്ചതനുസരിച്ചാണ് രാഘവൻപിള്ളയെ വിളിച്ചുവരുത്തി അദ്ദേഹം ഇക്കാര്യം സംസാരിച്ചതു്. രാഘവൻ പിള്ള സസന്തോഷം സമ്മതിച്ചു; ഗോദവർമ്മസ്സാറുമൊത്തു് മിസ് ഇവാൻസിനെ സന്ദർശിച്ചു. അധികം താമസിയാതെ അവരോടൊപ്പം ഇംഗ്ലണ്ടിലേക്കു പോയി. മലയാള ശബ്ദങ്ങളുടെ ഉച്ചാരണകാര്യത്തിൽ മദാമ്മയെ സഹായിക്കുകയും അതോടൊപ്പം സംസ്കൃതത്തിൽ പി എച്ച്. ഡി. ബിരുദം നേടാൻ 'വാക്യപദീയ'ത്തെ ആധാരമാക്കി ഗവേഷണം നടത്തുകയും ചെയ്തു രാഘവൻപിള്ള. ചില വർഷങ്ങൾ കഴിഞ്ഞു് അദ്ദേഹം മടങ്ങി വന്നതിൽ പിന്നീടാണ് എൻെറ ഒരു സഹപ്രവർത്തകൻ എന്ന നിലയിൽ യൂണിവേഴ്സിററി കോളേജിൽ സംസ്കൃതവകുപ്പിൽ അദ്ധ്യാപകനായി ചേർന്നതു്. അതിനുശേഷം അദ്ദേഹം മരിക്കുന്നതിനു് ഏതാനും നാൾ മുമ്പു വരെയും പല തരത്തിൽ ഞങ്ങൾ തമ്മിൽ സമ്പർക്കത്തിലായിരുന്നു.

ഈ അനുസ്മരണത്തിൽ ഇങ്ങനെയൊരു മുഖവുര ഒഴിവാക്കാൻ വയ്യാത്തതുകൊണ്ടു് ചേർത്തു എന്നല്ലാതെ അതിനു പ്രത്യേകം പ്രാധാന്യമില്ല. രാഘവൻപിള്ളയുടെ അസാധാരണമായ ശക്തിവിശേഷങ്ങൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ കാലഘട്ടത്തെപ്പററിയാണ് വാസ്തവത്തിൽ എന്തെങ്കിലും വിസ്തരിച്ചു പറയേണ്ടതു്. വിജ്ഞാനത്തിൻെറ നാനാശാഖകളെ സംബന്ധിച്ച് ഞങ്ങൾ തമ്മിൽ എത്രയോ ദിവസങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടു്. അസംഖ്യം വിഷയങ്ങളെ

ആധാരമാക്കിയുള്ള സിമ്പോസിയങ്ങളിൽ ഞങ്ങൾ ഒന്നിച്ചു പങ്കെടുത്തിട്ടുണ്ട്. മലയാളത്തിൽ അദ്ദേഹം എഴുതാൻ തുടങ്ങിയതു് അല്പം താമസിച്ചായിരുന്നു എങ്കിലും എഴുതിത്തുടങ്ങിയതിൽ പിന്നീട് നിരന്തരം തന്നെ എഴുതിക്കൊണ്ടിരുന്നു. ഇപ്പറഞ്ഞ സംഭാഷണങ്ങളിലും ചർച്ചകളിലും ലേഖനങ്ങളിലുമെല്ലാം ഞാൻ അത്യന്തം ശ്രദ്ധിച്ചിട്ടുള്ള, എന്നെപ്പോലെ അനേകം പേർ ശ്രദ്ധിച്ചിട്ടുള്ള, ചില സവിശേഷതകളുണ്ട്. ഏതു വിഷയത്തെക്കുറിച്ചും മൗലികമായി, അനന്യസാധാരണമായി, തികച്ചും സ്വന്തമായി ഒരഭിപ്രായം പറയാൻ രാഘവൻപിള്ളയ്ക്കു കഴിയുമായിരുന്നു. മററുള്ളവരുടെ ദൃഷ്ടികൾ എത്താത്ത ചില സൂക്ഷ്മാംശങ്ങളിൽ രാഘവൻപിള്ളയുടെ ദൃഷ്ടി എത്തുമായിരുന്നു. എത്തുക മാത്രമല്ല, അങ്ങനെ കണ്ടുപിടിച്ചതു് ശരിക്കു പ്രയോഗിച്ചു ഫലിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. സാഹിതീയമായി അദ്ദേഹമെഴുതിയിട്ടുള്ള ഏതു പ്രബന്ധവും നമുക്കു് എന്തെങ്കിലും ഒന്നു് പുതുതായി നൽകാതിരിക്കുകയില്ല. അതിനിശിതമായ ധിഷണയുടെ വ്യാപാരത്തെയാണു് ഇതു കാണിക്കുന്നതു്. ഏതു വിഷയത്തെയും സമീപിക്കുന്നതിൽ രാഘവൻപിള്ളയ്ക്കുണ്ടായിരുന്ന തനിക്കുതാൻപോരിമ എൻെറ ബഹുമാനാദരങ്ങൾ പലപ്പോഴും നേടിയിട്ടുണ്ട്. അത്ഭുതകരമായ ഒരു വസ്തുത അധികം പേർ അറിഞ്ഞിരിക്കുകയില്ല. രാഘവൻപിള്ള ഒരു മലയാള സാഹിത്യ വിദ്യാർത്ഥിയാവുന്നതു് കാലം വളരെ ചെന്നിട്ടാണു്. എനിക്കു തോന്നുന്നു, യൂണിവേഴ്സിററി കോളേജിൽനിന്നും അദ്ദേഹം മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽ ഡയറക്ടറായി പോയതിനുശേഷമാണു് വ്യവസ്ഥാപിതമായ രീതിയിൽ മലയാളസാഹിത്യം പഠിക്കുന്നതു്. ഒരിക്കൽ ഞാൻ മൂക്കിൽ വിരൽ വച്ചുപോയ ഒരു സംഭവം ഉണ്ടായി. ഞങ്ങൾ തമ്മിൽ യാദൃച്ഛികമായി കണ്ടുമുട്ടിയ അവസരത്തിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യമാണു് അതിനു കാരണം. മലയാള നാടകങ്ങൾ ഒന്നുപോലും വായിച്ചിട്ടില്ലാതിരുന്ന താൻ ഏററവും പ്രധാനപ്പെട്ട ഇരുനൂറോളം നാടകങ്ങൾ രണ്ടു മാസംകൊണ്ടു വായിച്ചു തീർത്തതായും അവയിൽ പലതിനും കുറിപ്പുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതായും എന്നോടു പറഞ്ഞു. മാത്രമോ, അവയെപ്പററിയുള്ള ശരിയും നിഷ്കൃഷ്ടവുമായ പഠനം നടത്ത

ണമെന്നുണ്ടെങ്കിൽ പാശ്ചാത്യനാടകത്തിലെ പ്രധാനപ്പെട്ട കുറച്ചധികം നാടകങ്ങൾ വായിച്ചേ പററുകയുള്ളൂ എന്നദ്ദേഹം കണ്ടു. അതിനും എടുത്തു ഒരു രണ്ടു മാസം. ഇത്രയും കഴിഞ്ഞിട്ടാണ് മലയാളത്തിലെ മികച്ച കുറെ നാടകങ്ങളെപ്പററിയുള്ള വിമർശലേഖനങ്ങൾ രാഘവൻപിള്ള തയ്യാറാക്കിയത്. ഈ ഉദാഹരണത്തിൽക്കൂടി നാം കാണുന്നതു് അദ്ദേഹത്തിൻെറ അത്ഭുതാവഹമായ പഠനോത്സുകതയും ജ്ഞാനസമ്പാദനസമ്പ്രദായവുമാണ്.

രാഘവൻപിള്ളയുടെ മറെറാരു സുപ്രധാനസിദ്ധി ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. ഇതു പറയുമ്പോൾ ഒരാക്ഷേപത്തിനു ഞാൻ പാത്രമാകുമോ എന്നു ഭയപ്പെടുന്നു. സാധാരണയായി സംസ്കൃതം പോലുള്ള ഭാരതീയഭാഷകളിൽ ബിരുദമെടുത്തു് അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ച് വളരെക്കാലം കഴിഞ്ഞിട്ടുള്ള ആളുകളിൽപ്പോലും കാണാത്ത ഒരു സിദ്ധിയെപ്പററിയാണ് ഞാൻ ഇവിടെ പറയുന്നതു്. രാഘവൻപിള്ള തൻെറ പരിണീതവധുവായ സംസ്കൃതസാഹിത്യത്തെ മാത്രമല്ല, ഇഷ്ടകാമുകിയായ പാശ്ചാത്യസാഹിത്യത്തെയും ഗാഢമായി സ്നേഹിച്ചിരുന്നു. പാശ്ചാത്യദേശത്തെ നാഴികക്കല്ലുകളായ സാഹിത്യകൃതികൾ അദ്ദേഹം വായിക്കുക മാത്രമല്ല, സശ്രദ്ധം പഠിച്ചുമിരുന്നു. ഷേക്സ്പിയറോ ഷെല്ലിയോ സ്കോട്ടോ ഹാർഡിയോ—അങ്ങനെ പല കാലങ്ങളിൽ പല സർഗവാസനകൾ കാണിച്ചിരുന്ന എത്രയോ മഹാമതികളുടെ കൃതികളിൽനിന്നു് അനായാസം ഉദ്ധരിക്കാനും അവയെപ്പററി സുചിന്തിതമായ അഭിപ്രായം പറയാനും രാഘവൻപിള്ളയ്ക്കു കഴിയുമായിരുന്നു. സാഹിത്യകൃതികൾ മാത്രമല്ല, തത്ത്വചിന്താപരമായ കൃതികളും—പ്രാമാണികന്മാരുടേതെങ്കിലും—അദ്ദേഹം പഠിച്ചിരുന്നു. ''സാർത്രിൻെറ അസ്തിത്വദർശനം'' എന്ന പുസ്തകം മലയാളത്തിൽ എഴുതിയതു് ഈ സംസ്കൃത പ്രൊഫസർ ആയിരുന്നു എന്നതു് ഓർക്കണം.

പഠിക്കുന്ന കാര്യങ്ങളിൽ എല്ലാംകൂടി കെട്ടിമറിഞ്ഞു് വാലും തുമ്പുമില്ലാതെ സ്വമസ്തിഷ്കത്തെ ഒരു കലങ്ങിയ ജലാശയമായി കൊണ്ടുനടക്കുന്ന പല ആളുകളിൽനിന്നും വ്യത്യസ്തനായിരുന്നു, സ്വച്ഛവും നിർമ്മലവുമായ പഠിപ്പ്

കൈമുതലായി ഉണ്ടായിരുന്ന രാഘവൻപിള്ള. സ്പഷ്ടതയും വൈശദ്യവും യുക്തിയുക്തമായ രചനാപ്രക്രമവും പ്രസംഗങ്ങളിലും രചനകളിലും അദ്ദേഹം പുലർത്തിയിരുന്നു. ഇംഗ്ലണ്ടിൽ താമസിക്കുമ്പോൾ അവിടത്തെ വൈ. എം. സി. എ. യിലും യൂണിവേഴ്സിററി മജ്ലിസിലും നടന്ന വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുകയും സംഘാടകവൃത്തി കൊണ്ടുനടക്കുകയും ചെയ്തിരുന്നതിനാൽ നാട്ടിലെ സെമിനാറുകളിലും സിമ്പോസിയങ്ങളിലും മററും ശോഭിക്കുവാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല.

അദ്ദേഹത്തിൻെറ ജീവിതാന്ത്യത്തിൽ നടന്ന രണ്ടു സംഭവങ്ങൾ എനിക്കു അവിസ്മരണീയങ്ങളാണ്. ഒന്നു്, എൻെറ സപ്തതിയോടനുബന്ധിച്ച് നടന്ന ഒരു ചർച്ചാസമ്മേളനത്തിൽ രാഘവൻപിള്ള നടത്തിയ, ഒരു മണിക്കൂറോളം നീണ്ടുനിന്ന ഒരു പ്രസംഗം. അദ്ദേഹം ആയിടെയൊക്കെ വളരെ വിവശനായിരുന്നു മനസ്സുകൊണ്ടു്. ഒരു ഭയബോധം, മാനസികമായ ഒരു വിഭ്രമം, ബാധിച്ചിരുന്ന അവസരമായിരുന്നു അതു്. പട്ടണത്തിൻെറ പ്രാന്തത്തിൽ താമസിച്ചിരുന്ന അദ്ദേഹം പട്ടണത്തിൽ വരുന്ന ഏർപ്പാടുതന്നെ മതിയാക്കി വച്ചിരുന്നു ആയിടയൊക്കെ. ആ നിലയിലാണ് ഞാൻ ഇവിടെ പറഞ്ഞ പ്രസംഗം നടത്തിയതു്. അതു് ടേപ്പിൽ റിക്കാർഡു ചെയ്തു് സൂക്ഷിക്കാൻ കഴിഞ്ഞു എന്നൊരു തൃപ്തി അവശേഷിക്കുന്നു. അവസാനമായി അദ്ദേഹം സംസാരിക്കുന്നതു ഞാൻ കേട്ടതും അന്നായിരുന്നു. രണ്ടാമത്തെ സംഭവം, അദ്ദേഹം എന്നോടാവശ്യപ്പെട്ട ഒരു കാര്യം എനിക്കു സാധിച്ചു കൊടുക്കാൻ കഴിഞ്ഞു എന്നതാണ്. അതീവ സംതൃപ്തിയോടും സത്യസന്ധതയോടുമാണ് ഞാൻ ആ കൃത്യം നിർവഹിച്ചതു്. Makers of Indian Literature എന്ന ഇംഗ്ലീഷ് ഗ്രന്ഥപരമ്പര കേന്ദ്രസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു വരുന്ന കൂട്ടത്തിൽ എഴുത്തച്ഛനെപ്പററി എഴുതാൻ നിയുക്തനായതു ഡോ. രാഘവൻപിള്ള ആയിരുന്നു. ആ കൃതിയുടെ ഒരു പ്രതി എനിക്കു കൊടുത്തയയ്ക്കുകയും അതിനെപ്പററി ഒരു അഭിപ്രായം ഞാൻ എഴുതണമെന്ന് ആവശ്യപ്പെടുകയും ചെയ്തു അദ്ദേഹം. ഞാൻ അതു ചെയ്തു. അദ്ദേഹം അതു പ്രസിദ്ധീകരിച്ചു കാണുകയും ചെയ്തു. വളരെ ചുരുങ്ങിയ പുറങ്ങളിൽ കാര്യമാത്രപ്രസക്തവും പാരായണയോ

ഗ്യവും പ്രാധാന്യേന എടുത്തു പറയേണ്ട എല്ലാ വസ്തുതകളിലും വെളിച്ചം വീശുന്നതും എഴുത്തച്ഛന്റെ കൃതികളിൽ നിന്നു് ധാരാളം ഭാഗങ്ങൾ തർജമ ചെയ്തു ചേർത്തിട്ടുള്ളതുമായിരുന്നു ആ പുസ്തകം. തർജമയുടെ വൈദഗ്ധ്യത്തിൽ എനിക്കു് അത്ഭുതം തീരെ തോന്നിയില്ല. കാരണം, കർണഭൂഷണം തുടങ്ങിയ പല മലയാളകവിതകൾക്കും അദ്ദേഹം നടത്തിയിരുന്ന നിപുണ പരിഭാഷകൾ ഞാൻ മുമ്പു കണ്ടിരുന്നു എന്നതു തന്നെ.

രാഘവൻപിള്ള ഒരു മുൻശുണ്ഠിക്കാരനായിരുന്നു. അതിന്റെ സാക്ഷിയും ഇരയുമായിരുന്നിട്ടുണ്ടു് ഞാൻ. അദ്ദേഹത്തെക്കുറിച്ചു് ഇക്കാര്യത്തിലുണ്ടായ നീരസം നീങ്ങി തത്സ്ഥാനത്തു് അനുകമ്പ ഉളവായതു്, ഈ കോപത്തിനു നിദാനം അദ്ദേഹത്തെ കൂടെക്കൂടെ പീഡിപ്പിക്കാറുള്ള വയററുവേദന ആണെന്നു മനസ്സിലാക്കിയതോടെയാണു്. ഇംഗ്ലണ്ടിൽനിന്നുവന്നു് വളരെക്കാലം പറയത്തക്ക പ്രമോഷനോ മററു പരിഗണനകളോ ലഭിക്കാതെ കഴിഞ്ഞുകൂടിയിരുന്ന കാലത്തു് ലണ്ടൻ ജീവിതത്തിന്റെ സ്വപ്നങ്ങൾ നട്ടുച്ചയ്ക്കുപോലും അദ്ദേഹം കണ്ടിരുന്നു. ആ സ്വപ്നത്തിൽ ആരെങ്കിലും അറിയാതെ കല്ലേറു നടത്തിയാൽ അതു പൊട്ടിച്ചിതറിപോകുന്നതുകൊണ്ടും അദ്ദേഹം കോപാകുലനാവുമായിരുന്നു. വാസ്തവത്തിൽ തന്നോടുതന്നെയും താൻ ജീവിക്കുന്ന ലോകത്തോടുതന്നെയും ഉണ്ടാകുന്ന പ്രതിഷേധത്തിന്റെ ലക്ഷ്യമായിരുന്നു അതു്. എത്രയും സ്നേഹത്തോടെ ആ രംഗങ്ങൾ കൂടി ഞാൻ ഇന്നു സ്മരിക്കുമ്പോൾ കണ്ണിൽ നീർ പൊടിയുന്നു.

സ്മരണാഞ്ജലി

കെ. സി. പിള്ള

അന്തരിച്ചു പോയ ഡോ. കെ. രാഘവൻപിള്ള എന്റെ ഒരാത്മസുഹൃത്തും സഹപ്രവർത്തകനുമായിരുന്നു. അദ്ദേഹം തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽ പഠിക്കാൻ വന്ന കാലം മുതൽ ഞങ്ങൾ സ്നേഹിതന്മാരാണ്. ഒരു നല്ല വിദ്യാർത്ഥിയും സാഹിത്യ തത്പരനും എന്ന നിലയിലാണ് അദ്ദേഹത്തെ ഞാൻ ആദ്യം പരിചയപ്പെടുന്നതു്.

രാഘവൻപിള്ള കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ് ഞങ്ങൾ തിരുവനന്തപുരത്തു് 'ടാഗോർ അക്കാഡമി' സ്ഥാപിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ചർച്ചായോഗങ്ങളും പ്രസംഗപരിപാടികളും സംഘടിപ്പിച്ചതു്. കേരളത്തിലെ പ്രശസ്തരായ മിക്ക സാഹിത്യകാരന്മാരും പങ്കെടുത്തിരുന്ന ആ സംഘടന പത്തുപതിനഞ്ചു കൊല്ലക്കാലം വളരെ പ്രയോജനകരമായി പ്രവർത്തിച്ചു. അക്കാഡമി ഉദ്ഘാടനം ചെയ്തതു് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ ആയിരുന്നു. അതിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്കു് രാഘവൻപിള്ള അണിയറയിൽ നിന്നുകൊണ്ടു ചെയ്തു തന്ന സഹായങ്ങൾ ഒരിക്കലും എനിക്കു മറക്കാൻ കഴിയുകയില്ല.

തൊള്ളായിരത്തിനാല്പത്തിനാലിലോ അഞ്ചിലോ ആണ് അദ്ദേഹം സംസ്കൃതസാഹിത്യത്തിൽ എം. എ പരീക്ഷ പാസ്സായത്. അതൊരു പ്രശസ്ത വിജയമായിരുന്നു; ക്ലാസിൽ ഒന്നാം റാങ്കോടുകൂടി. ആ വിജയം അദ്ദേഹത്തിന്റെ സഹപാഠികൾക്കും അദ്ധ്യാപകന്മാർക്കും ഒരുപോലെ അഭിമാനവും സന്തോഷവുമുളവാക്കിയ ഒരു സംഭവമായിരുന്നു. അതുകഴിഞ്ഞ് രണ്ടു മൂന്നു കൊല്ലം തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം നടത്തി. പിന്നീടാണ് ലണ്ടനിലേക്കുപോയത്.

ലണ്ടനിലെ പൗരസ്ത്യഭാഷാ വിദ്യാലയത്തിലെ ഒരദ്ധ്യാപകനായിട്ടാണ് അദ്ദേഹം അങ്ങോട്ടു പോയത്. പൗരസ്ത്യഭാഷകളുടെ ഭാഷാപരവും ശബ്ദശാസ്ത്രപരവുമായ പഠനങ്ങൾ നടത്തുന്ന ഒരു സ്ഥാപനമാണ് പ്രസ്തുത വിദ്യാലയം. മലയാളഭാഷയുടെ വളർച്ചയും വികസനവും ശാസ്ത്രീയമായി പഠിക്കുകയും പഠിപ്പിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ജോലി. ആ ജോലി രാഘവൻപിള്ള ആത്മാർത്ഥമായി നിർവ്വഹിക്കുകയും അതിലേക്ക് ആ വിദ്യാലയത്തിലും മററു സർവ്വകലാശാലാകേന്ദ്രങ്ങളിലും നിന്നു ലഭിച്ചിരുന്ന എല്ലാ സാങ്കേതികസഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു. ആ പഠനങ്ങൾക്ക് അന്ന് ലണ്ടനിലുണ്ടായിരുന്ന പല ശബ്ദശാസ്ത്രവിദഗ്ദ്ധന്മാരുടേയും സഹായം തനിക്കു ലഭിച്ചിരുന്നു എന്ന് രാഘവൻപിള്ള പലപ്പൊഴും അഭിമാനത്തോടെ എന്നോടു പറഞ്ഞിട്ടുണ്ട്.

സ്വഭാവേന തന്നെ മനുഷ്യത്വവും മററു സൗഹൃദഗുണങ്ങളുമുണ്ടായിരുന്ന പിള്ളയ്ക്ക് ലണ്ടനിലും ഒരു 'പുസ്തകപ്പുഴു'വായി മാത്രം കഴിഞ്ഞു കൂടാൻ സാധിച്ചില്ല. ലണ്ടനിൽ എത്തിച്ചേർന്ന് അധികം താമസിയാതെ അദ്ദേഹം അവിടത്തെ 'ഇന്ത്യൻ സ്റ്റുഡൻറ്സ് യൂണിയ'നുമായി ബന്ധപ്പെടുകയും അവിടെത്തന്നെ താമസമാക്കുകയും ചെയ്തു. ക്രമേണ യൂണിയൻ ഭരണസമിതിയിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അതിന്റെ പ്രസിഡൻറുമായി. ഇന്ത്യയിൽനിന്നു വരുന്ന പ്രശസ്താതിഥികളുടേയും ഇന്ത്യയോടു സൗഹാർദ്ദം പുലർത്തുന്ന ബ്രിട്ടീഷ് നേതാക്കന്മാരുടേയും സ്വീകരണ പരിപാടികൾ ഏർപ്പാടു ചെയ്യുന്നത് പ്രസ്തുത യൂണിയനാണ്. ഇങ്ങനെ പ്രശ

സ്തരായ പല പ്രാമാണികന്മാരുമായി സംസർഗ്ഗം പുലർത്തുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. മൗണ്ട് ബാററൺ, വേവൽ, വെല്ലിംഗ്ടൺ, ആററ്ലി, പ്രൊഫ. ലാസ്കി എന്നിവർ അവരിൽ ചിലർ മാത്രം.

ഇൻഡ്യൻ നേതാക്കന്മാർ ലണ്ടൻ സന്ദർശിക്കുമ്പോഠം പൊതുയോഗങ്ങളധികവും സംഘടിപ്പിക്കുന്നതു് ഇന്ത്യൻ സ്റ്റുഡൻസ് യൂണിയനാണു്. പണ്ഡിററ് നെഹ്രു, ഡാ. രാധാകൃഷ്ണൻ, വി.കെ. കൃഷ്ണമേനോൻ ഇങ്ങനെ പല ഇന്ത്യൻ നേതാക്കന്മാരും രാഘവൻപിള്ള യൂണിയൻ പ്രസിഡൻറായിരുന്ന കാലത്തു് ലണ്ടൻ സന്ദർശിച്ചിരുന്നു. അവരെയെല്ലാം സ്വീകരിക്കുന്നതിനും അവരുടെ സൗഹാർദ്ദം സമ്പാദിക്കുന്നതിനുമുള്ള മഹാഭാഗ്യവും അക്കാലത്തദ്ദേഹത്തിനുണ്ടായി. ഇന്ത്യയും ബ്രിട്ടനുമായുള്ള സൗഹൃദബന്ധത്തിനും സാംസ്കാരിക വിനിമയത്തിനും ആരംഭം കുറിക്കുന്ന ഒരു കാലഘട്ടമായിരുന്നു അതു്. ലണ്ടനിലെ ഇൻഡ്യൻ യൂണിയൻ പ്രസിഡൻറ് എന്ന നിലയിൽ അക്കാലത്തു് അദ്ദേഹം ഇംഗ്ലണ്ടിൻെറ പലഭാഗങ്ങളിലും സഞ്ചരിക്കുകയും പ്രധാനപ്പെട്ട സംഭവങ്ങളെല്ലാം അപ്പപ്പോഠം എന്നെ അറിയിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ലണ്ടനിൽ നിന്നും രാഘവൻപിള്ള ഡാക്ടർ ബിരുദവും നേടി മടങ്ങിവന്നതു് അൻപതിലോ അൻപത്തൊന്നിലോ ആണു്. അന്നു മുതൽ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നതുവരെ അദ്ദേഹം എൻെറ കൂടെയാണു് താമസിച്ചിരുന്നതു്. ഇടയ്ക്കു് രണ്ടുകൊല്ലക്കാലം അമേരിക്കയിലെ കാലിഫോർണിയായിൽ താമസിച്ചു്, ഒരു പ്രൊഫസർ ജോലിയും നോക്കി.

യൂണിവേഴ്സിററി കോളേജിൽ അദ്ധ്യാപകനായിരിക്കുമ്പോഴാണു് ആദ്യമായി എൻെറ വീട്ടിലദ്ദേഹം താമസം തുടങ്ങിയതു്. അന്നു ഞങ്ങഠം പുത്തൻ ചന്തയിൽ പ്രസ്സ് റോഡിലുള്ള ഒരു വലിയ വീട്ടിലായിരുന്നു താമസം. നാലഞ്ചതിഥികഠംക്കു് നിഷ്പ്രയാസം താമസിക്കാനും ചെറിയ യോഗങ്ങഠം കൂടുന്നതിനുമെല്ലാം സൗകര്യമുള്ള ഒരു വീടു്. എൻെറ കൂടെ അന്നു് റവന്യൂബോർഡ് മെമ്പറായിരുന്നു് ഈയിടെ അന്തരിച്ചുപോയ എൻ. ഗോപാലകൃഷ്ണൻനായരും, എറണാകുളം മഹാരാജാസ് കോളേജിൽ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന ശ്രീ.

എം. ജി. സുധാകരൻ നായരുമൊക്കെ താമസിച്ചിരുന്നു. സംഗീതതത്പരനായ സുധാകരൻ നായർ അന്ന് എം. എ. വിദ്യാർത്ഥി ആണ്. ഗോപാലകൃഷ്ണൻ യൂണി: കോളേജിൽ അദ്ധ്യാപകൻ. എല്ലാവരും ഉത്സാഹശാലികളായ ചെറുപ്പക്കാർ. അതുകൊണ്ട് അവരെ അന്വേഷിച്ചു പല സഹാദ്ധ്യാപകന്മാരും സാഹിത്യകാരന്മാരും വീട്ടിൽ വരും. പ്രത്യേകിച്ചും അവധി ദിവസങ്ങളിൽ മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന ചർച്ചായോഗങ്ങളും സാഹിത്യസംഗീത സദസ്സുകളും വീട്ടിൽ അന്നു പതിവായിരുന്നു. സംഗീതസായാഹ്നങ്ങൾക്കു മേളം കൊട്ടാൻ കലാമണ്ഡലം കുഞ്ചുവാര്യരും അന്ന് ഞങ്ങളുടെകൂടെ താമസമുണ്ട്.

രാഘവൻപിള്ളയ്ക്കു് അവധി ദിവസം കാലത്ത് വേറൊരു ജോലികൂടി ഉണ്ടായിരുന്നു. അടുത്തു താമസിക്കുന്ന കൊച്ചുകുട്ടികളെ സംഘടിപ്പിച്ചു കഥ പറഞ്ഞു കൊടുക്കുക. അതിനു മുൻകയ്യെടുത്തതു് എന്റെ കുട്ടികളായിരുന്നു. ചില ദിവസങ്ങൾ അദ്ദേഹത്തിന്റെ മുറിയും അതിനോടു ചേർന്നുള്ള വിശാലമായ വരാന്തയും കുട്ടികളെക്കൊണ്ടു നിറയും. അത്രയ്ക്കു രസകരമായിരുന്നു അദ്ദേഹത്തിന്റെ കഥാകഥനപാടവം.

ഏകദേശം അക്കാലത്താണ് രാഘവൻപിള്ളയുടെ ചൈനാസന്ദർശനം. ഇൻഡ്യയും ചൈനയും വളരെ അടുപ്പത്തിൽ കഴിയുന്ന കാലം. 'ഇൻഡ്യാ-ചൈനാ ഭായ്ഭായ്' എന്ന മുദ്രാവാക്യങ്ങൾ എവിടെയും മുഴങ്ങി കേൾക്കാമായിരുന്നു. ആയിടെയാണ് ഇന്ത്യയിലും സാംസ്കാരിക വിനിമയ പരിപാടികൾ രൂപം കൊണ്ടതു്. പണ്ഡിററ് നെഹ്രുവിന്റെ ഉത്സാഹത്തിൽ ഇന്ത്യയിൽനിന്നും ഒരു സാംസ്കാരികസംഘം ചൈനയിലേയ്ക്കു പുറപ്പെട്ടു. സർ. സി. പി. രാമസ്വാമി അയ്യരായിരുന്നു സംഘത്തിന്റെ നേതാവ്. രാഘവൻ പിള്ളയും ആ സംഘത്തിലെ ഒരു പ്രമുഖ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സർവ്വകലാശാലകളുടെ പ്രതിനിധിയായിട്ടാണ് അദ്ദേഹം അതിൽ പങ്കെടുത്തതു്. ചൈനയിൽനിന്നും മടങ്ങി വന്നശേഷം എന്റെ വീട്ടിൽ കുറെ ദിവസങ്ങൾ സന്ദർശകരുടെ ഒരു ബഹളം തന്നെ ആയിരുന്നു.

കാലിഫോർണിയയിൽ നിന്നു മടങ്ങി വന്നപ്പോൾ ഡോ. രാഘവൻപിള്ള മാനുസ്ക്രിപ്ററ്സ് ലൈബ്രറിയുടെ ക്യൂറേ

ററായും പിന്നീട് ഡയറക്ടറായും നിയമിക്കപ്പെട്ടു. ഭാസനാടകങ്ങളുടെ പ്രസിദ്ധീകരണത്തിനുശേഷം തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ലോകമൊട്ടുക്കുള്ള പണ്ഡിതൻമാരുടെ ഇടയിൽ ഏററവും അറിയപ്പെടുന്ന ഒരു സ്ഥാപനമായുയർന്നു. അന്നത്തെ ക്യൂറേററായിരുന്ന ഗണപതി ശാസ്ത്രികളായിരുന്നു ആ പ്രശസ്തിക്കു കാരണക്കാരനെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ.

ഇംഗ്ലണ്ടിലും അമേരിക്കയിലുംനിന്നു സമ്പാദിച്ച നൂതനമായ ഗവേഷണ പരിചയവും സ്വത:സിദ്ധമായ പരിശ്രമശീലവും പ്രസിദ്ധീകരണ വിഭാഗത്തിൽ തൻെറ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനു രാഘവൻപിള്ളയ്ക്ക് അവസരം നല്കി. അദ്ദേഹത്തിൻെറ പഠനങ്ങളും പ്രസിദ്ധീകരണങ്ങളും ഇന്ത്യയുടെ ഇതരഭാഗങ്ങളിലുള്ള പണ്ഡിതന്മാരുടെ ശ്രദ്ധാദരങ്ങളെ വളരെ വേഗം ആകർഷിച്ചു. അതിൻെറ ഫലമായി അനേകം അഖിലേന്ത്യാ സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തു. എല്ലായിടത്തും തൻെറ പാണ്ഡിത്യവും കഴിവുകളും പ്രദർശിപ്പിക്കാനും കഴിഞ്ഞു. പിന്നീട് പല ദേശീയ സമ്മേളനങ്ങളിലും സെമിനാറുകളിലും അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. സംസ്കൃത വിദ്യാഭ്യാസത്തിൻെറ പ്രചാരണത്തിനുവേണ്ടി ഇന്ത്യാഗവൺമെൻറ് സംഘടിപ്പിച്ച ഒരു ദേശീയസമിതിയിൽ രാഘവൻപിള്ള അദ്ധ്യക്ഷനമായിരുന്നു.

ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും താമസവും അവിടത്തെ സർവ്വകലാശാലകളുമായിട്ടുള്ള ബന്ധവും രാഘവൻപിള്ളയുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പാണ്ഡിത്യം വർദ്ധിപ്പിക്കുന്നതിനു സഹായിച്ചു. സംസ്കൃതത്തിലും മലയാളത്തിലുമുള്ള പാണ്ഡിത്യം സമാർജ്ജിതവും സ്വായത്തവുമായിരുന്നു. ഇങ്ങനെ മൂന്നു ഭാഷകളും നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ കഴിയുന്നവർ മലയാളക്കരയിലധികമാരുമുണ്ടെന്നു തോന്നുന്നില്ല. ഏതു മഹാസദസ്സിലും തൻെറ അഭിപ്രായങ്ങൾ ശക്തിയായി പ്രകടിപ്പിക്കുന്നതിന് അദ്ദേഹത്തിന് അസാധാരണമായ ഒരു കഴിവുണ്ടായിരുന്നു. ഒരു പക്ഷേ ആ കഴിവായിരിക്കാം അദ്ദേഹത്തിൻെറ ദേശീയമായ അംഗീകാരത്തിനു കാരണമെന്ന് എനിക്കു തോന്നുന്നു.

കേരളത്തിലെ സാഹിത്യസാംസ്കാരിക രംഗങ്ങളിലും രാഘവൻപിള്ള ഏററവും അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു. പല സംഘടനകളിലും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. തൻെറ കൃതികൾക്കും പ്രസിദ്ധീകരണങ്ങൾക്കും ദേശീയവും പ്രാദേശികവുമായ ധാരാളം പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. ഇത്ര ചുരുങ്ങിയ ഒരു കാലപരിധിക്കകം ഇത്ര വളരെ പ്രശസ്തി സമ്പാദിക്കാൻ കഴിഞ്ഞ മലയാളികൾ അധികമാരും കാണുകയില്ല.

രാഘവൻപിള്ളയുടെ നിര്യാണം ആകാലികവും അപ്രതീക്ഷിതവുമായിരുന്നു. അന്ത്യനിമിഷങ്ങളിലും ഞാനും എൻെറ കുടുംബവും എല്ലാ ദുഃഖങ്ങളിലും പങ്കെടുത്തുകൊണ്ട് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവെന്ന് എനിക്കൊരു സമാധാനമുണ്ട്. ഇന്നും അദ്ദേഹത്തിൻെറ കുടുംബവുമായി ഉററബന്ധം പുലർത്തിക്കൊണ്ടുതന്നെ ഞങ്ങൾ കഴിഞ്ഞുകൂടുന്നു. പരിണതപ്രജ്ഞനായ ആ പണ്ഡിതൻെറ മുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഇനി നമുക്കു സംതൃപ്തി അടയാം എന്നുമാത്രം!

ഒരു അനുസ്മരണം

തകഴി ശിവശങ്കരപ്പിള്ള

ഡോ. രാഘവൻപിള്ളയെക്കുറിച്ച് വളരെയധികം കാര്യങ്ങൾ എനിക്ക് ഓർക്കുവാനുണ്ട്. സാഹിത്യസംബന്ധമായ ചർച്ചകളെ കുറിച്ചല്ല. സാഹിത്യാഭിപ്രായ വ്യത്യാസങ്ങളെ കുറിച്ചുമല്ല. സാഹിത്യത്തെപ്പററി ഞാൻ യോജിച്ചിട്ടും വിയോജിച്ചിട്ടുമില്ല. പരസ്പരം സ്തുതിക്കുകയോ നിന്ദിക്കുകയോ ചെയ്തിട്ടില്ല. രണ്ടുപേർക്കും നന്നായി അറിയാവുന്ന ഒരു കാര്യം ഉണ്ടായിരുന്നു. സാഹിത്യപ്രവർത്തകരാണ് എന്ന്. ആ ധാരണ വച്ചുകൊണ്ട് വളരെ അടുത്ത സുഹൃത്തുക്കളായി കുറെ കൊല്ലങ്ങൾ കഴിഞ്ഞു. പിന്നെ കുറേക്കാലം വലിയ അടുപ്പമില്ലാതെ കഴിഞ്ഞു. പിണങ്ങി കഴിഞ്ഞതല്ല. തമ്മിൽ കണ്ടില്ല. കാണാനുള്ള സൗകര്യം ഉണ്ടായില്ല. അങ്ങനെ കുറേക്കാലം പോയി എന്നു മാത്രം.

ഞങ്ങൾ പിണങ്ങിയിട്ടുണ്ട്. . നന്നായി പിണങ്ങിയിട്ടുണ്ട്. അടിയോളം എത്തത്തക്കവിധം പിണങ്ങിയിട്ടുണ്ട്. സാഹിത്യസംബന്ധമായ വാദപ്രതിവാദത്തിനൊന്നുമല്ല, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ ചൊല്ലി ആയിരുന്നു. ചെങ്ങന്നൂർ പുലിയൂർക്കാരനായ രാഘവൻപിള്ളയും തകഴിക്കാരനായ ശിവശങ്കരപ്പിള്ളയും തമ്മിൽ ഒരു കാര്യത്തെ ചൊല്ലി വഴക്കുപിടി

ച്ചു അത്രതന്നെ. ആ പുലിയൂർക്കാരൻ ഒരു ബാഗും തൂക്കിപ്പിടിച്ച് വീട്ടിൽ വരാറുണ്ടായിരുന്നു. വിവാഹിതനാകുന്നതിനുമുമ്പ് അദ്ദേഹത്തിൻെറ വീട്ടിലും ഞാൻ പോകാറുണ്ടായിരുന്നു. താമസിച്ചിട്ടുണ്ട്. പഠിച്ചിട്ടുള്ള, പഠിക്കുന്ന വിഷയങ്ങളിൽ ചുഴിഞ്ഞിറങ്ങി കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള ഡോ. രാഘവൻപിള്ളയുടെ കഴിവ് മററൊരാളിലും ഞാൻ ഇന്നോളം കണ്ടിട്ടില്ല. അദ്ദേഹത്തിനു് അഗാധപാണ്ഡിത്യമുള്ള ചില വിഷയങ്ങൾ ഉണ്ടായിരുന്നു. ആഴത്തിൽ തന്നെ പഠിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ പഠിച്ചു മടങ്ങിവന്ന പലരേയും അക്കാലത്തു് എനിക്കറിയാമായിരുന്നു. ഡോ. രാഘവൻപിള്ള തൻെറ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസകാലം ശരിക്കും മുതലെടുക്കാൻ ശ്രദ്ധിച്ചു. പടിഞ്ഞാറൻ രാജ്യങ്ങളിലും ചൈനയിലും എല്ലാം തന്നെ യാത്ര ചെയ്ത അനുഭവങ്ങൾ നമുക്കു് രേഖപ്പെടുത്തി കിട്ടിയില്ലല്ലോ എന്നു് ഞാൻ വിഷാദിക്കുകയാണു്. ഞാൻ അദ്ദേഹത്തോടുതന്നെ പല പ്രാവശ്യം ഇതു പറഞ്ഞിട്ടുണ്ട്. തീർച്ചയായും രേഖപ്പെടുത്തിയിരുന്നു എങ്കിൽ അതൊരു പുതിയ അനുഭവമാകുമായിരുന്നു.

ഈ അവസരത്തിൽ രാഘവൻപിള്ളയിൽ നിന്നും കിട്ടാമായിരുന്നതു മുഴുവൻ നമുക്കു് കിട്ടിയോ എന്നു് ഞാൻ സംശയിക്കുകയാണു്. എന്നെപ്പോലെ സംശയമുള്ള പലരുമുണ്ടെന്നു് എനിക്കറിയാം. രാഘവൻപിള്ള ഒരു മടിയനായിരുന്നോ? ആണെന്നും അല്ലെന്നും പറയാൻ വയ്യ. പക്ഷേ എക്കാലത്തും നല്ല വായനാശീലം അദ്ദേഹം പുലർത്തിവന്നിരുന്നു. ഒരു കാലം എത്തിയപ്പോൾ എന്തിനു് ഇതെല്ലാമെന്നു്, എന്തിനു് ഇതെല്ലാം പഠിച്ചു, പഠിക്കുന്നു, എന്നൊരു വിചാരവും അദ്ദേഹത്തെ ശക്തമായി സ്വാധീനിച്ചിരുന്നു. പഠിച്ചതൊക്കെ മതി. പഠിച്ചതെല്ലാം മറന്നുപോയാലും തരക്കേടില്ല, എന്നുവരെ അദ്ദേഹത്തിനു് തോന്നിയിട്ടുണ്ട്. പക്ഷേ ഒരു കാര്യം ബുദ്ധിയിൽ ഉടക്കുമ്പോൾ പിന്നെയും അന്വേഷണം ആയി. അതിൻെറ നാരായവേരു് വരെ എത്തുവാനുള്ള വ്യഗ്രതയായി. അപ്പോൾ ആളിനെ മാറിക്കാണാൻ കഴിയും. അതു് വേഗതയിലുള്ള ഒരു വഴിത്തിരിവ് ആയിരിക്കും. പറയാനുള്ളതെല്ലാം അടുത്ത സ്നേഹിതന്മാരോട് അവർക്കു് കേൾക്കാനിഷ്ടമുണ്ടെങ്കിൽ പറഞ്ഞ് തീർക്കുകയ

ല്ലാതെ എഴുതിവയ്ക്കുന്ന സ്വഭാവവും മലയാളസാഹിത്യത്തിൻെറ ഭാഗ്യദോഷം കൊണ്ടു് അദ്ദേഹത്തിനു് ഇല്ലായിരുന്നു.

വ്യക്തിപരമായി അടുത്തറിയാവുന്നിടത്തോളം കാര്യങ്ങൾ വച്ചു് നോക്കുമ്പോൾ ഡോ. രാഘവൻപിള്ളയുടെ ജീവിതത്തിനു് ഒരു ചിട്ടയും അടക്കം വന്നതു് വിവാഹത്തിനു ശേഷമാണു്. ഇതു് ഞാനങ്ങു് തുറന്നു പറയുകയാണു്. ഒരു പക്ഷേ അതു് പറയുന്നതു് ഔചിത്യമല്ലായിരിക്കാം. ആ സാദ്ധ്വിയുടെ നിയന്ത്രണം ഒന്നും കൊണ്ടല്ല ഡോ. രാഘവൻപിള്ളയുടെ ജീവിതത്തിനു് ചിട്ടയും അടക്കം വന്നതു് എന്നും എനിക്കു് തോന്നിയിട്ടുണ്ടു്. അവരുടെ നല്ല സ്വഭാവവിശേഷം ഒന്നുമാത്രംകൊണ്ടു് ആണു് ഡോ. രാഘവൻപിള്ള കാര്യമായി എന്തെങ്കിലും എഴുതുവാൻതുടങ്ങിയതു്. ഡോ. രാഘവൻപിള്ളയുടെ ജീവിതം പഠിക്കേണ്ട ഒന്നാണെന്നു് എനിക്കഭിപ്രായം ഉണ്ടു്. പല കാര്യങ്ങളിലും വിശേഷാൽ ജ്ഞാനവും സാമാന്യേന കലാസാംസ്കാരിക വിഷയങ്ങളെക്കുറിച്ചു് നല്ല അടിത്തറയും ഉണ്ടായിരുന്ന ഒരു വ്യക്തിയിൽനിന്നു് ഇതിൽക്കൂടുതൽ കാര്യങ്ങൾ നമുക്കു് കിട്ടേണ്ടതായിരുന്നു. ചൈനയിലേക്കുള്ള പ്രതിനിധി സംഘത്തിൻെറ നേതാവു് സർ സി.പി. രാമസ്വാമി അയ്യർ ആയിരുന്നു. സി. പി. രാമസ്വാമി അയ്യരെപ്പോലെ പ്രശസ്തനും പണ്ഡിതനും ബുദ്ധിമാനുമായ ഒരാൾ രാഘവൻപിള്ളയെ തൻെറ സംഘത്തിൽ അംഗമാക്കിയെടുത്തതു് രാഘവൻപിള്ള കൈമണി അടിച്ചിട്ടൊന്നുമല്ല. അദ്ദേഹത്തിൻെറ കഴിവു് മനസ്സിലാക്കിത്തന്നെ ആ സംഘത്തിൽ അംഗമാക്കിയതാണു്.

അന്തരിക്കുന്നതിനു് ഒരാഴ്ചമുമ്പു് ഞങ്ങൾ തിരുവനന്തപുരത്തു വച്ചു് കണ്ടു. വളരെനേരം സംസാരിച്ചു. ഒരാഴ്ചക്കു് ശേഷമാണു് വേദനപ്പെടുത്തുന്ന ആ സംഭവം ഉണ്ടായതു്. അന്നു് ഞങ്ങൾ ലേശം സാഹിത്യം സംസാരിച്ചു. ഭാസനെക്കുറിച്ചു് എനിക്കങ്ങോട്ടു് ഒന്നും പറയുവാൻ ഉണ്ടായിരുന്നില്ല. അദ്ദേഹം ഇങ്ങോട്ടു പറഞ്ഞതാണു്.

മഹാന്മാരായ, മഹാപണ്ഡിതന്മാരായ, വളരെയധികം ആളുകളുമായി അടുത്തു് പെരുമാറാൻ ഒന്നിലും പാണ്ഡിത്യ

മില്ലാത്ത എനിക്കു് അവസരം കിട്ടിയിട്ടുണ്ടു്. എന്റെ തട്ടു പിടിക്കും തലകുലുക്കിനും എല്ലാം അടിസ്ഥാനം ഈ വലിയ ആളുകളുമായിട്ടുള്ള ബന്ധം ആയിരിക്കും. 'മുല്ലപ്പൂമ്പൊടിയേ റ്റുകിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം' എന്ന പഴമൊഴി പോലെ. ആ വലിയ മനുഷ്യരിൽ ഒരാളായിരുന്നു ഡോ. രാഘവൻപിള്ള. വേദനയോടുകൂടി ഇപ്പോഴും കൂടെക്കൂടെ ഞാൻ അദ്ദേഹത്തെ ഓർക്കാറുണ്ടു്.

സൗഹൃദസ്മൃതി

എസ്. ഗുപ്തൻ നായർ

ഞങ്ങൾ തമ്മിൽ ഒരു വയസ്സിൻെറയും ഒരു ക്ലാസിൻെറയും വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. അന്നത്തെ ആർട്സ് കോളേജിൻെറ സൗഹാർദ്ദം നിറഞ്ഞ ഗാർഹികാന്തരീക്ഷത്തിൽ അതൊരു അകലമേയല്ല. മലയാളം ഓണേഴ്സുകാരും സംസ്കൃതം ഓണേഴ്സുകാരും തമ്മിൽ ആർക്കാണ് കൂടുതൽ 'ഓണർ' എന്നൊരു ഉൾ തനിക്കു് ഇല്ലായിരുന്നു എന്നു പറഞ്ഞുകൂടാ. പക്ഷേ ആ തിക്കു് ഒരിക്കലും അപകടമേഖലയെ സമീപിച്ചിരുന്നില്ല. മലയാളം ഓണേഴ്സുകാരായ ഞങ്ങൾ അനന്തൻപിള്ളസ്സാറിൻെറ കുടക്കീഴിലും സംസ്കൃതക്കാർ ഗോദവർമ്മസ്സാറിൻെറ ഛത്രച്ഛായയിലുമായിരുന്നു. ആളിൽ കുറുകിയവനായ രാഘവൻപിള്ള അന്നു് അദ്ധ്യാപകന്മാരുടെ ഒഴികെ ആരുടെയെങ്കിലും സവിശേഷ ശ്രദ്ധപിടിച്ചു പററിയിരുന്നോ എന്നു സംശയമാണു്. പഠിച്ചു പാസ്സാകുക എന്നതിൽ കവിഞ്ഞൊരു നടപടിയും കൈക്കൊണ്ടിരുന്നതായും തോന്നുന്നില്ല.

ഏതായാലും ഉയർന്നനിലയിൽ പാസ്സായി. ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജിലാണെന്നു തോന്നുന്നു, ആദ്യമായി ജോലിയിൽ പ്രവേശിച്ചതു്. അക്കാലത്തു് ലണ്ടനിൽ നിന്നു് മിസ് ഐവാൻസ് എന്നൊരു വനിത മലയാളത്തിൻെറ

ശബ്ദഘടനാവൈചിത്ര്യത്തെപ്പററി പഠിക്കാനിവിടെയെത്തി. ഗോദവർമ്മസ്സാറിൻെറ ലണ്ടനിലെ ഗവേഷണസ്ഥാപനമായ ഓറിയൻറൽ സ്കൂളിലെ ഡയറക്ടറുടെ കത്തുമായിട്ടാണ് അവരുടെ വരവ്. തമ്പുരാൻ അവരെ ഒന്നു തുടങ്ങിച്ചതിനുശേഷം പഠിപ്പിക്കുന്ന ജോലി എന്നെ ഏല്പിച്ചു. എനിക്ക് അതൊരു പുതിയ അനുഭവമായിരുന്നു — ഇംഗ്ലീഷ് വനിതയെ മലയാളത്തിൻെറ ഉച്ചാരണം പഠിപ്പിക്കുക. നാം ഒരേ ശബ്ദം തന്നെ രണ്ടാം തവണ പറയുമ്പോഴം, അവർ പറയും ''നിങ്ങൾ ആദ്യം പറഞ്ഞതിങ്ങനെയല്ലല്ലോ'' എന്ന്. നാം മൂന്നാം തവണ ഉച്ചരിക്കുമ്പോഴം പിന്നെയും മാറിപ്പോയത്രേ! യഥാർത്ഥത്തിൽ ഞാൻ അല്പം കൂടി സ്ഫുടമായി ഉച്ചരിക്കുക മാത്രമായിരുന്നു. പക്ഷേ ശബ്ദശാസ്ത്രജ്ഞക്ക് അതൊക്കെ പുതിയ ശബ്ദങ്ങളാണ്. അങ്ങനെ രണ്ടുമൂന്നു മാസത്തെ ക്ലാസു കഴിഞ്ഞപ്പോഴം, അവർ ഗോദവർമ്മ തമ്പുരാനോടു പറഞ്ഞു, താൻ മടങ്ങിപ്പോകുകയാണെന്നും ഒരാളെ അസിസ്റ്റൻറായി കിട്ടിയാൽ അയാൾക്ക് സ്കോളർഷിപ്പ് നല്കാമെന്നും. ''ഗുപ്തൻനായർക്ക് പോകരുതോ?'' എന്നായി തമ്പുരാൻ. ഞാൻ പ്രാരബ്ധത്താൽ വലയിതനും ആരോഗ്യത്തെപ്പററി ഉത്കണ്ഠിതനും ആയിരുന്നതിനാൽ ഒഴിഞ്ഞുകളയുകയാണുണ്ടായത്. പിന്നെ കൃഷ്ണപിള്ളയോടു ചോദിച്ചു. കൃഷ്ണപിള്ളയും ഒഴിഞ്ഞു മാറി. അപ്പോൾ ഞങ്ങൾ രണ്ടു പേരും കൂടി രാഘവൻപിള്ളയെ ഒഴിവുകണ്ടു. രാഘവൻപിള്ള ഞങ്ങളെപ്പോലെ പ്രാരബ്ധത്താൽ ബദ്ധനായിരുന്നില്ല. കൈവശമുള്ള ജോലി അത്രമെച്ചവുമായിരുന്നില്ല. ചങ്ങനാശ്ശേരിക്കെഴുതിയപ്പോൾ രാഘവൻപിള്ള ചില്ലറ തയ്യാറെടുപ്പോടെ തിരുവനന്തപുരത്തെത്തി. യാത്രയ്ക്കുള്ള ചട്ടവട്ടങ്ങളൊക്കെ പലരുടെയും സഹായത്താൽ ഒപ്പിച്ചെടുത്തു. ശ്രീ. കെ. സി. പിള്ള തന്നെയായിരുന്നു മുഖ്യ ഉപകർത്താവ് എന്നാണെൻെറ ഓർമ്മ. അന്നു വിമാനസഞ്ചാരം സാധാരണമായിക്കഴിഞ്ഞിട്ടില്ല. രാഘവൻപിള്ള കൊളമ്പുവഴി കപ്പലിൽപ്പോകുകയായിരുന്നു. (1948 ജനുവരി 1 നു് കപ്പൽ കയറി) പുലിയൂർ എന്ന കുഗ്രാമത്തിൽ ഒരു സാധാരണ കർഷകകുടുംബത്തിൽ പിറന്ന രാഘവൻപിള്ളയെ സംബന്ധിച്ചിടത്തോളം അന്നത്തെ യാദൃച്ഛികമായ ആ തിരഞ്ഞെടുക്കലും യാത്രതിരിക്കലും വിധി നല്കിയ നിധിയായി തന്നെ പരിണമിച്ചു എന്നു പറയണം.

പിന്നെ ഞങ്ങൾ രാഘവൻപിള്ളയെപ്പററി കുറെ നാളത്തേക്കു് ഒന്നും കേട്ടില്ല. അക്കാലത്തു് ദക്ഷിണഭാരതിപ്പത്രം, നല്ല നിലയിലെത്തിയ മലയാളികളെപ്പററി - നായന്മാർക്കു മുൻഗണന - ഇടയ്ക്കൊക്കെ ലേഖന പരമ്പരകൾ പ്രസിദ്ധപ്പെടുത്തുക പതിവായിരുന്നു. ആ ലേഖനങ്ങളിൽ ഒരു പ്രൊഫസർ കെ. ആർ. പിള്ളയുടെ അപദാനങ്ങൾ ഇടയ്ക്കിടെ വർണ്ണിക്കപ്പെട്ടിരുന്നു. ഞങ്ങൾ എൻ. ആർ. പിള്ളയെപ്പററി കേട്ടിരുന്നെങ്കിലും കെ.ആർ. പിള്ളയെപ്പററി കേട്ടിരുന്നില്ല. ലക്ഷണങ്ങൾ ഗണിച്ചു നോക്കിയപ്പോൾ "ഇതു നമ്മുടെ രാഘവൻപിള്ളയാണല്ലോ," എന്നു് അത്ഭുതത്തോടും സന്തോഷത്തോടുംകൂടി മനസ്സിലാക്കി. ലണ്ടൻ ജീവിതത്തോടെ രാഘവൻപിള്ളയിൽ പ്രസുപ്തമായിരുന്ന പല വാസനകളും ഉദ്ദീപ്തമായി. അതിനു മുമ്പു് പ്രസംഗക്കാരനായൊന്നും പേരെടുത്തിട്ടില്ലാത്ത പിള്ള, ലണ്ടനിലെ ഇന്ത്യൻ സ്ററുഡൻസ് യൂണിയൻെറ അദ്ധ്യക്ഷനാവുകയും അനേകം സദസ്സുകളുടെ നായകസ്ഥാനം അലങ്കരിക്കുകയും ചെയ്തു തുടങ്ങി. സ്ററാഫൊഡ് ക്രിപ്സ്, മൗണ്ട് ബാററൺ, ബെവാൻ തുടങ്ങിയ പ്രൗഢഗംഭീരന്മാരുടെ പ്രഭാഷണവേളയിൽ ഉപക്രമോപസംഹാരങ്ങൾ നിർവ്വഹിക്കാൻ നിയുക്തനാകുന്ന ഒരു ഇന്ത്യക്കാരൻ അല്പമൊന്നു് ഞെളിഞ്ഞു പോയേക്കും. പക്ഷേ ഇന്ത്യയോടു പ്രത്യക്ഷമോ പരോക്ഷമോ ആയി ബന്ധമുള്ള ആ വെള്ളക്കാർക്കു് അവിടെയെത്തുമ്പോൾ സാധാരണക്കാരൻെറ മട്ടും ഭാവവും മാത്രമേ കൊണ്ടുനടക്കാനാവൂ. ഇന്ത്യയിൽ ഭൃത്യസൈന്യങ്ങളുടെ ഇടയിൽ രാജകീയ പ്രൗഢിയിൽ കഴിഞ്ഞവർ ലണ്ടനിൽ എത്തുമ്പോൾ കൃവിൽ നിന്നു് "അന്നന്നത്തേക്കുള്ള അപ്പം" സമ്പാദിക്കേണ്ട ദൈന്യാവസ്ഥയിലാണു്! അവരുടെ പൊങ്ങച്ചസഞ്ചിയൊക്കെ അതോടെ ചൊട്ടിപ്പോകുന്നു.

നമ്മുടെ രാഘവൻപിള്ള സഹജമായ 'പരിഹാസപ്പുഞ്ചിരി'യോടെ അതൊക്കെ നോക്കിക്കണ്ടു് രസിച്ചുംപോന്നു. അക്കഥകൾ അദ്ദേഹം തൻെറ ലണ്ടൻ ജീവിതത്തെ പററിയുള്ള പുസ്തകത്തിൽ (1956) സരസമായി വർണ്ണിച്ചിട്ടുണ്ടു്. സാഹിത്യക്കളരിയിൽ രാഘവൻപിള്ളയുടെ ഗണപതികൈയാണു് ആ പുസ്തകം. പിന്നീടു് ചൈനയിലും അമേരിക്കയിലുമൊക്കെ സഞ്ച

ഞ്ചരിച്ചതിനെപ്പററി അദ്ദേഹം സ്മരണകരം എഴുതാതിരുന്നതു് ആദ്യയാത്രയിലെ അത്ഭുതജന്യമായ ചിന്താവിസ്താരം ഉണ്ടാകാതിരുന്നതിനാലാണെന്നു തോന്നുന്നു. ''എൻെറ ലണ്ടൻജീവിതം'' എന്നെ വളരെ ആകർഷിച്ച ഒരു പുസ്തകമാണു്. രാഘവൻ പിള്ള എന്ന മനുഷ്യൻെറ യഥാർത്ഥസ്വരൂപം ആ പുസ്തകത്തിലുണ്ടു്. ലണ്ടൻകണ്ടു് അമ്പരന്നുപോയ നിർദ്ദോഷിയായ നാട്ടുമ്പുറത്തുകാരനെയല്ല നാം അവിടെ കാണുക; വെളുത്ത സായിപ്പിൻെറ മുഖത്തും ഒന്നുരണ്ടു് അരിമ്പാറയുണ്ടാകും എന്ന ഉറപ്പോടുകൂടി അവരുടെ മദ്ധ്യത്തിൽ കൂസലില്ലാതെ പെരുമാറിയ ഒരു സരസൻെറ ചിത്രം ആ പുസ്തകത്തിൽ തെളിയുന്നു. വി. കെ. കൃഷ്ണമേനോൻെറയും ഹാരോൾഡ് ലാസ്കിയുടെയും വേവൽപ്രഭുവിൻെറയും മററും തൂലികാചിത്രങ്ങൾ വായിക്കുമ്പോൾ മുഖംമൂടി അഴിച്ചുവച്ച മഹാനടന്മാരെ അണിയറയിൽപ്പോയി കാണുന്ന പ്രതീതിയാണു് ഉണ്ടാവുക. 'അഴക്കുണ്ട ഉരുട്ടുന്ന മന്ത്രി,' 'പാത്രം കഴുകുന്ന ഭർത്താവ്,' 'പ്രേമഭാജനമായ പൂച്ചക്കുട്ടി', എന്നിങ്ങനെയുള്ള തലക്കെട്ടുകൾതന്നെ, രാഘവൻ പിള്ളയുടെ അപാംഗവീക്ഷണം ഏതുവഴിക്കൊക്കെ തിരിഞ്ഞു എന്നതിൻെറ സൂചന നൽകുന്നു.

ലണ്ടനിൽനിന്നു മടങ്ങിവന്ന ഡോ. രാഘവൻപിള്ളയ്ക്കു യൂണിവേഴ്സിററി കോളേജിൽ സംസ്കൃതം ലക്ചററായി ജോലികിട്ടി. ഞങ്ങളെല്ലാവരും ഒരേ മുറിയിലെ കൂട്ടിരുപ്പുകാരായി ഏഴെട്ടുകൊല്ലം കഴിഞ്ഞുകൂടി. അന്നു് ബ്രഹ്മചാരിയായിരുന്ന രാഘവൻപിള്ളയെ വിവാഹാലോചനക്കാർ ഇടക്കിടെ വട്ടം പിടിക്കുന്നതും അവരെയെല്ലാം തൻെറ ഔദാസീന്യവിലസിതമായ മുഖഭാവംകൊണ്ടു സൽക്കരിച്ചയക്കുന്നതും ഞങ്ങൾ കണ്ടിട്ടുണ്ടു്.

അക്കാലത്തു് വൈ. എം. സി. എ. യിൽ ഒരു ടോസ്റ്റ്മാസ്റ്റേഴ്സ് ക്ലബ്ബുണ്ടായിരുന്നു. ഇംഗ്ലീഷിൽ പ്രസംഗിക്കാൻ പഠിക്കയും പഠിപ്പിക്കയും ചെയ്യുന്ന ഒരു ക്ലബ്ബായിരുന്നു അതു്. റോട്ടറിയും ലയണും മററും പോലെ അനുഷ്ഠാന പ്രധാനമല്ല, അനൗപചാരികമെങ്കിലും ഉത്സാഹപ്രദം. ഡോ. എ. എസ്. നാരായണപിള്ളയായിരുന്നു കൂട്ടത്തിൽ തലമൂതിർന്ന അംഗം. ഡോ. രാഘവൻപിള്ളയും അയ്യപ്പപ്പണിക്കരും ഞാനും ഞങ്ങളേക്കാൾ

പ്രായം കുറഞ്ഞ ചില വിദ്യാർത്ഥികളും ഉണ്ടായിരുന്നു. അവിടെ ആർക്കും ആരേയും വിമർശിക്കാം. രാഘവൻപിള്ളയുടെ തുറന്നരശായ വിമർശനത്തെ മിക്കവരും ഭയപ്പെട്ടിരുന്നു, ഉച്ചാരണത്തിലെ തെററുപോലും ചൂണ്ടിക്കാണിക്കും. ആകപ്പാടെ അതൊരു നല്ല പരിപാടിയായിരുന്നു.

രാഘവൻപിള്ള അല്പം താമസിച്ചാണ് സാഹിത്യവിമർശനത്തിലേക്കു കടന്നുചെന്നതു്. അത്രയുംകാലം നന്നായി തയ്യാറെടുത്തു എന്നതിനു തെളിവുണ്ട്. അമ്പരപ്പിക്കുന്ന വൈവിധ്യമുള്ള വിഷയങ്ങൾ ആ രണ്ടു മുഖ്യപ്രബന്ധസമാഹാരങ്ങളിൽ കാണാം. 'മലയാളവ്യാകരണത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം' എന്ന വിഷയവും 'സാമുവെൽ ബെക്കററിന്റെ മിസ്റ്റിക് ചിന്ത' എന്ന വിഷയവും തമ്മിലുള്ള അനന്തമായ ദൂരത്തെ തന്റെ മാനസികമായ മാനദണ്ഡംകൊണ്ടു് കൂട്ടിമുട്ടിക്കാൻ രാഘവൻ പിള്ളയ്ക്കു പ്രയാസമുണ്ടായിരുന്നില്ല. വായനയ്ക്കു് വേലി കെട്ടിത്തിരിക്കാത്ത ഒരു ധിഷണാശാലി എന്നാണ് രാഘവൻപിള്ളയെപ്പററി എപ്പോഴും തോന്നിക്കൊണ്ടിരുന്നതു്. നമ്മുടെ സംസ്കൃത പണ്ഡിതന്മാരുടെ ഇടയിൽ ഈ അഭിരുചി—ക്ലാസിക്കുകളിലെന്നപോലെ അത്യന്താധുനിക കൃതികളിലും അഭിരമിക്കുന്ന വിശാലമനസ്സ് — അതിദുർലഭമത്രേ. ഭഗവദ്ഗീതയിൽ അസ്തിത്വദർശനത്തിന്റെ രജതരേഖകൾ കണ്ടുപിടിക്കുന്ന കണ്ണ് സൂക്ഷ്മദർശിയുടെ കണ്ണുതന്നെ. അപരാധീനമായ മനസ്സും ബുദ്ധിയും രാഘവൻപിള്ളയെ വേണ്ടതിലേറെ അനുഗ്രഹിച്ചിരുന്നു. ഈ ബഹുമുഖത്വം കൂടുതൽ ഗവേഷണഗ്രന്ഥങ്ങൾ തയ്യാറാക്കുന്നതിൽനിന്നു് അദ്ദേഹത്തെ പിൻതിരിപ്പിച്ചു എന്നാണ് എനിക്കു തോന്നുന്നതു്. സംസ്കൃത വിജ്ഞാന ഗവേഷകന്മാരുടെ ഒരു കുത്തകസാമ്രാജ്യമുണ്ടു്, ഇന്ത്യയിൽ. ആ സാമ്രാജ്യത്തിൽ ഡോ. രാഘവൻപിള്ളയ്ക്കു് ഉന്നതസ്ഥാനം ലഭിച്ചിട്ടുണ്ടോ എന്നു സംശയം. ശ്രമിച്ചിരുന്നെങ്കിൽ നേടാമായിരുന്നു. പക്ഷേ ആ നേട്ടത്തിനു വേണ്ടി മലയാളസാഹിത്യ രചനകളെ ഒരു വേള ബലികൊടുക്കേണ്ടിവരുമായിരുന്നു. ഏതായാലും രാഘവൻപിള്ള മലയാളസാഹിത്യത്തെ ഉപേക്ഷിക്കാൻ തയ്യാറായില്ല.

രാഘവൻ പിള്ളയ്ക്കു് ഇംഗ്ലീഷും മലയാളവും സംസ്കൃതവും ഒന്നുപോലെ സ്വാധീനംതന്നെ. ഈ മൂന്നു ഭാഷയിലും

കവിത എഴുതാനും കഴിയുമായിരുന്നു. പക്ഷേ കവിത എഴുത്തിനെ നസ്യം പറയാനുള്ള ഒരു തട്ടാമുട്ടിയായിട്ടേ അദ്ദേഹം കരുതിയുള്ളൂ. ഒരിക്കൽ ഒരു ഫാക്കൽററി മീററിങ്ങു ചതഞ്ഞു നീങ്ങിക്കൊണ്ടിരിക്കെ, അവിടെ നടക്കുന്ന വഴവഴപ്പൻ ചർച്ചകളിൽ നിന്നു രക്ഷനേടാൻ രാഘവൻപിള്ള കവിത എഴുതിത്തുടങ്ങുന്നതായികണ്ടു. ഞങ്ങളിൽ ഓരോരുവനെപ്പററിയും രസികൻ ഛായാചിത്രങ്ങളടങ്ങിയ പത്തു സംസ്കൃത പദ്യങ്ങൾ അദ്ദേഹം പെട്ടെന്നു് എഴുതിത്തീർത്തു. പിന്നെ അതു് രഹസ്യമായി 'സർക്കുലേററ്'' ചെയ്തു. എഴുത്തിൻെറ ചുറുക്കും കവിതയുടെ ഒഴുക്കും ഞങ്ങളെ അത്ഭുതപ്പെടുത്തി. ഒന്നു രണ്ടു ശ്ലോകങ്ങളെങ്കിലും പഠിച്ചു വച്ചില്ലല്ലോ എന്നു് ഇപ്പോൾ ദുഃഖം തോന്നുന്നു.

രാഘവൻപിള്ളയുടെ ഇംഗ്ലീഷ് കവിതകളിൽ ചിലതു് (പരിഭാഷകളും സ്വതന്ത്ര കവിതകളും) വെളിച്ചം കണ്ടിട്ടുണ്ട്. ഇന്ത്യയിൽ പ്രചരിക്കുന്ന ഇംഗ്ലീഷിനെ ''ഇൻഡ്ഗ്ലീഷ്'' എന്നാണു ഒരിക്കൽ രാഘവൻപിള്ള വിശേഷിപ്പിച്ചതു്. അങ്ങനെ ഒരു കവിതയും അദ്ദേഹം എഴുതി. (ഇന്ത്യൻ എക്സ്പ്രസ്)

"They called you Indo-Anglian
And said it was not the same as
Anglo-Indian
One was poetry
The other was ancestry
Then they called you Indian-English,
The hyphen telling a story to relish
It meant it was not Indian English
A kind of 'Kaccha' language born in
baboo's office

* * * *

Shall we call you 'Indglish' then,
And commend you to every writer's pen?
It's at least a single word
And sounds English when cleverly said

ഇതാണു് ആ രസികത്തമുള്ള കവിതയുടെ ഏതാനും വരികൾ.

കേന്ദ്രസാഹിത്യ അക്കാദമിക്കു വേണ്ടി തുഞ്ചത്തു് എഴുത്തച്ഛനെപ്പററിയുള്ള ലഘുപഠനം എഴുതിയതു് രാഘവൻ പിള്ളയാണു്. അതിൽ എഴുത്തച്ഛന്റെ മനോഹരമായ വരികഠം മനോഹരമായ ഇംഗ്ലീഷിൽതന്നെ തർജ്ജമ ചെയ്തിട്ടുണ്ടു്. കവിതകൊണ്ടുള്ള ഈ പൂവിരിക്കൽ ആ പുസ്തകത്തിന്റെ പാരായണത്തെ അത്യധികം സുഖപ്രദമാക്കിയിട്ടുണ്ടു്. ''വീണിതല്ലോ കിടക്കുന്നു ധരണിയിൽ'' എന്ന പ്രശസ്തമായ വരികഠം രാഘവൻ പിള്ള ഇങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നു:

There lies fallen dead on the ground
The young and beautiful prince
His body bright like emerald
Bathed in blood; He is the son
of famed Arjuna and your own
Nephew O, Krishna

രാഘവൻപിള്ളയെപ്പററി സ്മരിക്കുമ്പോഠം അദ്ദേഹത്തിന്റെ ക്ഷിപ്രകോപത്തെക്കുറിച്ചു് പറയാതിരുന്നുകൂടാ. ആ പേഴ്സനാലിററിയുടെ അവിഭാജ്യഘടകമാണു് അപ്രവചനീയമായ ആ പൊട്ടിത്തെറിക്കൽ. അല്പരസക്കാരും സ്വപ്നാടനക്കാരുമായ കുറേ പണ്ഡിതന്മാരുടെ സംഘാതമാണല്ലോ സ്റ്റാഫ് റൂം. അവിടെ ഞങ്ങളുടെ ക്ഷമാശീലത്തെ കഠിനമായി പരീക്ഷിക്കുന്ന പലരും കടന്നു വരും. സഹിഷ്ണത കുറഞ്ഞ രാഘവൻപിള്ള, ഒട്ടൊട്ടു സ്വഗതമായും ഒട്ടൊട്ടു പ്രകാശമായും അവരെപ്പററി പലതും മുറുമുറുക്കും. എന്റെ നേർക്കു തട്ടിയക്കറുമ്പോഠം ഞാൻ ചിരിക്കുകയാണു് പതിവു്. എന്റെ ചിരി അദ്ദേഹത്തെ കൂടുതൽ അസ്വസ്ഥനാക്കും. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ ഈ 'കല്യാവേശാവശത' രാഘവൻപിള്ളയെ കൂടുതൽ സ്നേഹിക്കാനുള്ള പ്രചോദനമായിട്ടേ തീർന്നിട്ടുള്ളൂ. ആ ദേഷ്യം പിടിക്കലിൽ ആകർഷകമായ ഒരു 'കുട്ടിത്ത'മുണ്ടു്.

മരണത്തിനു മുമ്പു് കുറെ നാഠം അദ്ദേഹം മാനസികമായി നന്നേ തളർന്നിരുന്നു. ആ ക്ഷീണത്തെ അതിജീവിക്കുമെന്നു് ഞങ്ങഠം പ്രത്യാശിച്ചു. പക്ഷേ ആ തളർച്ചയിൽ അമർന്നു പോകാനായിരുന്നു വിധിനിശ്ചയം.

ചിന്തയുടെ ത്രിവേണി

സുകുമാർ അഴീക്കോട്

എൻെറ മുൻതലമുറയിൽ പെടുന്ന ആളാണ് ഡോ. കെ. രാഘവൻപിള്ള. ഒരു പത്തുവയസ്സിനിപ്പുറം മൂപ്പുള്ള തലമുറയിൽ പെടുന്ന വ്യക്തിയെ അടുത്തും വേണ്ടവണ്ണവും അറിയാൻ കാലം കുറെ പിടിക്കുമല്ലോ. അധികം പ്രായക്കൂടുതലില്ലാത്തതുമൂലം അത്തരം വ്യക്തികളെ പിൻതലമുറ അമ്മാമനെയോ, അച്ഛനെയോ പോലെ ബഹുമാനിക്കുകയില്ല. എന്നാൽ അവരെ സമശീർഷരായി കാണാനും വയ്യ.

ഈ അസൂയാവഹമല്ലാത്ത അന്തരാളസ്ഥിതിയിലാണ് ഡോ. രാഘവൻ പിള്ളയും ഞാനും തമ്മിലുള്ള ബന്ധം ചെന്നു വീണു പോയതു്. അതിനാൽ മൂത്തു മൂതിർന്ന തലമുറയിൽ പെട്ട സാഹിത്യകാരന്മാരോടു് തോന്നിയ വിനീതമായ ആദരമോ സമപ്രായക്കാരായവരോടുണ്ടായ അടുപ്പമോ, ആ ആഴത്തിൽ ഇദ്ദേഹവുമായുള്ള ബന്ധത്തിനു് കൈവന്നില്ല. എന്നുവെച്ച് ആദരക്കുറവോ അടുപ്പക്കുറവോ ഉണ്ടായിരുന്നുവെന്നു് കരുതരുതു്. പരിചയപ്പെട്ട കാലംമുതൽ എനിക്കു് അദ്ദേഹം ജ്യേഷ്ഠസ്ഥാനീയനായിരുന്നു. ആ സ്ഥാനം അർഹിക്കുന്ന എല്ലാ വികാരങ്ങളും ഞാൻ അദ്ദേഹത്തോടു് കാണിക്കുകയും ചെയ്തിരുന്നു. പക്ഷേ ഒരു മുണ്ടശ്ശേരിയോ ഒരു മാരാരോ ഒരു ഗോപാലപിള്ളയോ

എന്നിൽ, വയസ്സിൻെറ ദൂരം കാരണം, ഉളവാക്കിയ ആദരാതിരേകം പെറുപ്പത്തിലേ എന്നിൽ ഉയർത്താൻ, താരതമ്യേന സമവയസ്കനായ ഡോക്ടർക്കു കഴിഞ്ഞില്ല എന്നേ പറയുന്നുള്ളൂ. ഇതു് അദ്ദേഹത്തിൻെറ കുററമല്ല, ആരുടെയും കുററമല്ല. അതുകൊണ്ടു് ദോഷം കുറച്ചെങ്കിലും നേരിട്ടതു് എനിക്കു തന്നെയാണു താനും.

ഇംഗ്ലണ്ടിൽ പോയി മലയാളത്തിലും സംസ്കൃതത്തിലും അത്യുന്നത ഗവേഷണബിരുദം സമ്പാദിച്ച ആളുകൾക്കു പ്രത്യേകം മാന്യത ഉണ്ടായിരുന്ന കാലത്താണു് രാഘവൻപിള്ള ഡോക്ടറേററു് നേടി ഇവിടെ എത്തുന്നതു്. ഒരു മറുവശമുണ്ടായിരുന്നു ഇതിനു്. ഇത്തരക്കാർക്കു വിഷയപരിജ്ഞാനം കുറവാണെന്ന ഒരു പരാതി, ഒന്നുകിൽ അസൂയകൊണ്ടോ അല്ലെങ്കിൽ യാഥാസ്ഥിതികത്വം കൊണ്ടോ, അന്നു് നാട്ടുവിദ്വാന്മാർക്കിടയിൽ പരന്നിരുന്നു. ഡോ. ചേലനാട്ടു് അച്യുതമേനോനെപ്പററിയും മററും ഈ അപവാദം കുറച്ചൊക്കെ ഉണ്ടായിരുന്നുവെന്നു് ചിലരെങ്കിലും ഇന്നു് ഓർക്കുന്നുണ്ടായിരിക്കും. ഇതിൽ വാസ്തവമുണ്ടാവട്ടെ, ഇല്ലാതിരിക്കട്ടെ. ഈ അപവാദത്തിനു് (കുററം പറച്ചിലിനു്) ഒരു അപവാദം (ഒഴിവു്) ആയിരുന്നു ഡോ. രാഘവൻപിള്ള. സംസ്കൃതത്തെ ആസ്പദിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ ഭാഷാശാസ്ത്രപാണ്ഡിത്യം അദ്ദേഹത്തെ എന്നും ബഹുമാന്യനാക്കി മററുള്ളവർക്കിടയിൽ നിന്നു് മാററി നിർത്തുകയുണ്ടായി.

ഇംഗ്ലീഷും സംസ്കൃതവും നല്ലതുപോലെ വശപ്പെട്ട ഈ ഭാഷാശാസ്ത്രജ്ഞൻെറ മനസ്സിൽ കയററിയ യഥാർത്ഥമായ വിളി സാഹിത്യവിമർശനത്തിൻേറതായിരുന്നു. പരിശീലനത്തിനും അഭിരുചിക്കും തമ്മിലുള്ള ഈ വിടവു്, പൊരുത്തക്കേടു്, പല ആളുകളുടെയും ജീവിതത്തെ ബുദ്ധിപരമായി അവതാളപ്പെടുത്തിയെന്നതിനു് വളരെ ദൃഷ്ടാന്തങ്ങൾ ഉണ്ടു്. പക്ഷേ നമ്മുടെ ഭാഗ്യത്തിനു്, രാഘവൻപിള്ളയുടെ വിദ്യാഭ്യാസത്തിൽ പ്രത്യക്ഷപ്പെട്ട ഈ പൊരുത്തമില്ലായ്മ അദ്ദേഹത്തെ, പൊരുത്തപ്പെടാത്ത എല്ലാ വിഷയങ്ങളിലും പ്രഗല്ഭനും നിഷ്ണാതനും ആക്കിത്തീർക്കുകയാണുണ്ടായതു്.

ഭാഷാശാസ്ത്രത്തിലും പ്രാചീന മലയാള സാഹിത്യത്തിലും ആധുനികസാഹിത്യവിമർശനത്തിലും സമപ്രാഗത്ഭ്യം അദ്ദേഹം

ആർജ്ജിച്ചു. ആദ്യമാദ്യം ഭാഷാശാസ്ത്രത്തിലും പ്രാചീന മലയാളസാഹിത്യത്തിലും ഗവേഷണാത്മകമായ ബുദ്ധി പ്രസരിപ്പിച്ച കഥാനായകൻ തന്റെ പരിശീലനത്തെ ആ വഴിയിലൂടെ സഫലീഭവിപ്പിക്കുവാൻ ശ്രമിച്ചു. ചരമദശയോടടുത്താണ് ഹൃദയാഭിരുചി പരിശീലനത്തിന്റെയും ഔദ്യോഗിക സ്ഥാനത്തിന്റെയും വേലിക്കെട്ടുകൾ പൊട്ടിച്ച് സ്വാതന്ത്ര്യം നേടാൻ മുതിർന്നതെന്ന് കാണാം. ഈ ഓരോ രംഗത്തിലും അദ്ദേഹത്തെ ഓർക്കാതെ ജിജ്ഞാസുവിന്ന് കടന്നുപോകാൻ പററുകയില്ല. ഇങ്ങനെ ആ ധൈഷണികജീവിതം ഒരു ത്രിവേണിയായി പരിശോഭിച്ചു.

പിന്നീട് ഉദയം ചെയ്ത പ്രേമമായ സാഹിത്യ വിമർശനത്തിൽ അദ്ദേഹം ചില വിസ്മയങ്ങൾ തന്നെ കാട്ടിത്തന്നു. വിമർശനമാണെങ്കിലും ഭാരതീയ കാവ്യമീമാംസയിലേയ്ക്കല്ല സാഹസികമായ അദ്ദേഹത്തിന്റെ ബുദ്ധി പ്രതിനിവർത്തനം ചെയ്തത്. പാശ്ചാത്യരുടെ സാമ്പ്രദായിക വിമർശനത്തിലുമല്ല. നവീന വിമർശനത്തിന്റെ ഭിന്ന സങ്കീർണ്ണ മേഖലകളിൽ ഒരു മതിമാന്ന് സാധിക്കാവുന്ന അനായാസതയോടെ അദ്ദേഹം വിഹരിച്ചു. അദ്ദേഹത്തിന്റെ മുഖത്ത്, മീശയ്ക്കും താടിക്കുമിടയിൽ കളിയാടിയിരുന്ന നറുനിലാവു പോലത്തെ പുഞ്ചിരി നാം ഏററവും കൂടുതൽ തെളിഞ്ഞു കണ്ടത് അക്കാലത്തല്ലേ?

സൂക്ഷ്മബുദ്ധിയുടെ, സാഹിത്യാസ്വാദനത്തിന്റെ, പേരാണല്ലൊ വിമർശനം എന്നത്. സൂക്ഷ്മബുദ്ധിയായ രാഘവൻ പിള്ളയ്ക്ക് പാശ്ചാത്യ ദേശങ്ങളിലെ സർവ്വകലാശാലകളിലെ മറവിൽനിന്ന് പുറത്തു വന്ന ഭാഷാശാസ്ത്രപരമായ പരിവേഷം കലർന്ന, എല്ലാ നവ്യ വിമർശന സിദ്ധാന്തങ്ങളും ഉള്ളംകൈയിലെ നെല്ലിക്ക പോലെ സുസ്പഷ്ടമായിരുന്നു. സാർത്രിന്റെ ചിന്തയായാലും ലെവിസ്ട്രോസ്സിന്റെ നിരീക്ഷണമായാലും രാഘവൻപിള്ള പ്രതിപാദിക്കുമ്പോൾ അവയ്ക്ക് അപൂർവ്വമായ പ്രസന്നത കൈവന്നു. അതിനുമുമ്പ് അവ ഇവിടെ കൈകാര്യം ചെയ്തുപോന്ന അംഗീകൃതരായ ആധുനിക മുദ്രാങ്കിതർ ഏതൊന്നാണോ കലുഷാൽ കലുഷതരമാക്കി അവതരിപ്പിച്ച് ആധുനികതയെ തന്നെ ആകപ്പാടെ ശങ്കാവിഷയമാക്കി മാററിയത്, ആ രംഗമാണ് ഇദ്ദേഹത്തിന്റെ ബുദ്ധിപ്രഭാവമേററപ്പോൾ

തെളിഞ്ഞു നിന്നതു്. ആധുനിക വിമർശനത്തിന്റെ താത്ത്വിക സങ്കല്പങ്ങൾ പഠിക്കുവാൻ സഹായിച്ചതോടൊപ്പം, ആധുനിക വിമർശനത്തിന്റെ പ്രയോഗത്തിന്നു് മലയാളത്തിൽ വന്നു കൂടിയ വൈകല്യങ്ങളെ മുഴുവൻ മാനീക്കിക്കാണിക്കാനും രാഘവൻ പിള്ളയുടെ എഴുത്തു് ഹേതുവായിത്തീർന്നു.

പുതുതായി താൻ കണ്ടുപിടിച്ച ഈ പ്രണയരംഗത്തിൽ സമ്പന്നവൈഭവത്തോടെ വിഹരിക്കുമ്പോഴാണു് ഡോ. രാഘവൻപിള്ള, നമ്മെ പററിച്ചുകൊണ്ടു് എന്നു തന്നെ പറയട്ടെ, മറഞ്ഞു കളഞ്ഞതു്. ഉച്ചസ്ഥായിയിൽ പൊങ്ങിയ ഒരു ഗാനം പെട്ടെന്നു് നിലച്ചുപോയാൽ എന്തു തോന്നും? ഒന്നും തോന്നില്ല! ആ സ്തബ്ധത തുടരുന്നു. അദ്ദേഹം തിരോധാനം ചെയ്ത രംഗത്തിലെ ഊഷ്മളത അദ്ദേഹത്തെക്കുറിച്ചു് ഓർക്കുമ്പോഴൊക്കെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു.

അതിർത്തികളില്ലാത്ത അർത്ഥതലങ്ങളിലേക്ക്

ഒ. എൻ. വി. കുറുപ്പ്

പതിഞ്ഞ മട്ടിലൊരു പ്രഭാഷണം തുടങ്ങുന്നു. അധികമൊന്നും ഉച്ചസ്ഥായിയിലേക്ക് അതുയരുന്നില്ല. ശ്രോതാവിനെ ആകർഷിക്കാൻ ഏറെ ഊന്നിപ്പറയുകയോ ഉറക്കെപ്പറയുകയോ ഒന്നും ചെയ്യുന്നില്ല. ശ്രദ്ധിച്ചിരിക്കുന്നവർക്കെന്നാൽ ഒന്നു വ്യക്തമാവുന്നു: പതിവിൻ പടിയുള്ള പ്രസ്താവങ്ങളോ, പറഞ്ഞുറച്ച കാര്യങ്ങളുടെ ആവർത്തനമോ അല്ല ആ പ്രഭാഷണം. വിഷയം: കാളിദാസൻെറയോ അശ്വഘോഷൻെറയോ കാവ്യമാവാം, അല്ലെങ്കിൽ, ആധുനിക കവിതയാവാം, ഭർത്തൃഹരിയുടെ സ്ഫോടദർശനമോ, ബെക്കററിൻെറ മിസ്റ്റിക് ചിന്തയോ ആവാം, ഉള്ളൂരിൻെറ ക്ലാസിക് പ്രവണതയോ, എൻ. കൃഷ്ണപിള്ളയുടെയോ സി. ജെ. യുടെയോ നാടക സങ്കല്പമോ ആവാം— വളരെ വിപുലമായ പരിധിയിൽപ്പെടുന്ന വിഷയങ്ങൾ; യുവസഹജമായ സാഹസികതയോടു കൂടിയ സമീപനം; അമ്പരപ്പിക്കുക പോലും ചെയ്യാവുന്നവിധം അപൂർവമായ വീക്ഷണവിശേഷത്തോടു കൂടിയ വിശകലനരീതി— ഈ പ്രഭാഷണം നാമെല്ലാം കേരളത്തിലെ ഏതെങ്കിലും സാഹിത്യ സദസ്സിൽ കുറേനാൾ മുമ്പുവരെ കേട്ടുകൊണ്ടിരുന്നതാണ്— പ്രഭാഷകൻ മററാരുമല്ല, ഡോ. കെ. രാഘവൻപിള്ള തന്നെ. ഒരു കൈ

കൊണ്ടു് മൈക്കിന്റെ തണ്ടിൽ മുറുകെപ്പിടിച്ചും, മറുകൈകൊണ്ടു് ഒതുക്കമില്ലാത്ത സ്വന്തം താടിയൊന്നു് തലോടിയും, മന്ദ്രസ്ഥായിയിലങ്ങനെ 'വർത്തമാനം പറയുന്ന' ആ പണ്ഡിതപ്രഭാഷകന്റെ ചിത്രം നമുക്കു് മറക്കാനെളുപ്പമല്ല. ഈ പ്രഭാഷണങ്ങളുടെ ലിഖിത രൂപംപോലുള്ള പ്രബന്ധങ്ങളദ്ദേഹം കൈരളിക്കു സംഭാവന ചെയ്തിട്ടുണ്ടു്— "അർത്ഥത്തിന്റെ അതിർത്തികൾ" ഏററവും മുഖ്യം. ആ പ്രബന്ധങ്ങളിലൂടെ കടന്നുപോകുമ്പോഴും, അദ്ദേഹം എഡിററു് ചെയ്ത വിശിഷ്ട ഗ്രന്ഥങ്ങളെക്കുറിച്ചറിയുമ്പോഴുമെല്ലാം ഒരു കാര്യം സമ്മതിക്കാൻ നാം പ്രേരിതരാകുന്നു: ഡോ. രാഘവൻപിള്ള എന്ന പണ്ഡിതന്റെ, ഗവേഷകന്റെ, നിരൂപകന്റെ പ്രത്യേകതയെന്തായിരുന്നു എന്നു ചോദിച്ചാൽ "വ്യത്യസ്തത" എന്നു പറയാനാവും നമുക്കു് പെട്ടെന്നു തോന്നുക. മററുള്ളവർ കാണാത്തതു് കണ്ടെത്തുവാനും, മററുള്ളവർ മുഖ്യമെന്നു ചൂണ്ടിക്കാട്ടിയതു് പലപ്പോഴും അത്രയൊന്നും മുഖ്യമല്ലെന്നു് സകാരണം എടുത്തു പറയുവാനും, വായനക്കാരന്റെ ധാരണയെ ആകെയൊന്നു് കുലുക്കി മറിക്കാനും, പരക്കെയംഗീകൃതമായ സത്യത്തിനു് ഇനിയും സ്വർണ്ണമൂടിയുണ്ടോ എന്ന സംശയത്തോടെ പരിശോധിക്കുവാനും അദ്ദേഹത്തിനു് സഹജമായ കൗതുകവും ഉത്സാഹവുമേറിയിരുന്നു. ജീവിതത്തിലും അദ്ദേഹം അംഗീകൃതമാർഗ്ഗങ്ങളിൽ നിന്നു വിട്ടുമാറി പുതിയ വഴികൾ—അവയെത്ര ദുർഘടമായാലും— തേടുന്ന സ്വഭാവം പുലർത്തിയിരുന്നു. വിപരീതങ്ങളുടെ പരസ്പര വിലയനത്തിൽ രസിക്കുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേതു്. അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെയായാലും പ്രബന്ധത്തിലെ ആയാലും പല പ്രസ്താവങ്ങളും പലരുടെയും പുരികം ചുളിപ്പിച്ചിട്ടുണ്ടു്. എന്നാൽ, ആക്രമിക്കാൻ ആരും മടിച്ചുനില്ക്കും വിധം, തന്റെ മതം യുക്തിഭദ്രമായ അടിത്തറയിലുറപ്പിക്കുവാനുള്ള മിടുക്കും അദ്ദേഹത്തിനുണ്ടായിരുന്നു.

ഡോ. രാഘവൻപിള്ള സംസ്കൃതപണ്ഡിതന്മാരുടെ നിരയിലാണു് നിലയുറപ്പിച്ചിരുന്നതെങ്കിലും, അദ്ദേഹം വെറുമൊരു 'സംസ്കൃത പണ്ഡിതനാ'യിരുന്നില്ല. കുറേ പ്രാചീന സംസ്കൃത കൃതികൾ വ്യാഖ്യാനിക്കുകയോ എഡിററു ചെയ്യുകയോ, അവയുടെ പ്രാധാന്യത്തെപ്പററി പ്രബന്ധങ്ങളെഴുതുകയോ പ്രഭാഷണം നടത്തുകയോ ഒക്കെ ചെയ്തു് പാണ്ഡിത്യത്തിന്റെ

ഭാണ്ഡക്കെട്ട് ചുമന്നു നടന്ന ഒരാളായിരുന്നില്ല അദ്ദേഹം എന്നു് എല്ലാവർക്കുമറിയാം. അദ്ദേഹം ആ നിരയിൽ വ്യത്യസ്തനായിരുന്നു എന്നതും അഭിപ്രായവ്യത്യാസമുള്ള കാര്യമല്ല. എന്നാലാ 'വ്യത്യസ്തത' എന്തായിരുന്നു, എങ്ങനെയായിരുന്നു എന്നതാണ് പ്രധാനം. പാശ്ചാത്യ പൗരസ്ത്യ സാഹിത്യദർശനങ്ങളിലും മററും ഒരു പോലെ താത്പര്യവും അവഗാഹവും നേടിയവരും വേറെയുണ്ട്; അവരിൽ നിന്നു പോലും വേറിട്ടു നില്ക്കുന്ന സ്വഭാവ സവിശേഷതകൾ ഡോ. രാഘവൻ പിള്ളയ്ക്കുണ്ടായിരുന്നു. മൗലികവും സ്വതന്ത്രവുമായ ചിന്തയുടെ ഉഴവുചാലുകൾ കീറി, അവിടെ വിത നടത്താനുള്ള പരിശ്രമമാണ് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ള പ്രത്യേകതകളിലൊന്നു്. ജീവിതരതിയുടെ സ്തോത്രകാരനും, വിലാസലതികകൾക്കു് പടർന്നു കയറാൻ തട്ടുപന്തലൊരുക്കിയ കവിയുമായ വള്ളത്തോളിന്റെ പ്രസാദാത്മകതയേയും ദേശാഭിമാനത്തേയും പ്രകരണശുദ്ധിയേയും കുറിച്ച് ചർച്ച ചെയ്യുന്നവർക്കിടയിൽ, ജീവിതാന്തരക്തനായ ആ കവിയുടെ മരണദർശനത്തെപ്പററിയന്വേഷിക്കാനാണ് ഡോ. രാഘവൻ പിള്ളയിലെ പണ്ഡിതൻ സ്വയം പ്രേരിതനാവുന്നതു്; ശ്രദ്ധേയമായ ആ വ്യത്യസ്തതയ്ക്കു് ഇതൊരുദാഹരണം മാത്രം.

പൗരസ്ത്യമായതെന്തും അടിസ്ഥാനപ്രമാണം എന്നും പാശ്ചാത്യമായതെന്തും നമുക്കന്യവും അസ്വീകാര്യവുമെന്നുമുള്ള മാമൂൽപ്പണ്ഡിതന്മാരുടെ മനോഭാവത്തിൽനിന്നു് എത്രയോ കാതമകലെയാണു് അദ്ദേഹം നോട്ടമൂന്നിയിരുന്നതെന്നു് എടുത്തുപറയേണ്ടതില്ല. പാശ്ചാത്യമായതുകൊണ്ടു് അതു് ആധുനികവും സ്വീകാര്യവുമെന്ന വിപരീത ദിശയിലേക്കും അദ്ദേഹം കടക്കുന്നില്ല. താരതമ്യ വിവേചനത്തോടെ കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ആന്തരസത്തകളെക്കുറിച്ചു പഠിക്കാൻ ശ്രമിക്കുകയും ബാഹ്യതലത്തിൽ കിഴക്കും പടിഞ്ഞാറും തമ്മിലൊരിക്കലും സന്ധിക്കുന്നില്ലെങ്കിലും, അവയുടെ ആന്തരസത്തയെ സമന്വയിപ്പിക്കാമെന്നു് വിശ്വസിക്കുകയും ചെയ്ത സംസ്കൃത പണ്ഡിതനായിരുന്നു അദ്ദേഹം. പൗരസ്ത്യമെന്നും പാശ്ചാത്യമെന്നുമുള്ള വ്യത്യാസങ്ങളെ ഉല്ലംഘിക്കുന്ന മാനവീയതയുടെ തലത്തിലേക്കു് ഉയരുവാൻ കഴിഞ്ഞ ഒരു ചിന്തക

നായിരുന്ന ഡോ. രാഘവൻ പിള്ള. ഹാരോൾഡ് പിൻററെയും ബെക്കററിനെയും എൻ. കൃഷ്ണപിള്ളയെയും സി. ജെ. തോമസിനെയും അവരുടെ കൃതികളിലൂടെ സമീപിക്കുവാനും, ആത്മവത്തയിലേക്കിറങ്ങിച്ചെല്ലുവാനും ഒരേ ഉത്സാഹവും ഉന്മേഷവുമാണ് അദ്ദേഹത്തിൽ പ്രകാശിതമാവുന്നത്. പഴയത്, പുതിയത്, പൗരസ്ത്യം, പാശ്ചാത്യം എന്നൊക്കെപ്പറയുന്നത് അനന്തമായ ആശയങ്ങളുടെ പ്രപഞ്ചത്തിൽ കാലബോധവും ദിശാബോധവുമുണ്ടാവാൻ നമുക്കാവശ്യമായ വിശേഷണങ്ങളാവാം; പക്ഷേ, ആത്യന്തികമായി അവയെ 'മാനവികം' എന്ന തലത്തിൽ കാണണമെന്നും അപ്പോഴും മാത്രമേ നാമതിന് അവകാശികളാവൂ എന്നും അചഞ്ചലമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. കേരളത്തിലെ സമകാലികരോ പൂർവ്വികരോ ആയ പണ്ഡിതന്മാരിൽ നിന്നും ഗവേഷക ചിന്തകരിൽനിന്നും പ്രബന്ധകാരന്മാരിൽ നിന്നും ഡോ. രാഘവൻ പിള്ളയെ വ്യത്യസ്തനാക്കി നിർത്തിയ മുഖ്യഘടകം അതാണെന്ന് ഞാൻ കരുതുന്നു. ഒരു കള്ളിയിലും അറയിലുമൊതുങ്ങിനില്ക്കാത്ത സ്വച്ഛന്ദമായ ചിന്തയും അന്വേഷണത്വരയും അപഗ്രഥനപാടവവുമാണദ്ദേഹത്തിൻെറ സാഹിത്യ പരിശ്രമങ്ങളെ ശ്രദ്ധേയമാക്കുന്നത്. ''വ്യാപകമായ മനുഷ്യനീതിയുടെ വ്യവസ്ഥിതി''യാണ് അദ്ദേഹം ആദർശാത്മകമായി കരുതിയത്. അതുതന്നെയാണ് ''മററുള്ളവർക്കെന്നതുപോലെ സാഹിത്യകാരനും സ്വാതന്ത്ര്യത്തിൻെറ സുസ്ഥിരവാഗ്ദാന''മെന്നദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം അന്വേഷണത്തിൻെറ ആരണ്യമാർഗ്ഗത്തിലദ്ദേഹത്തിന് വെളിച്ചമായിത്തീർന്നു.

എൻെറ രാഘവൻ പിള്ള മാമൻ

ഗീതാ ചന്ദ്രശേഖർ

മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ മൂന്നു ഭാഷകളിലും ഒന്നുപോലെ പാണ്ഡിത്യമുള്ള, പ്രാസംഗികനായ, സാഹിത്യകാരനായ, സാഹിത്യനിരൂപകനായ ഡോ. കെ. രാഘവൻ പിള്ളയെ എല്ലാവരും അറിയും. എന്നാൽ, സ്നേഹസമ്പന്നായ, കുട്ടികളുടെ ഏററവും അടുത്ത കൂട്ടുകാരനായ, കണ്ണടച്ചിരുന്നു് കഷണ്ടിത്തലയിൽ വിരലോടിച്ചു്, ''ലെനിൻ'' താടി തടവി കുട്ടികളെ സുന്ദരമായ കഥകൾ പറഞ്ഞു കേൾപ്പിക്കുന്ന രാഘവൻ പിള്ള മാമനെ എനിക്കും എൻെറ അനുജത്തിക്കും മാത്രമേ അറിയാവൂ.

മാമൻെറ സ്വന്തം മക്കൾ പോലും മാമനിൽനിന്നും ഞങ്ങൾ അനുഭവിച്ചിട്ടുള്ളത്ര വാത്സല്യമോ ലാളനയോ അനുഭവിച്ചിട്ടുണ്ടാകുമോ? സംശയമാണു്. ഏറെ വർഷങ്ങൾ, മാമൻ തിരുവനന്തപുരത്തു് പ്രസ്സ് റോഡ് ഇറക്കത്തിലുള്ള ഒരു വീട്ടിൽ ഞങ്ങളോടൊപ്പമായിരുന്നു താമസിച്ചിരുന്നതു്. ഞങ്ങളന്നു വളരെ ചെറിയ കുട്ടികൾ. ബാല്യകാലത്തിലെ എൻെറ ഓർമ്മകളിൽ നിറഞ്ഞു നില്ക്കുന്ന രണ്ടു രൂപങ്ങളാണു് രാഘവൻ പിള്ള മാമനും ഓമനക്കുട്ടൻ (എം. ജി. സുധാകരൻ നായർ) മാമനും. സർക്കീട്ടടിക്കാനും കാര്യങ്ങൾ സാധിച്ചു കിട്ടാനും

ഞങ്ങൾ ഓമനക്കുട്ടൻ മാമന്റെ വിരൽത്തുമ്പിലാണു് തൂങ്ങാറു്; കഥ കേൾക്കാനും ചിത്രപുസ്തകം കാണാനും രാഘവൻപിള്ള മാമൻറടുത്തും.

രാഘവൻ പിള്ള മാമനു പക്ഷേ 'മൂഡ്സ്' ഉണ്ടു്. നല്ല നേരം നോക്കിയേ ഞങ്ങൾ മുറിക്കകത്തു കയറൂ. ആദ്യം ജനൽപ്പാളിയിൽ കൂടിയോ വാതിലിനിടയിൽ കൂടിയോ പാളി നോക്കും, മാമൻ എന്തു മൂഡിലാണെന്നറിയാൻ. ചിലപ്പോൾ കാണാം മുറി മുഴുവൻ കടലാസ്സുചുരുളുകൾ. എന്തെങ്കിലും കുത്തിക്കുറിക്കുക, ഇംഗ്ലീഷിൽ എന്തോ പിറുപിറുത്തുകൊണ്ടു് എഴുതിയതു് ചുരുട്ടിയെറിയുക. അങ്ങിനെ കണ്ടാൽ അറിയാം ഒരു രക്ഷയുമില്ലായെന്നു്. ചാരുകസേരയിൽ ചാരിയിരുന്നു് ആലോചനയിൽ മുഴുകി സിഗാർ വലിക്കുകയാണെങ്കിൽ ഞങ്ങൾ മെല്ലെ വാതിലിൽ മുട്ടും.

''Who is that?''—ചോദ്യം അകത്തു നിന്നാണു്. ''മാമാ...'' സ്നേഹപൂർവ്വം ഞങ്ങൾ വിളിക്കും. ''ങ്ഹാ! വരിൻ, വരിൻ.'' ഹോ, സന്തോഷമായി! കേൾക്കേണ്ട താമസം ഞങ്ങൾ ചാടി അകത്തു കയറും. ഒന്നുകിൽ മാമന്റെ കട്ടിലിൽ കയറി ചമ്രം പടിഞ്ഞിരിക്കും. ഏറ്റവും നല്ല മൂഡിലാണെങ്കിൽ മാമന്റെ മടിയിൽത്തന്നെയാണു് രണ്ടു പേരുടേയും സ്ഥാനം. ഒടുവിൽ കാലു കഴയ്ക്കുമ്പോഴാണു് രണ്ടു പേരേയും പിടിച്ചു മാററിയിരുത്തുക.

''മാമാ, ഒരു കഥ പറയൂ.''

''ഏതു കഥയാണു വേണ്ടതു്?''

ഒരാൾക്കു് ''ആലീസ് ഇൻ വണ്ടർ ലാൻഡു്'' ആണു വേണ്ടതെങ്കിൽ, മററേ ആൾക്കു് ''ഗള്ളിവേഴ്സ് ട്രാവൽസ്''. ചിലപ്പോൾ മാമന്റെ കഥ കേൾക്കാൻ ഞങ്ങളുടെ ചുററുപാടുമുള്ള കൂട്ടുകാരൊക്കെ കാണും. അപ്പോൾ ഞങ്ങളുടെ 'ഗമ' ഒന്നു വേറെ തന്നെയാണു്. ഞങ്ങൾ അവകാശത്തോടെ മാമന്റെ തൊട്ടടുത്തു കസേരകളിൽ. ബാക്കിയെല്ലാവരും വരാന്തയിൽ നിലത്തു് നിരന്നിരിക്കും. ഇടയ്ക്കാരെങ്കിലും വന്നു കയറി ഞങ്ങളുടെ കഥയ്ക്കു് ഭംഗം വരുത്തിയാൽ ഞങ്ങൾക്കു വരുന്ന ദേഷ്യം എന്തായിരിക്കുമെന്നോ? ആലീസ് വണ്ടർ ലാൻഡിൽ എത്തിയ കഥ, ഗള്ളിവർ കപ്പലിൽ പോയി ''ലില്ലിപ്പുട്ടു''കാരുടെ അടു

ത്തെത്തിച്ചേർന്നതു്, ചെറുവിരലോളം വലിപ്പമുള്ള മനുഷ്യരെ കണ്ടതു്, സിൻദ്ബാദിൻെറ സാഹസിക യാത്ര എല്ലാം എത്ര കേട്ടാലും മതിവരാത്ത കഥകളായിരുന്നു. അവയെല്ലാം മാമൻ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നുണ്ടായിരുന്നു.

മാമനു 'മൂഡു' തെററിയാലത്തെ കഥ പിന്നെ പറയുകയും വേണ്ട. ഒരിക്കൽ ഞാൻ എന്തോ കാരണവശാൽ സ്കൂളിൽ പോയില്ല. ബോറടിച്ചപ്പോൾ മെല്ലെ മാമൻെറ മുറിയിൽ പോയി നോക്കി. ഭാഗ്യത്തിനു മാമൻ അവിടുണ്ടു്. അകത്തു കയറി കഥ പറഞ്ഞു തരാനാവശ്യപ്പെട്ടു. മാമൻ എന്തുകൊണ്ടോ 'മൂഡ് ഓഫ്'' ആയിരുന്നു.

''ഇപ്പോൾ കഥയൊന്നും പറയാൻ പററില്ല'' എന്നു പറഞ്ഞു.

''എന്നാൽ ഞാൻ പറയുന്ന കഥ കേൾക്കണം' എന്നായി ഞാൻ

''ശരി, എന്നാൽ പറഞ്ഞോളൂ.''

ഞാൻ കഥ പറയാൻ തുടങ്ങി. ''ഒരിടത്തൊരു രാജകുമാരിയുണ്ടായിരുന്നു.''

ഏതോ പുസ്തകവായനയിൽ മുഴുകി, മാമൻ മൂളികേട്ടുകൊണ്ടിരുന്നു. കഥ തുടരുകയാണ്. ''രാജകുമാരി കുളത്തിൻെറ കരയിലിരുന്നു തയ്ച്ചുകൊണ്ടിരുന്നപ്പോൾ സൂചി കുളത്തിൽ വീണു.''

''ഉം.'' മാമൻ മൂളി

''മൂളിയാൽ സൂചി കിട്ടുമോ?'' എൻെറ ചോദ്യം.

''ഇല്ല''

''ഇല്ലാന്നു പറഞ്ഞാൽ സൂചി കിട്ടുമോ?''

''കിട്ടുകയില്ല''

''കിട്ടുകയില്ലാന്നു പറഞ്ഞാൽ സൂചി കിട്ടുമോ?'' ഞാൻ വിടാൻ ഭാവമില്ല.

ഒടുവിൽ മാമനു ദേഷ്യം വന്നു. ''ദേഷ്യം വന്നാൽ സൂചി കിട്ടുമോ?''

സഹികെട്ടു് മാമൻ എൻെറ കൈയിൽ ആഴത്തിലൊരു നുള്ള തന്നു. അസ്സലായി വേദനിച്ചു. മുറിവുണ്ടായി

''എന്നെ നുള്ളി നോവിച്ചാൽ സൂചി കിട്ടുമോ?'' എന്നുച്ചത്തിൽ വിളിച്ചു ചോദിച്ചുകൊണ്ട് ഞാൻ ഓടി വീട്ടിനകത്തു കയറി, കട്ടിലിൽ കമിഴ്ന്നടിച്ചു വീണു തേങ്ങി. മുറിവിന്റെ വേദനയെക്കാൾ എനിക്ക് 'മാമൻ നുള്ളിയല്ലോ' എന്നവേദനയായിരുന്നു കൂടുതൽ. വൈകുന്നേരം അമ്മ ഓഫീസിൽ നിന്നും വന്നപ്പോഴും ഞാൻ ആ കിടപ്പു തന്നെയാണ്. ആരെല്ലാം എന്തൊക്കെ പറഞ്ഞിട്ടും ഞാൻ അനങ്ങിയില്ല. ''എന്നാലും കൊച്ചു കുട്ടിയല്ലേ അങ്ങനെയങ്ങു നുള്ളാമോ?'' വേലക്കാരിയുടെ പരാതി.

സന്ധ്യ കഴിഞ്ഞപ്പോൾ, അമ്മ ചെന്നു പറഞ്ഞിട്ടായിരിക്കണം, അറിയില്ല, മാമൻ തന്നെ വന്നെന്നെ കോരിയെടുത്ത് ആശ്വസിപ്പിച്ചു. മാമനെ കണ്ടപ്പോൾ എന്റെ കരച്ചിലിന് ശക്തി കൂടി. എന്തൊക്കെ ആശ്വാസവചനങ്ങൾ പറഞ്ഞിട്ടാണ് ഞാൻ അടങ്ങിയതെന്ന് ഈശ്വരനു മാത്രമേ അറിയൂ! എത്രയോ ചെറുതിലേ ഉണ്ടായ ഒരു സംഭവമാണതെങ്കിലും എന്റെ ബാല്യകാല ജീവിതത്തിലെ മറക്കാനാവാത്ത സംഭവങ്ങളിലൊന്നാണത്. ഞാൻ വളർന്നു വലുതായി, എനിക്കു മക്കളായി. എന്നാലും മാമനെ കാണുമ്പോൾ ഇടയ്ക്കൊക്കെ ഞാൻ ആ സംഭവം ഓർമ്മിപ്പിക്കുമായിരുന്നു. എന്നെ ഒരിക്കലെങ്കിലും വേദനിപ്പിച്ചു എന്ന ചിന്ത മാമനെ വിഷമിപ്പിച്ചിരുന്നതിനാലാവും അപ്പോഴൊക്കെ എന്റെ തോളിൽ തട്ടി മാമൻ പറയും; ''ഹേയ്, മാമൻ ഗീതയെ നുള്ളിയിട്ടൊന്നുമില്ല.''

ഏതൊക്കെ രാജ്യങ്ങളിൽ പോയിട്ടുള്ളപ്പോഴും, എന്തെങ്കിലും ഒരു കൗതുകവസ്തു ഞങ്ങൾക്കായി വാങ്ങിക്കൊണ്ടുവരാൻ മാമൻ ഒരിക്കലും മറന്നിട്ടില്ല.

ഈയിടെ ഞങ്ങൾ തിരുവനന്തപുരത്തു പോയി മടങ്ങുന്നതിനു അല്പം മുമ്പാണ് മാമന്റെ ഒരു ഫോൺ വന്നത്. അച്ഛനെ വിളിച്ചതായിരുന്നു. എന്റെ ശബ്ദം കേട്ടപ്പോൾ പറഞ്ഞു ''മാമനെ കണ്ടിട്ടേ പോകാവൂ'' എന്ന്. ഞാൻ അന്നു മടങ്ങാനിരിക്കുകയാണെന്നു പറഞ്ഞിട്ടും മാമൻ സമ്മതിച്ചില്ല. ''മാമനു തീരെ സുഖമില്ല. മാമനെ കാണാതെ ഗീത പോവുകയാണോ?''

ആ വാക്കുകൾക്കു മുന്നിൽ എനിക്കൊന്നും പറയാനുണ്ടായിരുന്നില്ല. അച്ഛനും അമ്മയും ഞാനും അനുജത്തിയും എന്റെ ഭർത്താവുമായി അപ്പോൾത്തന്നെ ഞങ്ങൾ അവിടെയെത്തി. എന്നേയും അനുജത്തിയേയും ഏറെനേരം മാമൻ കട്ടിലിൽ, മാമന്റെ അടുത്തിരുത്തി വർത്തമാനം പറഞ്ഞു.

മാമനെ കാണുമ്പോഴൊക്കെ ഞാൻ ആവശ്യപ്പെടുമായിരുന്നു, കോഴിക്കോട് എന്റെ കൂടെ കുറച്ചു ദിവസം വന്നു താമസിക്കണമെന്ന്. എന്റെ ആ ആഗ്രഹം സാധിച്ചു തരാനായിരിക്കണം, ആന്റി തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രിൻസിപ്പൽ ആയിരുന്ന കാലത്ത് ഒരിക്കൽ കോഴിക്കോട് യൂണിവേഴ്സിററിയിൽ ഒരു മീററിംഗിനുവേണ്ടി വന്ന മാമൻ, യൂണിവേഴ്സിററി ഗസ്റ്റ് ഹൗസിൽ സുഖമായി താമസിക്കാൻ കൂട്ടാക്കാതെ, അവിടെ നിന്നും ഇരുപതു കിലോമീററർ അകലെയുള്ള എന്റെ വീട്ടിൽ വന്ന് രണ്ടു ദിവസം താമസിച്ചത്. അന്നു രാത്രി സ്നേഹപൂർവ്വം ഞാൻ വിളമ്പിക്കൊടുത്ത ചൂടു കഞ്ഞിയും ചേമ്പും സ്വാദോടുകൂടി കഴിച്ചിട്ട് മാമൻ പറഞ്ഞു. ''നന്നായിരിക്കുന്നു ഗീതേ, മാമൻ നിറച്ചു കഞ്ഞി കുടിച്ചു.''

രാത്രി പന്ത്രണ്ടു മണിയായാലും മാമൻ ഉറങ്ങില്ല. ''നിങ്ങൾ പോയിക്കിടന്നുറങ്ങിക്കോളിൻ, എനിക്ക് എന്തെങ്കിലും കുറച്ച് എഴുതിയാലേ ഉറക്കം വരൂ'' എന്നു പറയും.

എന്തെങ്കിലും എഴുതാതെ ഉറക്കം വരാത്ത എന്റെ മാമൻ എന്നേയ്ക്കുമായി എഴുത്തു നിറുത്തിയെന്നോ?

മാമന്റെ വീട്ടിൽ മുകളിലത്തെ നില മുഴുവനും പുസ്തകങ്ങളും കടലാസുകളും നിറഞ്ഞു കിടക്കുകയാണ്. പൂർത്തീകരിക്കപ്പെടാത്ത എത്ര കൃതികൾ അവയ്ക്കിടയിലുണ്ടാവും? എന്റെ പ്രിയപ്പെട്ട മാമാ അങ്ങയുടെ പാണ്ഡിത്യം മുഴമിപ്പിക്കുവാൻ ഇനി ആർക്കാണ് കഴിയുക?

തളർന്ന മനസ്സോടെ, വേദനിക്കുന്ന ഹൃദയത്തോടെ, എന്റെ മാമാ, അങ്ങയുടെ പാദങ്ങളിൽ ആയിരമായിരം അശ്രുപുഷ്പാഞ്ജലികൾ ഞാൻ അർപ്പിക്കുന്നു, സ്വീകരിച്ചാലും.

ബാഷ്പാഞ്ജലി

കെ. ഇന്ദിരാദേവി

1962 ഡിസംബർ മാസത്തിലെ ഏതോ ഒരു സുപ്രഭാതം. അന്നായിരുന്നു മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലേക്ക് അസിസ്റ്റൻറ് റിസർച്ച് ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള ഇൻറർവ്യൂ. പാളയത്തിലുള്ള യൂണിവേഴ്സിററി ഓഫീസിൽ വച്ച് രാവിലെ പത്തുമണി മുതലായിരുന്നു ഇൻറർവ്യൂ നടത്താൻ നിശ്ചയിച്ചിരുന്നത്. ഇൻറർവ്യൂ നടക്കുന്ന മുറിയിൽ വി. സി. യെയും രജിസ്ട്രാറെയും കൂടാതെ വേറെയും കുറേ ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. അവിടെ സന്നിഹിതരായിരുന്നവരിൽ നല്ലവണ്ണം വെളുത്ത് അല്പം താടിയുള്ള ഒരാളായിരുന്നു എന്നോട് വളരെ അധികം ചോദ്യങ്ങൾ ചോദിച്ചത്. എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറഞ്ഞു. ഒടുവിൽ അദ്ദേഹം ചോദിച്ചു: മലയാള സാഹിത്യത്തിലെ ഒരു വിപ്ലവകവിയുടെ പേരു പറയൂ?

ഒരു നിമിഷം പോലും ആലോചിക്കാതെ ഞാൻ മറുപടി പറഞ്ഞു: ''തുഞ്ചത്തെഴുത്തച്ഛൻ.''

''തുഞ്ചത്തെഴുത്തച്ഛൻ എങ്ങനെ വിപ്ലവകവിയായി?'' അദ്ദേഹം വീണ്ടും ചോദിച്ചു.

പതിനാറാം ശതകത്തിലെ സാമുദായികവും സാംസ്കാരികവുമായ സ്ഥിതിഗതികളെക്കുറിച്ചും ആ കാലഘട്ടത്തിലുണ്ടായ മണിപ്രവാളകൃതികളെപ്പററിയും അവയിൽ നിന്നും വ്യത്യസ്തമായി എഴുത്തച്ഛൻ ഭക്തിസാഹിത്യത്തിൽ കൃതികൾ രചിച്ചതിനെക്കുറിച്ചും എഴുത്തച്ഛൻെറ കൃതികളുടെ വൈശിഷ്ട്യത്തെപ്പററിയും അവ ജനഹൃദയങ്ങളിൽ ഉളവാക്കിയ സാംസ്കാരികമായ നവോത്ഥാനത്തെക്കുറിച്ചും ഞാൻ ഒരു ചെറുവിവരണം നല്കി. എൻെറ ഉത്തരം കേട്ടു കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ''ശരി പോകാം.''

ഇൻറർവ്യൂ കഴിഞ്ഞ് ഞാൻ വീട്ടിലെത്തിയപ്പോൾ അച്ഛൻ എന്നോട് ചോദിച്ചു: ''മോളേ! നീ ഇൻറർവ്യൂവിന് രാഘവൻപിള്ളസ്സാറിനെ കണ്ടോ?''

''ഏതാണച്ഛാ! രാഘവൻപിള്ളസ്സാർ? ഇൻറർവ്യൂ നടക്കുന്ന മുറിയിൽ വളരെ ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. അവരിൽ രാഘവൻപിള്ളസ്സാറിനെ എനിക്കു മനസ്സിലായില്ല.'' ഞാൻ പറഞ്ഞു.

''നല്ലപോലെ വെളുത്തിട്ട് കുറച്ച് താടിയുള്ള ഒരാൾ അക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ലേ? അദ്ദേഹമാണ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ഡയറക്ടറായ ഡോ. രാഘവൻപിള്ള.'' അച്ഛൻ പറഞ്ഞു.

''അദ്ദേഹമാണോ രാഘവൻപിള്ളസ്സാർ? അദ്ദേഹമാണ് ഏററവുമധികം ചോദ്യങ്ങൾ എന്നോട് ചോദിച്ചത്.'' ഞാൻ വിസ്മയത്തോടെ പറഞ്ഞു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ അസിസ്റ്റൻറ് റിസർച്ച് ഓഫീസറായി എന്നെ നിയമിച്ചിരിക്കുന്നതായുള്ള യൂണിവേഴ്സിററി ഓർഡർ എനിക്ക് കിട്ടി. അന്ന് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി പ്രവർത്തിച്ചിരുന്നത് പാളയത്തിലുള്ള പഴയ യൂണിവേഴ്സിററി ലൈബ്രറിയുടെ ഒരു ഭാഗത്തായിരുന്നു. 1963 ജനുവരി ഒന്നാം തീയതി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ അസിസ്റ്റൻറ് റിസർച്ച് ഓഫീസറായി ഞാൻ ജോലിയിൽ പ്രവേശിച്ചു. ഓഫീസിൽ ചെന്ന ഉടനെ ഡയറക്ടറായ രാഘവൻപിള്ളസ്സാറിനെ കാണാ

നായി ഞാൻ അദ്ദേഹത്തിൻെറ മുറിയിൽ പ്രവേശിച്ചു. അദ്ദേഹം പ്രസന്നവദനനായിട്ട് ഇരിക്കുന്നതാണ് ഞാൻ കണ്ടതു്. എന്നെ കണ്ടപ്പോഠം ചിരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "നല്ല ദിവസമായിട്ടാണല്ലോ ഇന്ദിര വന്നതു്. ഇന്നു് ജനുവരി ഒന്നാണ്. ജനുവരി ഒന്നു് നല്ല ദിവസമാണ്."

ദിനങ്ങഠം കടന്നു പൊയ്ക്കൊണ്ടിരുന്നു. ദിവസവും ചെയ്യുന്ന ജോലിയുടെ വിവരങ്ങഠം ഡയറിയിൽ എഴുതി വയ്ക്കുകയും ഡയറി ഡയറക്ടർ നോക്കുകയും ചെയ്യുന്ന സമ്പ്രദായം ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നു. എല്ലാ ദിവസങ്ങളിലുമോ എല്ലാ ആഴ്ചകളിലുമോ ഡയറക്ടർ ഡയറി നോക്കുന്ന സമ്പ്രദായം എപ്പോഴും ഉണ്ടായിരുന്നില്ല. അവിചാരിതമായിട്ടായിരുന്നു അദ്ദേഹം ഡയറി പരിശോധിക്കാൻ വരാറുണ്ടായിരുന്നതു്. ഡയറി എപ്പോഴും റെഡി ആയിരിക്കണമെന്നു് അദ്ദേഹത്തിനു് നിർബ്ബന്ധമുണ്ടായിരുന്നു.

പുസ്തകങ്ങഠം വായിക്കാൻ എനിക്കു് വളരെ കമ്പമുണ്ടായിരുന്ന ഒരു കാലമായിരുന്നു അതു്. രണ്ടോ മൂന്നോ ആഴ്ച കൊണ്ടു് ചെയ്യേണ്ട ജോലികഠം മെനക്കെട്ടിരുന്നു് മൂന്നോ നാലോ ദിവസങ്ങഠം കൊണ്ടു് ചെയ്തു തീർത്തു് ഡയറി എഴുതി വച്ചതിനുശേഷം ലൈബ്രറിയിൽ നിന്നു് എനിക്കിഷ്ടമുള്ള ബുക്കുകഠം എടുത്തു കൊണ്ടു വന്നു് യാതൊരു ശല്യവും കൂടാതെ സുഖമായിരുന്നു് വായിക്കുകയായിരുന്നു എൻെറ അന്നത്തെ പതിവു്. ഞാൻ എന്താണു ചെയ്യുന്നതെന്നു് ആരും ശ്രദ്ധിക്കാറുണ്ടായിരുന്നില്ല.

രാഘവൻപിള്ളസ്സാർ ഡയറി പരിശോധിക്കാനായി വന്നു് ഇരിക്കാറുണ്ടായിരുന്നതു് ഞങ്ങഠം ഇരിക്കുന്ന മുറിയുടെ അടുത്ത മുറിയിലായിരുന്നു. ഡയറക്ടർ അവിടെ വന്നിരിക്കുമ്പോഠം പ്യൂൺ വന്നു് എല്ലാവരുടെയും മേശപ്പുറത്തുനിന്നും ഡയറി എടുത്തു് അദ്ദേഹത്തിൻെറ മേശയിൽ കൊണ്ടുവയ്ക്കുകയായിരുന്നു പതിവ്. ഡയറി നോക്കാൻ എടുക്കുമ്പോഠം അതിൻെറ ഉടമസ്ഥനെ അഥവാ ഉടമസ്ഥയെ ഡയറക്ടർ വിളിക്കാറുണ്ടായിരുന്നു. ഏതോ ഒരു മാസം 20-ാം തീയതി ഡയറക്ടർ ഡയറി പരിശോധിക്കാൻ വന്നു. 30-ാം തീയതി വരെയുള്ള ഡയറി ഞാൻ എഴുതി വച്ചിട്ടുണ്ടായിരുന്നു. പുസ്തക

വായനയിൽ ലയിച്ചിരുന്ന ഞാൻ ഡയറക്ടർ അടുത്ത മുറിയിൽ വന്നിരുന്നതും പ്യൂൺ വന്ന് എല്ലാവരുടെയും മേശപ്പുറത്തുനിന്നും ഡയറി എടുത്തുകൊണ്ടുപോയതുമൊന്നും അറിഞ്ഞില്ല. "സാറിനെ ഡയറക്ടർ വിളിക്കുന്നു" എന്ന പ്യൂണിന്റെ വാക്കുകൾ കേട്ടാണ് ഞാൻ വായനയിൽ നിന്ന് ഉണർന്നതും എനിക്ക് പരിസരബോധമുണ്ടായതും. ഞാൻ എന്റെ ഡയറി നോക്കി. അത് മേശപ്പുറത്ത് ഉണ്ടായിരുന്നില്ല. ഡയറി ഉണ്ടായിരുന്നെങ്കിൽ 21-ാം തീയതി മുതലുള്ള ഭാഗം വെട്ടിക്കളയാമായിരുന്നുവെന്ന് ഞാൻ ഭയത്തോടുകൂടി ചിന്തിച്ചു. പേടിച്ചുപേടിച്ച് ഞാൻ ഡയറക്ടറുടെ മുൻപിലെത്തി. തിക്തകം കഷായം മുൻപിൽ കണ്ടതുപോലെയുള്ള ഡയറക്ടറുടെ മുഖഭാവം കണ്ട് ഞാൻ അസ്വസ്ഥയായി. എന്നെ കണ്ട ഉടനെ അദ്ദേഹം ചോദിച്ചു:

"എന്തോന്നാ കൊച്ചേ! എഴുതിവച്ചിരിക്കുന്നത്? ഇങ്ങനെയാണോ ഡയറി എഴുതുന്നത്? ഇന്ന് തീയതി എത്ര?"

"ഇരുപത്" ഞാൻ പതുക്കെ പറഞ്ഞു

"എന്നിട്ടാണോ മുപ്പതാം തീയതി വരെ ഡയറി എഴുതിയിരിക്കുന്നത്? ഇങ്ങനെ ഡയറി എഴുതാൻ ആരു പറഞ്ഞു?" അദ്ദേഹം ചോദിച്ചു.

ഞാൻ മൗനം പാലിച്ചു. എന്റെ ഡയറി വാതിലിൽ കൂടി പുറത്തേയ്ക്ക് പറക്കുന്നതും പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുകയായിരുന്നു ഞാൻ.

ഒടുവിൽ തെല്ല് ശാന്തനായി അദ്ദേഹം പറഞ്ഞു: "ഇങ്ങനെ ഡയറി എഴുതരുത്. ഓരോ ദിവസവും ചെയ്യുന്ന ജോലിയുടെ വിവരം മാത്രമേ അതാതു ദിവസം എഴുതാവൂ."

ഇരുപതാം തീയതി വരെയുള്ള ഭാഗത്ത് ഒപ്പിട്ട് ഭയന്നു നിൽക്കുന്ന എന്റെ കയ്യിൽ ഡയറി തന്നപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരർദ്ധമന്ദഹാസം പൊട്ടിവിടരുന്നുണ്ടായിരുന്നു.

വല്ലപ്പോഴും ചെറുകഥകളും കവിതകളും ലേഖനങ്ങളുമൊക്കെ എഴുതുന്ന പതിവ് എനിക്കുണ്ട്. ഒരിക്കൽ ജനയുഗം വാരിക സ്ത്രീകൾക്ക് വേണ്ടി ഒരു ചെറുകഥാമത്സരം നടത്തി.

സമ്മാനാർഹമായ കഥകൾക്കു പുറമേ മത്സരത്തിന് കിട്ടിയ കഥകളിൽ നിന്നും നല്ല പത്തു ചെറുകഥകൾ കൂടി തെരഞ്ഞെടുത്തു് സമ്മാനം നൽകി അവയും ജനയുഗം വാരികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അവയിലൊന്ന് ''ബാഷ്പബിന്ദു'' എന്ന എന്റെ ചെറുകഥ ആയിരുന്നു.

ഒരു ദിവസം രാവിലെ ഡയറക്ടർ എന്നെ വിളിക്കുന്നതായി പ്യൂൺ വന്നു പറഞ്ഞു. എന്തിനാണ് വിളിച്ചതെന്നറിയാതെ ഞാൻ പരിഭ്രമിച്ചു. ഭയന്നു ഭയന്ന് ഡയറക്ടറുടെ മുറിയിൽ ചെന്ന ഞാൻ കണ്ടതു് അദ്ദേഹത്തിന്റെ മുൻപിൽ ജനയുഗം വാരിക ഇരിക്കുന്നതാണ്. എന്നെ കണ്ട ഉടനെ കുറച്ച് അത്ഭുതത്തോടെ അദ്ദേഹം പറഞ്ഞു: ''ഇന്ദിരാ! ഇന്ദിര ചെറുകഥ എഴുതുമോ? ജനയുഗത്തിലെ ചെറുകഥ ഞാൻ വായിച്ചു. വളരെ നന്നായിരിക്കുന്നു. എനിക്ക് ആ കഥ വളരെ ഇഷ്ടപ്പെട്ടു. ഇനിയും ചെറുകഥകൾ എഴുതു!''

രാഘവൻ പിള്ളസ്സാറിന്റെ ഈ വാക്കുകൾ എന്റെ കാതും കരളും കുളിർപ്പിച്ചു. എന്റെ ചെറുകഥ നന്നായിരിക്കുന്നുവെന്നു് പറഞ്ഞതു് മററാരുമല്ല, രാഘവൻപിള്ളസ്സാറാണ്. കേരളത്തിലെ പ്രശസ്ത പണ്ഡിതനും നിരൂപകനും ഗ്രന്ഥകാരനും വാഗ്മിയുമായ രാഘവൻപിള്ളസ്സാർ! ഞാൻ സന്തോഷം കൊണ്ടു് തുള്ളിച്ചാടിപ്പോയി!

ഒരിക്കൽ അവധി എടുത്തപ്പോൾ ലീവ്ലെററർ ഓഫീസിൽ എത്തിക്കാൻ എനിക്കു് ആരെയും കിട്ടിയില്ല. അതിനാൽ അവധിക്കുള്ള അപേക്ഷ ഞാൻ തപാലിൽ അയയ്ക്കാൻ തീരുമാനിച്ചു. പോസ്റ്റാഫീസിൽ നിന്നു് കവറും സ്റ്റാമ്പും മററും വാങ്ങുമ്പോൾ സ്റ്റാമ്പുകൾ കവറിൽ ഇടുന്ന സമ്പ്രദായം എനിക്കുണ്ടു്. വീട്ടിൽ ചെന്നിട്ടു് പോസ്റ്റു് കവറിൽ നിന്നു് സ്റ്റാമ്പുകൾ എടുത്തുമാററാമെന്നുള്ള ഉദ്ദേശ്യത്തിലാണ് സ്റ്റാമ്പുകൾ ഞാൻ കവറിൽ ഇടാറുള്ളതു്. എന്നാൽ വീട്ടിൽ ചെല്ലുമ്പോൾ സ്റ്റാമ്പിന്റെ കാര്യം ഞാൻ മറന്നു പോകുകയും കത്തു് സ്ററാമ്പ് ഇട്ടിട്ടുള്ള കവറിൽ ഇട്ടു് അയയ്ക്കുകയും അയച്ചു കഴിഞ്ഞതിനു ശേഷം സ്ററാമ്പിന്റെ കാര്യം ഓർമ്മിക്കുകയുമാണ് എന്റെ പതിവ്. അവധിക്കുള്ള അപേക്ഷ ഞാൻ തപാലിൽ അയച്ചു. അവധി കഴിഞ്ഞു് ഞാൻ ഓഫീസിൽ ചെന്ന ദിവസം ഡയറക്ടർ

പ്യൂണിനെ പറഞ്ഞയച്ച് എന്നെ വിളിപ്പിച്ചു. ഞാൻ മുറിയിൽ പ്രവേശിച്ച ഉടനെ അദ്ദേഹം ഒരു റവന്യൂസ്റ്റാമ്പ് എന്റെ നേരെ നീട്ടിക്കൊണ്ട് പറഞ്ഞു: ''ഇന്ദിര ലീവ് ലെറ്റർ അയച്ച കവറിൽ കിടന്നതാണ് ഈ റവന്യൂസ്റ്റാമ്പ്''.

കൃതജ്ഞതയെക്കാളധികം അത്ഭുതത്തോടു കൂടിയാണ് ഞാൻ ആ റവന്യൂ സ്റ്റാമ്പ് വാങ്ങിയത്, കവറിനകത്ത് ഒരു സ്റ്റാമ്പ് കിടന്നാൽ സാധാരണഗതിയിൽ ആരും അത് ശ്രദ്ധിക്കുകയില്ല. അഥവാ ശ്രദ്ധിച്ചാൽ തന്നെ അത് ഉടമസ്ഥനു തിരികെ കൊടുക്കാൻ ആരും തയ്യാറാകുകയുമില്ല. സ്റ്റാമ്പിട്ട കവറിൽ ഓർക്കാതെ കത്തിട്ട് ഞാൻ പലർക്കും അയച്ചിട്ടുണ്ട്. പക്ഷേ ആരും എന്റെ റവന്യൂ സ്റ്റാമ്പ് എനിക്ക് മടക്കിത്തന്നിട്ടില്ല. രാഘവൻ പിള്ളസ്സാർ മാത്രമാണ് എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് എന്റെ റവന്യൂസ്റ്റാമ്പ് എനിക്ക് തിരിച്ചു നൽകിയത്. നിസ്സാര സംഗതികൾകൂടി അദ്ദേഹം സൂക്ഷ്മമായി ശ്രദ്ധിക്കാറുണ്ടെന്നാണ് ഈ സംഭവത്തിൽനിന്നും ഞാൻ മനസ്സിലാക്കിയത്.

വിവാഹിതയായി നീണ്ട അഞ്ചു വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് എനിക്ക് ഒരു കുഞ്ഞുണ്ടായത്. ഞാൻ മെറ്റേണിററി ലീവ് എടുത്ത് വീട്ടിൽ കഴിഞ്ഞ കാലത്ത് ഓഫീസിൽ നിന്നും എനിക്ക് ഒരു കത്തുകിട്ടി. ലീവു സംബന്ധമായ വല്ല അത്യാവശ്യകാര്യവും എന്നെ അറിയിക്കാൻവേണ്ടി ഓഫീസിൽ നിന്നയച്ച കത്താണ് അതെന്നായിരുന്നു ഞാൻ വിചാരിച്ചത്. ഞാൻ ആകാംക്ഷയോടെ കത്ത് പൊട്ടിച്ചു. എനിക്കു കുഞ്ഞുണ്ടായതിൽ ഹൃദയംഗമമായ അനുമോദനം രേഖപ്പെടുത്തിക്കൊണ്ട് രാഘവൻപിള്ളസ്സാർ എനിക്കെഴുതിയ കത്തായിരുന്നു അത്. കേവലം രണ്ടുവരികൾ മാത്രമുള്ള ആ കത്ത് എന്റെ ഹൃദയത്തിൽ അമൃതസേചനം ചെയ്തു. എന്റെ വിവാഹദിനത്തിൽ എന്നെ അനുഗ്രഹിക്കാൻ എന്റെ ഗൃഹത്തിൽ ആഗതനായ രാഘവൻപിള്ളസ്സാർ ആദ്യമായി എനിക്ക് ഒരു കുഞ്ഞ് ജനിച്ചപ്പോൾ എന്നെ സ്നേഹപൂർവ്വം അഭിനന്ദിക്കാനും മറന്നുപോയില്ല!

എന്റെ ഭർത്താവായ ശ്രീ. ആർ. ഹരിദാസ് രോഗബാധിതനായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടന്നിരുന്ന

കാലത്തു് ഓഫീസ് കാര്യങ്ങളും വീട്ടുകാര്യങ്ങളും ആശുപത്രിയിലെ കാര്യങ്ങളും നോക്കി ഞാൻ ആകെ പരവശയായിക്കഴിഞ്ഞിരുന്നു. എന്നും രാവിലെ മണക്കാട്ടുള്ള എന്റെ വീട്ടിൽ നിന്നു് ആശുപത്രിയിലെത്തി അവിടെ നിന്നുമാണു് ഞാൻ ഓഫീസിൽ വരാറുണ്ടായിരുന്നതു്. കാര്യവട്ടത്തുള്ള ഓഫീസിൽ എത്തുമ്പോഴം മണി പതിനൊന്നാകുകയോ ചിലപ്പോഴം പതിനൊന്നു് കഴിയുകയോ ചെയ്യുന്നതു് ഒരു പതിവായിത്തീർന്നിരുന്നു. ഒരു ദിവസം ഡയറക്ടർ എന്നെ വിളിപ്പിച്ചു. ഞാൻ മുറിയിൽ ചെന്നപ്പോഴം അദ്ദേഹം ശാന്തസ്വരത്തിൽ പറഞ്ഞു: ''ഇന്ദിര ഈയിടെയായി എന്നും താമസിച്ചാണല്ലോ ഓഫീസിൽ വരുന്നതു്. ഇന്ദിരയുടെ പ്രയാസങ്ങളം ഞാൻ നല്ലവണ്ണം മനസ്സിലാക്കുന്നു. ഇതു് അടിയന്തിരാവസ്ഥക്കാലമാണെന്നു് അറിയാമല്ലോ. നമ്മളം അറിയാതെ നമ്മെ പലരും ശ്രദ്ധിക്കുന്നുണ്ടായിരിക്കും. ഇന്ദിര എന്നും താമസിച്ചു് ഓഫീസിൽ വന്നു് എന്നെക്കൂടി കുഴപ്പത്തിലാക്കരുതു്. സമയത്തിനു് ഓഫീസിൽ വരാൻ കഴിയുന്നതും ശ്രമിക്കു!''

എത്ര പ്രശാന്തമായ വാക്കുകൾ! ഡയറക്ടറുടെ അധികാരസ്വരത്തിലായിരുന്നു അദ്ദേഹം എന്നോടു് സംസാരിച്ചിരുന്നതെങ്കിൽ മനുഷ്യത്വമില്ലായ്മയുടെ പേരിൽ ആ ആജ്ഞ മുന്നും പിന്നും നോക്കാതെ ഒരുപക്ഷേ ഞാൻ അവഗണിക്കുമായിരുന്നു. മേലധികാരിയുടെ കക്കശസ്വരമല്ല, ഒരു ജ്യേഷ്ഠസഹോദരന്റെ സ്നേഹാർദ്രമായ ശബ്ദമാണു് ഞാൻ ശ്രവിച്ചതു്. ആ സ്നേഹത്തിനു് മുൻപിൽ എന്റെ ശിരസ്സു് ഞാൻ അറിയാതെ തന്നെ അവനമ്രമായിപ്പോയി! സ്നേഹം കൊണ്ടാണു് ഞാൻ ഓഫീസിൽ താമസിച്ചു വരാനിടയായതു്. സ്നേഹം കൊണ്ടു തന്നെ പിറേറ ദിവസം മുതൽ സമയത്തിനു് ഓഫീസിൽ വരാനും ഞാൻ നിർബന്ധിതയായി.

എന്റെ ഭർത്താവു് മരിച്ചു ഉടൻ തന്നെ അച്ഛൻ ആ വിവരം ഫോൺ വഴി രാഘവൻപിള്ള സാറിന്റെ വീട്ടിൽ അറിയിച്ചു. ആ സമയം അദ്ദേഹവും മിസ്സിസും വീട്ടിൽ ഉണ്ടായിരുന്നില്ല. കുറച്ചു സമയം കഴിഞ്ഞു് തിരിച്ചെത്തിയപ്പോഴാണു് ആ ദുഃഖവാർത്ത അദ്ദേഹം അറിഞ്ഞതു്. അപ്പോഴുംത്തന്നെ അദ്ദേഹം പത്നീസമേതനായി എന്റെ അഗാധദുഃഖത്തിൽ പങ്കുകൊള്ള

നായി പോങ്ങുംമൂട്ടിലുള്ള സ്വന്തം ഭവനത്തിൽ നിന്നും മണക്കാട്ടുള്ള എന്റെ ഗൃഹത്തിലെത്തി. അശ്രുധാരയിൽ മുങ്ങിയ എന്നെ കണ്ട് എന്തു സാന്ത്വനവാക്കുകൾ പറയണമെന്നറിയാതെ അദ്ദേഹം വിഷമിച്ചു നിന്നു.

ലീവ് കഴിഞ്ഞ് ഞാൻ ഓഫീസിൽ ചെന്നപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: ''ഇന്ദിരാ! ജോലി ഉള്ളത് നല്ലതാണെന്ന് ഇപ്പോൾ തോന്നുന്നില്ലേ? പെൺകുട്ടികൾക്ക് ജോലി ഉള്ളത് നല്ലതാണ്. ജീവിതത്തിലുണ്ടാകുന്ന ഏതു ദുഃഖവും നിർഭാഗ്യവും സഹിക്കാൻ അത് കരുത്തുണ്ടാക്കും. വിധിയെ തടുക്കാൻ ആർക്കും സാധിക്കുകയില്ല. ഈശ്വരനിശ്ചയം അനുഭവിച്ചേ തീരൂ, ഇന്ദിര ധൈര്യമായിട്ടും സമാധാനമായിട്ടും ഇരിക്കൂ''!

ഈ ആശ്വാസവചനങ്ങൾ എന്റെ വ്രണിതഹൃദയത്തിൽ ഔഷധം പുരട്ടി.

1980-ൽ രാഘവൻപിള്ളസ്സാർ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്നും വിരമിച്ചതിനുശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞ് അദ്ദേഹത്തെ ഒരിക്കൽ യാദൃച്ഛികമായി കാണാൻ ഇടയായി. സ്നേഹിതരുടെയും പരിചയക്കാരുടെയും ഇടയിൽക്കൂടി കടന്നുപോകുന്നതിനിടയിൽ അദ്ദേഹം എന്നെ കണ്ട് ഒരു നിമിഷം നിന്ന് കുശലാന്വേഷണം നടത്തി: ''ഇന്ദിരാ! സുഖമാണോ''?

''സുഖമാണ്'' എന്ന് ഞാൻ വിനയപൂർവ്വം മറുപടി പറഞ്ഞു.

സുഖദുഃഖങ്ങളും ജയാപജയങ്ങളും ലാഭനഷ്ടങ്ങളുമൊക്കെ നിർമ്മമതയോടെ സ്വീകരിക്കാൻ അപ്പോഴേക്കും ഞാൻ പഠിച്ചു കഴിഞ്ഞിരുന്നു!

1987 ഏപ്രിൽ 26-ാം തീയതിയിലെ പത്രം രാവിലെ നിവർത്തപ്പോൾ രാഘവൻപിള്ളസ്സാറിന്റെ ചരമവാർത്ത വായിച്ച് ഞാൻ സ്തബ്ധയായി നിന്നുപോയി!

''എത്ര ആകസ്മികവും അവിചാരിതവുമായ അന്ത്യം!'' എന്റെ മനസ്സ് തേങ്ങി.

രാഘവൻപിള്ളസാറിൻെറ പോങ്ങുംമൂട്ടിലുള്ള വസതിയിൽ എത്തി അന്തിമമായി അദ്ദേഹത്തിനു് ആദരാഞ്ജലി അർപ്പിച്ചപ്പോൾ എൻെറ ശോകസങ്കുലമായ ഹൃദയം മന്ത്രിച്ചു!

''സൽപുഷ്പമേ! ഇവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ''

പ്രകാശപൂർണ്ണമായിത്തോന്നുന്ന പലതും അടുത്തു ചെല്ലുമ്പോൾ അന്ധകാരം നിറഞ്ഞതായി അനുഭവപ്പെടുന്ന ഈ ലോകത്തു് രാഘവൻപിള്ളസ്സാർ പ്രകാശം മാത്രം ചൊരിഞ്ഞുകൊണ്ടു നില്ക്കുന്നു!

നിത്യഹരിതമായ ആ പാവനസ്മരണയ്ക്കു മുൻപിൽ എൻെറയും ബാഷ്പാഞ്ജലി!

ഡോ. രാഘവൻ പിള്ള ഹസ്തലിഖിതഗ്രന്ഥശാലയിൽ

ഡോ. ടി. ഭാസ്കരൻ

പൗരാണിക വിജ്ഞാന ശേവധികളാണ് ഹസ്ത ലിഖിത ഗ്രന്ഥശാലകൾ. സാഹിത്യരംഗത്തും ശാസ്ത്രമണ്ഡലങ്ങളിലും നമ്മുടെ പൂർവ്വികന്മാരുടെ നേട്ടങ്ങളെപ്പററി കൃത്യമായ ധാരണ ഉണ്ടാവണമെങ്കിൽ താളിയോല ഗ്രന്ഥങ്ങളെ ശരണം പ്രാപിക്കുകയേ തരമുള്ളൂ. മഹാകാവ്യം, ഖണ്ഡകാവ്യം, ദൃശ്യകാവ്യങ്ങളുടെ നാനാരൂപങ്ങൾ, കാവ്യശാസ്ത്രം എന്നിങ്ങനെ സാഹിത്യത്തിൻെറ വിവിധ ശാഖകളിലും സാംഖ്യം, യോഗം, ന്യായം, മീമാംസ, വേദാന്തം തുടങ്ങിയ ദർശനങ്ങളിലും ജ്യോതിഷം, ഗണിതം, ശില്പം, മന്ത്രം, തന്ത്രം, നിധിശാസ്ത്രം, അർത്ഥശാസ്ത്രം വൈദ്യം തുടങ്ങിയ ശാസ്ത്രങ്ങളിലും അവർ കടന്നു ചെന്നിട്ടുള്ള മേഖലകൾ ആരിലും അത്ഭുതം ഉണർത്തും. ഏതാണ്ട് ഒന്നര നൂററാണ്ടു നിലനിന്ന വിദേശാധിപത്യം നമ്മിൽ ഉളവാക്കിയ അധമബോധവും യുക്തിബോധത്തിൻെറ അതിപ്രസരവും ചേർന്നപ്പോൾ ഭാരതീയ വിജ്ഞാനം മുഴുവൻ ശാസ്ത്രാഭാസങ്ങളും അന്ധവിശ്വാസജന്യങ്ങളും ആണെന്ന വിചാരത്തിനു ഇവിടെ പ്രാബല്യം വർദ്ധിച്ചു. എന്നാൽ ആയുർവേദം, ശില്പം, ഗണിതം മുതലായ വിജ്ഞാനശാഖകളിൽ പൂർവികർ എത്തിച്ചേർന്ന നിഗമനങ്ങളിൽ പലതും കുററമററവയാണെന്നു പരീ

ക്ഷണങ്ങൾവഴി വെളിവാകുകയും അവയെ പുകഴ്ത്തുന്നതിനു വിദേശീയർ തന്നെ തയ്യാറാവുകയും ചെയ്തതോടെ കാററു മാറി വീശാൻ തുടങ്ങിയിരിക്കുന്നു. നൂററാണ്ടുകളിലൂടെ ആയുർവേദം ചില മണ്ഡലങ്ങളിൽ നേടിയ വളർച്ചയുടെ മുന്നിൽ അലോപ്പതി വെറും പിച്ചവയ്ക്കുന്ന പൈതലത്രേ. ഇങ്ങനെ അമൂല്യമെന്നു നിസ്സന്ദേഹം വിശേഷിപ്പിക്കാവുന്ന വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായ ഒരു ഹസ്തലിഖിതഗ്രന്ഥശാലയുടെ ഭാഗധേയം രണ്ടു പതിററാണ്ടിലേറെക്കാലം നിയന്ത്രിക്കാനുള്ള അപൂർവ സൗഭാഗ്യം ലഭിച്ച ആളാണു ഡോ. കെ. രാഘവൻപിള്ള. ആ സ്ഥാപനം മഹാമഹോപാദ്ധ്യായ ഡോ. ടി. ഗണപതിശാസ്ത്രി ആഗോള പ്രശസ്തിയിലേക്കുയർത്തിയതാവുമ്പോൾ വിശേഷിച്ചു പറയാനുമില്ല.

ഡോ. രാഘവൻപിള്ള ഹസ്തലിഖിതഗ്രന്ഥശാലയിൽ എന്തു ചെയ്തു എന്നന്വേഷിക്കുന്നതിന്റെ പശ്ചാത്തലമായി ആ സ്ഥാപനത്തിന്റെ ചരിത്രവും പ്രവർത്തനരീതിയും സംക്ഷിപ്തമായെങ്കിലും അറിഞ്ഞിരിക്കുന്നതു് നന്നു്. ക്രി. വ. 1908-ൽ തിരുവിതാംകൂർ ഗവണ്മേണ്ടിന്റെ കീഴിൽ ക്യൂറേറർ ആപ്പീസായി ആരംഭിച്ചു പടിപടിയായി പല പരിണാമഘട്ടങ്ങളും തരണം ചെയ്ത ശേഷമാണു ഇന്നത്തെ ഓറിയൻറൽ റിസർച്ച് ഇൻസ്ററിററ്യൂട്ട് ആൻഡ് മാനുസ്ക്രിപ്ററ്സ് ലൈബ്രറിയായി വളർന്നിട്ടുള്ളതു്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെയും കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും പ്രത്യേക ശ്രദ്ധ ക്യൂറേറർ ആപ്പീസിന്റെ സ്ഥാപനത്തിൽ പതിഞ്ഞിട്ടുണ്ടു്. കൊട്ടാരം ഗ്രന്ഥപ്പുരയിലെ അപൂർവ്വവും വിശിഷ്ടവുമായ സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ഡോ. ടി. ഗണപതിശാസ്ത്രിയായിരുന്നു ഒന്നാമത്തെ ക്യൂറേറർ. ഭാസനാടകചക്രം വെളിച്ചത്തുകൊണ്ടുവന്നതു കൂടാതെ അർത്ഥശാസ്ത്രം, ആര്യമഞ്ജുശ്രീമൂലകല്പം, മുതലായി അനേകം അപൂർവകൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. 1924-ൽ ഉള്ളൂരിന്റെ നേതൃത്വത്തിൽ മലയാളം ക്യൂറേറർ ആപ്പീസ് സ്ഥാപിതമായി. 1930-ൽ ഇവ രണ്ടും തമ്മിൽ ലയിക്കുകയും ഒരാപ്പീസായി പ്രവർത്തനം തുടരുകയും ചെയ്തു. 1937 - ൽ ട്രാവൻകൂർ യൂണിവേഴ്സിററി നിലവിൽ വന്നപ്പോൾ അതിന്റെ വകയായി ഒരു ഹസ്തലിഖിതശേഖരം

വേണമെന്നു തോന്നിയതു കൊണ്ടായിരിക്കണം 1938-ൽ അങ്ങനെ ഒന്നു സർവകലാശാല തുടങ്ങിയത്. 1940-ൽ സർക്കാരിന്റെ ക്യൂറേറ്റർ ആപ്പീസ്സും സർവകലാശാലയുടെ ഹസ്തലിഖിത ഗ്രന്ഥശാലയും തമ്മിൽ ലയിച്ച് ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി രൂപംകൊണ്ടു. 1966-ൽ ഈ സ്ഥാപനം പുനഃസംഘടിപ്പിച്ചപ്പോൾ അതിന് ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി എന്ന ഇന്നത്തെ നാമം സംലബ്ധമായി. അന്നു ക്യൂറേറ്റർ ആയിരുന്ന ഡോ. രാഘവൻപിള്ള ആദ്യത്തെ ഡയറക്ടറായി നിയമിക്കപ്പെടുകയും ചെയ്തു. 1958 മുതൽ 1966 വരെ ക്യൂറേറ്ററായും 1966 മുതൽ 1980 വരെ ഡയറക്ടറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

ഹസ്തലിഖിത ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു ശേഖരിക്കുക, അവയെ കേടുവരാതെ സൂക്ഷിക്കുക, വേണ്ടമാതിരി പരിശോധിച്ചു തെറ്റുകൾ തിരുത്തി പ്രസിദ്ധീകരണാർഹമായവ അച്ചടിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. അച്ചടിക്കാൻ ഒരു ഗ്രന്ഥം എടുക്കുമ്പോഴാണു ഗവേഷണം ആവശ്യമായി വരുന്നത്. പ്രസാധനം രണ്ടു തരത്തിൽ ആവാം. ഒന്ന്, മുമ്പേ പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളുടെ അനേകം പകർപ്പുകൾ നോക്കി സംശോധിത സംസ്കരണം തയ്യാറാക്കുക. രണ്ട്, പ്രസിദ്ധീകരിക്കാത്തതും ഒരേ ഒരു താളിയോലഗ്രന്ഥം മാത്രം ലഭിച്ചിട്ടുള്ളതും ആയ കൃതി വെളിച്ചം കാണിക്കുക. രണ്ടിനും പാണ്ഡിത്യവും പ്രയത്നവും ബുദ്ധിവൈഭവവും അത്യാവശ്യമാണ്. ഇവയിൽ സംശോധിതസംസ്കരണം തയ്യാറാക്കാൻ കൂട്ടായ പ്രയത്നം ഉണ്ടായാൽ നന്നായിരിക്കും. രാമചരിതത്തിന്റെ പത്തു താളിയോലപ്പകർപ്പുകൾ ഉപലബ്ധമായി എന്നു കരുതുക. ഇവയിൽ ഏറ്റവും പഴക്കം കൂടിയതും പൂർണ്ണവും മൂലഗ്രന്ഥകാരന്റെ വിവക്ഷയോട് ഏറ്റവും അടുപ്പമുള്ളതെന്ന് ഊഹിക്കാവുന്നതും പകർപ്പിൽ വന്ന തെറ്റുകൾ കുറഞ്ഞതും ആയ ഗ്രന്ഥം മാതൃകയായി സ്വീകരിച്ച് മറ്റു ഗ്രന്ഥങ്ങളിൽ കാണുന്ന പാഠഭേദങ്ങൾ പകർത്തി എടുത്ത് മാതൃകാപാഠത്തോട് ഒത്തു നോക്കി ഏറ്റവും സ്വീകാര്യമായതു് കർത്തൃപാഠമായി സ്വീകരിച്ചു പ്രസിദ്ധീകരിക്കുന്നതാണ്

സംശോധിത സംസ്കരണം. ഗ്രന്ഥകാരൻ എഴുതിയിരിക്കാൻ ഇടയുള്ള പാഠം കണ്ടെത്തുകയാണ് ഇവിടെ പ്രസാധകൻെറ ചുമതല. ഊഹാപോഹ വിചക്ഷണനായ ഒരു ഗവേഷകനു മാത്രമേ ഈ കൃത്യം കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുകയുള്ളു. ഒരേ ഒരു പകർപ്പു മാത്രം കൈവശമുള്ളപ്പോൾ പ്രസാധനക്രിയ കൂടുതൽ ദുഷ്കരമാവുന്നു. ഭാഷയുടെയും സാഹിത്യത്തിൻെറയും ചരിത്രം, കൃതി എഴുതപ്പെട്ട കാലം, ആ നൂററാണ്ടിലെ ഭാഷയുടെ സ്വരൂപം, സമകാലിക കൃതികൾ, വിവർത്തനമോ സംക്ഷേപണമോ മറേറാ ആണെങ്കിൽ ആധാരഗ്രന്ഥം ഇവയെക്കുറിച്ചുള്ള കൃത്യമായ ധാരണയും സ്വന്തം പാണ്ഡിത്യവും വിദ്വത്സുഹൃത്തുക്കളിൽ നിന്നു കിട്ടുന്ന സഹായവും എല്ലാം ചേർന്നു വേണം ആ കൃതി വെളിച്ചം കാണിക്കാൻ. എന്നിട്ടും തീരാത്ത സംശയങ്ങൾ അങ്ങനെ തന്നെ അവതരിപ്പിക്കുന്നതായിരിക്കും നല്ലതു്. താളിയോല ഗ്രന്ഥങ്ങളിൽ ചിഹ്നനം ഉപയോഗിക്കുകയോ പദം തിരിച്ചെഴുതുകയോ പതിവില്ല. മലയാളത്തിൽ എകാരോകാരങ്ങൾക്കു ഹ്രസ്വദീർഘഭേദം കാണിക്കാറില്ല. ഒരു ഗ്രന്ഥം പ്രസിദ്ധീകരണത്തിന് ഒരുക്കുമ്പോൾ ഇവയെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പുസ്തകരൂപത്തിലും മാസികാരൂപത്തിലും ഹസ്തലിഖിതഗ്രന്ഥശാലയിൽ നിന്നു കൃതികൾ അച്ചടിക്കാറുണ്ട്. ഭാസനാടകചക്രം വഴി 'ട്രാവൻകൂർ സാൻസ്ക്രിററ് സീരീസ്' ആഗോളവ്യാപകമായ ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ട്. മലയാള സാഹിത്യചരിത്രത്തിലെ നാഴികക്കല്ലുകളായ പല കൃതികളും പുറത്തു കൊണ്ടു വന്ന 'ട്രാവൻകൂർ മലയാളം സീരീസ്' തുല്യപ്രാധാന്യം അർഹിക്കുന്നു. ഈയിടെ 'കേരള സർവ്വകലാശാലാ തമിഴ് സീരീസ്' എന്നൊരു പരമ്പരകൂടി ആരംഭിച്ചിട്ടുണ്ട്. മൂന്നിലും കൂടി ഇതേവരെ നാനൂറിൽ പരം ഗ്രന്ഥങ്ങൾ വെളിയിൽ വന്നിട്ടുണ്ട്. എന്നാൽ ഇന്നിവയിൽ പലതും വാങ്ങാൻ കിട്ടാതായിട്ടുണ്ട്. മലയാളത്തിലും സംസ്കൃതത്തിലും ഉള്ള ലഘുകൃതികളും ഗവേഷണമൂല്യമുള്ള ലേഖനങ്ങളും പ്രസിദ്ധീകരിക്കാനാണ് ഇവിടുത്തെ മാസികകൾ ഉപയോഗപ്പെടുത്തുന്നതു്. സംസ്കൃതവും ഇംഗ്ലീഷും ചേർന്ന് 'ജേണൽ ഓഫ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി' 1945 ലും മലയാളത്തിലുള്ള 'ഭാഷാത്രൈമാസികം 1950–ലും ആരംഭിച്ചു. പിൽക്കാലത്തു് ഇവയുടെ പേർ യഥാക്രമം 'ജേണൽ ഓഫ് മാനു

സ്ക്രിപ്റ്റ്സ് സ്റ്റഡീസ്" എന്നും 'പ്രാചീനകൈരളി' എന്നും മാററുകയുണ്ടായി. തുടക്കത്തിൽ രണ്ടും ത്രൈമാസിക ങ്ങറം ആയിരുന്നെങ്കിലും ഇടയ്ക്ക് ഷാൺമാസികവും പലപ്പോഴും വാർഷികവും ആയി മാറാറുണ്ട്.

ഈ ഗ്രന്ഥശാലയുടെ ഭരണപരവും വിദ്യാഭ്യാസ പരവു മായ നേതൃസ്ഥാനം ഡോ. രാഘവൻപിള്ള ഇരുപത്തിരണ്ടു സംവത്സരം അലംകരിച്ചു. താളിയോല ഗ്രന്ഥങ്ങറം ശേഖരി ക്കുന്നതിനുവേണ്ടി ഓരോ താലൂക്കിലുമുള്ള താസീൽദാർമാർക്ക് കത്തെഴുതി അവരുടെ സഹായം തേടിയതായി ഇവിടെ രേഖ കറം ഉണ്ട്. അതുപോലെ സമാനസ്വഭാവമുള്ള സ്ഥാപനങ്ങ ളുടെ പ്രവർത്തനരീതി മനസ്സിലാക്കുവാൻ അവയുമായി കത്തി ടപാടുകറം നടത്തിയതായും കാണുന്നു.

ഗവേഷണത്തിനു നേതൃത്വം നല്കുകയും അതു 'കോ–ഓർ ഡിനേററു്' ചെയ്യുകയും ഇവിടെ അവശ്യകത്തവ്യമാണ്. ആദ്യം തന്നെ പ്രസിദ്ധീകരണാർഹങ്ങളായ ഗ്രന്ഥങ്ങറം തെരഞ്ഞെടു ക്കണം. അതിൽ ഓരോന്നും എഡിററു ചെയ്യാൻ തക്ക പാണ്ഡി ത്യവും പ്രയത്നശേഷിയും ഉള്ളവരെ കണ്ടുപിടിച്ച് ഏല്പിക്കണം. ഓരോ ഘട്ടത്തിലും അവർക്കു മാർഗ്ഗനിർദ്ദേശം നൽകണം. അ ച്ചടിക്കുന്ന ഘട്ടത്തിൽപോലും അതിൻെറ സാങ്കേതികവും അ ല്ലാത്തതും ആയ വശങ്ങളിൽ ശ്രദ്ധിക്കണം. ഇത്രയും ചെയ്താൽ മാത്രമേ സമൂഹത്തോടുള്ള കടമ നിറവേററി എന്നു പറയുവാൻ പററുകയുള്ളൂ.

രാമചരിതം, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്, എഴുത്തച്ഛൻെറ മഹാഭാരതം തുടങ്ങിയ ഗ്രന്ഥങ്ങളുടെ ധാരാളം പകർപ്പുകറം ഹസ്തലിഖിത ഗ്രന്ഥശാല യിൽ ഉണ്ട്. ഇവയുടെ സംശോധിത സംസ്കരണം തയ്യാറാ ക്കുന്ന ജോലി ഒരാറം ചെയ്യുന്നതിനുപകരം പലർചേന്നു ചെയ്യു ന്നതായിരിക്കും അഭികാമ്യവും പ്രായോഗികവും. ഇവിടെ സഹ പ്രവർത്തകരുടെ പരസ്പര സഹകരണം ഉറപ്പുവരുത്താനുള്ള ചുമ തലയും സ്ഥാപനത്തിൻെറ അദ്ധ്യക്ഷനിൽ വന്നുചേരുന്നു.

ജേണൽ ഓഫ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ 14 വാല്യങ്ങറം ഡോ. രാഘവൻപിള്ള പ്രസാധനം ചെയ്തിട്ടുണ്ട്. (ക്യൂറേറർ ആയിരുന്ന കാലത്ത് അദ്ദേഹം പത്രാധിപ സമിതി

അംഗം മാത്രമായിരുന്നു.) ഇവയിലെല്ലാംകൂടി 39 ലക്കങ്ങൾ വെളിച്ചം കണ്ടു. സംസ്കൃത ഗ്രന്ഥങ്ങൾ, പ്രബന്ധങ്ങൾ, ഗ്രന്ഥവിമർശനം എന്നിവയാണ് ഇവയുടെ സാമാന്യമായ ഉള്ളടക്കം. ഇവയിൽ ഓരോന്നിലും ശരാശരി നാലു സംസ്കൃതകൃതികൾ വീതം അച്ചടിച്ചു കാണുന്നു. (ചിലതു ഖണ്ഡശഃ പ്രസിദ്ധീകരിക്കാറുണ്ട്.) മററുള്ളവർ എഴുതിയതു കൂടാതെ ഡോ. രാഘവൻ പിള്ളയുടെ തന്നെ പ്രബന്ധങ്ങളും അദ്ദേഹം നടത്തിയ ഗ്രന്ഥനിരൂപണങ്ങളും ചില ലക്കങ്ങളിൽ കാണുന്നു. സ്വാമി വിശ്വാനന്ദയുടെ Spiritual Science, ഡോ. വി. രാഘവന്റെ സാഹിത്യ രത്നകോശ എന്നിവയാണ നിരൂപണ വിധേയമായ ഗ്രന്ഥങ്ങളിൽ ചിലതു്. പതിമൂന്നാം വാല്യത്തിൽ (നമ്പർ 2) കെ.സി. കെ. ഇ. രാജാ, ഡോ. സി. കുഞ്ഞൻ രാജാ എന്നിവരെ സംബന്ധിച്ച ചരമക്കുറിപ്പുകൾ ഡോ. രാഘവൻ പിള്ള എഴുതിയിരിക്കുന്നു. All India Oriental Conference-ൽ ഡോ. രാഘവൻപിള്ള അവതരിപ്പിച്ച ചില പ്രബന്ധങ്ങളും ഇവയിൽ അച്ചടിച്ചിട്ടുണ്ട്. The Concept of Samrambhayoga in Hindu Thought അത്തരത്തിൽ ഒന്നാണ്. ശിശുപാലൻ, ഹിരണ്യകശിപു, രാവണൻ മുതലായവർ ഈശ്വരനെ ഏകാഗ്രമനസ്സോടെ ദ്വേഷിച്ചതിന്റെ ഫലമായി അതിവേഗം മുക്തിക്കർഹരായിത്തീർന്നു എന്നതാണ് ഇതിൽ ചർച്ച ചെയ്തിരിക്കുന്നത്. പതിനേഴാം വാല്യത്തിൽ ചേർത്ത A note on the man- Pole Burden sign in the Mohenjodaro inscription എന്ന ലേഖനം മോഹൻ ജൊദാരോ പണ്ഡിതന്മാരുടെ ശ്രദ്ധ പിടിച്ചുപററിയ ഒന്നാണ്. 1971-ൽ ഡോ. അസ്കോ പർപോളയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു വന്ന ഫിന്നിഷ് ടീമിന്റെ മുമ്പിൽ അവതരിപ്പിച്ചതാണ് ഇതിലെ പ്രധാന നിഗമനങ്ങൾ. ഇതു ബഹുവചന സൂചകമാണെന്നു ഫിന്നിഷ് ടീം പറയുന്നതിനോടു യോജിച്ചുകൊണ്ടു ചില സുപ്രധാന നിരീക്ഷണങ്ങൾ നടത്തിയിരിക്കുന്നു. അവയിൽ ചിലതു താഴെ ചേർക്കാം: (1) ദ്രാവിഡ വ്യാകരണ സങ്കല്പമനുസരിച്ചുള്ള ബഹുത്വം സൂചിപ്പിക്കുന്ന ചിഹ്നമാണ് ഇതു്. (2) ദ്രാവിഡത്തിൽ ബഹുവചനം രണ്ടിൽ ആരംഭിക്കുന്നതിന്റെ പ്രതീകമായി കാവിലെ രണ്ടു ഭാരം എടുക്കാം.

(3) ദ്രാവിഡത്തിൽ ബഹുവചനം മനുഷ്യനോടു ബന്ധപ്പെട്ടതാണ് എന്നൂഹിക്കാൻ ആംരൂപം വക നൽകുന്നു.

(4) പ്രോട്ടോ ദ്രാവിഡബഹുവചനം ആം/അം ആകാം. ഇന്നു കാണുന്ന കൾ/ഗൾ എന്നിവയിലെ ക, ഗ ഇടനിലയായി വന്നു ചേർന്നതായിരിക്കണം.

Adjectives in Malayalam എന്ന പ്രബന്ധവും ഓറിയൻറൽ കോൺഫറൻസിൽ അവതരിപ്പിച്ചതു തന്നെ. മലയാളത്തിൽ നാമവിശേഷണം എന്നൊന്നില്ല എന്നു സ്ഥാപിക്കുന്ന ഈ പ്രബന്ധത്തിൽ തത്കർത്തൃകോപജ്ഞമായ ചോദ്യോത്തര പരീക്ഷാസമ്പ്രദായം (Question and answer test) പ്രയോഗിച്ചതായി പറഞ്ഞിട്ടുണ്ട്. കാംഡ്വല്ലിൻെറയും എ. ആർ. രാജരാജവർമ്മയുടെയും പഠനങ്ങൾ പ്രധാനമായും വരമൊഴിയെ ആസ്പദമാക്കിയിട്ടുള്ളതാണെന്നും വാമൊഴികൂടി പരിഗണിച്ചാൽ മാത്രമേ ഭാഷാപഠനം പൂർണ്ണമാവുകയുള്ളൂ എന്നും പ്രബന്ധകാരൻ നിരീക്ഷിച്ചിരിക്കുന്നു. രൂപകസമീക്ഷ നിരൂപണം ചെയ്തിട്ടുള്ളതും ജേണലിൽത്തന്നെ.

ഭാഷാത്രൈമാസികം എട്ടാം വാല്യം മുതലാണു ഡോ. രാഘവൻപിള്ള എഡിററു ചെയ്യാൻ തുടങ്ങിയത്. പതിനേഴു വരെ അദ്ദേഹം പ്രസാധനം ചെയ്തു. ആകെ പത്തു വാല്യം. മലയാളത്തിലുള്ള ഹസ്തലിഖിത കൃതികളും പ്രബന്ധങ്ങളുമാണ് ഇതിൻെറ ഉള്ളടക്കം. ശരാശരി അഞ്ചിൽ മീതെ കൃതികൾ ഓരോ ലക്കത്തിലും ചേർത്തു കാണുന്നു. ട്രിവാൻഡ്രം സാൻസ്ക്രിററ് സീരീസിൽ 202 മുതൽ 251 വരെ 51 കൃതികളും ട്രിവാൻഡ്രം മലയാളം സീരീസിൽ 99 മുതൽ 141 വരെ 43 കൃതികളും ഡോ. രാഘവൻപിള്ള എഡിററു ചെയ്തിട്ടുണ്ട്. ആകെ നൂറോളം വരുന്ന ഈ കൃതികൾ പ്രസിദ്ധീകരണത്തിനു തയ്യാറാക്കുവാൻ അദ്ദേഹത്തെ സഹായിച്ച സഹപ്രവർത്തകരുടെ പേരുകൾ ഓരോ കൃതിയുടെയും മുഖവുരയിൽ ചേർത്തിട്ടുണ്ട്. പകർത്തി എഴുതുമ്പോൾ വരുന്ന സംശയങ്ങൾ തീർത്തു കൊടുക്കുക, പാഠഭേദങ്ങളിൽ കൂടുതൽ നല്ലത് ഏതെന്നു നിർണ്ണയിക്കാൻ സഹായിക്കുക, അനേകം പകർപ്പുകളിൽനിന്നു മാതൃകാഗ്രന്ഥം തിരഞ്ഞെടുക്കാനും ഗ്രന്ഥങ്ങളുടെ ശാഖകൾ കണ്ടെത്താനും മാർഗ്ഗനിർദ്ദേശം നല്കുക തുടങ്ങി പണ്ഡി

തമാത്രസാദ്ധ്യമായ കൃത്യമാണ് ജനറൽ എഡിററർ എന്ന നിലയിൽ ഡോ. രാഘവൻപിള്ള നിർവഹിച്ചിട്ടുള്ളത്. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം വെളിച്ചം കാണിച്ച ഗ്രന്ഥങ്ങളുടെ സ്വഭാവം അറിയാൻവേണ്ടി കുറെ എണ്ണത്തിന്റെ പേരുകൾ മാത്രം പറയുന്നു. സന്ദേശചതുഷ്ടയം, ഭാഗവതചമ്പൂ, കരണോത്തമം, പ്രബന്ധസമാഹാരം, ശ്രീചിഹ്നകാവ്യം, കൃഷ്ണീയം, മൂഷികവംശം, ധാതുരത്നാവലി ആചാരസംഗ്രഹം എന്നിങ്ങനെ വിവിധശാസ്ത്രശാഖകൾ സ്പർശിക്കുന്നതാണ് സംസ്കൃതഗ്രന്ഥങ്ങൾ. കുതാശപ്പാന, അശ്വചികിത്സ, അപ്രകാശിതങ്ങളായ ആട്ടക്കഥകൾ, അഷ്ടപദി ആട്ടപ്രകാരം, ലഘുഹോരാവിവരണം, കണ്ണശ്ശരാമായണം, സാമുദ്രികാസാരം, ദ്വാദശവർണകം, ഭാഷാശില്പശില്പരത്നം എന്നീ മലയാളകൃതികൾ വിഷയവൈവിദ്ധ്യത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല.

സംസ്കൃതകൃതികളിൽ മൂഷികവംശം ആദ്യം ട്രാവൻകൂർ സാൻസ്ക്രിററ് സീരീസിൽ പ്രസിദ്ധം ചെയ്തശേഷം ഡോ. രാഘവൻപിള്ള തന്നെ തയ്യാറാക്കിയ വിവർത്തനത്തോടുകൂടി കേരളസർവ്വകലാശാലയുടെ പ്രകാശനവിഭാഗത്തിൽ നിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. കൽഹണന്റെ രാജതരംഗിണിപോലെ ചരിത്രപ്രാധാന്യമുള്ള ഒരു കൃതിയാണിതു്. മൂഷികവംശം എലിയിൽ നിന്നുത്ഭവിച്ചതായാലും, വാക കൊടിയടയാളമായിട്ടുള്ള രാജാക്കന്മാരുടെ ചരിത്രമായാലും രാമഘടമൂഷികനിൽ നിന്നുതുടങ്ങുന്നഒരുരാജപരമ്പരയെപ്പററി നമുക്കിതിൽ വായിക്കാം. തോലന്റേതെന്നു വിശ്വസിക്കപ്പെടുന്ന ഈ ഗ്രന്ഥത്തിന്റെ താളിയോലപ്പകർപ്പു പല സ്ഥലത്തും പൊടിഞ്ഞു പോയതിനാൽ പ്രസാധനകർമ്മം വളരെ പ്രയാസമുള്ളതായിത്തീർന്നു. അതുകൊണ്ടു തന്നെ വിവർത്തനവും ബുദ്ധിമുട്ടുള്ളതായിത്തീരുന്നു. പൊടിഞ്ഞു പോയസ്ഥലത്തു് ഇന്നതായിരിക്കാമെന്ന് ഊഹിച്ചെടുത്തു് അതുംകൂടി ചേർത്താണ് വിവർത്തനം നടത്തിയിരിക്കുന്നതു്. കാളിദാസന്റെ ഒരു കൃതി ഭാഷാന്തരീകരിക്കുന്നതുപോലെ അല്ല ഇതിന്റെ വിവർത്തനകർമ്മം. കാളിദാസകൃതികളുടെ താത്പര്യം വ്യാഖ്യാനങ്ങളുടെ സഹായത്തോടെ എളുപ്പം നിർണ്ണയിക്കാം. മാത്രമല്ല പഠിച്ചും പഠിപ്പിച്ചും അവ

യോടൊരു ഹൃദയൈക്യം മിക്കവർക്കും സിദ്ധിച്ചു കാണും. അവ വിവർത്തനം ചെയ്യുക എന്നു പറഞ്ഞാൽ ഉള്ളിൽ ഉള്ള ഒരാശയം സ്വന്തം ഭാഷയിൽ പകർത്തുക എന്നാണർത്ഥം. ഇവിടെ ഓരോ പദ്യത്തിൻെറയും താത്പര്യം കണ്ടെത്താൻ തന്നെ പ്രയാസമായിരിക്കുന്നു. അതു കഴിഞ്ഞിട്ടാണല്ലൊ അതു ഹൃദയത്തിൽ പതിയുക. ഏറെ നേരത്തെ മനനത്തിനുശേഷം മാത്രമേ ഓരോ പദ്യവും ഭാഷാന്തരീകരിക്കാൻ പററുകയുള്ളൂ എന്നു ചുരുക്കം. അങ്ങനെ കുറെച്ചേറെ മുഷിഞ്ഞിരുന്നു ചെയ്യേണ്ട ഒരു കൃത്യമായിത്തീരുന്നു ഈ വിവർത്തനം. സാധാരണ നിശിത ബുദ്ധികളായ പലരും ഇത്തരം മുഷിപ്പൻ പണികളിൽ വ്യാപരിക്കാറില്ല. ഡോ. രാഘവൻപിള്ള നിശിതബുദ്ധി ആയിരുന്നിട്ടും മുഷിവു സഹിച്ചതിൻെറ തെളിവാണ് മൂഷികവംശ വിവർത്തനം.

ഹസ്തലിഖിത ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ ഗ്രന്ഥസൂചികളുടെ പ്രകാശനത്തിനും വളരെ പ്രധാനമായ ഒരു പങ്കുണ്ട്. അക്കാര്യത്തിലും ഡോ. രാഘവൻപിള്ളയുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ സംശോധിത സംസ്കരണം, ഗ്രന്ഥസൂചി എന്നിവ തയ്യാറാക്കൽ, ജേണലുകളുടെയും പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം, ഹസ്തലിഖിതങ്ങൾ ശേഖരിക്കുക, സംരക്ഷിക്കുക, എന്നീ കാര്യങ്ങളിൽ അനിതരസാധാരണമായ അനുഭവജ്ഞാനം നേടിക്കൊണ്ടാണ് ഡോ. രാഘവൻപിള്ള 1980-ൽ ഈ സ്ഥാപനത്തിൽനിന്നു വിരമിച്ചത്.

കൂപ്പുകൈ

ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻനായർ

യൂണിവേഴ്സിററി കോളേജിൽ ഞാൻ എം. ഏ യ്ക്കു പഠിക്കുന്ന കാലം. കോളേജു വളപ്പിലൂടെ ഡോക്ടർ രാഘവൻ പിള്ളയെന്ന കൊച്ചുമനുഷ്യൻ നടന്നു പോകുന്നതു് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. പരിചയപ്പെട്ടിട്ടില്ല. അങ്ങനെയിരിക്കെ ഒരു സ്കൂൾ വാർഷികത്തിൽ അദ്ദേഹത്തോടൊപ്പം പങ്കെടുക്കുവാൻ എനിക്കും ഒരവസരം കിട്ടി. അദ്ദേഹം അദ്ധ്യക്ഷനായിരുന്നു. പരിപാടികളെല്ലാം കഴിഞ്ഞ് യാത്രയ്ക്കുള്ള ഒരുക്കമായി. എല്ലാവരും കാറിൽ കയറി യാത്ര തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു. ''അനിയൻ എന്തു ചെയ്യുന്നു, വീടു് എവിടെയാണു്'' എന്നിങ്ങനെ ഏതാനും ചോദ്യങ്ങൾ. അതിവിനയത്തോടെ ഞാൻ അതിനെല്ലാം ഉത്തരം പറഞ്ഞു. വീട്ടുപടിക്കൽ കാറു നിറുത്തി ഇറങ്ങാൻ നേരത്ത് ഡോക്ടർ എന്നോടു പറഞ്ഞു ''എന്റെ ഡിപ്പാർട്ടുമെൻറ് അറിയാമല്ലൊ, വല്ലപ്പോഴും അതിലേ വരണം.'' ഞാൻ സമ്മതിച്ചു.

അന്നു് ആ യാത്രയിൽ എന്നെ ''അനിയൻ'' എന്നു സംബോധന ചെയ്തു് ഡോക്ടർ സംസാരിച്ചപ്പോൾ ആ വിളിയിൽ ജനനാന്തരസൗഹൃദത്തിന്റെ ഭാവസ്ഫൂർത്തിയാണു് എനിക്കനുഭവപ്പെട്ടതു്. കാരണം, അതിനുമുമ്പ് എന്റെ ചേട്ടന്മാരല്ലാതെ ആരും അങ്ങനെ വിളിച്ചു കേട്ടിട്ടില്ലതന്നെ.

അവിടെ നിന്നിങ്ങോട്ട് മുപ്പതിലേറെ വഷക്കാലം ഞാൻ അദ്ദേഹത്തിൻെറ അനുജനും സുഹൃത്തും സഹപ്രവർത്തകനുമൊക്കെയായിരുന്നു. കൂടുതൽ കൂടുതൽ ഞങ്ങടം അടുത്തു. അപ്പോഠം ഉരസലുകളും ഏററുമുട്ടലുകളും അതോടൊപ്പം വദ്ധിച്ചു. എങ്കിലും ഈ അനിയനെ അദ്ദേഹം ഉപേക്ഷിച്ചില്ല, അനിയൻ ചേട്ടനേയും. കൃത്യമായി പറഞ്ഞാൽ ഗുരുകല്പനായ ചേട്ടനെ.

ഇന്ന് ഡോക്ടർ രാഘവൻ പിള്ള നമ്മോടൊപ്പം ജീവിക്കുന്നില്ല. എന്നാലും അദ്ദേഹത്തെ ഞാൻ സ്നേഹിക്കുന്നു. ബഹുമാനിക്കുന്നു, ആരാധിക്കുന്നു. ഇതൊരു വ്യക്തിപൂജയല്ല. വ്യക്തിത്വപൂജയാണെന്നു കരുതുന്നതിൽ അപാകതയില്ല.

എനിക്കു വ്യക്തമായും കൃത്യമായും പറയുവാൻ കഴിയും. ആ കൊച്ചുമനുഷ്യൻ ഒരു വലിയ ഹൃദയത്തിൻെറ ഉടമയായിരുന്നെന്ന്. ഒന്നിനോടും അമിതമായ ആസക്തിയോ വിരക്തിയോ പ്രകടിപ്പിക്കാത്ത എപ്പോഴും പ്രകടിപ്പിച്ചിരുന്ന അസഹിഷ്ണുതയാണ് അദ്ദേഹത്തിൻെറ വ്യക്തിത്വം വെളിപ്പെടുത്തുന്ന പ്രത്യേകത. ഏതു മഹാസദസ്സിലും അതികായനായ ഒരു പണ്ഡിതനെന്നു മററുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു് ഏതാനും നിമിഷങ്ങഠം മതിയാകും. അപൂർവ്വതയുടെ ദ്രഷ്ടാവും ഉചിതജ്ഞനായ സ്രഷ്ടാവുമാണ് കവിയെങ്കിൽ ഡോക്ടർ രാഘവൻപിള്ള ഒരു മഹാകവിയാണ്. ആ പ്രതിഭാശാലിയിൽ നിലീനമായ സഹൃദയത്വം സാഹിത്യമൂല്യനിർണ്ണയത്തിനു ശ്രമിക്കുമ്പോഠം അദ്ദേഹം ശൈലീധനനായ ഒരു വിമർശകനായി മാറുന്നു.

ഹസ്തലിഖിത ഗ്രന്ഥശാലയുടെ തലവനെന്ന നിലയിൽ തൊണ്ണൂറിൽപരം അപൂർവ്വഗ്രന്ഥങ്ങളുടെ പ്രകാശനത്തിനു് അദ്ദേഹം വഴിതെളിച്ചിട്ടുണ്ട്. കൂടാതെ ഒട്ടേറെ പ്രബന്ധങ്ങളും നിരൂപണഗ്രന്ഥങ്ങളും അദ്ദേഹത്തിൻേറതായുണ്ട്. മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകഠം ഒരുപോലെ അയത്നലളിതമായി കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തെപ്പോലെ കഴിവുററ മറെറാരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. ഇതൊക്കെയാണെങ്കിലും ആ മനുഷ്യൻ താൻ എന്തിൻെറയെങ്കിലും ഉടമയാണെന്ന് കരുതിയിരുന്നില്ല തന്നെ.

മരിക്കുംവരെ ശക്തമായ തൻെറ തൂലിക ചലിപ്പിച്ചുകൊണ്ടിരുന്ന ഡോക്ടർ രാഘവൻപിള്ള എന്നും ഒരു വിജ്ഞാനകുതുകിയായിരുന്നു. ആ മഹത്തായ വ്യക്തിത്വത്തിനു മുന്നിൽ ഈ അനിയൻെറ കൂപ്പുകൈ.

ഭാഗം രണ്ട്

ഭാഷ
സാഹിത്യം
സംസ്കാരം

ഡോ. രാഘവൻ പിള്ളയുടെ കർണ്ണഭൂഷണവിവർത്തനം

ഡോക്ടർ വി. ആർ. പ്രബോധചന്ദ്രൻ

'കൈരളിയുടെ കർണപുണ്യം' എന്ന് സഞ്ജയൻ വിശേഷിപ്പിച്ച ഉള്ളൂരിന്റെ കർണഭൂഷണത്തിന്ന് ഡോ. കെ. രാഘവൻ പിള്ള ഇംഗ്ലീഷുപരിഭാഷ തയ്യാറാക്കിക്കൊണ്ടിരുന്ന കാലത്തു് (1977) അദ്ദേഹത്തോടു സഹവസിക്കാൻ എനിക്കു ഭാഗ്യമുണ്ടായി. അദ്ദേഹം ഡയറക്ടറായിരുന്ന കേരള സർവകലാശാലയിലെ പൗരസ്ത്യ ഗവേഷണ കേന്ദ്രവും ഹസ്തലിഖിതഗ്രന്ഥാലയവും അന്നു പ്രവർത്തിച്ചിരുന്നതു് കാര്യവട്ടത്തെ പൗരസ്ത്യ വിഭാഗമന്ദിരത്തിന്റെ ഒന്നാം നിലയിലായിരുന്നു; ഭാഷാശാസ്ത്രവിഭാഗമാകട്ടെ രണ്ടാം നിലയിലും. ഉച്ചയ്ക്കു് ഊണുകഴിഞ്ഞ് ഒഴിവു കിട്ടുമ്പോഴൊക്കെ മിക്ക ദിവസങ്ങളിലും ഞാൻ അദ്ദേഹത്തെ ചെന്നു കാണും; 'വീട്ടിൽ കൊണ്ടുപോയി വായിച്ച് അഭിപ്രായം പറയണം' എന്ന നിർദ്ദേശത്തോടെ ഓരോ ഖണ്ഡത്തിന്റെയും തർജ്ജമ അദ്ദേഹം എന്നെ ഏല്പിക്കും; അടുത്ത തവണ കാണുമ്പോൾ ഏതേതു ഭാഗങ്ങൾ എന്തുകൊണ്ട് എനിക്കു രുചിച്ചില്ല എന്ന് അദ്ദേഹം എന്നിൽ നിന്നു മനസ്സിലാക്കും. തനിക്കും കൂടി ബോധ്യപ്പെട്ട ഭാഗങ്ങളിൽ അദ്ദേഹം പലപ്പോഴും വാക്കുകളോ വരികളോ മാററിയെഴുതും; ബോധ്യം

വരാത്ത ഭാഗങ്ങളിൽ എന്താണ് അങ്ങനെ എഴുതിയത് എന്നു വിശദീകരിക്കുകയും ചെയ്യും– അതായിരുന്നു പതിവ്.

മൂലലേഖകന്ന് തന്നോടു തന്നെയാണ് ഉത്തരവാദിത്വമെങ്കിൽ പരിഭാഷകന്ന് മൂലലേഖകൻെറയും തൻെറയും സ്വത്വത്തോട് ഒരേസമയം നീതി പുലർത്തേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. പരിഭാഷകൻ എന്ന നിലയിലുള്ള തൻെറ പല പണിപ്പുരരഹസ്യങ്ങളും എനിക്ക് അനാവരണം ചെയ്തു കാണിച്ചുതരാൻ അദ്ദേഹം തയ്യാറായി. പ്രയുക്ത ഭാഷാശാസ്ത്രത്തിൽ ഉൾപ്പെട്ട വിവർത്തനത്തിൻെറ തത്ത്വങ്ങളും പ്രയോഗവും ബിരുദാനന്തര വിദ്യാർത്ഥികളെ പരിശീലിപ്പിക്കുമ്പോൾ ഡോ. രാഘവൻ പിള്ളയുടെ കർണഭൂഷണവിവർത്തനം പരിശോധിച്ചതിൽ നിന്നു ലഭിച്ച പല ഉൾക്കാഴ്ചകളും എനിക്കു സഹായകമായിട്ടുണ്ട്.

'കർണഭൂഷണ'ത്തിലെ ഉദാത്തമായ കാവ്യശൈലി ഇംഗ്ലീഷിലേക്കു പകർത്തേണ്ടതു് മിൽട്ടൻെറ Paradise Lost എന്ന വിഖ്യാത കൃതിയിലേതു പോലുള്ള പ്രൗഢമായ ശൈലിയിൽത്തന്നെ വേണം എന്നദ്ദേഹം തീരുമാനിച്ചു. വൃത്തം, പ്രാസം, വാക്യഘടന, പദാവലി, പദങ്ങളുടെ സഹസ്ഥിതി (Collocation), അലങ്കാരം, ആപ്തവാക്യപ്രായമായ പ്രയോഗവിശേഷങ്ങൾ എന്നിങ്ങനെയുള്ള കാവ്യഭാഷയുടെ എല്ലാ അംഗങ്ങളിലും പരിഭാഷകൻെറ സൂക്ഷ്മദൃഷ്ടി ചെന്നെത്തിയേ തീരൂ. ഇവയിൽ ഒരംശത്തിലും ഒട്ടും അശ്രദ്ധ രാഘവൻ പിള്ളയിൽ നിന്നുണ്ടായിട്ടില്ല എന്ന് കർണഭൂഷണത്തിൻെറ മൂലവും പരിഭാഷയും താരതമ്യപ്പെടുത്തി നോക്കുന്നവർക്കു ബോധ്യമാവും.

കർണഭൂഷണ പരിഭാഷയിലെ ബഹുഭൂരിപക്ഷം ഖണ്ഡങ്ങളും വൃത്തനിബദ്ധമാണ്. വൃത്തനിബദ്ധത ഉള്ളൂർക്കവിതാപരിഭാഷയിൽ അനുപേക്ഷണീയമായ ഒരു ഗുണമാണല്ലോ. ഏറിയകൂറും താളാത്മകവുമായിട്ടുണ്ട് രാഘവൻ പിള്ളയുടെ വരികൾ.

പ്രാസപക്ഷപാതികളുടെ പരാജയത്തിൽ കലാശിച്ചു എന്ന് സാഹിത്യചരിത്രാവലോകനങ്ങളിൽ രേഖപ്പെടുത്താറുള്ള ദ്വിതീയാക്ഷരപ്രാസവാദത്തിനു ശേഷം എത്രയോ പതിററാണ്ടുകൾ കടന്നു പോയി! എന്നിട്ടും വൃത്തനിബദ്ധമായ കവിതാ

പംക്തികൾക്ക് ദ്വിതീയാക്ഷരപ്രാസം മൂഖേന ലഭിക്കുന്ന ശ്രുപ ഭദ്രത ഒന്നു വേറെ തന്നെയെന്ന് ഭാഷാകവിതാ രംഗത്ത് ഇന്നും തുടരെ വ്യക്തമായിക്കൊണ്ടിരിക്കയാണല്ലോ. വൃത്തബദ്ധമായ ഇംഗ്ലീഷു കവിതയിൽ ഇതേ തരത്തിലുള്ള ധർമ്മം നിർവ്വഹിക്കുന്നത് അന്ത്യാക്ഷരപ്രാസമാണ് എന്നതിനെപ്പററി രാഘവൻപിള്ളയ്ക്ക് സംശയമുണ്ടായിരുന്നില്ല. അതിൻെറ ലക്ഷ്യങ്ങൾ കർണഭൂഷണ പരിഭാഷയിൽ ഉടനീളം കാണാം.

The Lord in whom a world of brightness stays
Was soon to shed his wealth of golden rays
Even as Karna, that most majestic King
Would give his wealth to those who came seeking (1)

എന്നിങ്ങനെയാണ് ആ പരിഭാഷയുടെ ഗതി. എന്നാൽ, കവിതയുടെ ശ്വാസം പോയാലും പ്രാസം പോവരുത് എന്ന ശാഠ്യം അദ്ദേഹത്തില്ല.

The night would soon embrace the days brightness
As the Yamuna meets the celestial bay

എന്ന ആദ്യത്തെ ഈരടിതന്നെ നോക്കുക

കർണ്ണഭൂഷണം എന്ന കാവ്യനാമം The Ornaments of Karna എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതിൽ നിന്നുതന്നെ വിവർത്തനസമമൂല്യതയെപ്പററി രാഘവൻപിള്ളയ്ക്കുണ്ടായിരുന്ന സങ്കല്പം വ്യക്തമാവുന്നു. വാക്കിനു വാക്ക് എന്നതല്ല അദ്ദേഹത്തിൻെറ പരിഭാഷാരീതി. മൂലപാഠത്തിലെ ആശയത്തിനും ഭാവത്തിനും സമമൂല്യമായ ലക്ഷ്യപാഠം മെനഞ്ഞെടുക്കുക എന്ന ഉത്തരവാദിത്വബോധമുള്ള പരിഭാഷകൻെറ സമ്പ്രദായമാണ് അദ്ദേഹത്തിനു സ്വീകാര്യം. അതിനാലാണ് 'ഭൂഷണം' എന്ന ഏകവചനത്തിനു പകരം ornaments എന്ന ബഹുവചനം പ്രയോഗിക്കാൻ അദ്ദേഹം മടിക്കാഞ്ഞത്. കർണ്ണൻെറ കവചത്തെയും കുണ്ഡലങ്ങളെയും ഒരേ സമയം പരാമർശിക്കുന്നതിന് Ornaments എന്നുതന്നെ വേണം ഇംഗ്ലീഷിൽ. Karna's ornament എന്നായിരുന്നുവെങ്കിലോ? പദാനുപദത്വം മാത്രമല്ല, ഘടനാസാമ്യം എന്ന മെച്ചവും ആ പരിഭാഷയ്ക്ക് അവകാശപ്പെടാമായിരുന്നു.

ധർമക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുത്സവഃ
മാമകാഃ പാണ്ഡവാശ്ചൈവ
കിമകുർവത സഞ്ജയ?

എന്ന ഭഗവദ്ഗീതാ പ്രാരംഭപദ്യത്തിനു്

ധർമക്ഷേത്രം കുരുക്ഷേത്രം
പുക്ക പോരിന്നൊരുങ്ങിയോർ
എന്മക്കളും പണ്ഡവന്മാരും
എന്തേ ചെയ്തതു സഞ്ജയ?

എന്നു് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചമച്ച പരിഭാഷയെ കടത്തിവെട്ടുന്ന രൂപഭദ്രത ആ കാവ്യനാമത്തിൽ ഉരംച്ചേരുമായിരുന്നു. എന്നാൽ, പരിഭാഷയ്ക്കു മെച്ചമിയററുന്നവ എന്നംഗീകരിക്കാനാവാത്ത വെറും സവിശേഷതകൾ മാത്രമേ ആവൂ ഇവയെല്ലാമെന്ന വസ്തുത ശ്രദ്ധേയമത്രേ.

The Ornaments of Karna എന്ന ശീർഷകമാകട്ടെ കാവ്യഭാവത്തോടും ഇംഗ്ലീഷിൻെറ സ്വാഭാവികഘടനയോടും കൂടുതൽ ഒത്തിണങ്ങിപ്പോവുകയും ചെയ്യുന്നു.

ഭൂമയിൽത്തൻ വസു ഭൂകാററായ് മേൽക്കുമേൽ
ധാമനിധിയായ ദേവൻ വീണ്ടും

എന്ന 'കർണഭൂഷണ'ത്തിലെ രണ്ടാമത്തെ ഈരടി തന്നെ ഏതു പരിഭാഷകൻെറയും കൃതഹസ്തതയുടെ മാററുരച്ചുനോക്കാൻ പോന്നതത്രേ. വിശുദ്ധിയാർന്ന കിരണങ്ങളും ധനവും ആവശ്യത്തിലേറെ ദാനം ചെയ്യാൻ ഉന്നി നില്ക്കുന്നവരാണ് സൂര്യനും കർണനും. ആ രണ്ടുപേരെയും ഒരേ സമയം തിരനീക്കി കാണിക്കുന്ന ഉള്ളൂരിൻെറ പ്രസക്തവരികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിന് രാഘവൻ പിള്ള നാലു വരികൾ ഉപയോഗിക്കുന്നു.

മൂലഭാഷാപാഠത്തിൻെറ നേരേ ഇരട്ടിയാവും ലക്ഷ്യഭാഷാപാഠത്തിൻെറ വലുപ്പം എന്നു വരുന്നതു് സാധാരണ സന്ദർഭങ്ങളിലാണെങ്കിൽ നല്ല പരിഭാഷയുടെ ലക്ഷണമല്ല. എന്നാൽ, അത്തരം വിപുലനം പ്രസക്തം എന്നു മാത്രമല്ല അനുപേക്ഷണീയം എന്നു തന്നെ പറയാവുന്ന ഒരു സന്ദർഭമാണിതു്.

ഉള്ളൂരിന്റെ ശ്ലേഷപ്രയോഗങ്ങളിൽപ്പലതും രാഘവൻ പിള്ള പരിഭാഷപ്പെടുത്തിയിട്ടുള്ളത് മൂലപാഠത്തിലെ ഭിന്നാർഥകപദങ്ങളെ രൂപഭേദമൊന്നും വരുത്താതെ ലക്ഷ്യപാഠത്തിൽ ഇണക്കിച്ചേർത്തു കൊണ്ടാണ്.

ഉദാ: വാനത്തിൽ പത്രികൾ
.........തങ്ങളിൽ നോക്കുന്നു;
--- ......പേർത്തും പതങ്ഗൗഘ-
സങ്കടം താൻ പതങ്ഗാന്തർധാനം (887-890)

The patangas looked at each other
Worried that Patanga was not seen (30)

'സൂര്യൻ' എന്ന സംജ്ഞാനാമാർഥത്തോടു കൂടി ഇംഗ്ലീഷിൽ പതംഗശബ്ദം പ്രയോഗിക്കുമ്പോൾ P വലിയ അക്ഷരത്തിലെഴുതാനും, 'പക്ഷികൾ' എന്ന സാമാന്യമാർഥത്തിൽ അതേ പദം പ്രയോഗിക്കുമ്പോൾ p എഴുതുന്നത് ചെറിയ അക്ഷരത്തിലാക്കാനും പരിഭാഷകൻ ശ്രദ്ധിക്കുന്നു. ലക്ഷ്യഭാഷയുടെ വൈഭവങ്ങളിൽ ഒന്നുപോലും പാഴായിപ്പോകാതെ സൂക്ഷിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശ്രദ്ധയുടെ സദ്ഫലങ്ങൾ ഒന്നു മാത്രമാണിതു്.

സംസ്കൃതസാഹിത്യത്തിലെ ആയിരക്കണക്കിനു കൃതികൾക്ക് ഇംഗ്ലീഷിലുണ്ടായ വിവർത്തനങ്ങളിലും വ്യാഖ്യാനങ്ങളിലും കൂടി ഒട്ടേറെ ഭാരതീയപദങ്ങളും പ്രയോഗങ്ങളും ഇടകലർന്നു ഇടയ്ക്കു പ്രത്യക്ഷപ്പെടുന്ന ഒരു പ്രത്യേകതരം ഇംഗ്ലീഷു തന്നെ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ഇംഗ്ലീഷിന്റെ ആ ഉപഭാഷാവിശേഷമാണ് കർണഭൂഷണ പരിഭാഷയിൽ കാണ്മാനുള്ളതു്.

This noble king of sprawling mandalas
Has his ears ashine with kundalas
Like two Visakha stars alike ablaze,
That serve on the two sides of his moon-face

[മണ്ഡലം വാഴ്ലുമാരാജാവിൻ കർണങ്ങൾ
മണ്ഡനം ചെയ്തിടും കുണ്ഡലങ്ങൾ
സേവിപ്പൂ പാർശ്വത്തിൽ തദ്വക്ത്രചന്ദ്രനെ
ശ്രീ വിശാഖോഡുക്കളെന്നപോലെ (41-44)

He is the brilliant son of Bharata
A first child born to unwed Pritha
[സാക്ഷാൽ – ഭാരതമാതാവിൻ ഭാസ്വൽസൂനു;
കന്യപൃഥയ്ക്കു കടിഞ്ഞൂൽക്കിടാവ്... 59, 60,69]

peacock- feather magic
[പിഞ്ഛികക്കൊണ്ടുള്ള ജാലം 553]

garden of the life- renewing plant
[മൃതസഞ്ജീവിന്യാരാമം 697]

thorn- shrub- grown waste land
[പാഴ്മുരംച്ചെടിക്കാട് 698]

sweetness- loving bee
[മധുരപ്രിയമായ ഭൃംഗം 522]

tongue's vina- strings
[ജിഹ്വയാം വീണ തൻ കമ്പികൾ 271–'2]

that Vishnu- hating son of the blind man
[ആ വിഷ്ണു വൈരിയാമന്ധതനൂജന് 289]

എന്നിങ്ങനെ മേൽപ്പറഞ്ഞ ഉപഭാഷയുടെ പ്രത്യേകതകളാവഹിക്കുന്ന വരികൾ ഈ പരിഭാഷയിൽ ഒട്ടേറെയുണ്ട്. ഈ ഭാഷാസവിശേഷതകളെ മറികടന്ന് കാവ്യാനുഭൂതിയിൽ എത്തിപ്പിടിക്കാൻ തക്കസിദ്ധികളാർന്ന അനുവാചകർ എത്ര വിരളം എന്ന് ആരും ഇവിടെ ഓർത്തു പോവും. കേരളീയവും ഭാരതീയവുമായ വസ്തുതകളിൽ നമ്മെക്കാൾ ആഴത്തിലും പരപ്പിലും പ്രസരിക്കുന്ന താത്പര്യം പുലർത്തുന്ന സഹൃദയരും പണ്ഡിതരും ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി കുറെപ്പേരെങ്കിലുമുണ്ട്. അവരെ മുന്നിൽ കണ്ടുകൊണ്ടാണു രാഘവൻ പിള്ള ഈ പരിഭാഷ തയ്യാറാക്കിയിട്ടുള്ളത്. അർത്ഥക്ലേശമുളവാകാമെന്നു തോന്നിയ ഘട്ടങ്ങളിൽ യഥോചിതം വിശദീകരണക്കുറിപ്പുകൾ എഴുതിച്ചേർക്കാനും അദ്ദേഹം വിട്ടുപോയില്ല.

'വിവർത്തനത്തിൽ നഷ്ടമാവുന്നതെന്തോ അതാണു കവിത' എന്നു കർണഭൂഷണപരിഭാഷ വായിക്കുന്നവർക്കു തോന്നുകയില്ല. ഉള്ളൂർ കവിതയുടെ വിജയവൈജയന്തി മിന്നിത്തിള

ങ്ങുന്ന ഈരടികളിൽക്കൂടി അടിപതറാതെ തന്നെ ഈ പരിഭാഷ കന്ന് മുന്നേറാൻ കഴിയുന്നു.

When the baby was born the girl frightened
And ashamed, put it in a box of light-wood,
Locked it and floated it first in the stream
Of her own tears and then in the Aswa stream,
As if she thought that precious jewel
Belonged to the ocean where all jewels dwell:
And I distant and fettered by my job
watched how that box bathed in the light of the babe
Inside, was carried by Charmanvati,
Yamuna and Ganga in sympathy
By turn to champa on their ripple-hands
Their bangles decked with diamonds of foam-strands
And then that shining box, thus reached the hand
Of Radha of the chariot-driver's clan. (10)

എന്നിങ്ങനെ മൂലകവിയുടെ കാൽനഖേന്ദു മരീചികനം പിൻതുടരുന്നതിൽ രാഘവൻ പിള്ള ശ്ലാഘനീയമായ വിജയം വരിച്ചിട്ടുള്ള ഭാഗങ്ങളാണ് പ്രകൃതകൃതിയിൽ അധികവും.

കൂടിക്കിടപ്പുതുണ്ടിന്നന്മയൊന്നെന്നിൽ
കോടക്കാർകൊണ്ടലിൽ മിന്നൽ പോലെ (171–2)

എന്ന ഈരടിയെ അദ്ദേഹം

It's my virtue like a dark cloud's lightning

എന്ന് ഒററവരിയിൽ ഒതുക്കുന്നു.

പാലാഴിപ്പൈതലാം പാരിജാതത്തെയോ
കാലിക്കുളമ്പുചാൽ പെററിടുന്നു? (191–'2)

എന്ന ഭാഗം ലക്ഷ്യപാഠത്തിലെ ഈരടിയിൽ നിറഞ്ഞു നില്ക്കാൻ പാകത്തിൽ തെല്ലൊന്നു വികസിപ്പിച്ച്

You think a cattle- path will fashion
what celestial tree born of the milk-ocean?

എന്നാകുന്നു.

ഞാനാണീയെൻ കണ്ണന്നാനകദുന്ദുഭി;
ന്യൂനമധിരഥൻ നന്ദഗോപൻ. (208-'9)
എന്ന വരികൾ പരാവർത്തനം ചെയ്ത്
I was the Vasudeva in your case;
Adhiratha's role was Nandagopa's

എന്നു രൂപാന്തരണം ചെയ്യുന്നു.

അച്ഛരനബ്ഭദ്രന്നു താനെന്നു പേർത്തുമേർ-
ത്തജ്ജഗച്ച ക്ഷുസ്സൊരല്പനേരം
സർവവും വിസ്മരിച്ചങ്ങനെ നിന്നുപോയ്
നിർവൃതിമണ്ഡലമധ്യവർത്തി (179-182)

എന്ന ഭാഗം

In this joy of fulfilment he stood there
For a moment

എന്നു തർജ്ജമ ചെയ്തപ്പോഴത്തെപ്പോലെ വല്ല മൂലപാഠാംശങ്ങളും അദ്ദേഹം വിട്ടു കളഞ്ഞിട്ടുണ്ടെങ്കിൽ അതു് ഓർക്കാപ്പുറത്തു സംഭവിച്ചതല്ല; കുറച്ചെങ്കിലും ഒന്നു കാച്ചിക്കുറുക്കരുതോ ഉള്ളൂരിന്റെ ഈരടികൾ എന്നു് ചിന്തിച്ചു പോയതുകൊണ്ടാണ്.

ഉള്ളൂരിന്റെ 'കർണഭൂഷണം' രാഘവൻ പിള്ളയുടെ ശേമുഷീ മൂശയിൽ ഏറെനാൾകിടന്നു് ഉരുകിമറിഞ്ഞതിൽപ്പിന്നീട് ആവുന്നത്ര ഇംഗ്ളീഷ് ഭാഷയ്ക്കിണങ്ങും വിധം രൂപഭേദത്തോടുകൂടി പുനരവതരിച്ചതാണ് The ornaments of Karna. ഈ വസ്തുത ബോധ്യപ്പെടുത്തുന്നതിനു് നാലാം ഖണ്ഡത്തിൽ കർണനെ 'സാക്ഷാൽ ഭാരതമാതാവിൻ ഭാസ്വൽ സൂനു' എന്നു തുടങ്ങി 'ആ നവ്യജീമൂതവാഹനൻ' എന്നു വരെയുള്ള ഒമ്പതു വിശേഷണങ്ങളിലൂടെ ഉള്ളൂർ സാധിക്കുന്ന കർണാവതരണവും ആ ഘട്ടം പരിഭാഷയിൽ ഉരുവപ്പെട്ടിട്ടുള്ളതു് എങ്ങനെ എന്നതും താരതമ്യപ്പെടുത്തി നോക്കിയാൽമതിയാകും.

അർത്ഥത്തിൻെറ അതിർത്തികൾ - ഒരു പഠനം

ഡോ. എം. ലീലാവതി

നല്ലൊരു സാഹിത്യനിർമാതാവാകാൻ എന്തൊക്കെ സിദ്ധികറം വേണമോ അവയൊക്കെയും (ശക്തി, നിപുണത, ഭാവുകത) അതിന്നും പുറമെ നിരന്തരമായ കാവ്യാനുശീലനാഭ്യാസാദികളിലൂടെ വളർത്തിക്കൊണ്ടു വരേണ്ടുന്ന ഹൃദയസംവാദക്ഷമതയും ഉള്ള വ്യക്തിയേ നല്ലൊരു നിരൂപകനാവൂ. അയാറം സഹൃദയനായ ഒരു വായനക്കാരനായാൽ മാത്രം പോരാ, നിർമാതാവ് കണ്ടതെല്ലാം ഒപ്പം സഞ്ചരിച്ചു കാണുകയും അത്രയ്ക്കും വിദഗ്ദ്ധരല്ലാത്തവർക്കു് കാണിച്ചു കൊടുക്കുകയും വേണം. നിർമാതാവ് കണ്ടതു് എന്നതിന് അദ്ദേഹം കണ്ടെന്ന് വിശ്വസിക്കുന്നതു് എന്നു മാത്രമല്ല അർത്ഥം. നിർമാതാവിന്നു പോലും പൂർണമായി അപഗ്രഥിക്കാൻ കഴിയാത്ത അർത്ഥമാനങ്ങറം ചിലപ്പോറം അയാളവതരിപ്പിക്കുന്ന അനുഭൂതികറംക്കുണ്ടായെന്നു വരും. അവ കൂടി കണ്ടെത്താൻ സഹായിക്കുന്ന ഉറംക്കാഴ്ചയുണ്ടാകണം നിരൂപകന്നു്. എണ്ണപ്പെട്ട ഒരു നിരൂപകനാകണമെങ്കിൽ ഏറെറടുക്കേണ്ട ചുമതല ചെറുതല്ലെന്നർത്ഥം. ഈ ചുമതലയെപ്പററി ബോധമുണ്ടായിരുന്നതിനാൽ പണ്ടുകാലത്തു് നമ്മുടെ നാട്ടിൽ നിരൂപകരുടെ സ്ഥാനം വഹിച്ചിരുന്ന വ്യാഖ്യാതാക്കറം അത്യധികം വിനീതരായിരുന്നു. തങ്ങറം സാഹിത്യ

കാരന്മാരെ സൃഷ്ടിക്കുന്നവരും സംരക്ഷിക്കുന്നവരും സംഹരിക്കുന്നവരും ആണെന്ന ഭാവമൊന്നും അവക്കില്ലായിരുന്നു. എന്നാൽ പുററിനെ പർവ്വതമാക്കാനും പർവ്വതത്തെ പുററാക്കാനും വേണ്ടുന്ന സൃഷ്ടിസംഹാരവൈഭവങ്ങളോടെ പാശ്ചാത്യരാജ്യങ്ങളിൽ നിരൂപണം വികസിച്ചതിനൊപ്പം അതിൽനിന്നും പ്രചോദനം കൊണ്ട പൗരസ്ത്യരും ആ വൈഭവങ്ങൾ പ്രകാശിപ്പിക്കാൻ തുടങ്ങി. ശക്തരായ നിരൂപകർക്കു് നിർമ്മാതാക്കളെ വളർത്താനും തളർത്താനും കഴിയും എന്ന അവസ്ഥ നിലവിൽ വന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണവും പ്രചാരവും സ്വാധീനശക്തിയും അടിക്കടി വികസിച്ചു വന്നതോടെ നിരൂപകരുടെ ആധിപത്യവും വികസിച്ചു. കക്ഷികൾ അഭിഭാഷകരെ ഏർപ്പെടുത്തും പോലെ ചില ചില നിർമാതാക്കൾ അവതാരികകളിലൂടെയും നിരൂപണങ്ങളിലൂടെയും തങ്ങളുടെ കേസ്സു വാദിക്കാൻ നിരൂപകരെ ഏർപ്പെടുത്താൻ തുടങ്ങി. പ്രതിഫലം പററാത്ത സേവനമാകയാൽ ഇതു് നിരൂപകരുടെ പ്രാധാന്യം വദ്ധിപ്പിച്ചു. ക്രമേണ സമാനമായ അഭിരുചിയോടു കൂടിയ നിർമാതാക്കളും നിരൂപകരും കൂടിച്ചേർന്നു് ചില ഗണങ്ങളും 'സ്കൂളു'കളുമൊക്കെ രൂപപ്പെടാനിടയായി. മനുഷ്യജീവിതത്തോടു് ബന്ധപ്പെട്ട ഒന്നും തന്നെ സാഹിത്യത്തിനന്യമല്ല എന്നതിനാൽ ജീവിതത്തിൻെറ വികാസപരിണാമങ്ങളോടു് പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട എല്ലാ പ്രവർത്തനമണ്ഡലങ്ങളും സാഹിത്യവീക്ഷണത്തെ സ്വാധീനിക്കുന്നതും അനിവാര്യമാണു്. വിഭിന്നങ്ങളായ ജീവിത തത്ത്വശാസ്ത്രങ്ങളും പ്രത്യയശാസ്ത്രങ്ങളും വളർന്നു വന്നപ്പോൾ നിർമ്മാതാക്കളും നിരൂപകരും അവയിലേതിനോടാണു് കൂറു പുലർത്തുന്നതെന്ന വസ്തുതയും ഗണപരമായ ധ്രുവീകരണത്തിനു് നിയാമകമായിത്തീർന്നു. സാഹിത്യത്തെ സാഹിത്യേതരമായ തത്പരതകൾ കൊണ്ടു് അളക്കാനും മൂല്യം നിർണയിക്കാനുമുള്ള പ്രവണത ഈ സ്ഥിതിവിശേഷത്തിൻെറ സ്വാഭാവികമായ ഉത്പന്നമാണു്. ഇപ്രകാരം മൂല്യനിർണയ പദ്ധതികൾ വളരെ സങ്കീണ്ണമായിത്തീന്നിരിക്കുന്ന ഒരു കാലഘട്ടത്തിലാണു നാം നില്ക്കുന്നതു്. ഈ സങ്കീർണ്ണത പ്രസവിച്ചുകൂട്ടിയിട്ടുള്ള അനർത്ഥങ്ങൾ കുറച്ചല്ല എന്നിരിക്കെ അവയിൽ നിന്നൊഴിഞ്ഞുമാറി സ്ഥിരപ്രജ്ഞതയോടെയും ദൃഢവിശ്വാസത്തോടെയും

തീക്ഷ്ണമായ അന്വേഷണതൃഷ്ണയോടെയും പരമാർത്ഥത്തിൻെറ അതിർത്തികളിലേക്കുള്ള പ്രയാണം ഏറ്റെടുത്തിരിക്കുന്ന ഒരു പക്വമതിയെ കണ്ടുമുട്ടുക എന്നതു് ആഹ്ലാദകരമാണു്. 'അർത്ഥത്തിൻെറ അതിർത്തികളെ'ന്ന ഗ്രന്ഥം നിങ്ങരംക്കു് ആ ആഹ്ലാദം സമ്മാനിക്കുമെന്നു് ഉത്തമവിശ്വാസത്തോടെ ഞാൻ ഉറപ്പു തരുന്നു. ഇതിനു് ഗ്രന്ഥകർത്താവു് എനിക്കു് വക്കാലത്തു തന്നിട്ടൊന്നുമില്ല. രണ്ടു ഡോക്ടർമാർ യോജിക്കുകയില്ലെന്ന ചൊല്ലു് ചികത്സയുടെ കാര്യത്തിൽ മാത്രമല്ല മാത്സര്യം അതിനെക്കാരം കുറവല്ലാത്ത നിരൂപണമേഖലയിലും പ്രായേണ ശരിയാണു്. എങ്കിലും ഡോ. രാഘവൻപിള്ളയുടെ ചികിത്സയില്ലാത്ത നിരൂപണപദ്ധതി തികച്ചും ആദരണീയമായി തോന്നിയതുകൊണ്ടാണു് അദ്ദേഹം വക്കാലത്ത് ഏല്പിക്കാതെ തന്നെ ഞാൻ മുൻപറഞ്ഞ ഉറപ്പു് തരുന്നതു്. ഈ ഉറപ്പു് 'കുറച്ചു് ഉപ്പിട്ടു സ്വീകരിക്കണ'മോ അതോ അതിന്നടിയിൽ ഒപ്പിട്ടു് കൊടുക്കാമോ എന്നു് പുസ്തകം വായിച്ചിട്ടു് നിശ്ചയിക്കുക.

ഡോ. രാഘവൻപിള്ളയ്ക്കു് ഉറച്ച അഭിപ്രായങ്ങളുണ്ടു്. എന്നാൽ മർക്കടമുഷ്ടിയെന്നു വിളിക്കാവുന്ന കടുംപിടുത്തങ്ങളില്ല. ''എന്നെ സ്നേഹിക്കുന്നെങ്കിൽ എൻെറ പട്ടിയെയും സ്നേഹിക്കുക'' എന്നു് വാശി പിടിക്കുന്നവരോടു്, ''നിങ്ങളോടെനിക്കു മമതയുണ്ടു്—പക്ഷേ, പട്ടി നിങ്ങരംക്കു തന്നെയിരിക്കട്ടെ'' എന്നു് തീർത്തുരയ്ക്കാനദ്ദേഹത്തിനു ശങ്കയില്ല. എങ്കിലും ''നിങ്ങളുടെ പട്ടിയെ ഞാൻ വെറുക്കുന്നു—അതുകൊണ്ടു തന്നെ നിങ്ങളെയും വെറുക്കുന്നു'' എന്നും പറയുകയില്ല. മാത്രമല്ല വെറുപ്പിക്കുന്ന പട്ടിയെ വെറുപ്പിക്കാതിരിക്കാൻ വഴിയുണ്ടോ എന്നന്വേഷിക്കാനുള്ള ഉദാരതയും അദ്ദേഹത്തിന്നുണ്ടു്. ഈ ഉദാരതയും പക്വതയും കടുംപിടുത്തങ്ങളില്ലായ്കയും നിമിത്തം തീവ്രപ്രണയങ്ങളോ തീക്ഷ്ണവിദ്വേഷങ്ങളോ കൂടാതെ സാഹിത്യത്തെ മനസ്സിലാക്കാനും അന്യർക്കു മനസ്സിലാക്കിക്കൊടുക്കാനും അദ്ദേഹത്തിന്നു കഴിയുന്നു. അക്കാരണം കൊണ്ടുതന്നെ സ്കൂളുകരംക്കും ഗണങ്ങരംക്കും അതീതനായി നിലകൊള്ളുകയും ചെയ്യുന്നു. ചുവന്ന താടിയുടെ ഗർജ്ജനം ഇവിടെയില്ല. മിനുക്കു വേഷത്തിൽ പ്രണയദൗത്യം നിർവ്വഹിക്കുന്നുമില്ല. ഈ അന്തസ്സു് അദ്ദേഹത്തിൻെറ തലമുറയിൽ അദ്ദേഹത്തിന്നു മാത്രമുള്ളതാ

ണെന്നും ഞാൻ പറയുകയില്ല. അദ്ദേഹത്തെപ്പോലെ വേറെയും നാലഞ്ചുപേരുണ്ടെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു വസ്തുതയിൽ ഡോ. രാഘവൻപിള്ള മികച്ചു നില്ക്കുന്നു–ആധുനികസാഹിത്യത്തോടുള്ള നിറഞ്ഞ ഹൃദയസംവാദത്തിൽ. അതിലെ ഭാവതലത്തെയും അതിനോടു ബന്ധപ്പെട്ട തത്ത്വശാസ്ത്രങ്ങളെയും ഉൾക്കൊള്ളാൻ വേണ്ടുന്ന ഭാവുകതയും സന്നദ്ധതയും സജ്ജീകരണവും ആ തലമുറയിൽ അദ്ദേഹത്തോളം മററാർക്കുമില്ല. അസ്തിത്വദർശനത്തെപ്പററി ലളിതമായി പ്രതിപാദിക്കുന്ന ആധികാരികമായ ഏക മലയാള ഗ്രന്ഥം അദ്ദേഹത്തിൻേറതാണല്ലോ. ആധുനിക സാഹിത്യത്തോട് പൂർവവിദ്വേഷമില്ലാതിരിക്കണമെങ്കിൽ അതിനോടു ബന്ധപ്പെട്ട തത്ത്വശാസ്ത്രങ്ങളിൽ അവഗാഹം വേണം. അത് ഡോ. രാഘവൻപിള്ളയ്ക്കുണ്ട്. ഇതുപോലെ വ്യത്യസ്തമായ സമീപനരീതികൾ ആവശ്യപ്പെടുന്ന ഇതര സാഹിത്യരൂപങ്ങളോട് ഹൃദയസംവാദമുണ്ടാകണമെങ്കിൽ അതിനു സഹായകമായ സജ്ജീകരണങ്ങളും വേണം. ഡോ. രാഘവൻ പിള്ളയ്ക്ക് അതുമുണ്ട്. സംസ്കൃതത്തിലും ഇംഗ്ലീഷിലും ഒരുപോലെ പാണ്ഡിത്യം നേടാൻ സഹായിച്ച വിദ്യാഭ്യാസം മാത്രമല്ല പഴയതിനോടും പുതിയതിനോടും ഹൃദയസംവാദം ഉളവാക്കാൻ സഹായിച്ച ഭാവുകതയും കൂടിയാണ് അദ്ദേഹത്തെപ്പോലുള്ളവർക്ക് സിദ്ധിച്ച അനുഗ്രഹങ്ങൾ. ഈ അനുഗ്രഹങ്ങൾ സമ്പൂർണമായി പ്രയോജനപ്പെടുത്തുന്നതിൽ നിന്ന് അദ്ദേഹത്തെപ്പോലുള്ളവരെ ചിലപ്പോൾ അകററി നിർത്തിയത് അലസതയായിരുന്നു. ഖ്യാതിയോട് കൂടുതൽ അഭിനിവേശമുണ്ടായിരുന്നെങ്കിൽ അത് അലസതയെ പടികടത്തി വിട്ടേനേ. ഖ്യാതിവിമുഖത ഒരു ദോഷമായി ആരും കണക്കാക്കാറില്ലെങ്കിലും അലസതയെ ഒരു മേന്മയായി ഗണിക്കാനും നിവൃത്തിയില്ല.

മുപ്പത്തിയഞ്ച് ലേഖനങ്ങളുടെ സമാഹാരമായ ഗ്രന്ഥത്തിലെ ഈ പ്രതിപാദ്യങ്ങൾക്കുള്ള വൈവിദ്ധ്യം നോക്കിയാൽ വിഭവസമൃദ്ധിയെപ്പററി മുമ്പു സൂചിപ്പിച്ച വസ്തുത ആർക്കും ബോദ്ധ്യപ്പെടും. അരവിന്ദൻെറ ദർശനം, കാളിദാസകവിത, മലയാളകവിതയിലെ പുതുപരീക്ഷണങ്ങൾ, എൻ. കൃഷ്ണ

പിള്ളയുടെയും സി.ജെ. തോമസിന്റെയും കൈനിക്കരയുടെയും നാടകങ്ങൾ, കവിത്രയത്തിന്റെ കവിത, അയ്യക്തിനാടകങ്ങൾ, പുതിയ റഷ്യൻ സാഹിത്യം, ഭർത്തൃഹരിയുടെ സ്പോടദർശനം, മലയാളവ്യാകരണം, മോഹൻ ജോദാരോ ലിപി ഇത്രയേറെ വൈവിധ്യമാന്ന വിഷയസഞ്ചയത്തെപ്പററി ആധികാരികമായി പ്രതിപാദിക്കാൻ കഴിയത്തക്കവണ്ണം പഠിപ്പും അറിവും ഭാവുകത്വവും ഒത്തിണങ്ങിയവർ കേരളത്തിൽ അതിപരിമിതമാണ്. പഠിപ്പുള്ളവക്ക് ഭാവുകത്വമാഴം പോരാ– ഭാവുകതയുള്ളവക്ക് പഠിപ്പിന്റെ വ്യാപ്തി പോരാ—ഇതാണു പൊതുനില. സംകൃത പണ്ഡിതന്മാർ ഇംഗ്ലീഷിനെ ഹൂണഭാഷയായും യൂറോപ്യൻ സാഹിത്യത്തെ നികൃഷ്ടമായും കരുതുക; ഇംഗ്ലീഷ് പണ്ഡിതന്മാർ സംസ്കൃതത്തെ മൃതമായ അടിമഭാഷ (വെർണാകുലർ)യായി പരിവർജ്ജിക്കുക– ഈ പ്രവണത കിഴക്കും പടിഞ്ഞാറും തമ്മിൽ സമ്പർക്കജന്യമായ വിലയനത്തിന്നുള്ള സാഹചര്യത്തെ പരിമിതമാക്കി. രണ്ടും ഒരുപോലെ കൈയാളുന്നവർക്കാകട്ടെ വിജ്ഞാനശാഖകളിലോ സാഹിത്യശാഖകളിലോ ചിലതിനോടു മാത്രം ആഭിമുഖ്യമുണ്ടാവുക എന്ന മറെറാരു പരിമിതിയും ഉണ്ടാവാം. സാഹിത്യത്തിൽ കവിത, നാടകം, കഥ, നോവൽ, നിരൂപണം എന്നീ ശാഖകളോടെല്ലാം ഒരുപോലെ ആഭിമുഖ്യമുണ്ടാവുക; വിജ്ഞാനശാഖകളിൽ തത്ത്വശാസ്ത്രം, വ്യാകരണം ലിപിവിജ്ഞാനം, മനോവിജ്ഞാനം, ഇവയൊക്കെ പഠിക്കാനുള്ള താത്പര്യമുണ്ടാവുക– ഇമ്മാതിരി ഒരു യോഗം (Combination) അത്യന്തവിരളം തന്നെ. ആ വിരളയോഗം ആണ് സരളാകാരം പൂണ്ട് ഡോ. രാഘവൻ പിള്ളയുടെ വാങ്മയത്തിൽ പ്രത്യക്ഷപ്പെടുന്നത്. കുറച്ചുമുമ്പ് അലസതയെപ്പററി പറഞ്ഞുവല്ലോ. എഴുതുന്നതിലുള്ള അലസത വായനയിലുള്ള ലാലസയുടെ അനിവാര്യഫലംകൂടിയാണെന്നു മോർക്കേണ്ടതുണ്ട്. അരവിന്ദൻ, കാളിദാസൻ, ഉള്ളൂര്, ആശാൻ, വള്ളത്തോൾ, ചങ്ങമ്പുഴ, ജി, മുണ്ടശ്ശേരി, കൃഷ്ണപിള്ള, തോമസ്, കൈനിക്കര, ഹാരോൾഡ് പിൻഡർ, സാമുവൽ ബെക്കററ്, ഭർത്തൃഹരി– നോക്കുക, സാഹിത്യലോകത്തിൽ ഇത്രയും വൈപുല്യവും വൈചിത്ര്യവുമുള്ള ഒരു കൂട്ടുകെട്ടുണ്ട് അദ്ദേഹത്തിന്ന്. പൂർവ്വവിദ്വേഷം കൂടാതെ ഏതു സാഹിത്യകാലഘട്ടത്തെയും സാഹിത്യപ്രസ്ഥാനത്തെയും സമീപിക്കാനുള്ള

ഹൃദയവിശാലത അദ്ദേഹത്തിനുണ്ടെന്ന് ഈ കൂട്ടുകെട്ടിനെ സാക്ഷിനിർത്തി ആണയിടാം. രസസിദ്ധാന്തത്തെയും അസ്തിത്വദർശനത്തെയും അബ്സേഡിസത്തെയുമെല്ലാം തുല്യമായ ഗൗരവത്തോടെ സമീപിക്കാനും പൂർവ്വനിശ്ചിതമല്ലാത്ത നിഗമനങ്ങളിലെത്താനും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നല്ലൊരു നിരൂപകൻെറ പരമോത്തമധർമ്മമാണ് ഈ ഉദാരത. ഇതിനെയാണ് ഉദാരതയെന്നു വിളിക്കേണ്ടതു്. അല്ലാതെ ആരെയെങ്കിലും അനർഹമായി പ്രശംസിക്കുന്നതിനെയല്ല. രണ്ടാമത്തെ അർത്ഥത്തിലുള്ള ഉദാരത അദ്ദേഹത്തിൻെറ രചനകളിലില്ല താനും. താൻ വസ്തുനിഷ്ഠമായി മുഖം നോക്കാതെ കാര്യങ്ങൾ പറഞ്ഞു പോകുന്നു. അതിൽ ചിലതു് പ്രശംസയായോ അഭിശംസയായോ തീരുന്നു എന്നൊരു ഭാവമാണ് അദ്ദേഹത്തിൻെറ രചനകളുടെ മുഖത്തു പതിഞ്ഞു കാണുന്നതു്.

മൂല്യനിർണയത്തിൽ മുഖ്യമാനദണ്ഡമായി അദ്ദേഹം കൈക്കൊള്ളുന്നതു് രസഭാവാവിഷ്കരണത്തിലുള്ള ജയാപജയങ്ങളെയാണ്. സർവ്വാശ്ലേഷകവും സാർവകാലികവുമായ ഒരു തത്ത്വമായി രസവാദത്തെ അദ്ദേഹം കാണുന്നു. ഇത് അദ്ദേഹം ഒരു സംസ്കൃതപണ്ഡിതനായതു കൊണ്ടല്ല. സാഹിത്യത്തിൻെറ ആസ്പദമായ മാനവമാനസഭാവങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടാണ് രസസിദ്ധാന്തം ആവിഷ്കരിച്ചിട്ടുള്ളതെന്നതു കൊണ്ടു മാത്രമാണ്.

പക്വത എല്ലായ്പോഴും പ്രകടനവിമുഖമായിരിക്കും. ആവേശവും ആക്രോശവും അതിനൊപ്പം സഞ്ചരിക്കുകയില്ല. എന്നാൽ വെളിച്ചപ്പാടുകളുടെയും തെയ്യങ്ങളുടെയും ചുവന്ന താടികളുടെയും പ്രേരണാശക്തികൾ നമ്മുടെ അധോമനസ്സിനെ ഭരിക്കുന്നതു കൊണ്ടായിരിക്കുമോ എന്നു തോന്നുമാറ് ആവേശം നിറഞ്ഞ വിധിനിഷേധങ്ങളോടും പ്രഖ്യാപനങ്ങളോടും ഒരാരാധനാഭാവം നാം സാഹിത്യനിരൂപണരംഗത്തും പുലർത്തിപ്പോന്നിട്ടുണ്ട്. ആവിഷ്ടതയുടെ കൂടെ പൊറുക്കുകയില്ല വസ്തുനിഷ്ഠത എന്ന പരമാർത്ഥം നാം പലപ്പോഴും മറക്കുന്നു. തന്നിമിത്തം ശബ്ദകോലാഹലത്തോടു കൂടിയ പ്രഖ്യാപനങ്ങളില്ലെങ്കിൽ നിരൂപണത്തിനു് ഉറപ്പ് പോരെന്നു് നാം തെററിദ്ധരിക്കയും ചെയ്യുന്നു. ഡോ. രാഘവൻപിള്ളയുടെയും അദ്ദേഹത്തെ

പ്പോലുള്ള മററു ചിലരുടെയും നിരൂപണങ്ങഠം ആഘാതങ്ങളോ പ്രകമ്പനങ്ങളോ ഉളവാക്കിയിട്ടില്ലെന്നു് ചിലർ കരുതുന്നത് അതു കൊണ്ടാണ്. അങ്ങനെ വിചാരിക്കുന്നവരെ പ്രീണിപ്പിക്കണമെന്ന ഉത്കണ്ഠ അദ്ദേഹത്തിനില്ല. ബോധപൂർവം ആ മാർഗ്ഗത്തെ ഒഴിവാക്കുന്നു. അതിലൂടെ സഞ്ചരിച്ചവർ കൺകെട്ടു വിദ്യകളിൽ വിജയിച്ചതുകൊണ്ട് കാണേണ്ടത് കാണേണ്ടപോലെ കണ്ടില്ലെന്നതിലും ചില നിർമാതാക്കഠംക്ക് അതു കൊണ്ട് അർഹിക്കാത്ത നഷ്ടം ഉണ്ടായെന്നതിലും അദ്ദേഹം പരിതപിക്കുന്നു. ഉള്ളൂരിൻെറ കവിതയെപ്പററിയുള്ള ചർച്ചയിൽ അദ്ദേഹം പറയുന്നത് കേഠംക്കുക: ബൗദ്ധികാശയങ്ങഠം കവിതയിൽ വരുന്നതിനോട് വൈമുഖ്യമുള്ള നിരൂപകൻ ''അതു് ഉറക്കെ വ്യാക്ഷേപക ശബ്ദങ്ങളുടെ അതിസാരത്തോടു കൂടിത്തന്നെ പ്രഖ്യാപനം ചെയ്തപ്പോഠം സാധാരണക്കാർ ഈ കവിയിൽ നിന്നു് അമ്പേ അകന്നുപോയി. പ്രഖ്യാപനം ചെയ്തപ്പോഠം എന്നു ഞാൻ പറഞ്ഞത് ബോധപൂർവമാണു്. നമ്മുടെ സാഹിത്യനിരൂപണം ഏറെയും ഒരു പ്രഖ്യാപന ഘോഷയാത്രയായിരുന്നല്ലോ, ഈ കഴിഞ്ഞ ഒന്നു രണ്ടു ദശകങ്ങളിൽ.'' (പേജ് 50) ഉള്ളൂരിൻെറ കവിതയെ ചില നിരൂപകർ മനഃപൂർവം 'ബ്ളാക്ക് ഔട്ട്'' ആക്കിയതുകൊണ്ടാണ് അതിനെ 'ബാക്ക് ഔട്ട്'' ചെയ്യേണ്ടിവന്നതെന്നു പറഞ്ഞാൽ മുഴുവൻ നേരാണെന്ന് 'പ്രഖ്യാപനങ്ങളിൽ' പങ്കാളിയായിട്ടില്ലാത്തവരും സമ്മതം മൂളുകയില്ല. ഭാവാവിഷ്കരണത്തിൽ വന്നുകൂടിയ പലതരം പാളിച്ചകളെ നിഷേധിക്കാൻ നിവൃത്തിയില്ല. എങ്കിലും ''കർണഭൂഷണത്തെപ്പോലുള്ള ഒരു കൃതിയിൽ സംഘർഷവും ചലനവും തരളങ്ങളായ മനുഷ്യബന്ധങ്ങളുടെ ഹൃദയസ്പർശിയായ ആവിഷ്കരണവും നിരൂപകൻ കാണാതെ പോകുന്നതും അതിൻെറമേൽ നിന്ദാവചനങ്ങഠം ചൊരിയുന്നതും'' നീതിമത്കരിക്കാവുന്നതല്ലെന്നു് ഡോ. രാഘവൻ പിള്ള പ്രസ്താവിക്കുമ്പോഠം സഹൃദയർ തികച്ചും അനുകൂലിക്കും. (പേജ് 51). ഉള്ളൂരിൻെറ പാണ്ഡിത്യത്തെപ്പററിയുള്ള നിരീക്ഷണങ്ങളോടും ഇതുപോലെ പകുതി ശരിവെക്കുകയും പകുതി എതിർക്കുകയുംചെയ്യുന്ന ഒരു സമീപനം മററു പലർക്കും കൈക്കൊള്ളേണ്ടി വരും. ആ കവിയുടെ പാണ്ഡിത്യത്തെ നിസ്സാരവത്കരിക്കുകയും നിന്ദിക്കുകയും ചെയ്ത നിരൂപകരുടെ

അനാസ്ഥ യത്നവൈമുഖ്യമെന്ന ദോഷത്തിൻെറ സന്തതികൂടിയാണെന്നതു് സത്യം തന്നെ. 'നനയാതെ മീൻ പിടിക്കാമോ?' എന്ന ചോദ്യം അവരോടു് ചോദിക്കാവുന്നതുമാണു്. ''അദ്ദേഹത്തിൻെറ കവിത മനസ്സിലാക്കാൻ–മനസ്സിലായിട്ടുണ്ടെങ്കിൽ–അവർക്കു് എടുക്കേണ്ടി വന്നിട്ടുള്ള സമയവും കുടിക്കേണ്ടി വന്നിട്ടുള്ള വെള്ളവും വലിക്കേണ്ടിവന്നിട്ടുള്ള പുകയും അവ എഴുതുവാൻ ആ മഹാകവിക്കു് വേണ്ടി വന്നിട്ടില്ല'' (പേജ് 36) എന്ന പരിഹാസം അവർ ചോദിച്ചു വാങ്ങിയതാണു്. ഗദ്യത്തിലും പദ്യത്തിലും അത്രയേറെ വിപുലമായ ഉദ്യമങ്ങാംക്കുടമയായ ഉള്ളൂരിനു് കവനകർമം തീർച്ചയായും ആയാസരഹിതമായിരിക്കണം. കടിച്ചുപിടിച്ചു് നാലുവരി ഒപ്പിക്കാൻ നാലു മണിക്കൂർ തപം ചെയ്യണമെന്നുണ്ടായിരുന്നെങ്കിൽ 'ഉമാകേരളം' പോലൊരു വലിയകാവ്യം അത്രവേഗത്തിലെഴുതിത്തീർക്കാൻ കഴിയുമായിരുന്നില്ലല്ലോ. (ഗൗരവമേറിയ ഔദ്യോഗിക കൃത്യനിർവഹണത്തിനു നീക്കിവെക്കേണ്ട സമയത്തിൽ നിന്നു് മോഷ്ടിച്ചെടുത്ത ചുരുങ്ങിയ സമയമേ കാവ്യനിർമാണത്തിനു ലഭിച്ചിരുന്നുള്ളു എന്നു കൂടി ഓർക്കണം.) കവനകർമം ആയാസരഹിതമായിരുന്നതുപോലെ, ഭാഷാപാണ്ഡിത്യത്തിൻെറ വ്യാപ്തി വിളിച്ചോതുന്ന ആ കവനശൈലിയും അനായാസമായി സ്വയമേവ ആഗതമായിരുന്നുവെന്നു് ഡോ. രാഘവൻ പിള്ള ചൂണ്ടിക്കാണിക്കുന്നതും ശരി തന്നെ. എന്നാൽ പണ്ഡിതനായിപ്പോയി എന്നതും ആ കാലഘട്ടം പാണ്ഡിത്യത്തെ അളവിൽക്കവിഞ്ഞു് ബഹുമാനിച്ചിരുന്നു എന്നതുമാണു് പലപ്പോഴും അദ്ദേഹത്തിൻെറ കവിതയ്ക്കു് പാണ്ഡിത്യഭാരം കൊണ്ടുള്ള മേദസ്വിനീത്വം നല്കിയതെന്ന സൂചന (പേജ് 35) മുഖവിലയ്ക്കെടുക്കാൻ നിവൃത്തിയില്ല. കാളിദാസൻ മാഘനെപ്പോലെയോ ഹർഷനെപ്പോലെയോ പാണ്ഡിത്യമില്ലാത്ത വ്യക്തിയായിപ്പോയതുകൊണ്ടാണു് അദ്ദേഹത്തിൻെറ കൃതികളിൽ ഭാവലാവണ്യത്തിനു് പ്രാധാന്യമുണ്ടായതെന്നും അതുണ്ടായതുകൊണ്ടാണു് അവരുടെ കൃതികളിൽ പാണ്ഡിത്യഭാരം മുന്നിട്ടു നില്ക്കുന്നതെന്നും പറഞ്ഞാൽ ശരിയാവുമോ? മാഘത്തിൽ നവസർഗങ്ങാം പഠിച്ചു കഴിയുമ്പോഴേക്കു് സംസ്കൃതത്തിൽ അറിയേണ്ട നവശബ്ദങ്ങാം ബാക്കിയുണ്ടാവില്ലെന്നു പറഞ്ഞാൽ അതൊരു ബഹുമതിയായി മാഘൻ കണക്കാക്കിയെന്നു വരാം.

പക്ഷേ, അമ്മാതിരി ഒരു പ്രശംസ ബഹുമതിയായി കരുതുന്നവരിൽ കാളിദാസൻ പെടില്ല. അദ്ദേഹത്തിന്റെ നോട്ടത്തിൽ പദപരിചയമുണ്ടാക്കിക്കൊടുക്കലല്ല രസാനുഭൂതി നല്കലായിരുന്നിരിക്കും കാവ്യലക്ഷ്യം. കവിത്രയത്തിന്റെ കാലഘട്ടത്തിൽ ഉള്ളൂരിന്റെ സമീപനരീതിയല്ല ആശാനും വള്ളത്തോളിനുമുണ്ടായിരുന്നതു്. പാണ്ഡിത്യമുള്ളവരെല്ലാം അതു് പ്രകടിപ്പിക്കുന്നതിൽ ഉത്സാഹം കാണിക്കുമെന്നോ പ്രകടനതൽപരയില്ലാത്തവർക്കു് പാണ്ഡിത്യമില്ലാത്തതാണിതിനു കാരണമെന്നോ ഒരു നിയമമായി പറയാൻ പററില്ല. 'പാണ്ഡിത്യത്തെ വിലമതിച്ച ഒരു പ്രബലസംഘമായിരുന്നു അദ്ദേഹത്തിനു് പിൻതുണയും പ്രചോദനവും നൽകിയതു്'' (പു.35) എന്നു പറയുന്നതിൽ കുഴപ്പമില്ല. എന്നാൽ ആ പ്രചോദകവലയത്തിൽ വെൺമണിക്കവികളെയും കുഞ്ഞിക്കുട്ടൻ തമ്പുരാനെയും ഉൾപ്പെടുത്തുന്നതിൽ കുഴപ്പമുണ്ടു്. ഉൾപ്പെടുത്തുന്നുവെന്നു് സംശയം തോന്നാതിരിക്കണമെങ്കിൽ കാവ്യഭാഷയെ സംബന്ധിച്ചിടത്തോളം രണ്ടു തരം പക്ഷപാതങ്ങൾ അക്കാലത്തു് നിലവിലുണ്ടായിരുന്നുവെന്നു് വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഏതു സൃഷ്ടിശക്തിയുടെ തേജസ്സിനെയും അതിൻേറതുമാത്രമായ അന്തരീക്ഷത്തിലും അതു ഏതിൽ കറങ്ങുന്നുവോ ആ സൗരയൂഥത്തിലും നിർത്തിത്തന്നെ പരിശോധിച്ചു് തനതായ ധർമ്മങ്ങൾ കണ്ടെത്തണമെന്ന നിഷ്ക്കർഷയാണു് ഇപ്രകാരം പ്രസക്തമായ തുലനങ്ങളിൽ നിന്നുപോലും ഡോ. രാഘവൻ പിള്ളയെ അകററുന്നതെന്നു് തോന്നുന്നു. ഉള്ളൂരിന്റെ കവിതയിലെ ബൗദ്ധികാശയനിർഭരതയായാലും ആശാന്റെ കവിതയിലെ ദുഃഖദർശനമായാലും വള്ളത്തോളിന്റെ കവിതയിലെ ജീവിതരതിയായാലും ചങ്ങമ്പുഴയുടെ കവിതയിലെ സത്താന്വേഷണമായാലും അതിന്റെ പശ്ചാത്തലത്തിൽവെച്ചു് അപഗ്രഥിച്ചു് അതിന്നു് ഇതരാപേക്ഷമായി അർഹതപ്പെട്ട മൂല്യം കണ്ടെത്തിക്കൊണ്ടാടുകയെന്ന സമീപനരീതിയാണദ്ദേഹം കൈക്കൊള്ളുന്നതു് ''കവിത—1141''ന്നു അവതാരികയെഴുതാൻ കവിതാസമിതി അദ്ദേഹത്തെ ക്ഷണിച്ചതിനു ഹേതു ഈ സമീപനരീതിയുടെ ഉദാരത, ആദരണീയമായിത്തോന്നിയതു തന്നെയായിരിക്കണം. ''ഓരോ ഗ്രഹത്തിനും അതിന്റെ അന്തരീക്ഷമുണ്ടെന്നു പറയുന്നതുപോലെ ആധുനികകവിതയ്ക്കും അ

തിൻെറ അന്തരീക്ഷമുണ്ടായിരിക്കും'' (പു. 106) എന്ന് അംഗീകരിക്കാനുള്ള സന്നദ്ധത ആ അന്തരീക്ഷത്തെ കണ്ടെത്താനുള്ള നിർവ്യാജമായ ത്വരയായി വികസിക്കയും ചെയ്യുന്നു. എന്നാൽ കൃത്രിമമായ ദുർഗ്രഹത കണ്ട് അമ്പരന്നു പോകുന്ന ആസ്വാദകർ, സ്വന്തം ആസ്വാദനശേഷിയെപ്പററി ഉത്തമബോദ്ധ്യമുള്ളവരല്ലെങ്കിൽ അധൈര്യം നിമിത്തം മൗനമവലംബിച്ചേക്കുമെന്നു കരുതി പൊയ്മുഖങ്ങൾ വെച്ചുകെട്ടിവന്നാൽ 'ഒടിയൻെറ മുൻപിൽ മായം' ചെലവാകുകയില്ലെന്നു ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനദ്ദേഹത്തിന്നു ശങ്കയുമില്ല. ''കവിതയിലെ ചില പരീക്ഷണങ്ങൾ'' എന്ന പ്രബന്ധം നോക്കുക. ഒരു ചോദ്യചിഹ്നവും ചില അക്കങ്ങളും അക്ഷരങ്ങളും എഴുതിവച്ചിട്ട് അത് കവിതയാണെന്നൊരാൾ സമർത്ഥിക്കുന്നു. അപ്പക്കാളകുങ്ങുന്നതിൻെറ അർത്ഥം വ്യാഖ്യാനിക്കുന്ന കാളയുടമയെപ്പോലെ കവിതയ്ക്കു ഭാഷ്യം ചമച്ചു വെച്ചതു കണ്ടിട്ടു, ഡോ. രാഘവൻ പിള്ള പറയുന്നു: ''അത്രത്തോളം ബഹു ഭേഷായിട്ടുണ്ട്. (പരിഹാസത്തിൻെറ മൂർച്ച വ്യഞ്ജിപ്പിക്കാൻ ഈയൊരു പദം മതി.) എന്നാൽ ഇതിലെ കുഴപ്പം ഈ അർത്ഥം ഇക്കവിതയ്ക്കു കൊടുക്കാവുന്ന ഒരായിരം അർത്ഥങ്ങളിൽ ഒന്നു മാത്രമാണെന്നുള്ളതാണ്.'' ഇതുകൊണ്ടുള്ള 'അനർത്ഥം' എന്തെന്ന് ആ പ്രബന്ധത്തിൽ ബോദ്ധ്യപ്പെടുത്തുംവണ്ണം സമർത്ഥിച്ചിട്ടുണ്ട്. ത്രികോണങ്ങളും വട്ടങ്ങളും ബീജഗണിതസൂത്രം പോലെ നിരത്തിയിട്ട് ഇതിനെ കവിതയെന്നു വിളിക്കുന്ന മായംകളി നിർത്തണമെന്ന് ഈ ഒടിയൻ വിളിച്ചു പറഞ്ഞു. കവിത ശക്തിയുള്ള ഒരു സാന്നിദ്ധ്യമായിത്തീരുക അതിൻെറ സ്വന്തം മന്ത്രശക്തി കൊണ്ടാണ്, പൂജാരികളുടെ തന്ത്രശക്തി കൊണ്ടല്ല എന്ന് ബോദ്ധ്യപ്പെട്ടതു കൊണ്ടോ എന്തോ ആ പ്രവണതകൾ ക്രമേണ കുറഞ്ഞു. ചിത്രകവിതയുടെ നാട്ടിൽ പിറന്നു വളർന്നവർക്കു് 'കോൺക്രീററു കവിത' വലിയൊരു വെളിപാടൊന്നുമല്ലെന്നു മനസ്സിലാക്കാതെ അന്ധമായി അനുകരിക്കാൻ പുറപ്പെട്ടതിൻെറ മൂഢതയെപ്പററിയും അവർ ബോധവാന്മാരായെന്നു തോന്നുന്നു.

''നാടകാന്തം കവിത്വം'' എന്ന ചൊല്ലിന് ഒരു പുതിയ ഉപപത്തി ആദ്യം ആവിഷ്കരിച്ചത് ഡോ. രാഘവൻ പിള്ളയാണെന്നും മുണ്ടശ്ശേരി ആ ഉപപത്തിയെ പുരസ്കരിച്ച് ഗ്രന്ഥമെഴുതിയതു് പിന്നീടാണെന്നുമുള്ള സൂചന ഈ ഗ്രന്ഥത്തിൽ

നിന്നു ലഭിക്കുന്നു. സ്വാഭാവികമായും മുണ്ടശ്ശേരി തൻെറ വിളിപ്പെട്ട ഗ്രന്ഥത്തിൽ ആവിഷ്കരിച്ച സാഹിത്യവീക്ഷണത്തോടു് സാമാന്യേന അദ്ദേഹം യോജിക്കുമെന്നു വ്യക്തമാണല്ലോ. പക്ഷേ ഭാവഗാനങ്ങളെയും വിലാപകാവ്യങ്ങളെയും ഉത്തമകാവ്യസീമയിൽനിന്നു് ബഹിഷ്കരിക്കുക എന്നിടത്തോളം മുണ്ടശ്ശേരി തൻെറ തീസിസ്സിനെ വികസിപ്പിക്കുമ്പോൾ അവിടെവെച്ചു് ഡോ. രാഘവൻപിള്ള അദ്ദേഹത്തോടു വിടപറയുന്നു. മാത്രമല്ല, പ്രത്യുദാഹരണങ്ങളെക്കൊണ്ടു് സിദ്ധാന്തം സ്ഥാപിക്കുന്ന രീതിയെ തിരസ്കരിക്കയും ചെയ്യുന്നു. (പേജ് 144) തന്നെ നായകസ്ഥാനത്തും മലയാളത്തിലെ ചില കവികളെ പ്രതിനായകസ്ഥാനത്തും നിർത്തിക്കൊണ്ടു് നിരൂപണത്തെ നാടകമാക്കുന്ന രീതി, മുണ്ടശ്ശേരിയുടെ കൃതികളിലുണ്ടെന്നും (പേജ് 142) 'നാടകാന്തം കവിത്വ'ത്തിൽ ശങ്കരക്കുറുപ്പിന്നു് പ്രതിനായകപക്ഷത്തു് മുഖ്യസ്ഥാനം നല്കിയിട്ടുണ്ടെന്നും അക്കാലത്തുതന്നെ ഡോ. രാഘവൻപിള്ള എഴുതുകയുണ്ടായെന്നതു ശ്രദ്ധേയമാണു്. ഛന്ദസ്സിൻെറ പേരിലുള്ള നിഴൽ യുദ്ധത്തെ നോക്കിച്ചിരിക്കാനും അദ്ദേഹം ശങ്കിച്ചിട്ടില്ല. ഛന്ദോബദ്ധമല്ലാത്ത ഗദ്യസാഹിത്യത്തെയും പണ്ടേ ഇവിടെ കാവ്യമെന്നു വ്യവഹരിച്ചിരുന്നുവെന്നിരിക്കെ, ഛന്ദോവത്കൃതമായതേ കാവ്യമാകൂ എന്ന അംഗീകൃതസങ്കല്പമുണ്ടെന്നും ആദ്യമായി അതിനെ ഖണ്ഡിക്കുന്നതു താനാണെന്നും തോന്നിക്കുന്ന മട്ടിൽ മുണ്ടശ്ശേരി വാദിക്കുന്നതിനെ മുൻനിർത്തി ഡോ. രാഘവൻപിള്ള പറയുന്നു: ''നമ്മുടെ ഗ്രന്ഥകാരൻ ആ ഓടുന്ന കുതിര നില്ക്കുകയല്ലെന്നു കാണിക്കാൻ തീവ്രമായി ശ്രമിക്കുന്നു''. (പേജ് 144) ഈ വാക്യവും അതിലെ ഫലിതവും വെടിക്കെട്ടുകളൊന്നും കൂടാതെ നിരൂപണത്തെ നിശിതമാക്കാവുന്നതിനു് മാതൃക നൽകുന്നു. തൻെറ വാദം സ്ഥാപിക്കാനുള്ള വ്യഗ്രതയിൽ ഛന്ദസ്സോടുകൂടിയ കവിതയ്ക്കു ഭാവിയില്ലെന്നു വരെ പറയുന്ന മുണ്ടശ്ശേരിയുടെ ഗ്രന്ഥത്തിൽ സാക്ഷിയായി കംപ്യൂട്ടറിനെ ആനയിച്ചിട്ടുണ്ടു്. അതിനെപ്പററി ഡോ. രാഘവൻ പിള്ള പറയുന്നതു് ''ആ യന്ത്രത്തിൻെറ ചിത്രം ഈ പുസ്തകത്തിൻെറ നേർക്കു പല്ലിളിച്ചു കൊണ്ടുതന്നെ നില്ക്കുന്നു'' വെന്നാണു്. (പേജ് 145) ഛന്ദസ്സരണമെന്ന പദം വെടിഞ്ഞു് ഛന്ദോവത്കരണമെന്ന

താണു് നല്ലതെന്ന ഒരു നിർദ്ദേശമുള്ളതും സാഹിത്യവിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതുണ്ടു്.

ആധുനികത, അബ്സേഡിസം മുതലായവയെ ഇങ്ങോട്ടു് ആനയിച്ചവർ വിദേശീയരുടെ വിഴുപ്പുഭേസുകയാണെന്നു് വിവേചനം കൂടാതെയും കാര്യം മനസ്സിലാക്കാതെയും ജല്പിക്കുന്നതു് ഇവിടെ കമ്മിററ്മെൻറിൻെറ വക്താക്കൾക്കു് ഒരു അനുദിനജിഹ്വാവ്യായാമമായിത്തീർന്നിരിക്കയാണല്ലോ. അങ്ങനെയെന്തെങ്കിലും കൂടെക്കൂടെ വിളിച്ചുപറഞ്ഞു നാവിനു ചലനം നല്കിയില്ലെങ്കിൽ തങ്ങൾ വാക്കു നഷ്ടപ്പെട്ടവരും നാക്കു ചലിക്കാത്തവരുമായിപ്പോവുമെന്നു് അവർ പേടിക്കുംപോലെ തോന്നും. പഴയ തലമുറയിൽപ്പെട്ട ആളായിട്ടും കമ്മിററ്മെൻറിനോടു് ശത്രുതകളില്ലാതിരുന്നിട്ടും ഡോ. രാഘവൻപിള്ളക്കു് ഈ വക പരിഭ്രമങ്ങളൊന്നുമില്ല. മാത്രമല്ല, വിദേശീയമെന്നു മുദ്രകുത്തുന്ന പലതും നമുക്കു് അത്രയ്ക്കൊന്നും അന്യമല്ല എന്നും കൂടി അദ്ദേഹത്തിനു പക്ഷമുണ്ടു്. സാമുവൽ ബെക്കററിൻെറ ജീവിതാവിഷ്കരണത്തെപ്പററിയും ചിന്തയെപ്പററിയും എഴുതിയതിൽനിന്നു് രണ്ടു വാക്യം ഉദ്ധരിക്കാം. (പേജ് 163) ''ബെക്കററിൻെറ ചിന്തയിലെ വ്യക്തിപ്രഭാവനിരാസവും ജീവിതചലനങ്ങളുടെ മനുഷ്യപ്രതാപബാഹ്യതവും പൗരസ്ത്യജീവിതവീക്ഷണത്തിൻെറ വിദ്യാർത്ഥികൾക്കു് സഹാനുഭൂതിയോടെ വീക്ഷിക്കാൻ കഴിയും. രണ്ടരച്ചാൺ നട്ടെല്ലുകൊണ്ടു് പ്രപഞ്ചത്തെ മുഴുവൻ അളക്കാമെന്നു് നാം ഒരിക്കലും വിശ്വസിച്ചിരുന്നില്ലല്ലൊ. കിട്ടിക്കഴിഞ്ഞിട്ടുള്ള പ്രത്യയശാസ്ത്രത്തിൻെറ ലോഹക്കൂട്ടും ഉടനടി ഉണ്ടാക്കേണ്ടുന്ന മൂശയും ചേർന്നാൽ ധീരനൂതനലോകം വാർത്തെടുക്കാമെന്നും മൂശ ഉണ്ടാകാനിനി ഒട്ടും താമസമില്ലെന്നുമുള്ള നിറഞ്ഞ ശുഭാപ്തിബോധത്തോടെ ഇരിക്കുന്നവരുടെ വിജൃംഭിതാഹന്തയെ കുത്തിത്തുളയ്ക്കാൻ ഇത്തരം മൂർച്ചയുള്ള വാക്യങ്ങൾക്കു കഴിയും. കുട്ടികൾ കൂർത്ത സൂചികൊണ്ടു് വീർത്തബലൂൺ തുളയ്ക്കുംപോലെ അത്ര അനായാസമായിട്ടാണതു ചെയ്യുന്നതും.

എൻ. കൃഷ്ണപിള്ളയുടെയും സി. ജെ. തോമസിൻെറയും നാടകങ്ങളെപ്പററിയുള്ള സുദീർഘപഠനങ്ങൾ ഈ സഞ്ചികയിലുണ്ടു്. പഠനങ്ങൾ തന്നെയാണു്. അഭിഭാഷകവൃത്തിയല്ല. അവർ രണ്ടുപേരും നാടകരചനയെ ഒരു ആത്മീയസാധനയാ

യിക്കരുതിയതിൻെറ ഗൗരവം വ്യക്തമാക്കിയിട്ടുണ്ട്, എന്നു വെച്ച് വിപ്രതിപത്തികഠം ഒട്ടും മറച്ചുവെച്ചിട്ടില്ല. 'ദർശനം' കൃഷ്ണപിള്ളയുടെ നാടകങ്ങളിൽ ഏററവും മോശമാണെന്നു തോന്നിയതു് ഉരുണ്ടുകളിക്കാതെ, തുറന്നുപറഞ്ഞിരിക്കുന്നു. പാർട്ടിക്കുവേണ്ടി സാഹിത്യരചന നടത്തി വഴിതെററിയ ഒരാളുടെ ജീവിതത്തെ ചിത്രണം ചെയ്യുന്ന ആ നാടകത്തെപ്പററി "രാഷ്ട്രീയ പാർട്ടികഠംക്കും പ്രസ്ഥാനങ്ങഠംക്കും വേണ്ടി സാഹിത്യരചന ചെയ്യുന്നതുപോലെ വഴിതെററലാണ് തനിക്കു പ്രിയങ്കരമായ ആശയം പ്രചരിപ്പിക്കാൻ നാടകമെഴുതുന്നതു്" (പേജ് 173) എന്നും നാടകരംഗത്തു് ഇളകിയാടുന്ന ആശയങ്ങഠം നാടകങ്ങളാകയില്ല എന്നും അതിലെ കാവ്യഭാഷ ആമൂലാഗ്രം കൃത്രിമത്വത്തെ വദ്ധിപ്പിച്ചിട്ടേയുള്ളൂ (പേജ് 174) എന്നും സി. ജെ.യുടെ 'അവൻ വീണ്ടും വരുന്നു' വിലെ മാത്തുക്കുട്ടി വെടിമരുന്നുണ്ടാക്കാൻ പോയി മരിക്കുന്നതു് നാടകത്തെ മെലോഡ്രാമയിലേക്കു് വലിച്ചുകൊണ്ടുപോകലാണ് (പേജ് 91) എന്നും എഴുതിയിട്ടുണ്ട്. കഥാപാത്രങ്ങളെ അപഗ്രഥിക്കുമ്പോഠം അവ നമ്മെ ആകർഷിക്കുന്നതിൻെറ ഹേതുവെന്തെന്നു ചർച്ചചെയ്യുകയും നാടകകൃത്ത് മനസ്സിൻെറ ഏതു് അഗാധതലത്തിലേയ്ക്കെത്തി നിന്നുവോ അവിടേക്കു തന്നെ നിരൂപകൻ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. ഇതിനുവേണ്ട സന്നദ്ധതയും സജ്ജീകരണവുമില്ലാതെ നിരൂപകൻ നാടകകൃത്തിൻെറ ഉഠംക്കാഴ്ചയോടു് നീതിചെയ്യാൻ ശക്തനാവില്ലല്ലോ. ഡോ. രാഘവൻ പിള്ള കഥാപാത്രപഠനത്തിൽ വ്യക്തിമനസ്സിൻെറ അപഗ്രഥനം മാത്രമല്ല, സമൂഹമനസ്സിൻെറ അപഗ്രഥനവും നിർവഹിക്കുന്നുണ്ട്. കൃഷ്ണപിള്ളയുടെ നാടകങ്ങളിൽ സ്ത്രീകഠംക്കാണ് കൂടുതൽ ചൈതന്യമുള്ളതെന്നു് സമർത്ഥിക്കുന്ന സന്ദർഭത്തിൽ ശക്തിപൂജയുടെയും മാതൃദായക്രമത്തിൻെറയും പാരമ്പര്യമുള്ള സമൂഹത്തിൻെറ അന്തരാത്മാവിനെക്കുറിച്ച് പറയുന്നതു് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. സി. ജെ. തോമസ്സിൻെറ നാടകങ്ങളെ മാനസിക പ്രപഞ്ചത്തിലേയ്ക്കുള്ള പര്യടനമായിക്കാണുകയും അതുവഴി ധർമാധർമബോധങ്ങളെക്കുറിച്ചു നാടകകൃത്തിനുണ്ടായിരുന്ന വിപ്ലവാത്മകമായ സത്യദർശനപാടവം വെളിപ്പെടുത്തുകയും ചെയ്യുന്ന നിരൂപകൻെറ മനസ്സിനെ മുൻതലമുറകഠം താലോലിച്ചിരുന്ന ധർമബോധങ്ങളോ വിലക്കുകളോ കടുംകെട്ട

കളായി ഞെരുക്കുന്നില്ല. സാധാരണമട്ടിൽ തോമസ്സിന്റെ പിന്നാലെ വരുന്നതലമുറയിൽ മാത്രം പ്രതീക്ഷിക്കാവുന്നസെൻസിബിലിററിയുടെ സാന്നിദ്ധ്യം സമകാലികനായ ഡോ. രാഘവൻ പിള്ളയിൽ കാണുന്നു. തന്റെ അനുസ്യൂതമായ കാവ്യാനുശീലനത്തിൽ ആധുനിക വൈദേശിക കൃതികൾകൂടി ഉൾപ്പെട്ടിരുന്നുവെന്നതായിരിക്കണം ഈ സെൻസിബിലിററി വളർത്തിയെടുക്കാനദ്ദേഹത്തെ സഹായിച്ചതു്. സെൻസിബിലിററി തുരുമ്പു പിടിക്കാതെ കാക്കുകയും നൂതനസാഹിത്യസമ്പർക്കത്തിലൂടെ നവീകരണോന്മുഖമായ ജ്ഞാനസ്നാനം അപ്പപ്പോൾ നേടുകയും ചെയ്യുന്നതിൽ അദ്ദേഹം വിമുഖനായിരുന്നിട്ടില്ല. വ്യക്തിക്കു് സമൂഹത്തോടുള്ള കടപ്പാടും സാഹിത്യം സമൂഹജീവിതോത്പന്നം കൂടിയാണു് എന്ന വസ്തുതയും ഡോ. രാഘവൻ പിള്ള നിഷേധിക്കുന്നില്ല. സർഗവ്യാപാരത്തിലേർപ്പെടുന്നവർക്കു് വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെട്ടുകൂടാ എന്ന കാര്യത്തിലും തുല്യമായ നിഷ്കർഷയുണ്ടു്. 'റഷ്യൻ സാഹിത്യത്തിലെ പുതിയ ശബ്ദങ്ങൾ' എന്ന പ്രബന്ധത്തിൽ അക്കാര്യം ഊന്നിപ്പറഞ്ഞിരിക്കുന്നു. സാഹിത്യകാരൻ അവിടെ പുതിയ സ്വാതന്ത്ര്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നു് തെളിവോടുകൂടി വ്യക്തമാക്കിയിട്ടുമുണ്ടു്. മലയാളഗദ്യം, ലീലാതിലകം, ഭാരതീയസൗന്ദര്യദർശനം, മോഹൻജോദാരോ ലിപി മുതലായവയെക്കുറിച്ചുള്ള പ്രബന്ധങ്ങൾ മലയാളത്തിൽ ബിരുദാനന്തരപഠനത്തിലേർപ്പെടുന്ന വിദ്യാർത്ഥികൾക്കു് ഉപകരിക്കും.

ഈ വിലപ്പെട്ട ഗ്രന്ഥത്തിന്റെ മേന്മയ്ക്കു ചെറിയൊരു കോട്ടമുണ്ടാക്കുന്നുണ്ടു്, ലേഖനങ്ങൾക്കു് സാകല്യേന ഒരു എഡിററിങ്ങ് ഉണ്ടായിട്ടില്ല എന്ന വസ്തുത. (1) വിഷയ സ്വഭാവമനുസരിച്ചു് രണ്ടു മൂന്നു വിഭാഗങ്ങളായി തിരിച്ചു് അവ സംവിധാനം ചെയ്യേണ്ടതായിരുന്നു. (2) വിഷയ വിവരപ്പട്ടികയിൽ ഉള്ളടക്കത്തിൽ കാണുന്ന ചില പ്രതിപാദ്യങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു. (3) നാടകാന്തം കവിത്വം 1, 2 എന്നു് വിഷയസൂചിയിൽ കാണുന്നു. ഉള്ളടക്കത്തിൽ രണ്ടും ചേർത്തു് ഒന്നാക്കിയിരിക്കയാണു്. 142-ാം പേജിൽ 'സമഗ്രദർശിയായ കാളിദാസൻ' എന്ന ലേഖനത്തിൽ നിന്നുദ്ധരിക്കുന്നതാണെന്നു പറയുന്ന ഖണ്ഡിക അഞ്ചു പേജുകൾക്കു് മുമ്പെ കാണാം. 1961-ൽ കേരളജനതയിലെഴുതിയ ലേഖനം ശീർഷകം

മാററി 'നാടകാന്തം കവിത്വ' ത്തിൻെറ നിരൂപണത്തിന്നു് ഒരു പശ്ചാത്തലമാക്കി ചേർത്തതായിരിക്കാം. മുൻ ശീർഷകം നിലനിർത്തുന്നതായിരുന്ന ഉചിതം എന്നു് ഉള്ളടക്കം നോക്കിയാൽ തോന്നും. (4) എഡിററിങ്ങ് ഉണ്ടായിരുന്നെങ്കിൽ ഒരേ കാര്യം രണ്ടു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നതു് ഒഴിവാക്കപ്പെട്ടമായിരുന്നു. (194, 274 പേജുകളിൽ ആവർത്തനമുണ്ട്) (5) Godot എന്ന പദത്തിന്നു് ഒരു ലേഖനത്തിൽ ഗോഡോ എന്നും (159) മററൊരിടത്തു് ഗോദോത്ത് (174) എന്നും ആണു് ഉച്ചാരണം കൊടുത്തിരിക്കുന്നതു്. (6) വസ്തുതാപരമായ ചില ചില്ലറ പിശകുകളും ഇല്ലേ എന്നു സംശയിക്കുന്നു. 1947-ൽ ഒ. വി. വിജയനു് 13 വയസ്സു് എന്ന കണക്കു് അത്ര കൃത്യമാണോ?

തെററിദ്ധരിപ്പിക്കുന്ന ഉപശീർഷകങ്ങൾ പലതും ഒഴിവാക്കേണ്ടതുണ്ട്. (ഉദാ: കഥാപാത്രദാരിദ്ര്യം. പേ. 165) ലേഖനങ്ങൾ പ്രസിദ്ധം ചെയ്ത കൊല്ലം അതതിൻെറ കൂടെ കൊടുക്കാത്തതു് ഈ ഗ്രന്ഥത്തിൻെറ മററൊരു വൈകല്യമാണു്. 'നിരൂപണം ഇന്നു്' എന്ന ലേഖനം വായിക്കുമ്പോൾ 'എന്നു്?' എന്ന ചോദ്യം ഉയരാതെ തരമില്ല. 'ഇന്നു്' പുസ്തകം പ്രസിദ്ധം ചെയ്ത കാലമല്ലെന്നു് വ്യക്തം. ഏതു കാലഘട്ടംവരെയുള്ള അവലോകനമാണെന്ന വ്യക്തമാക്കിയില്ലെങ്കിൽ അതിന്നുശേഷമുണ്ടായിട്ടുള്ള വികാസം മുഴുവൻ അവഗണിച്ചുവെന്ന ആരോപണത്തിന്നു പ്രസക്തിയുണ്ടാവും. അതുപോലെ 'കൈരളിയുടെ കഥ രണ്ടാം പതിപ്പി'ൻെറ നിരൂപണമാണു് ഗ്രന്ഥത്തിലുള്ളതെങ്കിൽ 'ഇന്നുവരെയുള്ള സാഹിത്യം'എന്നു് കൈരളിയുടെ കഥയിൽ ഗ്രന്ഥകർത്താവു് അവകാശപ്പെടുന്നതു് *കാൽ ശതാബ്ദം മുമ്പുവരെയുള്ള സാഹിത്യത്തെക്കുറിച്ചാണെന്നു് വായനക്കാരനു മനസ്സിലാകത്തക്കവണ്ണം എന്തെങ്കിലും കുറിക്കേണ്ടതായിരുന്നു.

കനപ്പെട്ട ഒരു ഗ്രന്ഥമായതുകൊണ്ടു് ഇതിന്നു് ഉടനെ മററൊരു പതിപ്പു് വേണ്ടിവരും. അപ്പോൾ മിനുക്കുപണികളിലൂടെ ഇതൊക്കെ ശരിപ്പെടുത്താവുന്നതേയുള്ളു. ഈ പുസ്തകം വൈകിയെത്തിയ കാലവർഷംപോലെ സഹർഷം സ്വാഗതം

ചെയ്യപ്പെട്ടും. കുറച്ചുകാലമായി നിരൂപണരംഗം വല്ലാതെചുട്ടു പഴുത്തിരിക്കയാണ്. വലിയൊരു പവർകട്ട് തടയാൻ ഇതുപോലുള്ള സമചിത്തതയും സന്തുലിതവീക്ഷണവുമുള്ള നിരൂപണത്തിന്റെ പ്രവാഹം സഹായിക്കും. സങ്കുചിതത്വംകൊണ്ട് അതിരിട്ടു വളഞ്ഞുവെയ്ക്കുന്ന അർത്ഥങ്ങൾക്കപ്പുറമായ പരാമർശത്തിന്റെ വികസ്വരചക്രവാളങ്ങളിലേയ്ക്കാണ് ഈ പുസ്തകം നമ്മെ ക്ഷണിക്കുന്നത്.

വിചിത്രമായ ശൈലീവ്യക്തിത്വം

പി. വി. വേലായുധൻ പിള്ള

കാഴ്ചയിലും പെരുമാററത്തിലും ഏററവും നല്ല അർത്ഥത്തിൽ, ഒരു വിചിത്രവ്യക്തിയായിരുന്നു ഡോ. കെ. രാഘവൻ പിള്ള. അദ്ദേഹത്തിൻെറ മുഖത്തും കണ്ണുകളിലും ബുദ്ധിശക്തിയുടെ തിരികളും സംഭാഷണത്തിൽ വഴങ്ങാഭാവത്തിൻെറ കീറാമുട്ടികളും എപ്പോഴും ദൃശ്യമായിരുന്നു. സംസ്കൃതത്തിൽ അഗാധപാണ്ഡിത്യം നേടിയിട്ട്, ഇത്ര അത്യാധുനികമായ ആശയങ്ങളുമായി 'കുട്ടിക്കളി' നടത്തുന്ന ഒരു പണ്ഡിതനെ സങ്കല്പിക്കുകതന്നെ നമുക്കു പ്രയാസമാണ്. ഏതഭിപ്രായത്തിനും ഒരു പ്രത്യഭിപ്രായമുണ്ടാകും അദ്ദേഹത്തിന്. അതിന് യുക്തിയുടെ ദൃഢസ്ഥൂണങ്ങളും അദ്ദേഹം ഉറപ്പിച്ചിരിക്കും. ഇങ്ങനെ മനഃപൂർവ്വം അപൂർവ്വത പുലർത്തിയേ അടങ്ങൂ എന്ന് നിർബ്ബന്ധമുള്ള വിചിത്രവ്യക്തിത്വങ്ങൾ ഏറെയൊന്നും ഉണ്ടാവില്ല മലയാളത്തിൽ. ഒരു കേസരി ബാലകൃഷ്ണപിള്ളയോ പി.കെ. ബാലകൃഷ്ണനോ മററോ ഉണ്ടായാലായി.

അതുകൊണ്ട് എന്തു സംഭവിക്കുന്നെന്നോ? ആശയങ്ങളെ മാത്രമല്ല ഭാഷയെക്കൂടി ഒന്നപൂർവ്വമാക്കിയാൽ എന്താണെന്നൊരു തോന്നൽ ഡോ. രാഘവൻ പിള്ളയെ പലപ്പോഴും

ആവേശിക്കുന്നു. മനഃപൂർവ്വം ഭാഷകൊണ്ടൊരു കളി നടത്താനൊന്നും അദ്ദേഹം മടിക്കുന്നില്ല. മുണ്ടശ്ശേരിയെപ്പോലൊരു ഇടിമുഴക്കക്കാരനല്ല അദ്ദേഹം. മാരാരെപ്പോലെ തിരിക്കുളിപ്രയോഗവും അദ്ദേഹത്തിനു വശമില്ല. കുററിപ്പുഴയുടെ ഋജുവായൊഴുകുന്ന തെളിവെള്ളം പോലുള്ള ഭാഷാശില്പവും രാഘവൻപിള്ളയ്ക്കില്ല. രാഘവൻപിള്ളയ്ക്കു് രാഘവൻപിള്ളയുടെ ശൈലിയുണ്ടു്. അദ്ദേഹത്തിൻെറതന്നെ ഭാഷയിൽ പറഞ്ഞാൽ അദ്ദേഹത്തിൻെറ കൈയൊപ്പുണ്ടാകും ആ ശൈലിയുടെ കീഴിൽ. ആളിൽ കാണുന്ന വിചിത്രത ഈ ശൈലിയിലും, ആശയാവിഷ്കരണത്തിലും എപ്പോഴും ചുട്ടമിന്നിക്കുന്നുണ്ടാകും. നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, ഇതു് ഒരു ശൈലീവ്യക്തിത്വത്തിൻെറ സ്പന്ദനമാണു്. ആ വ്യക്തിത്വത്തെ നമുക്കൊന്നു് അടുത്തുനിന്നു കാണാം.

ഡോ. രാഘവൻ പിള്ളയുടെ അവസാനത്തെ കൃതിയുടെ പേരു് 'കൃതി ഒരു കൃഷിഭൂമി' എന്നാണു്. പേരിൻെറ ഈ വൈചിത്ര്യം ശ്രദ്ധിക്കുമല്ലോ! ഒരു വികടത ഈ പേരിൽ തന്നെയില്ലേ? എങ്ങനെയെല്ലാം വ്യാഖ്യാനിക്കാം ഈ ഗ്രന്ഥനാമത്തെ? ഈ പേരിൽത്തന്നെ ഏതോ നിഗൂഢമായ ഒരു കുസൃതി അദ്ദേഹം ഒളിച്ചുവെച്ചിരിക്കുന്നു. അതു പെട്ടെന്നു് കണ്ടെത്താൻ ബുദ്ധിമുട്ടാണു്. ക്ലിഷ്ടാൽക്ലിഷ്ടതരമായ സംസ്കൃതപദങ്ങളുടെ ധാരാളിത്തം കൊണ്ടൊന്നുമല്ല ഈ സംസ്കൃത പണ്ഡിതൻ വായനക്കാരൻെറ ചിന്താശക്തിയെ ഇങ്ങനെ കൊത്തി മുറിവേല്പിച്ചതു്. 'അമൃതമശ്നുതേ'. 'വ്യാഖ്യാതാ വേത്തി' എന്നൊക്കെ കൃതികൾക്കു പേരിട്ടാൽ, ശരി സംസ്കൃതശീർഷകമായതുകൊണ്ടു് മലയാളവായനക്കാർ കണ്ണുമിഴിച്ചുപോകും എന്നു പറയാം. ഇവിടെയാണെങ്കിൽ, എല്ലാവർക്കുമറിയാവുന്ന പദങ്ങൾ കൊണ്ടുതന്നെ ഒരു ഒളിച്ചുകളി നടത്തുന്നു ഡോ. രാഘവൻ പിള്ള. ഇതിൽ അദ്ദേഹം ആത്മഹർഷം കൊള്ളുന്നുണ്ടാകും. അത്യാധുനികമായ ആംഗലശൈലികളെ അനുകരിച്ചു് ധ്വനിപൂർണ്ണമായ മലയാളശൈലികൾ ഉണ്ടാക്കുന്നതിനു ഡോക്ടർക്കു് യാതൊരു പ്രയാസവുമില്ല.

''സമൂഹം അലക്കിയിട്ട വാക്കുകളണിഞ്ഞു് ഒരു കവിക്കോ ഒരു നോവലിസ്ററിനോ പുറത്തിറങ്ങി ഞെളിഞ്ഞു നടക്കാനാവില്ല. സമൂഹത്തിൻെറ വാക്കു് കവിക്കു ചേരുകയില്ല. അതു് ഇറക്കം കൂടിയതും കൈയ്ക്കു് നീളം കുറഞ്ഞതും കഴുത്തു് വാ പൊളിച്ചിരിക്കുന്നതുമായിരിക്കും.'' കാവ്യഭാഷയുടെ പ്രാതിസ്വികതയെക്കുറിച്ചു് ഡോക്ടറെഴുതിയ വാക്യങ്ങളാണിവ.

ഈ വാക്യങ്ങളെല്ലാംകൂടി ഒരു കാവ്യബിംബത്തിന്റെ ബോധം നമ്മിലുളവാക്കുന്നില്ലേ? ജനങ്ങളുടെ സാധാരണഭാഷ കവിക്കു ചേരാത്ത ഉടുപ്പാണെന്നു് പറയാൻ ഡോക്ടർ രാഘവൻപിള്ളയ്ക്കേ കഴിയൂ. അതും ഇറക്കം കൂടിയതെന്നും നീളം കുറഞ്ഞതെന്നും വാപൊളിച്ചിരിക്കുന്നതെന്നും മററുമുള്ള വിശേഷപ്രയോഗങ്ങൾ അദ്ദേഹത്തിന്റെ വിചിത്രമായ ചിന്താശൈലിക്കു മാത്രമേ പററൂ.

അതുപോലെ സാഹിത്യ നിരൂപണത്തെക്കുറിച്ച് അദ്ദേഹമെഴുതുന്നു: ''ഇപ്പോഴാകട്ടെ കൃതികളുടെ ഉള്ളടക്കം അല്പമൊന്നു വിവരിക്കുക എന്ന ഔദാര്യം കാണിച്ചിട്ടു് പിന്നെ ഗ്രന്ഥകാരനെ കുറിച്ച് ഹൂ ഈസ് ഹൂ ചമ്മന്തികളും ചേർത്തു്, പഴയതലമുറ, പുതിയ തലമുറ, അക്കാദമിക് നിരൂപകന്മാർ, ആധുനിക നിരൂപകന്മാർ, എന്നിങ്ങനെ ചില കറിവേപ്പില പരാമർശങ്ങളെല്ലാം ചേർത്താൽ നിരൂപണമായി.'' ഗ്രന്ഥകാരനെക്കുറിച്ചുള്ള ലഘു ജീവചരിത്രപരാമർശമാണു് ഇതിലെ ഹൂ ഈസ് ഹൂ ചമ്മന്തി. പിന്നെ അവിടേയും ഇവിടേയും ചിതറിക്കിടക്കുന്ന ചില സാങ്കേതികപരാമർശത്തെക്കുറിച്ചാണു് കറിവേപ്പിലപരാമർശങ്ങൾ എന്നു പറഞ്ഞിട്ടുള്ളതു്. കറിവേപ്പില മററു നിരൂപകന്മാരും ഉപയോഗിച്ചേയ്ക്കാം. ഹൂ ഈസ് ഹൂ ചമന്തി ഡോ. രാഘവൻപിള്ളയുടെ കയ്യൊപ്പു തന്നെ! സി. വി. രാമൻപിള്ളയുടെ ഗദ്യശൈലിയെകുറിച്ച് ഡോക്ടറെഴുതുന്നു: ''നായർ പട്ടാളത്തിന്റെ നിരകൾ അണികൾക്കു ഊനം വരാതെ ചവിട്ടി മുന്നേറുന്ന ദൃശ്യമാണു് സി. വി. രാമൻ പിള്ളയുടെ വിവരണഗദ്യം നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നതു്.'' 'നായർപട്ടാളം' എന്ന പ്രയോഗം അസ്സലായിട്ടുണ്ടു്. സി. വി, യുടെ കൃതികളെ നായർമഹാകാവ്യങ്ങൾ എന്നു് പ്രൊ. എം. പി. പോൾ വിശേഷിപ്പിച്ചതു കൂടി ഇവിടെയോർക്കണം. സി. വി. യുടെ സാമൂഹിക ദർശനവും അണികൾക്കൂനം വരാതെ ചവിട്ടുന്ന സമ്പ്രദായവും സി. വി. യുടെ രചനയുടെ ചിട്ടയും നിശ്ചയദാർഢ്യവും ദീർഘടതവും സൂചിപ്പിക്കുന്നു.

തകഴിയുടെ ശൈലിയെപ്പററി അദ്ദേഹം എഴുതുന്നതും ഒരു കാവ്യബിംബത്തിന്റെ വ്യംഗ്യഭംഗി നമുക്കു തരുന്നുണ്ടു്:

''കസേരയിട്ടുകൊട്ടത്താലും തറയിലിട്ട പലകയിലേ ഇരിക്കൂ എന്ന ശാഠ്യം പിടിക്കുന്ന ഗ്രാമീണ ജ്യോത്സ്യനെപോലെയുള്ള ശൈലി''— ഇനിയെന്തു പറയാനാണ് തകഴിയുടെ ഭാഷാ ശൈലിയുടെ ലാളിത്യത്തെക്കുറിച്ച്? തകഴിയുടെ ശൈലി തനി മലയാളമാണ് എന്നു പറയുന്നതിനെക്കാൾ എത്രയോ മടങ്ങ് ഊർജ്ജം ഡോക്ടർ ഈ കാവ്യബിംബത്തിൽ സമാഹരിച്ചിരിക്കുന്നു! പലകയിലേ ഇരിക്കൂ എന്ന് ശാഠ്യം പിടിക്കുന്ന ശൈലി നല്ലതുമാകാം ചീത്തയുമാകാം.

ഇത്തരം ചില രസകരമായ പരാമർശങ്ങൾ എം. ടി.യുടെ ശൈലിയെക്കുറിച്ചും അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ട്. ''തൻെറ നോവലുകളിൽക്കൂടി ഒരിക്കലും കൂവി വിളിക്കുന്ന ഒരു നോവലിസ്ററല്ലല്ലോ വാസുദേവൻ നായർ. മനസ്സിനുള്ളിലെ അഴലുകളേയും നിഴലുകളേയും വളരെ മൃദുവായ ഒരു സ്കാപ്പൽകൊണ്ട് പതുക്കെയിളക്കുന്ന ഈ എഴുത്തുകാരൻ മന്ത്രത്തിൻെറ മയങ്ങിയ ശക്തിയുള്ള ശൈലിയുടെ ഉടമയാണ്.'' രണ്ടാമൂഴത്തിലെ ശൈലിയുടെ അർത്ഥനിഗൂഢതയും ധ്വന്യാത്മകതയും ഈ വാക്യങ്ങളിലുണ്ട്. മാത്രമല്ല, അയ്യപ്പപ്പണിക്കരെപ്പോലെ, 'അഴലുകളും നിഴലുകളും' എന്നും മററുമുള്ള വാക്കേളികളും.

ഇതുപോലുള്ള മററു ചില പ്രയോഗങ്ങൾകൂടി നോക്കൂ! ''രസധ്വനികൾ എന്ന ഉദയാസ്തമയപൂജ'', ''സ്വർണ്ണത്തിൻെറ മാററുരച്ചു നോക്കുന്നതിൽ തട്ടാൻെറ സംഗീതജ്ഞാനത്തിൻെറ പ്രസക്തി'', അത്ഭുതക്കുഴലിൽനിന്ന് ഒഴുകിവരുന്ന രസാസ്വാദനമെന്ന മന്ന'' ''ഘടനയോട്ട് മൊഴി ചൊല്ലുന്നില്ല'', ''ഗോൾ അടിക്കുകയോ തെററിച്ചടിക്കുകയോ തിരിച്ചടിക്കുകയോ ചെയ്യുന്ന നിരൂപണം'', ' വെറുപ്പിൻെറ മണ്ണെണ്ണത്തീ പിടിച്ച വാക്കുകൾ'' — ഇവയെല്ലാം തുറക്കുന്നത് എഴുത്തുകാരൻെറ വിശാലവും സങ്കീർണ്ണവും നവീനതക്കു ദാഹിക്കുന്നതുമായ മനസ്സിലേക്കാണ്. മനഃപൂർവ്വം ആധുനികനാകാൻ ശ്രമിക്കുന്നോ ഇവിടെയെല്ലാം ഡോക്ടർ എന്ന് ചിലർക്കെങ്കിലും സംശയം തോന്നാം. എന്നാൽ ഡോക്ടറുടെ സംഭാഷണമോ പ്രസംഗമോ കേട്ടിട്ടുള്ള ഒരാൾക്ക് ഇത്തരം പ്രയോഗങ്ങളേതും അത്യന്തം സ്വാഭാവികമാണെന്നു മനസ്സിലാകും.

ശൈലിയുടെ ഈ വക്രീകരണം ചിലപ്പോഴെല്ലാം ചിന്തകളിലും കടന്നുവരുന്നില്ലേ എന്നു് വായനക്കാർക്കു് സംശയം ജനിപ്പിക്കുന്ന സന്ദർഭങ്ങളുണ്ടു്.

''സദ്യയെന്ന അന്തിമരംഗത്തിൽ അറിയപ്പെടാതെ പോകുന്ന അടുക്കളക്കാരേയും കറികളിലേയ്ക്കു് സ്വന്തം പ്രത്യേകതകളൊക്കെ സംഭാവനചെയ്ത വിഭവങ്ങളേയും പോലെ കൃതി ശരീരത്തിലെ ഘടനാവൈവിധ്യം അറിയപ്പെടാതെ രസാനുഭൂതിയെന്ന അന്തിമഭാഗധേയത്തിൽ നാം പങ്കുകൊള്ളുന്നു.''

''നിലവിലുള്ള നിരൂപണത്തിൽ ഇത്തരം വസ്തുതയെ ജീവചരിത്രാംശങ്ങൾ എന്ന മുനയില്ലാത്ത പദത്തിൽക്കൂടി വർണ്ണിക്കുമ്പോൾ ഇതിനെ ഒരു കൃതികൃത്തിൻെറ അനന്വയത്വമുള്ള (unique) കാലാനുഭവത്തിൻെറ ആത്മസ്വരൂപം എന്നുതന്നെ വിളിക്കണം.''

''അർത്ഥശൂന്യവും അസത്യപൂർണ്ണവുമായ ഔപചാരിക സാമൂഹികജീവിതത്തെ ഒരു നീണ്ടവടിയുടെ അററംകൊണ്ടു കൂടി തൊടരുതു്.''

ഈ വാക്യങ്ങളുടെയൊക്കെ അർത്ഥം തെല്ലൊന്നു തെളിഞ്ഞുകിട്ടാൻ അനുവാചകൻ ബുദ്ധിയൊന്നു കലക്കിമറിച്ചേ പററൂ.

ഡോ. രാഘവൻ പിള്ളയുടെ ''കൃതി ഒരു കൃഷിഭൂമി'' എന്ന ഗ്രന്ഥത്തിൽ നിന്നുമാത്രമാണു് ഇതിലെ ഉദ്ധരണികളെല്ലാം എടുത്തിട്ടുള്ളതു്. ഇതു് അദ്ദേഹത്തിൻെറ അവസാനകാലത്തെ ഗ്രന്ഥമാണു്. മരണാനന്തരപ്രസിദ്ധീകരണവുമാണു്. പുതിയൊരു ഗദ്യശൈലിയിലേയ്ക്കു് ഡോക്ടർ വളർന്നുകൊണ്ടിരുന്നു എന്നു കാണിക്കുന്നതിനാണു് ഈ ഗ്രന്ഥത്തിൽനിന്നു മാത്രം ഉദ്ധരണികൾ സ്വീകരിച്ചതു്. വളരെ അപ്രതീക്ഷിതമായ ഭാഷാശൈലികളും കാവ്യബിംബങ്ങളും പദഘടനകളും പ്രയോഗിക്കാനൊരു കൗതുകം ഡോ. രാഘവൻ പിള്ളയ്ക്കു് അറുപതു കഴിഞ്ഞപ്പോഴേക്കും ഉണ്ടായിത്തുടങ്ങിയിരുന്നു. ഭാഷാശില്പത്തിൽ കാണുന്ന ഈ വക്രീകരണം അഥവാ വിചിത്രത അദ്ദേഹത്തിൻെറ ചിന്താശൈലിയിലും പെരുമാററശൈലി

യിലും പരിചയക്കാർക്കു സാധാരണ അനുഭവമാണു്. 'ശൈലി വ്യക്തിത്വം തന്നെയാണ്'' എന്നു് ആരു പറഞ്ഞാലും അതു് നൂറു ശതമാനവും ശരിയാണെന്നു് ഡോ. രാഘവൻ പിള്ള തെളിയിച്ചിരിക്കുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ വിചിത്രമായ ഈ ശൈലീബന്ധം അദ്ദേഹത്തിന്റെ വിചിത്രമായ വ്യക്തിത്വത്തിലേയ്ക്കു് തുറന്നുകിടക്കുന്ന കവാടങ്ങളാണു് എന്നു തന്നെ വന്നു ചേരുകയും ചെയ്യുന്നു.

മൂഷികവംശം

ഡോ. എൻ. പി. ഉണ്ണി

മൂഷകം അല്ലെങ്കിൽ മൂഷികം എന്ന പേരിൽ അറിയപ്പെടുന്ന ഒരു രാജ്യത്തെപ്പററിയോ അവിടെ വസിക്കുന്ന ജനങ്ങളെ പ്പററിയോ ഉള്ള പരാമർശങ്ങൾ പ്രാചീന കൃതികളിലും ശിലാശാസനങ്ങളിലുമൊക്കെ ധാരാളമായി കാണാനുണ്ട്. എന്നാൽ ഈ ദേശം എവിടെ സ്ഥിതിചെയ്യുന്നുവെന്നതിനു് വ്യക്തമായ അറിവൊന്നും അവയിൽനിന്നു ലഭ്യമല്ല. വിന്ധ്യപർവ്വതത്തിൻെറ താഴ്വരകളിൽ ഈ രാജ്യം സ്ഥിതിചെയ്യുന്നുവെന്നു വിലർ പറയുമ്പോൾ മററു ചിലർ ഇതു ദക്ഷിണഭാരതത്തിലാണു് കിടക്കുന്നതെന്നു അഭിപ്രായപ്പെടുന്നു. ബി. സി. 173–160 വരെ രാജ്യം വാണിരുന്ന കലിംഗരാജാവായ ഖാരവേലൻ തൻെറ ഹാഥിഗുംഫ ശാസനത്തിൽ കൃഷ്ണാനദിയുടെ തീരത്തായി മൂഷികനഗരം സ്ഥിതി ചെയ്യുന്നുവെന്നു രേഖപ്പെടുത്തിയിട്ടുള്ളതാണു് ഈ ദേശത്തെപ്പററിയുള്ള ഒന്നാമത്തെ പരാമർശമെന്നു പറയാം. ഭരതമുനിയുടെ നാട്യശാസ്ത്രം, വിഷ്ണുപുരാണം, വായുപുരാണം, മാർക്കണ്ഡേയ പുരാണം, ബ്രഹ്മാണ്ഡപുരാണം, പദ്മപുരാണം, മഹാഭാരതം എന്നീ കൃതികളിലും മൂഷിക ജനപദത്തെപ്പററിയുള്ള പരാമർശങ്ങൾ കണ്ടെത്താവുന്നതാണു്. എ. ഡി. 601–602 ൽ ചാലൂക്യ രാജാ

വായ രണവിക്രാന്തൻ ലേഖനം ചെയ്യിച്ച മഹാകൂട ശാസന ത്തിൽ താൻ കേരള–ഗംഗ–മൂഷക–പാണ്ഡ്യ–ചോള രാജാക്ക ന്മാരെ പരാജയപ്പെടുത്തിയതായി പറഞ്ഞിരിക്കുന്നു. വിന്ധ്യ പർവ്വത പ്രദേശങ്ങളിൽനിന്നും മൂഷികന്മാർ തെക്കോട്ടു കടന്നു വന്നുവെന്നു കരുതാം.

പല കൃതികളിലും കാണുന്ന പരാമർശങ്ങളിൽ നിന്നും മൂഷികരാജ്യം കേരളത്തിന്റെ സീമകൾക്കുള്ളിൽ സ്ഥിതി ചെയ്യുന്നതായി കരുതേണ്ടിയിരിക്കുന്നു. പരശുരാമക്ഷേത്രമെ ന്നറിയപ്പെടുന്ന കേരളദേശം തുളുവം, മൂഷികം, കേരളം, കൂപകം എന്നിങ്ങനെ നാലു ഖണ്ഡങ്ങളായി വിഭജിക്കപ്പെടുന്നുവെന്നു കേരളോത്പത്തി തുടങ്ങിയ ചരിത്രപരമായ വസ്തുതകൾ ഉൾക്കൊള്ളുന്ന കൃതികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പെരു മ്പുഴയ്ക്കും പുതുപട്ടണത്തിനുമിടയ്ക്കുള്ള ഒരു ദേശമാണ് മൂഷികമെന്നു ഇത്തരം കൃതികളിൽ നിന്നറിയാം. ഏഴിമലയ്ക്കു സമീപം ഉള്ള ഈ പ്രദേശത്തെപ്പററി കേരള മാഹാത്മ്യത്തിലും പരാമർശമുണ്ട്. സപ്തശൈലം എന്ന പദമാണ് ഏഴിമലയ്ക്കു ഇതിൽ നല്കിയിരിക്കുന്നതു്. രാജാധിരാജന്റെ (ചോള രാജാവു്) ശാസനത്തിൽ കാണുന്ന 'ഇരാമകുടം' എന്ന പദം ഇവിടത്തെ രാജാക്കന്മാരെ പരാമർശിക്കുന്ന 'ഇരാമകുടമൂവർ' എന്നതിൽ അന്തർഭവിക്കുന്നതായി ചരിത്രപണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് അതുല കവിയുടെ ചരിത്രകാവ്യമായ മൂഷികവംശം ശ്രദ്ധേയമായ ഒരു കേരള ചരിത്രരേഖയായി നമ്മുടെ ശ്രദ്ധയിൽപ്പെടുന്നതു്. ടി. എ. ഗോപിനാഥറാവു 1916-ൽ ഈ കൃതിയിൽ നിന്നും ഏതാനും അദ്ധ്യായങ്ങൾ തിരുവിതാംകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ പുറങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും അതു ചരിത്രാന്വേഷകന്മാരുടെ സശ്രദ്ധമായ പഠനത്തിനു് കാരണ മാവുകയും ചെയ്തു. തുടർന്നു് കെ. വി. സുബ്രഹ്മണ്യയ്യർ, എ. ഗോവിന്ദവാര്യർ, തുടങ്ങിയ ചരിത്രപണ്ഡിതന്മാർ ഈ കൃതിയെപ്പററി ചരിത്രപരമായ പഠനങ്ങൾ നടത്തി നൂതന മായ പല വിവരങ്ങളും നൽകുകയുണ്ടായി. പിന്നീടു് അടുത്ത കാലങ്ങളിലായി ഡോ. എൻ. വി. കൃഷ്ണവാരിയർ, ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ, ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള,

ഇളംകുളം കുഞ്ഞൻപിള്ള, പ്രൊഫ. എ. ശ്രീധരമേനോൻ, ഡോ. കെ. മഹേശ്വരൻനായർ, ഡോ. എം. ജി. എസ്. നാരായണൻ, ഡോ. എൻ. പി. ഉണ്ണി മുതലായവർ മൂഷികവംശമെന്ന കാവ്യത്തിൻെറ വിവിധ വശങ്ങളെപ്പററി പല നിലവാരങ്ങളിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അങ്ങനെ ഈ കൃതിയുടെ ചരിത്രമൂല്യം നല്ലതുപോലെ വെളിപ്പെടുത്തപ്പെട്ട ഒരു കാലഘട്ടത്തിലാണ് ഡോ. കെ രാഘവൻ പിള്ള അവർകൾ തൻെറ ആമുഖപഠനത്തോടെ ഈ മഹാകാവ്യം തിരുവനന്തപുരം സംസ്കൃത ഗ്രന്ഥാവലിയിൽ 246-ാം നമ്പരായി 1977-ൽ ഇദം പ്രഥമമായി പ്രകാശിപ്പിക്കുന്നതു്. ഒരേയൊരു താളിയോല മാതൃക മാത്രമാണ് ഈ കൃതിക്കു ലഭ്യമായിട്ടുള്ളതു് അതിനാൽ അതിൻെറ പ്രസാധനം വളരെ ക്ലേശകരമാണ്. അതും അപൂർണ്ണമായ ഒരു മാതൃകയാവുമ്പോൾ പ്രസാധന ക്ലേശം ഊഹിക്കാവുന്നതേയുള്ളു. ഒന്നാം സർഗ്ഗത്തിലെ ഏതാനും ശ്ലോകങ്ങളും അവസാന ഭാഗത്തെ ചിലവയും ഒഴിച്ചാൽ ഏതാണ്ടു് പൂർണ്ണമെന്നവകാശപ്പെടാവുന്ന ഒരു കൃതിയാണ് മൂഷികവംശം. പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുക്കുമ്പോൾ ഡോ. പിള്ളയുടെ പ്രസാധന പരിശ്രമം സാമാന്യം വിജയിച്ചിട്ടുണ്ടെന്നു തന്നെ പറയാം. ചരിത്രാന്വേഷകരുടെ കൈകളിൽ ഈ കൃതി എത്തിച്ചതിനു് അദ്ദേഹം സഹൃദയലോകത്തിൻെറ കൃതജ്ഞത അർഹിക്കുന്നു.

ചരിത്ര പശ്ചാത്തലം

മൂഷികവംശമെന്ന കാവ്യം ആസ്വദിക്കുന്നതിനു് അതിൻേറതായ ചരിത്ര പശ്ചാത്തലം അറിയേണ്ടതുണ്ട്. പ്രാചീന കേരളത്തെപ്പററിയും അക്കാലത്തെ ദക്ഷിണേന്ത്യയെപ്പററിയുമുള്ള പരിജ്ഞാനം ഇതിനു് ആവശ്യമാണ്. കോലത്തുനാടു് എന്നറിയപ്പെടുന്ന മൂഷികരാജ്യം തുടർച്ചയായി മൂന്നു് ഭരണാധികാരികളുടെ അധീനതയിലായിരുന്നുവെന്നു നാം മനസ്സിലാക്കണം. സംഘകാലം, മൂഷികരാജാക്കന്മാരുടെ കാലം, കോലത്തിരിമാരുടെ കാലം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുടെ ചരിത്രം ഇവിടെ പ്രാധാന്യമർഹിക്കുന്നു. എ. ഡി. അഞ്ചും ആറും നൂററാണ്ടുകളിലായി ചേരവംശജരായ രാജാക്കന്മാർ ഏഴിമല വാണിരുന്ന മൂഷികന്മാരുമായി ഇടഞ്ഞിരുന്നതായി സംഘകാല കൃതികളിൽ നിന്നറിയാൻ കഴിയും. അകനാനൂറ്, പുറനാനൂറ്, നററിണൈ, പതിററുപ്പത്തു്, കുറുംതൊകൈ എന്നീ

കൃതികളിൽ ഏഴിമല വാണിരുന്ന ഭരണാധികാരികളെപ്പററി പരാമർശങ്ങൾ കാണാം. ഏഴിമലയുടെ ഉജ്ജ്വലങ്ങളായ വർണ്ണനങ്ങൾ, നന്നൻ, നന്നൻ ഉതിയൻ, ആതൻ എഴിനി തുടങ്ങിയ ഭരണാധികാരികളുടെ വിവരങ്ങൾ ഇങ്ങനെ നമുക്കു ലഭ്യമാകുന്നു. മൂഷികവംശത്തിൽ പറയുന്ന ആദിരാജാവായ നന്ദനനും സംഘകാല കൃതികളിൽ പരാമൃഷ്ടനാകുന്ന നന്നനും ഒരാൾ തന്നെയായിരിക്കാൻ സാധ്യതയുണ്ട്. സംസ്കൃത കവി തൻെറ പശ്ചാത്തലമൊരുക്കാനായി സംഘകൃതികളെ ആശ്രയിച്ചതായി ന്യായമായും ഊഹിക്കാവുന്നതാണ്.

സംഘകാലത്തിനുശേഷമുള്ള ഏതാനും നൂററാണ്ടുകളുടെ ചരിത്രത്തെപ്പററി നമുക്കു കാര്യമായ വിവരങ്ങളൊന്നും ലഭ്യമല്ല. ആറു മുതൽ പന്ത്രണ്ടു വരെയുള്ള നൂററാണ്ടുകളിൽ കോലത്തുനാട് ആരുടെ അധീശതയിൽ വർത്തിച്ചിരുന്നുവെന്നതിനെപ്പററി അതുലൻെറ മൂഷികവംശകാവ്യവും ചില മൂഷിക രാജാക്കന്മാരുടെ ശിലാ ശാസനങ്ങളും മാത്രമാണ് നമുക്കു വിവരം നൽകുന്നതു്. ഐതിഹാസിക കാലം തുടങ്ങി അവസാനം വരെ 118 രാജാക്കന്മാരുടെ ചരിത്രം മൂഷികവംശത്തിലുണ്ട്. സ്ഥാപക രാജാവായ രാമഘടമൂഷികൻ മുതൽ കവിയുടെ പുരസ്കർത്താവായ ശ്രീകണ്ഠൻ വരെ ഈ രാജവംശപരമ്പര വ്യാപിച്ചിരിക്കുന്നു. അവസാനത്തെ പത്തൊൻപതു രാജാക്കന്മാർക്കു മിക്കവാറും ചരിത്ര കാലത്തിൻെറ പരിവേഷം കൽപിക്കാനാവുമ്പോൾ അതുവരെയുള്ളവരുടെ കഥ ഏതാണ്ട് ഇതിഹാസത്തിൻെറ മട്ടിലാണെന്നു പറയണം. അവസാനത്തെ 19 രാജാക്കന്മാരുടെ ഭരണകാലം ഏതാണ്ട് 250 വർഷങ്ങളോളം വ്യാപിച്ചു കിടന്നതായി ശാസനങ്ങളിൽനിന്നും മററും നമുക്കറിയാൻ കഴിയും. പതിമൂന്നാം നൂററാണ്ടോടെ കോലത്തിരിമാരുടെ കാലഘട്ടം ഉദയം ചെയ്യുന്നു. അപ്പോഴേയ്ക്കു മൂഷിക രാജക്കന്മാർക്ക് എന്തു സംഭവിച്ചുവെന്നറിയാൻ മാർഗ്ഗമില്ല. അവരുടെ വംശം കോലത്തിരി വംശത്തിൽ ലയിച്ചതായി കരുതേണ്ടിയിരിക്കുന്നു.

ഏഴിമലയുടെ പ്രാന്തങ്ങളിൽ നിന്നും ഉപലബ്ധങ്ങളായ ഏതാനും മൂഷിക ശാസനങ്ങൾ വിലപ്പെട്ട ചരിത്രരേഖകളായി അവശേഷിക്കുന്നു. ചോളരാജാവായ രാജാധിരാജൻ ഒന്നാമൻെറ ശാസനത്തിലും ഇരാമകുടമൂവർ എന്ന പേരിൽ മൂഷിക

വംശരാജാക്കന്മാരെപ്പററി പരാമർശിക്കുന്നതായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൂഷികരാജാവായ വലിധരവിക്രമരാമൻെറ ഒരു ശാസനം നരയൻകണ്ണൂർക്ഷേത്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. എരമം ശാസനത്തിൽ പറയുന്ന കണ്ടൻകാരിവർമ്മനെന്ന രാമകുടമൂവർ തിരുവടിയും ഒരു മൂഷിക രാജാവു തന്നെ, തിരുവാടൂർ ശാസനത്തിൽ രാമൻ ജയമാനി എന്നൊരു മൂഷികരാജാവിനെപ്പററി പറഞ്ഞിരിക്കുന്നു. ഉദയവർമ്മനെന്ന രാമകുടമൂവരെപ്പററി കണ്ണപുരം ശാസനത്തിലും പരാമർശം കാണാം. ഇങ്ങനെ മൂഷികവംശകാവ്യത്തിൽ പറഞ്ഞിട്ടുള്ള ഏതാനും രാജാക്കന്മാരുടെ ശാസനങ്ങൾ അക്കാലത്തെ ചരിത്രപശ്ചാത്തലത്തിലേക്കു വെളിച്ചം വീശുന്നവയാണ്. അവരെ തുടന്ന് കോലത്തിരി രാജാക്കന്മാർ പതിമൂന്നാം നൂററാണ്ടു മുതൽ രാജ്യം വാണതും പിൽക്കാലത്ത് ഈ വംശം സാമൂതിരി രാജവംശത്തിൽ ലയിച്ചതുമൊക്കെ ചരിത്രവസ്തുതകളാണ്.

മൂഷികവംശകാവ്യം

പതിനഞ്ചു സർഗ്ഗങ്ങളിലായി 1057-ൽ പരം ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാകാവ്യമാണ് അതുലകവിയുടെ മൂഷികവംശം. മുപ്പത്തിയഞ്ച് വൃത്തങ്ങൾ കവി ഇതിൽ പ്രയോഗിച്ചിരിക്കുന്നു. ആകെ ഒരു താളിയോല മാതൃക മാത്രമേ ഇന്നോളം കിട്ടിയിട്ടുള്ളൂ. ഇതിൽ നിന്നും ഒരു പദ്യം മന്ത്രാങ്കം ആട്ടപ്രകാരത്തിൽ ഉദ്ധരിച്ചിട്ടുള്ളതൊഴിച്ചാൽ ഈ കൃതിയെപ്പററി മററു പരാമർശങ്ങൾ കാണാനില്ല. ഇതിൻെറ കർത്താവായ അതുലകവി 12-ാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നതായി കരുതാൻ ന്യായമുണ്ട്. ഇതിൽ പരാമൃഷ്ടനായ അവസാനത്തെ രാജാവായ ശ്രീകണ്ഠൻെറ സദസ്യനായിരുന്നു അതുലൻ.

പ്രസ്തുതകാവ്യത്തെ മൂന്നു ഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. ആദ്യത്തെ പത്തു സർഗ്ഗങ്ങൾ അടങ്ങുന്ന പ്രഥമഭാഗത്തിൽ പരശുരാമൻെറ കേരളസൃഷ്ടി, മൂഷികരാജാക്കന്മാരുടെ ഉദ്ഭവം, രാജാധിപത്യം തുടങ്ങിയ വിഷയങ്ങൾ ഒരു മഹാകാവ്യത്തിനു യോജിക്കുന്ന രീതിയിൽ കവി നിബന്ധിച്ചിരിക്കുന്നു. മഹാകാവ്യലക്ഷണമനുസരിച്ചു വർണ്ണിക്കപ്പെടേണ്ട വിഷയങ്ങൾ ഈ ഭാഗത്തിലാണ് കവി പ്രതിപാദനം ചെയ്തി

രിക്കുന്നതു്. ഐതിഹാസികച്ഛായയിലാണ് ഈ ഭാഗത്തിന്റെ സംവിധാനമെന്നു പറയാം. കവി തന്റെ നാട്ടിൽ പ്രചരിച്ചിരുന്ന ഐതിഹ്യങ്ങളെ ആസ്പദിച്ചും അവിടവിടെയായി കാണപ്പെടുന്ന പുരാതനക്ഷേത്രങ്ങളുടെ ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയും വിഷയം കൈകാര്യം ചെയ്യുന്നു. കാവ്യത്തിന്റെ പതിനൊന്നാം സർഗ്ഗത്തെ രണ്ടാം ഭാഗമായി കണക്കാക്കാം. ഇതിൽ കുലകൂടസ്ഥനായ നന്ദനൻ മുതൽ ഉള്ള 97 രാജാക്കന്മാരുടെ കഥ പറയുന്നു. ദേശത്തിലുള്ള ക്ഷേത്രങ്ങളുടെയും മററു സാംസ്കാരികസ്ഥാപനങ്ങളുടെയും നിർമ്മാണവുമായി ഇവരിൽ പലരെയും കവി ബന്ധിപ്പിക്കുന്നുണ്ടു്. സാങ്കല്പികരാജാവായ ശതസോമനാണ് ചെല്ലൂർക്ഷേത്രം സ്ഥാപിച്ചതെന്നും അഹീരണൻ, വടുകൻ എന്നിങ്ങനെ പേരുകളുള്ള രണ്ടു് രാജാക്കന്മാർ അഹീരണേശ്വരം, വടുകേശ്വരം എന്നീ ദേവാലയങ്ങൾ നിർമ്മിച്ചുവെന്നുമൊക്കെ വിശ്വസനീയമായ രീതിയിൽ കവി വർണ്ണിക്കുന്നു. ഇന്നു കാണപ്പെടുന്ന ക്ഷേത്രങ്ങളുടെ പേരിൽ നിന്നാണ് രാജാക്കന്മാരുടെ സാങ്കല്പിക നാമധേയം കവി സൃഷ്ടിച്ചതെന്നു സ്പഷ്ടമാണ്. കൃതിയുടെ മൂന്നാം ഭാഗമാണ് ചരിത്രാന്വേഷകന്മാർക്കു വിലപ്പെട്ട ഒരു ഖനിയായി അനുഭവപ്പെടുന്നതു്. പന്ത്രണ്ടു മുതൽ പതിനഞ്ചുവരെയുള്ള നാലു സർഗ്ഗങ്ങളിൽ ചരിത്രപരമായി അടിസ്ഥാനമുണ്ടെന്നു കരുതാവുന്ന 19 രാജാക്കന്മാരുടെ കഥ പ്രതിപാദിക്കപ്പെടുന്നു. ഏതാണ്ടു് 250 വർഷങ്ങളോളം ഇവർ ഭരിച്ചതായി കരുതാം. ഇവരിൽ പലർക്കും ചരിത്രപരമായ അടിസ്ഥാനമുള്ളതായി ആധുനിക ഗവേഷണങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടു്.

ചുരുക്കത്തിൽ മൂഷികവംശം ഒരേ സമയം സാങ്കല്പികവും ചരിത്രാധിഷ്ഠിതവുമാണെന്നു പറയേണ്ടിയിരിക്കുന്നു.

മൂഷിക രാജവംശം

ഈ വംശത്തിന്റെ കൂടസ്ഥൻ രാമഘടമൂഷികൻ എന്ന രാജാവാണ്. മാഹിഷ്മതിയിൽ നിന്നും പരശുരാമന്റെ ആക്രമണത്തെ ഭയന്നു് ഏഴിമലയിൽ എത്തിച്ചേർന്ന ഒരു രാജ്ഞിയുടെ പുത്രനാണ് രാമഘടൻ. ഗർഭിണിയായ രാജ്ഞിയെ പർവതാകൃതിയിലുള്ള ഒരു എലി ഭക്ഷിക്കാനടുക്കുന്നു. അവളുടെ കോപാഗ്നിയാൽ എലി ചാരമാകുന്നു. അവൾ ഏഴിമലയുടെ ഒരു

ഗുഹയിൽ വെച്ച് പുത്രനെ പ്രസവിക്കുന്നു. പിന്നീട് പരശുരാമൻ ഈ മലയിൽ തപസ്സു ചെയ്യുമ്പോൾ രാജ്ഞിയോടൊപ്പം വന്ന മഹാനാവികൻ എന്നു പേരുള്ള മന്ത്രി അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യം ഉണർത്തിക്കുകയും ക്ഷത്രിയശിശുവിനെ രക്ഷിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു. കാരുണ്യം തോന്നിയ പരശുരാമൻ ആ ക്ഷത്രിയബാലനെ വേണ്ടതുപോലെ സംരക്ഷിച്ചു വളർത്തി ഏഴിമലയുടെ അധീശനായി രാജ്യാഭിഷേകം ചെയ്യുന്നു. ഈ കാരണത്താൽ ബാലനു് രാമഘടമൂഷികൻ എന്ന പേർ വരാനിടയായതായി കവി ഇങ്ങനെ പറയുന്നു:

ബിലേഽഭവദ്യേന സ മൂഷികസ്യ
രാമാച്ച യഃ പ്രാപ ഘടാഭിഷേകം
ബഭൂവ തേനാസ്യ ജഗത് പ്രകാശം
സമൂഷികം രാമഘടാഭിധാനം.

മഹാനാവികനെന്നു പേരുള്ള ചെട്ടിവംശജനായ മന്ത്രി തന്നെ യുവരാജാവിന്റെ സംരക്ഷകനായിത്തീർന്നു. തുടർന്നു് രാജാവിന്റെ ഭരണം, രാജ്യവിപുലീകരണം മുതലായ കാര്യങ്ങൾ കാവ്യോചിതമായ രീതിയിൽ വർണ്ണിക്കപ്പെടുന്നു. ചോളരാജാവായ രാജാധിരാജന്റെ ശാസനത്തിൽ പറയുന്ന ഇരാമകുടമൂവർ എന്ന സ്ഥാനം ഈ രാജാവിന്റെ പേരിൽ നിന്നുമുണ്ടായതാണെന്നു കരുതാം. കോലം എന്ന സ്ഥലത്തു രാജധാനി സ്ഥാപിച്ച രാമഘടനു് വടു എന്നും നന്ദനനെന്നും പേരുള്ള രണ്ടു പുത്രന്മാർ ജനിച്ചു. വടുവിനെ ഹേഹയരാജ്യം വീണ്ടെടുത്തു് അവിടത്തെ രാജാവായി അഭിഷേകം ചെയ്യുകയും നന്ദനനെ ഏഴിമലയുടെ അധീശനാക്കുകയും ചെയ്യുന്നു. സംഘകൃതികളിൽ കാണുന്ന നന്ദൻ എന്ന രാജാവിന്റെ ചരിത്രം ഓർത്തിട്ടാകാം കവി നന്ദനൻ എന്ന പേർ ഇവിടെ കല്പിക്കുന്നതു്. നന്ദനനെ തുടർന്നു് 97 രാജാക്കന്മാർ രാജ്യം വാഴുന്നു.

97-ാമത്തെ രാജാവായ ശിവചരിതനു് ഈശാനൻ എന്ന മകൻ ജനിക്കുന്നു. അദ്ദേഹത്തിന്റെ പുത്രനാണു് കുഞ്ചിവർമ്മൻ. അദ്ദേഹത്തിൽനിന്നാണു് മൂഷികവംശത്തിന്റെ ചരിത്രപ്രാധാന്യമുള്ള ഘട്ടം ആരംഭിക്കുന്നതു്. അദ്ദേഹത്തിനു് ഈശാനവർമ്മൻ എന്ന പുത്രനും ഒരു പുത്രിയും ഉണ്ടായി. പുത്രിയെ

രഘുപതി എന്നും പേരുള്ള ജയരാഗനെന്ന കേരളരാജാവ് പരിണയിക്കുകയും അവർക്ക് കേരളകേതു എന്നറിയപ്പെടുന്ന ഗോദൻ ഉണ്ടാവുകയും ചെയ്തു. ഇക്കാര്യം കവി ഇങ്ങനെ സംക്ഷേപിച്ചിരിക്കുന്നു.

അഥ പൃഥുഭുജവീര്യോപാർജ്ജിതാശേഷഭൂ ഭൃ–
ന്മകുടമണിമയൂഖാമൃഷ്ടപാദാംബുജന്മാ
അശിഷദവനിമേനാമുദ്ധ്യതൈകാതപത്രം
ജഗതിബുധജനാനാമഞ്ചിതഃ കഞ്ചിവർമ്മാ. (12.1)

അഭവദമലകീർത്തേരാത്മജാ/തസ്യ/കാചിത്
തദനു ച കുലദീപസ്സൂനരീശാനവർമ്മാ
ദധദിവ വിജിഗീഷുർ വിക്രമം നീതിയുക്തം
ധരണിപതിരുഭാഭ്യാമുച്ചകൈരാബഭാസേ. (12.5)

മഹതി ദുഹിതരം താമീശ്വരേ കേരളാനാം
പ്രഥിതയശസി കൃത്വാ രാജലക്ഷ്മീം തനുജേ
അപഗതഗുരുഭാരഃ പുണ്യസംഭാരമുച്ചൈ–
രവിശദുപദധാനഃ സ്ഥാനമാഖണ്ഡലീയം. (12.6)

ഇവിടെ പരാമൃഷ്ടനായ കേരളരാജാവിന്റെ വ്യക്തിത്വത്തെപ്പററി പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അതിലേക്ക് കടക്കുന്നില്ല. അത്രമാത്രം സങ്കീർണ്ണമാണീപ്രശ്നം. ഈശാനവർമ്മൻ രണ്ടാമനെന്നു പറയുന്ന ഈ മൂഷികരാജാവ് ചേദിരാജാവിന്റെ പുത്രിയായ നന്ദിനിയെ പരിണയിച്ചു. കുറേക്കാലത്തിനുശേഷം അവളിൽ സന്താനമുണ്ടാകാതിരുന്നതിനാൽ അദ്ദേഹം ചോളരാജപുത്രിയെ പിന്നീട് വിവാഹം കഴിക്കാനിടയായി. താമസിയാതെ രണ്ടാം വിവാഹത്തിൽ നൃപരാമനെന്ന പുത്രൻ ജനിക്കുന്നു. പ്രഥമപത്നിയായ നന്ദിനി കുലദേവതയായ ദുർഗ്ഗയെ ഭജിച്ച് ദേവിയുടെ അനുഗ്രഹത്താൽ ഒരു പുത്രനേയും ഒരു പുത്രിയേയും നേടുന്നു. നന്ദിനി തന്റെ വംശത്തിൽപ്പെട്ടവർക്കുതന്നെ മരുമക്കത്തായവ്യവസ്ഥയിൽ ഭരണാധികാരം സിദ്ധിക്കണമെന്നും ദേവിയോട് അഭ്യർത്ഥിക്കുന്നു. പുത്രനായ പാലകനെ സംരക്ഷിക്കാനായി നന്ദിനി തന്റെ അച്ഛനായ ചേദിരാജാവിന്റെ സമീപത്തേക്കാണയയ്ക്കുന്നത്. മൂഷികവംശത്തിൽ മരുമക്കത്തായസമ്പ്രദായം വരാനിടയായ സാഹചര്യം കാവ്യാത്മകമായി ചിത്രീകരിക്കുന്ന ഈ ഭാഗം ചരിത്രപ്രാധാന്യമുള്ളതാകയാൽ ഇവിടെ ഉദ്ധരിക്കാം.

അനുപമഗുണരൂപാ നന്ദിനീത്യസ്തി കാചിദ്
വയസി ശിഥിലബാല്യേ വർത്തമാനാസ്യ കന്യാ
ചിരപരിചയശീലപ്രേമബന്ധാത് സലീലം
സ്വയമിവ രിപുഹസ്താദാഗതാ രാജ്യലക്ഷ്മീ. (12.10)

അഥ ജലധിരിവൈനാമംബുജാക്ഷായ ലക്ഷ്മീം
സുരഭിരിവ സമൃദ്ധിം കൗസുമീം പാർത്ഥിവായ
ഭൃശതരപരിതോഷം പ്രാദിശദ് ഭൂമിഭർത്രേ
സകലജനമനോജ്ഞാം ചേദിരാജസ്സ്വകന്യാം (12.13)

വ്യഥിതമതിരഭാവാത് പുത്രലാഭോത്സവസ്യ
ശ്ലഥിതസകലഭോഗഃ ശ്ലാഘനീയാന്വയസ്സഃ
സുബഹുഭിരഭിരാമാം സൈ്വർഗ്ഗുണൈർ മൂഷികാണാം
പതിരഥ പരിണിന്യേ കന്യകാം ചോളഭർത്തുഃ (12.16)

പ്രഥമമഥ നരേന്ദ്രഃ പശ്ചിമായാം മഹിഷ്യാ-
മലഭത നൃപരാമം സൂനുമാനന്ദഹേതും
നിജവിഭവശിഖായാമുന്നതം കോമളായാം
ഫലനിചയമിവോച്ചൈഃ ഭൂരുഹഃ പാരിജാതഃ (12.62)

ക്ഷിതിചരദുരവാപം രൂപമംഭോധിസീമാ-
നൃപവിഭവസമൃദ്ധിസ്താദൃശം/പ്രേമ/ഭർത്തുഃ
ഇതി സകലമപാർത്ഥം സാ/ഥ മത്വാ സ്വഗത്യാ
ചിരമഭജത പാദൗ നന്ദിനീ ചണ്ഡികായാഃ (12.63)

പ്രമദകലിതഭക്തിവ്യക്തരോമോദ്ഗമാംഗീം
സ്വകരകിസലയേനോത്ഥാപിതാം സംസ്പൃശന്തീ
വരമഭിമതമാശു ത്വം വൃണീഷ്വേത്യഥൈനാ-
മതിഗുരുകരുണാർദ്രം വാക്യമാര്യാ ബഭാഷേ (12.67)

പ്രതിപദമിയമസ്മദ്വംശ്യനാരീസുതാനാം
ക്ഷിതിരവനിപതീനാമംബ ഭൂയാത് സ്വരാജ്യം
പുനരിതി നിഗദന്തീ സാ/പതദ് ഭക്തിപൂർവം
പ്രണതജനശിവായാഃ പാദമൂലം ശിവായാഃ (12.68)

പ്രഥിതഗുണമപത്യം സംഭവിഷ്യത്യലം തേ
ക്ഷിതിരപി ച പുനസ്ത്രീ (വംശ) കൃത്വാസ്തഥൈവ
ഇതിഗിരമുപകർണ്യ പ്രേയസീമംബികാസൗ
കൃതഫല ഇവ പുണ്യേ ഭോഗസമ്പത്തിരോ/ഭൂത് (12.69)

ഈശാനവർമ്മന്റെ മരണാനന്തരം മന്ത്രിമാരടക്കമുള്ള പ്രധാനികൾ നന്ദിനിയുടെ പുത്രനായ പാലകനെ ചേദിയിൽ ചെന്നു കണ്ടു് രാജ്യഭാരമേല്ക്കാൻ പ്രാർത്ഥിച്ചെങ്കിലും തന്റെ ഇളയമ്മയുടെ പുത്രനായ നൃപരാമൻതന്നെ രാജ്യം വാഴട്ടെയെന്നു പറയുകയാണുണ്ടായതു്. എന്നാൽ നൃപരാമൻ അധികകാലത്തിനു മുമ്പു മരണമടയുകയും ശിശുവായ അദ്ദേഹത്തിന്റെ പുത്രൻ ചന്ദ്രവർമ്മൻ രാജാവാകുകയും ചെയ്തു. ചെറുപ്പത്തിൽത്തന്നെ അദ്ദേഹവും ദിവംഗതനാവുകയാൽ പാലകനെ ചേദിയിൽ നിന്നു വരുത്തേണ്ടിവന്നു. രാജ്യം അപ്പോൾ ശത്രുക്കളുടെ ആക്രമണഭീഷണിയെ നേരിടുകയായിരുന്നു. പാലകൻ ശത്രുക്കളെ അമർച്ചചെയ്തു മൂഷികരാജവംശത്തിന്റെ പാരമ്പര്യം രക്ഷിച്ച കാര്യം കവി ഇങ്ങനെ വർണ്ണിക്കുന്നു.

ഖലജനപരിഭൂതഃ ക്ലിഷ്ടവർണ്ണാശ്രമേഽസ്മിൻ
പ്രതിദിശമവരുദ്ധേ മണ്ഡലേ ശത്രുസൈന്യൈഃ
പ്രകൃതിസചിവവർഗ്ഗഃ പാലകാഹ്വാനഹേതോഃ
ദ്രുതതരമഭിചേദി പ്രേഷയാമാസ ദൂതം. (12.80)

പരിഭവമരിവർഗ്ഗൈസ്സന്നിശമ്യ സ്വഭ്രമേഃ
സ്ഫുടതരപരികോപഃ കല്പിതാനല്പസൈന്യഃ
പ്രഥിതവിപുലശക്തിർ നിര്യയൗ സോഽഥ സദ്യഃ
കൃതപദ ഇവ മൂർധന്യുദ്ധതഃ കൃഷ്ണസർപ്പഃ (12.81)

സപദി വിഹതഭഗ്നാശേഷവിദ്വേഷിവർഗ്ഗഃ
പ്രകൃതിസചിവജുഷ്ടോ വശ്യസാമന്തലോകഃ
സമുചിത മഭിഷേകം പ്രാപ്യ സമ്യക്പ്രജാനാ-
മധിഗതവിപുലശ്രീപാലകഃ പാലകോഽഭൂത്. (12.83)

പാലകന്റെ കാലത്തിനുശേഷം രാജ്യം ഭരിക്കുന്നതു് അദ്ദേഹത്തിന്റെ സഹോദരീപുത്രനായ വലിധരനാണു്. ഇതോടെ ഈ രാജവംശത്തിൽ മരുമക്കത്തായവ്യവസ്ഥ സമാരംഭിക്കുകയായി. പാലകന്റെ അമ്മയായ നന്ദിനിയുടെ ആഗ്രഹം അങ്ങനെയാവണമെന്നായിരുന്നു. ഗംഗരാജന്മാർ മൂഷികരാജ്യത്തെ ഇക്കാലത്തു് ആക്രമിച്ചതായി അതുലകവി രേഖപ്പെടുത്തുന്നു. പാലകനുശേഷം മരുമകൻ രാജാവായതിനെപ്പററി കവി ഇങ്ങനെ പറയുന്നു.

കൃതവതി പദമസ്മിൻ രാജ്ഞി മൃത്യോഃ കടാക്ഷേ
സ്വസുരഥ പൃഥു കീർത്തിസ്തസ്യ രാജ്ഞസ്തനൂജഃ
അഭവദഭവഹാരീ പൂരിതാശഃ പ്രജാനാം
വലിധര ഇതി തസ്യാ വല്ലഭോ രാജലക്ഷ്മ്യാഃ (12.90)

വലിധരനെത്തുടർന്ന മരുമക്കത്തായ വ്യവസ്ഥയിൽ രിപു രാമനും അദ്ദേഹത്തിന്റെ അനന്തരവൻ വിക്രമരാമനും ക്രമേണ മൂഷികരാജ്യം വാണു. വിക്രമരാമൻ കേരളചരിത്രത്തിൽ പ്രധാനമായ ഒരു സ്ഥാനമർഹിക്കുന്നു. വലിധര വിക്രമരാമന്റെ ഒരു ശിലാശാസനം ഏഴിമലയുടെ സമീപത്തിലുള്ള നരയൻ കണ്ണൂർ ക്ഷേത്രത്തിൽ കാണാം. അതു കലിവർഷം 4029 (ഏ. ഡി 928–29) ൽ രേഖപ്പെടുത്തപ്പെട്ടതാണെന്നു പറഞ്ഞിട്ടുണ്ട്. ഈ രാജാവിന്റെ കാലത്തുണ്ടായ ഒരു പ്രധാന സംഭവം ശ്രീമൂലവാസമെന്ന ജൈനക്ഷേത്രം കടലാക്രമണത്തിന്റെ ഭീഷണിയെ നേരിട്ടതാണ്. കടലിന്റെ ആക്രമണത്തിൽനിന്നും ക്ഷേത്രത്തെ സംരക്ഷിക്കുന്നതിന് വിക്രമരാമൻ ഓടിയെത്തുകയും വലിയ കരിങ്കൽക്കഷണങ്ങൾ നിരത്തി ഒരു കടൽഭിത്തി നിർമ്മിക്കുകയും ചെയ്തു. ഈ കാവ്യത്തിൽ പരാമർശിക്കപ്പെടുന്ന ഒരു പ്രധാന സംഭവമാണിത്. കവി ഇങ്ങനെ രേഖപ്പെടുത്തുന്നു.

പ്രഥിതമിഹ ജിനസ്യ ശ്രീനികേതം കദാചി-
ന്മുഷിതജനവിപത്തേരാലയം മൂലവാസം
പൃഥു ചടുലതരംഗക്ഷുബ്ധവേലാതടാന്തഃ
കബളയിതുമുദന്വാനുദ്ധതം വ്യാജജൃംഭേ (12.96)

പ്രളയ ഇവ ഗഭീരധ്വാനമുല്ലംഘ്യ വേലാ–
വിസൃതചടുലവീചേരുത്ഥിതസ്യാർണ്ണവസ്യ
തുലിതജലദശൈലൈസ്തൂർണ്ണമാബധ്യ സേതും
ബലവദുപലഭംഗൈസ്തംഭയാമാസ വേഗം (12.98)

വലിധരവിക്രമരാമന്റെ പിന്തുടർച്ചക്കാർ ജനമാനി, ശംഖവർമ്മൻ, ജയമാനി ഒന്നാമൻ, വളഭൻ ഒന്നാമൻ, കുന്ദവർമ്മൻ, പാലകൻ രണ്ടാമൻ, രിപുരാമൻ, ഗംഭീരൻ, ജയമാനി രണ്ടാമൻ, വളഭൻ രണ്ടാമൻ എന്നിവരാണ്. കില്ലാനദിയും സമുദ്രവും ചേരുന്ന പ്രദേശത്തു് മാരാഹി (ഇന്നത്തെ മാടായിക്കാവാണെന്നു ചിലർ കരുതുന്നു) എന്ന പട്ടണം നിർമ്മി

ച്ചതിനു പുറമേ വളഭൻ തൻെറ പേരോടൊപ്പമറിയപ്പെടുന്ന വള ഭപട്ടണത്തെ വേണ്ടവിധം സംരക്ഷിക്കുകയും ചെയ്തു. മാരാഹി യിൽ വിദേശരാജ്യങ്ങളിൽ നിന്നുള്ള ചരക്കുകൾ വള്ളങ്ങളിൽ കയററി എത്തിച്ചിരുന്നതായി കവി പറയുന്നുണ്ട്.

സാംയാത്രികപ്രഹിതപോതപഥാവതീർണ്ണ–
ദ്വീപാന്തരദ്രവിണസാരവൃതാപണാഢ്യം
കിള്ളാസരിത്ജലധിസംഗമസന്നികൃഷ്ടം
മാരാഹിനാമനഗരം നൃപതിശ്ചകാര.

അദ്ദേഹത്തിൻെറ കാലത്തു് ക്ഷേത്രങ്ങളുടെ നവീകരണം തുട ങ്ങിയ സാംസ്കാരികപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി കവി പ്രസ്താവിക്കുന്നു.

മാതുലനായ ജയമാനി രണ്ടാമൻ രാജ്യം വാഴുമ്പോൾ ഒരു ചോളരാജാവ് കേരളരാജ്യത്തെ ആക്രമിക്കുകയുണ്ടായി. കേരള രാജാവിനെ സഹായിക്കാനായി അദ്ദേഹം വളഭൻ രണ്ടാമനെ നിയോഗിക്കുന്നു. ഈ പ്രധാന ചരിത്രസംഭവത്തെ കവി ഇങ്ങ നെ വർണ്ണിക്കുന്നു.

അഥ കേരളം പ്രതി സ ചോളനൃപതിമഭിയാതുമുത്ഥിതം
സാഹ്യകൃതമതിരമും വളഭം പ്രജിഘായ രാമഘടമൂഷികേ
ശ്വരഃ
പ്രതിഹത്യ തം സ ഘനരേണുനിവഹപിഹിതാർക്ക
രോചിഷാ
തൂര്യതുലിതജലദധ്വനിനാ പ്രയയൗ ബലേന സഹ
ദക്ഷിണാം ദിശം

ആക്രമണകാരിയായ ചോളരാജാവു് ആരായിരുന്നുവെന്നതു് ഒരു തർക്കവിഷയമാണ്. ചോളന്മാരായ രാജരാജൻ ഒന്നാമൻ, രാജേന്ദ്രൻ ഒന്നാമൻ, കുലോത്തുംഗൻ ഒന്നാമൻ എന്നിവർ കേര ളാക്രമണം നടത്തിയിട്ടുള്ളതായി ചരിത്രരേഖകളുണ്ട്. കുലോം ത്തുംഗൻ ഒന്നാമൻ 1076–1080 എ. ഡി. കാലഘട്ടത്തിൽ നട ത്തിയ ആക്രമണത്തെപ്പററിയാണ് മൂഷികവംശപരാമർശമെന്നു് ഇന്നു പൊതുവെ കരുതപ്പെടുന്നു.

ഏതായാലും ഈ ഏററുമുട്ടലിൽ വളഭനു് കാര്യമായ സഹാ യം ചെയ്യാൻ സാധിച്ചില്ല. എന്തെന്നാൽ തൻെറ തല്സ്ഥാനം

തന്നെ ഒരു ശത്രുവിൻെറ അക്രമണത്തിനു വിധേയമായി എന്നറിഞ്ഞു് വഴിമദ്ധ്യേ അദ്ദേഹം തിരിച്ചുപോവുകയാണുണ്ടായതു്. മാതുലൻെറ മരണവും ശത്രുവിൻെറ ആക്രമണവും ഒരേ സമയത്തു സംഭവിച്ചതിനാലാണു് ഇങ്ങനെ പിന്മാറേണ്ടിവന്നതു്. വിവരം കേരളരാജാവിനെ ദൂതൻ മുഖേന അറിയിച്ചിട്ടു് വളഭൻ മടങ്ങിപ്പോവുകയും ആക്രമണകാരിയായ വിക്രമരാമനെ പരാജയപ്പെടുത്തി മൂഷികരാജ്യം വീണ്ടെടുക്കുകയും ചെയ്തു. മടങ്ങിപ്പോകുന്ന വഴി വളഭൻ ശ്രീമൂലവാസം സന്ദർശിച്ച് സുഗതനെ വന്ദിക്കുകയും ജൈനമുനിമാരുടെ അനുഗ്രഹം സമ്പാദിക്കുകയും ചെയ്തതായി കവി പരാമർശിക്കുന്നതും ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു.

ഉപസൃത്യ നിത്യസുസമൃദ്ധവിഭവഗുരുധർമ്മവിത്തമം
തത്ര സുഗതമതികാരുണികം ശുചിമൂലവാസജുഷ-
മഭ്യവന്ദത
പ്രതിഗൃഹ്യ ച പ്രവരജൈന(മുനി) ജനകൃതജയാശിഷഃ
കോപഭരിതഹൃദയസ്സഹസാ പ്രയയൗ പരൈരപഹൃതം
സ്വമന്ദിരം.

ശ്രീമൂലവാസത്തെയാണിവിടെ 'ശുചിമൂലവാസ'മെന്നു പരാമർശിക്കുന്നതു്. ഈ കാവ്യത്തിൽ ഈ ജൈനക്ഷേത്രത്തെപ്പററി കാണുന്ന രണ്ടാമത്തെ പരാമശ്മാണിതു്. മുൻപ് വിക്രമരാമൻ കടലാക്രമണത്തിൽനിന്നും ഈ പുണ്യസങ്കേതത്തെ കടൽഭിത്തി കെട്ടിച്ച് രക്ഷിച്ചതായി പറഞ്ഞിട്ടുണ്ടല്ലോ.

വളഭൻെറ രാജ്യഭാരം മൂഷികവംശത്തിലെ ഉജ്ജ്വലമായ ഒരു അദ്ധ്യായമായിരുന്നു.

അവസാനത്തെ രാജാവായി മൂഷികവംശത്തിൽ വർണ്ണിക്കപ്പെടുന്ന ശ്രീകണ്ഠനാണു് തുടർന്നു രാജ്യം വാഴുന്നതു്. തൻെറ പുരസ്കർത്താവിനോടുള്ള വിധേയത്വവും അതിരററ ബഹുമാനവുമൊക്കെ ഇവിടെ കവി പ്രകടിപ്പിക്കുന്നുണ്ടു്. രാജധമ്മൻ, രാജവർമ്മൻ എന്നീ പേരുകൾ കൂടി അദ്ദേഹത്തിനുള്ളതായി കാവ്യത്തിൽ പരാമർശിച്ചിട്ടുണ്ടു്. കലാസാഹിത്യാദികാര്യങ്ങളിൽ അദ്ദേഹത്തിനുള്ള നൈപുണ്യം, ക്ഷേത്രാദികളുടെ സ്ഥാപനത്തിലും നവീകരണത്തിലുമുള്ള ശ്രദ്ധ, മററു മതങ്ങളോടുള്ള അസാധാരണമായ സഹിഷ്ണുത തുടങ്ങിയ കാര്യങ്ങൾ കവി

യുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. അദ്ദേഹത്തെ അവതരിപ്പിക്കുന്നതു തന്നെ പ്രൗഢമായ രീതിയിലാണ്.

ശ്രീകണ്ഠ ഇത്യവരജോ/ഥ നൃപ സ്യതസ്യ
ശ്രീകണ്ഠപാദസരസീരുഹരാജഹംസഃ
ശ്രീകണ്ഠനാഥ ഇവ ശൗര്യഗുണേന ഹർഷ–
ശ്രീകണ്ഠസംഗിനി ഭുജേ ഭുവമാസഞ്ജേ (15.1)
ദേവോ മുകുന്ദ ഇവ പന്നഗവൈരിലക്ഷ്മാ
സോമാന്വയപ്രണയമീശ ഇവാദധാനഃ
കാലേ പിതാമഹ ഇവാർത്ഥിതജന്യസർഗ്ഗോ
യശ്ശുശ്വദാർദ്രസുമനാ മരുതാമിവൗഘഃ (15.25)

ഒരു സ്തുതിപാഠകന്റെ ശൈലിയിൽ തന്റെ പുരസ്കർത്താവിന്റെ മാഹാത്മ്യം എണ്ണിയെണ്ണിപ്പറയുന്നതിൽ കവി അഭിമാനം കൊള്ളുന്നതായി കാണാം. വടകേശ്വരം, ഖരവനം അഹീരണേശ്വരം എന്നീ ക്ഷേത്രങ്ങളുടെ ദയനീയസ്ഥിതി അദ്ദേഹം നോക്കിക്കാണുമ്പോൾ കവി അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നതായി തോന്നുന്നു. ഈ ക്ഷേത്രങ്ങളുടെ നവീകരണത്തിനും മററുതരത്തിലുള്ള പുനരുദ്ധാരപ്രവർത്തനങ്ങൾക്കും താൻ പരിശ്രമിക്കുമെന്നുള്ള രാജാവിന്റെ പ്രസ്താവന അതുലകവി ശ്രദ്ധിച്ചിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഈശ്വരന് ഇഷ്ടപ്പെട്ടിരിക്കുന്നുവെന്നു കവി പ്രസ്താവിച്ചിട്ടുണ്ട്. ഇതോടെ മൂഷികവംശകാവ്യത്തിന്റെ ഉപലബ്ധമായ മാതൃക അവസാനിക്കുകയാണ്. തുടർന്നു സർഗ്ഗപരിസമാപ്തിയെക്കുറിക്കുന്ന ഏതാനും പദ്യങ്ങൾ കൃതിയിൽനിന്നും നഷ്ടപ്പെട്ടിരിക്കുന്നതായി കരുതണം.

ഭൂമിശാസ്ത്രവും ചരിത്രവും

പ്രാചീന കേരളത്തെപ്പററിയുള്ള ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ അനേകം വിവരങ്ങൾ ഈ കാവ്യത്തിൽ നിന്നും ലഭ്യമാണ്. എ. ഡി. 9-ാം നൂററാണ്ടിനും 12-ാം നൂററാണ്ടിനും ഇടയ്ക്കുള്ള ഒരു കാലഘട്ടത്തിന്റെ പശ്ചാത്തലം അറിയാൻ നമുക്കു സഹായകമായ വിവരങ്ങൾ കവി ഒരുക്കിയിട്ടുണ്ട്.

ഏഴിമലയുടെ സമീപമുള്ള കോലമെന്ന രാജധാനി, വിഹാരദുർഗ്ഗം (പള്ളിക്കാവെന്നു ചിലർ), ഭടസ്ഥലി, മരുപുരം, അചലപത്തനം, മാരാഹി, വളഭപട്ടണം എന്നീ പട്ടണങ്ങളെപ്പററി ഇതിൽ പല തരത്തിലുള്ള പ്രസ്താവങ്ങൾ ഉൾക്കൊള്ളുന്നു. ക്ഷേത്രങ്ങളുടെ പ്രദേശങ്ങളെന്ന നിലയിൽ വടുകേശ്വരം, അഹീരണേശ്വരം, ചെല്ലൂർ, ശംബരം (തൃച്ചെമ്മരം), നാരായണപുരം, ഖരവനം (കാഞ്ഞിരങ്ങാട്), ശ്രീമൂലവാസം തുടങ്ങിയവ പരാമൃഷ്ടങ്ങളായിരിക്കുന്നു. ഏഴിമല, സഹ്യപർവതം, മലയപർവതം, വിന്ധ്യപർവതം എന്നീ പർവതങ്ങളും വപ്രാ, കിള്ളാ, പ്രഥനാ, പരുഷ്ണി, രേവാ തുടങ്ങിയ നദികളും കവിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഹൈന്ദവക്ഷേത്രങ്ങളുടെ നിർമ്മാണത്തിൽ മൂഷികവംശരാജാക്കന്മാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി അറിയാൻ കഴിയും. ക്ഷേത്രഭരണം സുഗമമാക്കുന്നതിനായി മൂഴിക്കുളം കച്ചം തുടങ്ങിയ വ്യവസ്ഥകൾ അവർ സ്വീകരിച്ചിരുന്നതായി കരുതാം. ശിവൻ, ശാസ്താവ്, ദുർഗ്ഗ, കൃഷ്ണൻ തുടങ്ങിയ ദേവതകളുടെ പ്രതിഷ്ഠകളെപ്പററിയുള്ള വിവരങ്ങൾ കാവ്യത്തിൽ നിന്നു ലഭിക്കുന്നു. പൊതുവേ മൂഷികരാജാക്കന്മാർ ശൈവന്മാരായിരുന്നുവെന്നു കാണാം. ബുദ്ധ–ജൈനമതങ്ങളുടെ പ്രോത്സാഹനത്തിലും അവർ ശ്രദ്ധിച്ചിരുന്നു. രാജവിഹാരം, ശ്രീമൂലവാസം തുടങ്ങിയ പരാമർശങ്ങൾ ഇവിടെ ഓർക്കാവുന്നതാണ്. കലകൾക്കും മററും അർഹിക്കുന്ന പ്രോത്സാഹനം നൽകുന്ന കാര്യത്തിലും ഇവർ താൽപര്യം കാണിച്ചിരുന്നു.

ഒരു ചരിത്രകാവ്യമെന്ന നിലയിൽ അത്യന്തം ശ്രദ്ധേയമായ ഒരു കൃതിയാണ് മൂഷികവംശം. ഭാസൻ, കാളിദാസൻ, ഭാരവി, മാഘൻ തുടങ്ങിയ മഹാകവികളുടെ സ്വാധീനം അതുലകൃതിയിൽ പ്രകടമാവുന്നുണ്ട്. ഒരു കാവ്യമെന്ന നിലയിൽ അഭ്യർഹിതമായ ഒരു സ്ഥാനം മൂഷികവംശത്തിനു് അവകാശപ്പെടാം. കൽഹണന്റെ രാജതരംഗിണിക്കൊപ്പമോ അതിൽ കുറയാത്തതോ ആയ ഒരു പദവി അതുലന്റെ കാവ്യത്തിനു നൽകാവുന്നതാണ്. ഈ കൃതിയുടെ പ്രസാധനം തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവലിയുടെ യശസ്സിന് മാററു കൂട്ടിയിട്ടുണ്ടെന്നു നിസ്സംശയം പറയാം.

ഭാഷയും സാഹിത്യവും

ഡോ. കെ. എം. ജോർജ്ജ്

ആശയവിനിമയത്തിനുള്ള ഏററവും ശക്തവും കണിശവുമായ മാധ്യമം ഭാഷയാണല്ലോ. വാങ്മയഭാഷയുടെ സഹായം കൂടാതെ, ആംഗ്യങ്ങൾ കൊണ്ടും ഭാവഹാവാദികൾ കൊണ്ടും ചില ആശയങ്ങളും വികാരങ്ങളും ആവിഷ്കരിക്കാൻ സാധിക്കുമെന്ന കാര്യം വിസ്മരിക്കുന്നില്ല. പക്ഷേ അവയ്ക്കു് ഒരു പരിധിക്കപ്പുറം ആ കൃത്യം നിർവ്വഹിക്കാൻ സാധ്യമല്ല. ശബ്ദരൂപത്തിലോ ലിപിരൂപത്തിലൊ ഉള്ള ചിഹ്നങ്ങൾ ഉപയോഗിക്കുന്ന ഭാഷയ്ക്ക് ആശയസംവേദനത്തിനുള്ള കഴിവ് അപാരമാണെന്നു സമ്മതിക്കണം. ഈ മാധ്യമം ഉപയോഗിക്കാൻ കഴിവില്ലാത്ത മനുഷ്യർ എങ്ങുമില്ല. വല്ലവരും ഉണ്ടെങ്കിൽ അവർ മൃഗപ്രായരാണെന്നു കരുതുകയേ നിവൃത്തിയുള്ളൂ. ഒരു ഭാഷയുടെ മുതൽക്കൂട്ടായ സാമഗ്രികൾ ഉപയോഗിക്കുന്നതിലുള്ള വൈദഗ്ദ്ധ്യവും വാസനയും ഓരോ വ്യക്തിയുടെയും അറിവും അഭ്യാസവും അഭിരുചിയും കല്പനാശക്തിയും അനുസരിച്ചിരിക്കും. ഈ കഴിവുകൾ സാമാന്യമായ തോതിൽ ഉള്ളവർ സഹൃദയരും, അസാമാന്യമായ തോതിൽ ഉള്ളവർ സാഹിത്യകാരന്മാരും ആയി കാണപ്പെടുന്നു. ഓരോ ഭാഷയുടെയും മുതൽക്കൂട്ടുതന്നെ ആ ഭാഷയുടെ വളർച്ചയെ പ്രതിഫലിപ്പിക്കു

ന്നുണ്ട്. ഇംഗ്ലീഷും മലയാളവും കൊങ്കണിയും താരതമ്യപ്പെടുത്തിയാൽ ഇക്കാര്യം സ്പഷ്ടമാകും. ഈ മൂന്നു ഭാഷകളിലും സാഹിത്യകൃതികൾ ഉണ്ടെങ്കിലും ഓരോന്നിന്റെയും വികാസവും ആവിഷ്കാരസിദ്ധിയും പ്രചാരസീമയും ഓരോ തോതിലാണല്ലോ.

ഭാഷകളുടെ ആവിഷ്കാരസാധ്യതയും സംവേദനവിസ്തൃതിയും എത്ര വ്യത്യസ്തമായിരിക്കുമെന്നു മനസ്സിലാക്കുവാൻ ഇന്ത്യയിലെ ഭാഷകളിൽ ഒന്നു കണ്ണോടിച്ചാൽ മതിയാകും. 1961–ലെ കാനേഷുമാരിക്കണക്കിൻ പ്രകാരം ഇന്ത്യയിൽ 1652 ഭാഷകളുണ്ടത്രേ. അഞ്ചോ ആറോ ആളുകൾ സംസാരിക്കുന്ന ഭാഷാഭേദങ്ങൾ (dialects) പോലും ഒരു പ്രത്യേകഭാഷയായി പരിഗണിച്ചതുകൊണ്ടാണ് ഇത്ര വലിയൊരു സംഖ്യ വന്നതു്. എന്നാൽ 1971-ലെ കണക്കിൽ ഈ സംഖ്യ 700 ആയിക്കുറഞ്ഞത്, കുറഞ്ഞപക്ഷം ആയിരം ആളുകളെങ്കിലും സംസാരിക്കുന്ന ഭാഷകൾക്കു മാത്രമേ പ്രത്യേകസ്ഥാനം കൊടുക്കേണ്ടതുള്ളൂ എന്നു വ്യവസ്ഥ ചെയ്തതുകൊണ്ടാണ്. ഇത്രത്തോളം ഭാഷാസമൃദ്ധിയും വൈവിധ്യവുമുള്ള ഒരു ഭൂവിഭാഗം വേറെയുണ്ടെന്നു തോന്നുന്നില്ല. ഏതാണ്ടു സംഭ്രമജനകമായ ഈ ഭാഷാപ്രളയത്തിൽനിന്നു് അല്പം വിമോചനം ലഭിക്കണമെങ്കിൽ, ചില പ്രാധാന്യക്രമങ്ങൾ അടിസ്ഥാനമാക്കേണ്ടതുണ്ടു്. ജനസംഖ്യ, രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും വ്യാപാരപരവുമായ നിലവാരം എന്നീ പരിഗണനകൾ അടിസ്ഥാനമാക്കിയാണ് 15 ഭാഷകളെ പ്രമുഖഭാഷകളായി ഇന്ത്യൻ ഭരണഘടനയിൽ അംഗീകരിച്ചിരിക്കുന്നതു്. ഇവയെല്ലാം സാഹിത്യസമ്പുഷ്ടങ്ങളായ ഭാഷകൾതന്നെ. എന്നാൽ കേന്ദ്രസാഹിത്യ അക്കാദമി, ഇവ കൂടാതെ ഏഴു ഭാഷകൾക്കൂടെ സാഹിത്യസമ്പന്നമായ ഭാഷകളായി അംഗീകരിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ ദോഗ്രി, മണിപ്പൂരി, നേപ്പാളി, മൈഥിലി, രാജസ്ഥാനി, കൊങ്കണി എന്നീ ആറു ഭാഷകൾക്കൂടാതെ ഇംഗ്ലീഷും നമ്മുടെ ഒരു ഭാഷയായി അംഗീകരിച്ചിട്ടുണ്ടു്. കാരണം ഭാരതീയരുടെ വകയായി ഗണ്യമായ ഒരു സാഹിത്യശേഖരം ഇംഗ്ലീഷിൽ ഉണ്ടെന്നതു തന്നെ. മേൽച്ചൊന്ന ഇരുപത്തിരണ്ടു ഭാഷകൾ കൂടാതെ, കുറെയെല്ലാം സാഹിത്യകൃതികൾ ഉള്ള മററുചില ഭാഷ

കരംക്കുടെ നമ്മുടെ രാഷ്ട്രത്തിൽ ഉണ്ടാവും. എങ്കിൽതന്നേ അറുനൂറിലധികം ഭാഷകരം സാഹിത്യകൃതികരം ഇല്ലാതെ, കേവലം ആശയവിനിമയമാധ്യമങ്ങളായി ഇന്ത്യയിൽ നിലനില്ക്കുന്നുണ്ടെന്നു സിദ്ധിക്കുന്നു.

ഭാഷയില്ലാതെ സാഹിത്യമില്ല; എന്നാൽ സാഹിത്യമില്ലാത്ത ഭാഷകരം ഉണ്ട്. ചെടിയില്ലാതെ പൂവില്ല; എന്നാൽ പൂവില്ലാത്ത ചെടികരം ഉണ്ട്. ഈ ബിംബകല്പനയിൽ നിന്നു ഭാഷയും സാഹിത്യവും തമ്മിലുള്ള ബന്ധത്തിൻെറ സ്വരൂപം ഏറെക്കുറേ വിശദമാകുന്നു. ഒരു ഭാഷ സാഹിത്യ മേഖലയിലേക്കു പുഷ്പിക്കുന്നതു് (a language flowering into literature) അതിപ്രധാനമായ ഒരു പരിണാമഘട്ടമാണ്. പല ഘടകങ്ങരം ഒത്തു വരുമ്പോരം മാത്രമാണ് അതു സാധിതപ്രായമാകുന്നതു്. പല മേഖലകളിൽ വിചാരങ്ങളും വികാരങ്ങളും ആവിഷ്കരിക്കേണ്ട ആവശ്യങ്ങരം വരുമ്പോരം, അതിനു് കെല്പുള്ളവർ തയ്യാറാകുമ്പോരം, ഭാഷ സ്വാഭാവികമായി വളരുന്നു. വിപുലമായ ബന്ധങ്ങളിൽ നിന്ന് ഇത്തരം ആവശ്യങ്ങരം വർദ്ധിക്കുമ്പോരം, വളരെക്കാലം അതു തുടരുമ്പോരം, ഭാഷാവികാസം ഗണ്യമാകുന്നു. ഉത്ഭവത്തിൽ ഒരു ചെറിയ ഭാഷയായിരുന്ന ഇംഗ്ലീഷ് ഇങ്ങനെയാണു വളർന്നു പന്തലിച്ചു ഏതാണ്ടു മൂന്നു നാലു ശതകങ്ങരം കൊണ്ടു ഒരു 'ലോകഭാഷ'യായി രൂപം കൊണ്ടതു്. 'ലോകഭാഷ' എന്ന പ്രയോഗം കൊണ്ടു ലോകത്തിൻെറ ഒട്ടെല്ലാ ഭാഗങ്ങളിലും അഭ്യസ്തവിദ്യരായ ഒരു ന്യൂനപക്ഷം അറിയുന്ന ഭാഷ എന്നേ ധരിക്കേണ്ടതുള്ളൂ. ലോകത്തുള്ള എല്ലാവരും അറിയുന്ന ഒരു ഭാഷയുമില്ല. അങ്ങനെയൊരു പൊതുമാധ്യമം ഉണ്ടാകാൻ പോകുന്നുമില്ല.

ശരിക്കും ചിന്തിക്കുമ്പോരം ഭാഷ ഒരു പരിമിത മാധ്യമം ആണ്. എന്നാൽ ചിത്രകലയുടെയും പ്രതിമാശില്പത്തിൻെറയും മാധ്യമം സാർവ്വദേശീയമാണ്. സംഗീതം പോലും ഗണ്യമായൊരളവിൽ സാർവ്വദേശീയം തന്നെ. സംഗീതത്തിൽ ലയിക്കുന്ന വാങ്മയത്തിനു ഒരു പൂരകസ്ഥാനം മാത്രമാണുള്ളതു്. വരകളും ചായങ്ങളും സ്വരൂപവും ആർക്കും മനസ്സിലാകുന്ന മാധ്യമങ്ങളാണല്ലോ. എന്നാൽ സാഹിത്യം മനസ്സിലാകണമെങ്കിൽ അതിന്നുപയോഗിക്കുന്ന ഭാഷയിൽ പ്രാവീണ്യം വേണം.

ഓരോ ഭാഷയ്ക്കും അതിൻേറതായ പദസമൂഹവും വ്യാകരണവും അതിൻേറതായ ലിപി വ്യവസ്ഥയും ഉണ്ട്. ഈ മുള്ളുവേലികൾ കടന്നുവെങ്കിൽ മാത്രമേ അതിൻെറ സാഹിത്യപൂവാടിയിൽ പ്രവേശനം ലഭിക്കയുള്ളൂ.

കേരളത്തിൻെറ മണ്ണിൽ വേരുറച്ച ഭാഷയാണു മലയാളം. മലയാള സാഹിത്യം വായിച്ചാസ്വദിക്കണമെങ്കിൽ ആ ഭാഷയിൽ വൈഭവം നേടണം. ഇതു കുറേ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒരു വിദേശിക്കു കുമാരനാശാൻെറ കവിതകൾ ആസ്വദിക്കണമെങ്കിൽ മലയാളം നല്ലവണ്ണം പഠിക്കാതെ സാധ്യമല്ല. പക്ഷേ കെ. സി. എസ്. പണിക്കരുടെ ചിത്രങ്ങൾ ആസ്വദിക്കാൻ ഇത്തരമൊരു തയ്യാറെടുപ്പ് ആവശ്യമില്ല. കഥകളിപ്രകടനം പോലും ഒരളവിൽ ആസ്വദിക്കാൻ വിദേശിക്ക് കഴിയും. കാരണം മാധ്യമത്തിൻെറ അന്തർദ്ദേശീയ വ്യാപ്തിയും പ്രത്യേകതയും തന്നെ. സംസാരിക്കുന്ന ആളുകളുടെ സംഖ്യ അടിസ്ഥാനമാക്കി നോക്കുമ്പോൾ മലയാളത്തിനു് ഇന്ത്യൻ ഭാഷകളുടെ ഇടയിൽ എട്ടാം സ്ഥാനമാണുള്ളതു്; ലോകത്തൊട്ടാകെയുള്ള ഭാഷകളുടെ കൂട്ടത്തിൽ മുപ്പതാം സ്ഥാനവും. വ്യക്തികൾ എന്ന നിലയിൽ മലയാളികൾ ലോകത്തിൻെറ ഒട്ടെല്ലാ ഭാഗങ്ങളിലും കാണപ്പെടുന്നുവെങ്കിലും, വലിയൊരു സമൂഹമായി അവർ തിങ്ങിപ്പാർക്കുന്നതു കേരളത്തിൽ മാത്രമാണ്. (ബോംബെയിലും മദ്രാസിലും ലക്ഷക്കണക്കിനു മലയാളികൾ ഉണ്ടെന്നതു് ഇതിന്നൊരപവാദമല്ല.) അപ്പോൾ മലയാള ഭാഷയുടെ വേരുറച്ചിരിക്കുന്ന മണ്ണു കേരളം തന്നെയാണ്. ഇപ്രകാരം ഓരോ പ്രധാന ഭാഷയ്ക്കും അതിൻേറതായ ഭൂമിക ഉണ്ടായിരിക്കും. ഈ അടിസ്ഥാനത്തിലാണല്ലൊ 1956-ൽ ഇന്ത്യയിൽ സംസ്ഥാന പുനർവിഭജനം നടന്നതു്. മറെറാരു തരത്തിൽ പറഞ്ഞാൽ ഭാഷ പ്രാദേശികമായ (regional) പ്രതിഭാസമാണ്. എന്നാൽ സാഹിത്യത്തിൻെറ സ്ഥിതി അതല്ല. സാഹിത്യം വിവർത്തനങ്ങളിലൂടെ ഏതു പ്രദേശത്തേക്കും യാത്ര ചെയ്യാൻ കെല്പുള്ള ഒരു വസ്തുവാണ്. മറെറാരു തരത്തിൽ പറഞ്ഞാൽ ഭാഷ സ്ഥാവരം ആയിരിക്കുമ്പോൾ, അതിലെ സാഹിത്യം ജംഗമം ആണ്. ഭാഷ ചെടിയാണെങ്കിൽ സാഹിത്യം അതിലെ പൂക്കൾ ആണ്, എന്നിങ്ങനെയൊരു ചിത്രകല്പന മുമ്പേ അവതരിപ്പിച്ചുവല്ലോ. ആ കല്പന തന്നേ ഒന്നു വികസിപ്പിച്ചാൽ ഭാഷയും

സാഹിത്യവും തമ്മിലുള്ള ബന്ധവും വ്യത്യാസങ്ങളും കൂടുതൽ സ്പഷ്ടമാകും. ചെടി ഒരു പറമ്പിൽ വേരുറച്ചു നില്ക്കുന്നു. അവിടെ നിന്നും അതിനെ പിഴുതു മാററിയാൽ അതിൻെറ അസ്തിത്വം നശിക്കുന്നു. എന്നാൽ അതിലുണ്ടാകുന്ന പൂക്കളും കായ്കളും സഞ്ചരിക്കാൻ കഴിയുന്ന വിഭവങ്ങളത്രേ. മാത്രമല്ല, കായ്കനികളുടെ സമൃദ്ധിയും സ്വാദും ഈടും അവയുടെ പ്രയാണത്തിൻെറ വിസ്തൃതി വർദ്ധിപ്പിക്കയും ചെയ്യുന്നു. കാശ്മീരിലും കുളുവാലിയിലും ഉണ്ടാകുന്ന ആപ്പിൾ പഴങ്ങൾ എത്ര ദൂരം സഞ്ചരിച്ച് എവിടെയെല്ലാം പോകുന്നുവെന്നു ചിന്തിക്കുക.

ഇതുപോലെയാണ് ശ്രേഷ്ഠസാഹിത്യകൃതികളുടെ സഞ്ചാരവും. വിശ്വസാഹിത്യകൃതികളുടെ ദേശാന്തരഗമനത്തിൻെറ വ്യാപ്തിയും സ്വഭാവവും നമ്മിൽ കൗതുകം ഉണർത്തുന്നു; അത്ഭുതം വളർത്തുന്നു. ഷേക്സ്പീയർ ഇംഗ്ലീഷ് ഭാഷയിൽ രചിച്ച നാടകങ്ങൾ ലോകത്തുള്ള എല്ലാ മുഖ്യഭാഷകളിലും അവതരിച്ചിരിക്കുന്നു. അതുപോലെ ജോൺബന്യൻെറ പരദേശി മോക്ഷയാത്ര (Pilgrims Progress) ചെന്നെത്താത്ത പ്രദേശങ്ങൾ കുറവു തന്നെ. ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും (War and Peace), ദസ്തയെവസ്കിയുടെ കുററവും ശിക്ഷയും (Crime and Punishment), ഗോർക്കിയുടെ അമ്മ (Mother) എന്നീ നോവലുകൾ റഷ്യൻ ഭാഷയിൽനിന്നാണു യാത്ര ആരംഭിച്ചതെന്നു പോലും മലയാള വായനക്കാർ ഓർത്തെന്നു വരികയില്ല. രവീന്ദ്രനാഥ് ടാഗൂറിൻെറ കവിതകളും കഥകളും ബംഗാളിയിൽനിന്നും, പ്രേംചന്ദിൻെറ ഗോദാനം എന്ന നോവൽ ഹിന്ദിയിൽനിന്നും ലോകമാകെ പ്രയാണം ചെയ്തിരിക്കുന്നു. തകഴി ശിവശങ്കരപ്പിള്ളയുടെ ചെമ്മീൻ, പന്ത്രണ്ടു ഭാരതീയ ഭാഷകളിലും ഏതാണ്ടത്രയും വൈദേശികഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ടു് ലോകത്തിൻെറ പല ഭാഗങ്ങളിലും എത്തിച്ചേർന്നു കഴിഞ്ഞു. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ടു്. അങ്ങനെ മഹത്തായ സാഹിത്യകൃതികൾ ജന്മമെടുക്കുന്ന ഭാഷയുടെ രംഗം ഒരു ചെറിയ പ്രദേശമായിരുന്നാലും, അവയുടെ ദേശാന്തര ഗമന സാധ്യതകൾ വളരെ വിപുലമാണെന്നും നാം ഓർക്കേണ്ടതുണ്ടു്. അങ്ങനെ നോക്കുമ്പോൾ ശ്രേഷ്ഠസാഹിത്യകൃതികൾ, ഭാഷയുടെ അതിർത്തി വരമ്പുകൾ

ഭേദിച്ചു എവിടെയും സഞ്ചരിക്കാൻ കരുത്തുള്ള കലാവിഭവങ്ങളാണ് എന്നു സിദ്ധിക്കുന്നു.

സാഹിത്യകൃതികൾക്കു പ്രയാണസാദ്ധ്യതയുണ്ടെങ്കിലും, എല്ലാ ഭാഷകളിൽനിന്നും ഇതര ഭാഷകളിലേക്കു വിദഗ്ദ്ധരായ വിവർത്തകരെ ലഭിക്കുന്നില്ല. മലയാളഭാഷതന്നെ ഉദാഹരണത്തിനു എടുക്കാം. മികച്ച യൂറോപ്യൻ ഭാഷകളിൽനിന്നും അറുന്നൂറോളം കൃതികൾ മലയാളത്തിൽ വിവർത്തനങ്ങളായി വന്നിട്ടുണ്ട്. ഇവയിൽതന്നെ ഒരു നല്ലഭാഗം ഇംഗ്ലീഷ് വിവർത്തനങ്ങളുടെ വിവർത്തനങ്ങളാണ്. ഇതര ഭാരതീയ ഭാഷകളിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള കൃതികൾ മുന്നൂറിനടുത്തു കാണും. അവയിൽ പലതും ഹിന്ദിമുഖേന പുനരവതാരം നേടിയാണ് ഇവിടെ എത്തിയിട്ടുള്ളത്. രണ്ടാം വിവർത്തനം കലാമൂല്യത്തെയും സർഗ്ഗചൈതന്യത്തെയും കൂടുതൽ വെട്ടിക്കുറയ്ക്കുമെന്നതു് ഒരു സത്യം മാത്രം. ബംഗാളി, ഹിന്ദി, തമിഴ് എന്നീ ഭാഷകളിൽ നിന്നുമാണ് ഏറിയകൂറും വിവർത്തനങ്ങൾ മലയാളത്തിൽ വന്നിട്ടുള്ളതു്. ഇത്രയും കൊണ്ട് ഭാരതീയസാഹിത്യത്തെ കുറിച്ചു് മൊത്തത്തിൽ ഒരു ധാരണ ലഭിക്കാൻ മലയാളഭാഷയെമാത്രം ആശ്രയിച്ചാൽപോരാ എന്നു തെളിയുന്നു. മലയാളസാഹിത്യം നമ്മുടെ പൈതൃകമാണ്. നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ അതു സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. പക്ഷേ നമ്മുടെ പൈതൃകം അതു മാത്രമല്ല. ഇരുപതിൽപരം ഭാഷകളിൽ ഉണ്ടായിട്ടുള്ള ഉത്തമ സാഹിത്യകൃതികൾ എല്ലാം നമുക്കു അവകാശപ്പെട്ട പിതൃസ്വത്താണ് എന്നു കരുതുന്നവരാണ് യഥാർത്ഥത്തിൽ ഭാരതീയ പൗരന്മാർ. പക്ഷേ അവർക്കു് ഭാരതീയ-സാഹിത്യം അനുഭവവേദ്യമാകണമെങ്കിൽ, പിറന്ന മണ്ണുവിട്ട് ഉത്തമ സാഹിത്യകൃതികൾ വിവർത്തനങ്ങൾ മുഖേന ഇതരഭാഷകളിലെല്ലാം ചെന്നു ചേരേണ്ടതുണ്ട്. സാഹിത്യകൃതികൾക്കു എവിടെയും സഞ്ചരിക്കാനും ഇതരമാധ്യമങ്ങളെല്ലാം ധന്യമാക്കാനുമുള്ള കഴിവും അർഹതയുമുണ്ട്. വിദഗ്ദ്ധ വിവർത്തകരെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് അതിനുള്ള പ്രധാനമാർഗ്ഗം. ഭാഷയുടെ വേരു് ഒരു സ്ഥലത്തു് ഉറച്ചിരിക്കുമെങ്കിലും അതിന്റെ മഹത്തായ ഫലങ്ങൾ ദേശാന്തരഗമനംചെയ്തു പല പ്രദേശങ്ങളെയും ധന്യമാക്കുന്നു.

രസാസ്വാദം

ഡോ. കെ. കുഞ്ചുണ്ണിരാജാ

ഭാരതീയകലകളുടെ ജീവനാണ് രസം. ഭരതൻെറ നാട്യശാസ്ത്രത്തിൽ ഒരദ്ധ്യായം രസചർച്ചയ്ക്കു നീക്കി വെച്ചിരിക്കുന്നു. ബി.സി. രണ്ടാം നൂററാണ്ടിൽ പതഞ്ജലിയും 'രസികോ നടഃ' എന്നു പ്രയോഗിച്ചു കാണുന്നുണ്ട്. കലാസൗന്ദര്യാസ്വാദനമാണ് രസം. രതി, ശോകം, ഉത്സാഹം തുടങ്ങിയ ഭാവങ്ങൾ വാസനാരൂപത്തിൽ സ്ഥിരമായി എല്ലാ മനുഷ്യരിലും കുടികൊള്ളുന്നു; ലജ്ജ, ആലസ്യം തുടങ്ങിയ മററു ചില വികാരങ്ങൾ എന്തെങ്കിലും കാരണമുണ്ടായാൽ പ്രത്യക്ഷപ്പെടും. കാരണം നീങ്ങിയാൽ അവയും മായും. സ്ഥിരമായ ഭാവങ്ങൾക്ക് സ്ഥായിഭാവങ്ങൾ എന്നും ഇടയ്ക്കു വന്നും പോയുമിരിക്കുന്ന ഭാവങ്ങൾക്ക് സഞ്ചാരിഭാവങ്ങൾ, അഥവാ വ്യഭിചാരിഭാവങ്ങൾ എന്നും പേർ. ഇതുകൂടാതെ രോമാഞ്ചം, വൈവർണ്യം, തൊണ്ടയിടർച്ച, കണ്ണുനീർ തുടങ്ങിയ സാത്ത്വികഭാവങ്ങൾക്ക് അനുഭാവങ്ങൾ എന്ന നിലയ്ക്കു പുറമേ ചിത്തവൃത്തികളുടെ ബഹിഃസ്ഫുരണം എന്ന നിലകൂടിയുണ്ട്. ''വിഭാവാനുഭാവവ്യഭിചാരിസംയോഗാദ് രസനിഷ്പത്തിഃ'' എന്നാണ് ഭരതൻെറ രസസൂത്രം. രതി, ഉത്സാഹം തുടങ്ങിയ സ്ഥായിഭാവങ്ങൾ, നിർവ്വേദം, ഗ്ലാനി, ശങ്ക തുടങ്ങിയ

വ്യഭിചാരിഭാവങ്ങളുടേയും 8 സാത്ത്വികഭാവങ്ങളുടേയും സഹായത്തോടെ പുടം ചെയ്യെടുത്താൽ ശൃംഗാരം, വീരം തുടങ്ങിയ എട്ട രസങ്ങരം ഉളവാകും. ശമമോ നിർവ്വേദമോ തൃഷ്ണാക്ഷയസുഖമോ സ്ഥായിയായ ശാന്തരസത്തേയും ചിലർ സ്വീകരിച്ചിട്ടുണ്ട്. വിഭാവങ്ങളെ ആലംബനവിഭാവങ്ങളെന്നും ഉദ്ദീപനവിഭാവങ്ങളെന്നും ഭരതനു ശേഷം വന്ന പണ്ഡിതന്മാർ വിഭജിച്ചു.

രസത്തിൻെറ മാഹാത്മ്യത്തെ പുകഴ്ത്തിപ്പുകഴ്ത്തി രസാസ്വാദവും ആദ്ധ്യാത്മികാനുഭൂതിയും ഒരു പോലെയാണെന്നു് അഭിനവഗുപ്തപാദർ തുടങ്ങിയ പണ്ഡിതന്മാർ വാദിക്കുവാൻ തുടങ്ങി. ബ്രഹ്മാസ്വാദസഹോദരം അഥവാ ബ്രഹ്മാസ്വാദം പോലെയുള്ള ഒരനുഭവം ആണു് രസാസ്വാദം. അറിയാത്ത കാര്യം വിവരിക്കുമ്പോരം അറിയാവുന്ന ഒന്നിനോടു തുല്യമാണു് എന്നു പറയാറുണ്ട്. ഇവിടെ രസാസ്വാദം എന്തെന്നറിയാത്തവർക്കു് ബ്രഹ്മാസ്വാദംപോലെ എന്നു പറഞ്ഞതുകൊണ്ടെന്താണു് കാര്യം? ബ്രഹ്മാനുഭൂതിയുണ്ടായിട്ടുള്ളവർ എത്ര പേരുണ്ട്? ഉപനിഷത്തുകരം കണ്ട മഹർഷിമാർ കുറെക്കൂടി വകതിരിവുള്ളവരായിരുന്നു. അവർ പറഞ്ഞു ''സ്നേഹസമ്പൂർണ്ണയായ പ്രിയതമ ഇങ്ങോട്ടുവന്നു കെട്ടിപ്പിടിക്കുമ്പോരം ബാഹ്യവും ആഭ്യന്തരവുമായ മറെറല്ലാം മറന്നു് ആഹ്ലാദിക്കുന്നതുപോലെയാണു് ബ്രഹ്മാനുഭൂതി'' എന്നു്. ഇങ്ങനെ പറഞ്ഞാൽ കുറച്ചെങ്കിലും മനസ്സിലാക്കാം. അനുഭവൈകവേദ്യമാണതു്; അതായതു് സ്വയം അനുഭവിച്ചറിയേണ്ടതു്; മറെറാരാരംക്കു പറഞ്ഞു തന്നു മനസ്സിലാക്കുവാൻ എളുപ്പമല്ല അതു്; ''വിഗളിതവേദ്യാന്തരം'' എന്നതിനു് മറെറല്ലാം മറന്നുകൊണ്ടു് എന്നർത്ഥം, അതായതു് സ്ഥിരമായ ഏകാഗ്രത വേണം. ഇതു സിനിമ കാണുമ്പോഴും ഡിററക്ററീവ് നോവൽ വായിക്കുമ്പോഴും മനോരാജ്യം കാണുമ്പോഴും ഉണ്ടാകാം. അലൗകികമാണു് ഈ രസാസ്വാദം കൊണ്ടുകിട്ടുന്ന ആനന്ദം. സാധാരണ ഇന്ദ്രിയതർപ്പണം കൊണ്ടുകിട്ടുന്ന സുഖംപോലെയല്ല. ഭാവനയിൽ വീണ്ടും വീണ്ടും ചർവ്വണ ചെയ്യുമ്പോരം അനുഭവപ്പെടുന്ന ഒന്നാണതു്.

രസാസ്വാദത്തെപ്പററിയുള്ള ചർച്ചകളിൽ ആദ്ധ്യാത്മികതയിലേയ്ക്കാണ്ടിറങ്ങി ബ്രഹ്മാസ്വാദവും രസാസ്വാദവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ ഒരു കാര്യം നാം മറന്നുപോകുന്നു, ഭരതൻെറ നാട്യശാസ്ത്രത്തിൽ ആദ്ധ്യാത്മികതയ്ക്കു്, അത്ര വലിയ സ്ഥാനമൊന്നും കൊടുത്തിട്ടില്ല എന്നു്. പല തരക്കാരായ സാമാന്യജനങ്ങളാണു് പ്രേക്ഷകരായി വരുന്നതു്, അവരെ രസിപ്പിക്കലും അവർക്കു് ആഹ്ലാദം നല്കലുമാണു് നാട്യത്തിൻെറ പ്രധാന പ്രയോജനമായി ഭരതൻ കരുതിയിരുന്നതു്.

ദുഃഖാർത്താനാം ശ്രമാർത്താനാം ശോകാർത്താനാം തപസ്വിനാം
വിശ്രാമജനനം ലോകേ നാട്യമേതദ് ഭവിഷ്യതി
(1.115)

ലൗകികക്ലേശങ്ങളിൽ മനം നൊന്തുഴലുന്ന സാമാന്യജനങ്ങൾക്കു് ആനന്ദം നല്കുകയാണു നാട്യത്തിൻെറ പ്രയോജനം. കാളിദാസനും ഈ അഭിപ്രായം തന്നെയാണു് ഉണ്ടായിരുന്നതു്.

''ത്രൈഗുണ്യോത്ഭവമത്ര ലോകചരിതം നാനാരസം ദൃശ്യതേ
നാട്യം ഭിന്നരുചേർജ്ജനസ്യ ബഹുധാപ്യേകം സമാരാധനം'' (മാളവികാഗ്നിമിത്രം)

ലോകം ഭിന്നരുചിയാണെന്നും പല തരക്കാരെയും സന്തോഷിപ്പിക്കുവാൻ പല രസങ്ങളും കൂട്ടിച്ചേർക്കേണ്ടി വരുമെന്നും ഭരതന്നറിയാമായിരുന്നു.

തുഷ്യന്തി തരുണാഃ കാമേ വിദഗ്ദ്ധാഃ സമയാന്വിതേ
അർത്ഥേഷ്വർത്ഥപരാശ്ചൈവ മോക്ഷേ ചാഥ വിരാഗിണഃ
ശൂരാസ്തു വീരരൗദ്രേഷു നിയുദ്ധേഷ്വാഹവേഷു ച
ധർമ്മാഖ്യാനേ പുരാണേഷു വൃദ്ധാസ്തുഷ്യന്തി നിത്യശഃ
ന ശക്യമധമൈർജ്ഞാതുമുത്തമാനാം വിചേഷ്ടിതം
തത്ത്വഭാവേഷു സർവ്വേഷു തുഷ്യന്തി സതതം ബുധാഃ
ബാലാ മൂർഖാഃ സ്ത്രീയശ്ചൈവ ഹാസ്യ നൈപഥ്യ യോസ്സദാ

എല്ലാ തരത്തിലുള്ള പ്രേക്ഷകരേയും ആകർഷിക്കുവാൻ വേണ്ടിയാണ് നൃത്തങ്ങൾക്കും പാട്ടുകൾക്കും നാട്യത്തിൽ സ്ഥാനം കൊടുത്തിട്ടുള്ളത്. ശൃംഗാരവും വീരവും ഹാസ്യവുമെല്ലാം ചേർക്കുന്നതും നാട്യത്തിന്റെ 'സിദ്ധി'ക്കു വേണ്ടിത്തന്നെ. എല്ലാ പ്രബന്ധങ്ങൾക്കും നാടകങ്ങൾക്കും മററും ഒന്നിലധികം രസം പ്രതിപാദിക്കുന്ന തരത്തിലായിരുന്നു പഴയ കഥാഘടനകൾ.

നഹ്യേകരസജം കാവ്യം കിഞ്ചിദസ്തി
പ്രയോഗതഃ (7.119)

എന്നു ഭരതൻ തന്നെ പറയുന്നുണ്ട്. ഭാമഹന്റെയും ദണ്ഡിയുടെയും മററും മഹാകാവ്യനിർവ്വചനത്തിൽ 'രസഭാവനിരന്തരം' 'നാനാരസസമന്വിതം' എന്നും മററുമാണ് കാണുക. ''ഏകോ രസോ ഽങ്ഗീകർത്തവ്യഃ'' എന്ന നിയമം ആദ്യമായിക്കൊണ്ടുവന്നതു് ആനന്ദവർദ്ധനാചാര്യരാണ്. പ്രബന്ധത്തിന്ന് കാര്യൈക്യം ഭരതൻതന്നെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു് രസങ്ങളിൽ ഒന്നിന്നു മററുള്ളവയേക്കാൾ പ്രാധാന്യം കൊടുത്താൽ ചാരുതോൽകർഷത്തിന്നു് കാരണമാകുമെന്നും അദ്ദേഹം വാദിച്ചു. പിന്നീടു വന്നവരെല്ലാം ഈ മതം സ്വീകരിക്കുയും ചെയ്തു. രൂപകങ്ങളെ വേർതിരിക്കുന്നതു് വസ്തു, നേതാ, രസം എന്നിവയെ ആസ്പദമാക്കിയാണ് എന്ന ദശരൂപകവാക്യവും ആനന്ദവർദ്ധനന്റെ സ്ഥായിരസവാദത്തെ ആസ്പദമാക്കിയുള്ളതാണ്. സ്ഥായിയായ രസത്തെ പോഷിപ്പിക്കുവാൻ പല പല വ്യഭിചാരിഭാവങ്ങളും സഹായിക്കുമെന്ന മതം മാഘൻ ശിശുപാലവധത്തിൽ പറയുന്നുണ്ടു്. (2.87)

സ്ഥായിനോ ഽർത്ഥേ പ്രവർത്തന്തേ ഭാവാ:
സഞ്ചാരിണോ യഥാ
രസസ്യൈകസ്യ ഭൂയാംസസ്തഥാ നേതുർമഹീപതേഃ

എല്ലാ ഭാവങ്ങളും—സ്ഥായിഭാവങ്ങളും വ്യഭിചാരിഭാവങ്ങളും സാത്ത്വികഭാവങ്ങളും- ചിത്തവൃത്തിവിശേഷങ്ങളാണ്. വേണ്ടവിധം പരിപോഷിപ്പിച്ചാൽ നിർവ്വേദാദി വ്യഭിചാരിഭാവങ്ങളും രസമായിത്തീരും എന്നൊരു മതമുണ്ടു്. അതുപോലെ ശോകം തുടങ്ങിയ സ്ഥായിഭാവങ്ങൾതന്നെ വ്യഭിചാരിയായും വർത്തിക്കും. ''സ്നിഗ്ദ്ധശ്യാമളകാന്തിലിപ്തവിയതോ—'' എന്ന പദ്യത്തിൽ ശോകം വിപ്രലംഭശൃംഗാരത്തിന്നു് വ്യഭിചാരി

യാണ് എന്നു് ലോചനത്തിൽ അഭിനവഗുപ്തൻ പറയുന്നു. അദ്ദേഹം തന്നെ ലോചനത്തിൽ മറെറാരിടത്തു് പറയുന്നു, രസങ്ങൾക്കുതന്നെ സ്ഥായിത്വവും സഞ്ചാരിത്വവുമാകാമെന്നു് ഭാഗുരി അഭിപ്രായപ്പെട്ടിട്ടുള്ളതായി. ''തഥാ ച ഭാഗുരിരപി കിം രസാനാമപി സ്ഥായി സഞ്ചാരിതാസ്തീത്യാക്ഷിപ്യാ– ഭ്യുപഗമേനതോത്തരമവോചത് ബാഢമസ്തീതി'' (പു.386)

ബഹൂനാം സമവേതാനാം രൂപം യസ്യ ഭവേദ് ബഹു
സ മന്തവ്യോ രസഃസ്ഥായീ ശേഷാഃ സഞ്ചാരിണോ മതാ:

എന്ന ലോചനോദ്ധൃതപദ്യവും ഭാഗുരിമതാനുസാരിയാണ്. പല രസങ്ങളും ചേർത്തു സാമാജികന്മാരെ സന്തോഷിപ്പിക്കണമെന്ന ഭരതാനുശാസനം അംഗിരസവാദത്തിന്നു വിരുദ്ധമല്ല. ഒരു രസത്തിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു് മുഷിപ്പനാക്കരുതെന്നേ ഭരതൻ ഉദ്ദേശിച്ചിട്ടുള്ളൂ.

നാനാഭാവാർത്ഥഃസമ്പന്നാഃ സ്ഥായിസത്ത്വാഭിചാരിണ:
പുഷ്പാവകീർണ്ണാഃ കർത്തവ്യാഃകാവ്യേഷു ഹി രാ സാ ബുധൈ

അംഗിരസത്തെപ്പററി വ്യക്തമായൊന്നും ഭരതമുനി പറഞ്ഞിട്ടില്ലെന്ന വസ്തുത മറക്കേണ്ടതുമില്ല.

കലാസൗന്ദര്യം പൂർണ്ണമായാസ്വദിക്കുവാൻ സഹൃദയനു മാത്രമേ കഴിയുകയുള്ളൂവെന്നും മററുള്ളവർ കണ്ടിട്ടും കാണാത്തവരും കേട്ടിട്ടും മനസ്സിലാക്കാത്തവരും ആണെന്നും വൈദിക കവികൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ഉതത്വഃ പശ്യൻ ന ദദർശ വാചം
ഉതത്വഃ ശൃണ്വൻ ന ശൃണോത്യേനാം
ഉതോ ത്വസ്മൈ തന്വം വിസസ്രേ
ജായേവ പത്യ ഉശതീ സുവാസാഃ

സൗന്ദര്യധാമമായ വാഗ്ദേവി, സ്നേഹപൂർണ്ണയായൊരു ഭാര്യ അലങ്കാരവിഭൂഷിതയായി നല്ല വസ്ത്രം ധരിച്ചു് സ്വന്തം ശരീരം ഭർത്താവിന്നു പൂർണ്ണമായും സമർപ്പിക്കുന്നതുപോലെ, വശംവദയാകുന്നതു് യഥാർത്ഥസഹൃദയന്നു മാത്രമാണ്. ശുഷ്കപണ്ഡിതന്മാർക്കു് അവളുടെ ബാഹ്യസൗന്ദര്യം കാണുവാൻ മാത്രമേ സാധിക്കുകയുള്ളൂ. ശരിയായ സൗന്ദര്യം തികച്ചും അറി

ഞ്ഞാസ്വദിക്കുവാൻ കഴിയുന്നതു് സഹൃദയനു മാത്രമാണു്. ഈ തത്ത്വം കവി കെ. കെ. രാജാവും പറഞ്ഞിട്ടുണ്ടു്

യഥാർത്ഥസൗന്ദര്യമറിഞ്ഞകൈതവം
രസിപ്പതായ്യന്റെ ഹൃദന്തമൊന്നു താൻ
പതിച്ചിടും കൗമുദി പുൽപടർപ്പിലും
തുടിപ്പതാഴിക്കകമൊന്നു മാത്രമാം.

കവിക്കുണ്ടായ കലാസൗന്ദര്യാനുഭൂതിക്കു സമാനമായ ഒരനുഭൂതി വായനക്കാരനിൽ ഉണ്ടാകണമെങ്കിൽ അയാളും കവിയെപ്പോലെ ഭാഷാമർമ്മജ്ഞനും സാഹിത്യരസികനുമായ ഒരു സഹൃദയനാകണം. ഭാഷാപാണ്ഡിത്യമില്ലായ്കയും നല്ല സാഹിത്യകൃതികളോടുള്ള പരിചയക്കുറവുമാണു് പലപ്പോഴും പ്രതിബന്ധമായി നില്ക്കുന്നതു്. സഹൃദയൻ എന്ന പദം തന്നെ അനവർത്ഥമാണു്. രണ്ടു വിധത്തിൽ ഈ പദം വ്യാഖ്യാനിക്കാം. 'ഹൃദയമുള്ളവൻ' എന്നു് ഒരു വിഗ്രഹം; കലാസൗന്ദര്യാസ്വാദനക്ഷമമായ നല്ല ഹൃദയമുള്ളവൻ എന്നു താത്പര്യം. അഹൃദയനെ സഹൃദയനാക്കി മാററുവാൻ കഴിയും എന്നൊരിടത്തു് അഭിനവഗുപ്തൻ പ്രസ്താവിച്ചിട്ടുണ്ടു്. 'സമാനമായ' അതായതു് കവിഹൃദയത്തിനു സമാനമായ ഹൃദയമുള്ളവൻ എന്നു മറെറാരർത്ഥം. നല്ല കാവ്യങ്ങളം ധാരാളമായി അനുശീലനം ചെയ്തു് ആസ്വാദനവിഷയത്തിൽ തഴക്കവും പരിചയവും സമ്പാദിച്ചു് കവിഹൃദയത്തോടു് സ്വന്തം ഹൃദയം യോജിപ്പിച്ചുനിർത്തി കവിയുടെ ഭാവനയിലുണ്ടായ കലാസൗന്ദര്യാനുഭൂതിയെ അങ്ങനെതന്നെ ഉൾക്കൊള്ളുവാൻ കഴിയുന്നവനാണു് യാഥർത്ഥ സഹൃദയൻ എന്നു് ഈ വ്യാഖ്യാനം ചൂണ്ടിക്കാണിക്കുന്നു. അഭിനവഗുപ്തൻ ലോചനത്തിൽ പറയുന്നു: ''യേഷാം കാവ്യാനുശീലനാഭ്യാസവശാദ് വിശദീഭൂതേ മനോമുകുരേ വർണ്ണനീയതന്മയീഭവനയോഗ്യതാ തേ ഹൃദയസംവാദഭാജഃ സഹൃദയാഃ'' ഇവിടെ കാവ്യാനുശീലനാഭ്യാസം എന്നതിനു് കാവ്യത്തിന്റെ അനുശീലനവും അഭ്യാസവും എന്നല്ല അർത്ഥം. കാവ്യാനുശീലത്തിന്റെ അഭ്യാസം എന്നാണു്. അതായതു് നല്ല കാവ്യങ്ങളം വീണ്ടും വീണ്ടും ആസ്വദിക്കൽ. കവിയുടെയും സഹൃദയന്റെയും സംസ്കാരം ഏതാണ്ടു സമാനമാകുമ്പോഴാണു്, അഥവാ സഹൃദയൻ സ്വന്തം ഹൃദയതന്ത്രികളം കവിയുടേതിനോടു സമാനമാക്കിത്തീരിച്ചു വെയ്ക്കു

മ്പോഴാണ് കവിയുടെ അനുഭൂതി ശരിയായി ഉൾക്കൊള്ളുവാൻ അയാൾക്കു കഴിയുന്നതു്. കവി കെ. കെ. രാജാവു പറയുന്നു:

സമാനസംസ്കാരമിയന്ന രണ്ടു
വീണയ്ക്കു സാമീപ്യമെഴുന്ന പക്ഷം
ഒന്നിങ്കലുണ്ടാം ചലനം പകർന്നു
മറേറതിലും നാദമുദിക്കുമല്ലോ.

ആനന്ദവർദ്ധനാചാര്യർ സഹൃദയത്വത്തെ നിർവ്വചിച്ചിട്ടുള്ളതു് ''രസജ്ഞതൈവ സഹൃദയത്വം'' എന്നാണ്; രസമുള്ള ദിക്കിൽ അതു കണ്ടറിഞ്ഞാസ്വദിക്കുവാനുള്ള കഴിവ് എന്നർത്ഥം. നല്ല കലാസൃഷ്ടികൾ അനുഭവിച്ചാസ്വദിക്കുവാനും ആഹ്ലാദിച്ചു മതി മറക്കുവാനും കഴിയുന്നവനാണ് സഹൃദയൻ. ഭാവവികാര വിക്ഷുബ്ധനാകണമെന്നല്ല ഇതിനർത്ഥം. കലാസൃഷ്ടിയുടെ സൗന്ദര്യം കണ്ടറിയുവാനും ആസ്വദിച്ചു രസിക്കുവാനും കഴിവുണ്ടാകണം എന്നു മാത്രം. സഹൃദയത്വത്തിൻെറ സ്വച്ഛതയും ഗുണവുമനുസരിച്ചിരിക്കും കലാസ്വാദനത്തിൻെറ ആഴവും ശുദ്ധിയും. ''പതിച്ചിടും കൗമുദി പുൽപ്പടർപ്പിലും തുടിപ്പ-താഴിക്കകെമൊന്നുമാത്രമാം.'' വിദ്യാർത്ഥികളുടെ നിലവാരതാരതമ്യത്തെപ്പററി ഭവഭൂതി പറഞ്ഞതു് ഇവിടെയും ശരിയാണ്.

''തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു ജഡനും
　　പ്രാജ്ഞനും വിദ്യയെത്താ-
നില്ലാതാക്കില്ലെവന്നും ഗ്രഹണപടുതയെ-
　　ത്താൻ കൊടുക്കാറുമില്ല
തെല്ലും മൺകട്ട ബിംബത്തിനെ വിമലമണി
　　ക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലവണ്ണം ഫലം കൊണ്ടവരിരുവരുമാ-
　　യേററവും ഭേദമുണ്ടാം.''

സഹൃദയൻെറ ഭാവനയാകുന്ന റേഡിയോവിൻെറ സൂചി ഏതു wave length ലേക്കും തിരിക്കുവാൻ തക്ക സൂക്ഷ്മതയുള്ളതാണെങ്കിൽ അതാതു കവികളെ അതാതു നിലയ്ക്കറിഞ്ഞാസ്വദിക്കാം. യഥാർത്ഥ സഹൃദയൻെറ ഭാവന നല്ല ശക്തിയുള്ളൊരു റേഡിയോ ആകണം. പ്രക്ഷേപണകേന്ദ്രത്തിൽനിന്നു വരുന്ന ഏതു സൂക്ഷ്മചലനങ്ങളെയും സ്വീകരിക്കുവാൻ കഴിവുള്ളതാകണം. ഭരതൻ പറയുന്നു:

യസ്തുഷ്ടേ തുഷ്ടിമായാതി ശോകേ ശോകമുപൈതി ച
ക്രുദ്ധഃ ക്രോധേ, ഭയേ ഭീതഃ സഃ ശ്രേഷ്ഠഃ പ്രേക്ഷകഃ സ്മൃതഃ
(27.62)

കലാകാരന്റെ പ്രക്ഷേപണശക്തിയും സഹൃദയന്റെ സ്വീകരണശക്തിയും ആസ്വാദനത്തിനാവശ്യമാണ്. ഏതിനാണ് കൂടുതൽ പ്രാധാന്യം എന്ന വിഷയത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. ആനന്ദവർദ്ധനനും അഭിനവഗുപ്തനും സഹൃദയൻ കവിയുടെ നിലവാരത്തിലേയ്ക്കുയർന്നുവരണം എന്ന മതക്കാരാണ്. ഭട്ടനായകനാകട്ടെ കലയുടെ ശക്തിക്കാണ് പ്രാധാന്യം നല്കുന്നതു്. കാവ്യഭാഷയ്ക്കു് അഭിധാവ്യാപാരത്തിനും ലക്ഷണാവ്യാപാരത്തിനും പുറമേ ഭാവനാവ്യാപാരം, ഭോജകത്വവ്യാപാരം എന്നീ രണ്ടു വ്യാപാരങ്ങൾ കൂടിയുണ്ടെന്നും അവയുടെ സഹായത്താലാണ് രസാസ്വാദം നടക്കുന്നതെന്നുമാണ് അദ്ദേഹത്തിന്റെ മതം. വിഭാവം, അനുഭാവം, വ്യഭിചാരിഭാവം എന്നീ അർത്ഥത്തെ സാമാജികനെ ബോധിപ്പിക്കുന്നതു് അഭിധാവ്യാപാരം കൊണ്ടാണ്. ഈ വിഭാവാനുഭാവാദികൾക്കു് തന്റേതെന്നോ മററുള്ളവരുടേതെന്നോ വ്യക്തമായിത്തോന്നാതെ ഒരു തരം സാധാരണീകരണം സംഭവിക്കുന്നതു്, ഭാവകത്വവ്യാപാരത്തിന്റെ ശക്തി കൊണ്ടാണെന്നു ഭട്ടനായകൻ കരുതുന്നു. കാവ്യഭാഷയിലെ ഗുണാലങ്കാരങ്ങളും നാടകത്തിലെ നൃത്തഗാനാദികളും സാങ്കേതികാഭിനയവും സാധാരണീകരണത്തെ സഹായിക്കുന്നു. രസാസ്വാദത്തിൽ നേരിടുന്ന വിഘ്നങ്ങൾ തടയുവാൻ ഇതുപകരിക്കും. കാവ്യനാടകാദികൾക്കുള്ള ഭോജകത്വം എന്ന മൂന്നാമത്തെ വ്യാപാരത്തിന്റെ ശക്തിയാണ് സാമാജികനെക്കൊണ്ടു് രസമാസ്വദിപ്പിക്കുന്നതു്, അതായതു് കാവ്യത്തിന്റെ ശക്തികൊണ്ടാണ് ആസ്വാദകനിൽ വിഭാവാനുഭാവാദികൾ സാധാരണീകൃതമായി പ്രത്യക്ഷപ്പെടുന്നതും ആസ്വാദകനെക്കൊണ്ടു രസമനുഭവിപ്പിക്കുന്നതും. എല്ലാം കാവ്യത്തിന്റെ ശക്തി. ഇതൊരു തരം അരച്ചുകലക്കിക്കൊടുക്കൽപോലെയാണ് (Spoon-feeding). ആസ്വാദകനു് ഒരു പ്രയത്നവും വേണ്ട. സിനിമ കാണുമ്പോഴും ഡിററക്ററീവ് നോവൽ വായിക്കുമ്പോഴും ഏതാണ്ടിങ്ങിനെയൊരനുഭവം നമുക്കുണ്ടാകാം.

അഭിനവഗുപ്തന്റെ അഭിപ്രായം ഇതല്ല. കാവ്യത്തിനു് ഭാവനാവ്യാപാരവും ഭോജകത്വവ്യാപാരവും സ്വീകരിക്കേണ്ട ആവശ്യമില്ല. കാവ്യാനുശീലനാഭ്യാസം കൊണ്ടു പരിപക്വമതിയായ സഹൃദയന്റെ ഭാവനയ്ക്കു് കാവ്യലബ്ധമായ വിഭാവാനുഭാവാദികളെ സാധാരണീകൃതരൂപത്തിൽ സ്വീകരിക്കുവാനുള്ള കഴിവുണ്ടു്. അതുപോലെതന്നെ ഈ സാധാരണീകൃതങ്ങളായ വിഭാവാദികൾക്കുള്ള വ്യഞ്ജനാവ്യാപാരത്തിന്റെ ഫലമായി സഹൃദയനിൽ രസം അനുഭവപ്പെടുന്നു. സഹൃദയന്റെ പ്രയത്നം എല്ലായിടത്തും ആവശ്യമാണു്.

കാവ്യത്തിന്റെ ശക്തിക്കു കൂടുതൽ സ്ഥാനം കല്പിക്കുന്ന ഭട്ടനായകൻ പശു കുട്ടിക്കുവേണ്ടി തള്ള പാലു ചുരത്തുന്നതു പോലെയാണു് രസസംക്രമണം എന്നഭിപ്രായപ്പെടുന്നു. അകിട്ടിൽനിന്നു തനിയേ ചുരന്നു വരുന്ന പാലു കുടിക്കുവാൻ കുട്ടിക്കു യാതൊരു പ്രയത്നവും ആവശ്യമില്ല. അതുപോലെ നല്ല കലാസൃഷ്ടികൾ ആസ്വദിക്കുവാനും പ്രത്യേകം പ്രയത്നം വേണ്ട. വലിയ ക്ലേശമനുഭവിച്ചു യോഗിമാർക്കനുഭവപ്പെടുന്ന ബ്രഹ്മാനന്ദത്തെക്കാൾ അഭികാമ്യം അനായാസം കിട്ടുന്ന കാവ്യരസാസ്വാദമാണെന്നത്രെ ഭട്ടനായകന്റെ അഭിപ്രായം.

ഭക്തിമാർഗ്ഗത്തിലെ മാർജ്ജാരകിശോരന്യായവും മർക്കടകിശോരന്യായവും ഇവിടെ ഓർമ്മ വരുന്നു. പൂച്ച കുഞ്ഞിനെ കടിച്ചു പിടിച്ചുകൊണ്ടു് ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുന്നു; അതുപോലെ ഈശ്വരനെ ശരണം പ്രാപിച്ചാൽ എല്ലാക്കാര്യവും അദ്ദേഹം നോക്കിക്കൊള്ളും എന്നൊരുവാദം; കുരങ്ങു് അതിന്റെ കുട്ടിയെ പിടിക്കുകയില്ല; കുട്ടി തള്ളയെ കെട്ടിപ്പിടിക്കും. പിടിവിടാതിരുന്നാൽ മാത്രമേ അതിനു് എത്തേണ്ട ദിക്കിൽ എത്തുവാൻ കഴിയൂ. അതുപോലെ ഈശ്വരനെ പിടിവിടാതെ ആശ്രയിച്ചാലേ രക്ഷയുള്ളൂ എന്നു മറെറാരു വാദം. ഇതുപോലെ സാഹിത്യാസ്വാദനത്തിലും കവിപ്രതിഭയ്ക്കോ ആസ്വാദകന്റെ ഭാവനയ്ക്കോ പ്രാധാന്യം എന്നൊരു വാദം കാണുന്നു.

പ്രാസംഗികമായി ഒരു കാര്യം ഇവിടെ പറയേണ്ടതുണ്ടു്. കുമാരസംഭവം എട്ടാം സർഗ്ഗത്തിൽ പാർവ്വതീപരമേശ്വരന്മാരുടെ ദമ്പതീധർമ്മാനുഷ്ഠാനം ഏതാണ്ടു പച്ചയായി വർണ്ണിച്ചതു് അനുചിതമാണെന്നു് ആനന്ദവർദ്ധനാചാര്യർ ആക്ഷേപിച്ചി

ട്ടുണ്ടല്ലോ. ഇതിനു കാരണം സാധാരണീകരണം എന്ന പ്രക്രിയയെപ്പററി ആദ്യമായി പ്രതിപാദിച്ച ഭട്ടനായകനു മുമ്പാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്നതായിരിക്കണം. ആലംബന വിഭാവങ്ങളുടെ വ്യക്തിത്വം മാച്ചുകളയുവാൻ സാധാരണീകരണത്തിനു കഴിവുണ്ടാകണം; അങ്ങിനെയായാൽ ജഗൽപിതാക്കളുടെയോ സ്വന്തം പിതാക്കളുടെയോ ദാമ്പത്യജീവിതത്തെപ്പററി വിദശദമായി കാവ്യനിർമ്മാണം ചെയ്താൽ അതിൽ തെററു പറേറണ്ടതില്ല. ശക്തിതിരസ്ക്കൃതത്വം എന്ന പേരിൽ ആനന്ദവർദ്ധനൻ തന്നെ അത് ഏറെക്കുറെ സമ്മതിച്ചിരിക്കുന്നുമുണ്ട്. ഗീതഗോവിന്ദത്തിൽ ജയദേവൻ ആനന്ദവർദ്ധനൻെറ താക്കീതു വകവെയ്ക്കാതിരുന്നതും അതുകൊണ്ടായിരിക്കാം. ഭാഗവതത്തിലും മററും ദിവ്യപാത്രങ്ങളുടെ ശൃംഗാരം വർണ്ണിച്ചു കാണുന്നുണ്ട്. അതിനാൽ കാളിദാസനെ ആനന്ദവർദ്ധനൻെറ ആക്ഷേപത്തിൽനിന്നു രക്ഷിക്കേണ്ടതുണ്ടെന്ന് സാധാരണീകരണത്തിൻെറ പേരിൽ ഞാൻ സഹൃദയരോടഭ്യർത്ഥിച്ചുകൊള്ളുന്നു.

വസ്തുനിഷ്ഠമായി നോക്കിയാൽ സൗന്ദര്യമായനുഭവപ്പെടുന്നതു തന്നെ ആസ്വാദകൻെറ നിലയിൽനിന്നും വ്യക്തിനിഷ്ഠമായി നോക്കിയാൽ രസമായിത്തീരുന്നു. ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ ആദ്യമായവതരിപ്പിച്ചതും പിന്നീട് ആനന്ദവർദ്ധനാചാര്യരും ഭട്ടനായകനും അഭിനവഗുപ്തനും മററും സ്ഥാപിച്ചതുമായ രസസിദ്ധാന്തത്തിൻെറ അടിത്തറയും കലാകാരൻെറ ഭാവനയിലെ സൗന്ദര്യാനുഭൂതി തന്നെയല്ലെ? പാശ്ചാത്യരുടെ സൗന്ദര്യശാസ്ത്രവും പൗരസ്ത്യരുടെ രസസിദ്ധാന്തവും വാസ്തവത്തിൽ ഒന്നു തന്നെയാണ്; വീക്ഷണകോണിൻെറ ഭേദംകൊണ്ട് രണ്ടായിത്തോന്നുകയാണ്. രസത്തിനാശ്രയമായ സ്ഥായിഭാവങ്ങളുടെ വൈവിദ്ധ്യത്തെ ആസ്പദമാക്കി ശൃംഗാരകരുണവീരാദി നാമങ്ങളിൽ രസങ്ങളെ എട്ടോ ഒൻപതോ ആയി തരംതിരിക്കാറുണ്ടെങ്കിലും വാസ്തവത്തിൽ സൗഹൃദയന്നനുഭവപ്പെടുന്ന രസം ഒന്നു തന്നെയാണെന്നും അതിനെ ബ്രഹ്മാസ്വാദസഹോദരം എന്നോ ഭഗ്നാവരണമായ ചിത്ത് എന്നോ പറയാമെന്നും നമ്മുടെ സാഹിത്യനിരൂപകന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സാഹിത്യത്തിലെ ശാശ്വതമൂല്യം എന്നു പറയുമ്പോഴും നാം ന്യായമായുദ്ദേശിക്കുന്നതും രസഭാവാദികളാണല്ലോ. മനുഷ്യജീവിതത്തോടിഴുകിപ്പിടിച്ച് സ്ഥിരമായി എല്ലായിടത്തും എല്ലാ

കാലത്തും കാലദേശാദ്യുപാധികൾക്കതീതമായി വർത്തിക്കുന്നതു് രതി, ഉത്സാഹം, ശോകം തുടങ്ങിയ മനുഷ്യവികാരങ്ങൾ തന്നെയാണ്; ഇവയെ ആസ്വദ്യമാക്കി രചിക്കുന്ന കൃതികൾക്കാണ് ശാശ്വതമായ ആസ്വാദ്യത ലഭിക്കുക. നമ്മുടെ സാഹിത്യനിരൂപകസമ്രാട്ടായ ആനന്ദവർദ്ധനാചാര്യർ കാവ്യത്തിന്റെ ആത്മാവ് ധ്വനിയാണ് എന്നു പറഞ്ഞുകൊണ്ടാണ് ധ്വന്യാലോകം തുടങ്ങുന്നതെങ്കിലും വ്യംഗ്യമായ രസഭാവാദിയാണ് ശരിയായ ആത്മാവെന്നും വസ്തുലങ്കാര ധ്വനികൾ ഒടുവിൽച്ചെന്നു ലയിക്കുന്നതു് രസഭാവാദികളിലാണെന്നും വ്യക്തമാക്കിയിട്ടുണ്ടു്.

മലയാഴ്മയുടെ വ്യാകരണം

കെ. എം. പ്രഭാകരവാരിയർ

ഒന്ന്

മലയാളഭാഷയ്ക്കു് ഏതാണ്ടു സമ്പൂർണമായ ഒരു വ്യാകരണഗ്രന്ഥം ആദ്യമായി ലഭിക്കുന്നതു് 1851-ലാണു്. ഹെർമൻ ഗുണ്ടർട്ടു് രചിച്ച ഈ 'മലയാളഭാഷാവ്യാകരണ'ത്തിനു് 1868-ൽ വികസിപ്പിച്ച ഒരു പുനഃപ്രസിദ്ധീകരണവും ഉണ്ടായിട്ടുണ്ടു്. ഇന്നു് പ്രചാരത്തിലിരിക്കുന്ന ഗുണ്ടർട്ടു് വ്യാകരണം ഈ പുനഃപ്രകാശനമാണു്. ഗുണ്ടർട്ടിന്റെ വ്യാകരണം പ്രസിദ്ധീകരിക്കുന്നതിനുമുമ്പു് ആഞ്ചലോസ് ഫ്രാൻസിസ്, അർണോസ് പാതിരി, റോബർട്ടു് ഡ്രമ്മണ്ടു്, എഫ്. സ്പ്രിംഗ്, ജോസഫ് പീററ്, ഫ്റോൺ മെയർ എന്നീ വിദേശീയരുടെ മലയാളവ്യാകരണങ്ങളും പുറത്തു വന്നിരുന്നു. ഇവയെല്ലാം ഭാഷാപഠനസഹായികളെന്ന നിലയിൽ വിദേശീയർക്കു് പരിമിതമായ തോതിൽ ഉപകരിക്കുമെന്നല്ലാതെ നിഷ്കൃഷ്ടാർത്ഥത്തിൽ മലയാളഭാഷാവ്യാകരണങ്ങളും ആയിരുന്നില്ല. എന്നാൽ ഗുണ്ടർട്ടു് വ്യാകരണത്തിന്റെ സംക്ഷിപ്തരൂപം പ്രസിദ്ധീകരിക്കുന്നതിനു മുമ്പുതന്നെ മലയാളഭാഷയുടെ ഒരു സമ്പൂർണവ്യാകരണം കേരളീയനായ ഒരു പണ്ഡിതൻ നിർമ്മിച്ചു കഴിഞ്ഞിരുന്നു. റവ. ജോർജു് മാത്തൻ ആയിരുന്നു ആ വ്യാകരണകർത്താവു്.

വ്യാകരണത്തിന്റെ ശീർഷകം 'മലയാഴ്മയുടെ വ്യാകരണം' എന്നും. 1850-നു മുമ്പുതന്നെ എഴുതിത്തീർത്തുവെങ്കിലും 1863-ൽ മാത്രമാണ് ആ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതു്. 1969-ലാണ് ഈ വ്യാകരണത്തിന്റെ രണ്ടാംപതിപ്പു പുറത്തിറങ്ങുന്നതു്. അങ്ങനെ പ്രസിദ്ധീകരണവർഷത്തിന്റെ അടിസ്ഥാനത്തിൽ, മലയാളഭാഷയ്ക്കു് ആദ്യമായി സിദ്ധിച്ച സമ്പൂർണവ്യാകരണത്തിന്റെ കർത്താവ് എന്ന ബഹുമതി കേരളീയനായ ഈ പാതിരിക്കു ലഭിക്കാതെ പോയി.

'മലയാഴ്മയുടെ വ്യാകരണ'ത്തിനു് ഗ്രന്ഥകർത്താവ് എഴുതിയ അവതാരികയിൽ തന്റെ വ്യാകരണത്തിനും ഗുണ്ടർട്ടിന്റെ വ്യാകരണത്തിനും തമ്മിലുള്ള സ്വഭാവവ്യത്യാസം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ആ നിരീക്ഷണം ഇങ്ങനെ സംഗ്രഹിക്കാം: ഗുണ്ടർട്ടിന്റെ വ്യാകരണത്തിനുള്ള പ്രധാനഗുണം, നിർദ്ദേശിക്കപ്പെട്ട വ്യാകരണനിയമങ്ങൾക്കു് പ്രാദേശികകൃതികളിൽനിന്നു് അദ്ദേഹം നല്കുന്ന ലക്ഷ്യരൂപങ്ങളുടെ ബാഹുല്യമാണ്. മാത്രമല്ല, വ്യവഹാരത്തിലിരിക്കുന്ന പല പദങ്ങൾക്കും അതിവിദഗ്ദ്ധമായി സംസ്കൃതനിഷ്പത്തി കണ്ടുപിടിച്ചതിലും അദ്ദേഹത്തിന്റെ വ്യാകരണം പ്രയോജനകരമായിരിക്കുന്നു...എന്നാൽ, ഈ രണ്ടു വ്യാകരണങ്ങൾക്കുമുള്ള പ്രധാനവ്യത്യാസം,...ഗുണ്ടർട്ടിന്റേതു് നിർദ്ദേശാത്മകരീതിയിലും തന്റേതു് വിശകലനാത്മകരീതിയിലും രചിക്കപ്പെട്ടു എന്നതാണ്. അതായതു്, ആദ്യത്തേതിൽ നിയമങ്ങൾ മാത്രം നല്കുന്നു; രണ്ടാമത്തേതിലാകട്ടെ നിയമങ്ങൾക്കു് ആധാരമായ കാരണങ്ങൾകൂടി നല്കുന്നു'' (ജോർജ് മാത്തൻ, 1969: 12). ഈ വിശദീകരണംകൊണ്ടു് ജോർജ് മാത്തൻ ഉദ്ദേശിക്കുന്നതു്, തന്റെ കൃതി ഒരു സൈദ്ധാന്തികവ്യാകരണംകൂടിയാണ് എന്നതല്ലേ? ഈ അവകാശവാദം അടിസ്ഥാനരഹിതമല്ല. നമുക്കു ലഭിച്ചിട്ടുള്ള പ്രമുഖവ്യാകരണങ്ങളിൽ (ജോർജ് മാത്തൻ, ഗുണ്ടർട്ട്, പാച്ചു മൂത്തതു്, കോവുണ്ണി നെടുങ്ങാടി. എ. ആർ. രാജരാജവർമ്മ, ശേഷഗിരി പ്രഭു, ജോൺ കുന്നപ്പള്ളി, കെ. സുകുമാരപിള്ള) ആദ്യത്തെയും അവസാനത്തെയും കൃതികളിലാണ് വ്യാകരണസിദ്ധാന്തങ്ങൾകൂടി പരാമർശിച്ചിട്ടുള്ളതു്. ശേഷഗിരി പ്രഭുവിന്റെ കൃതിയിലും, കുറഞ്ഞ

തോതിലാണെങ്കിലും സിദ്ധാന്തചർച്ച നടത്തുന്നുണ്ട്. രാജരാജവർമ്മ ആഗമിക ചർച്ചകൾക്ക് വിശേഷപ്രാധാന്യം നല്കിയതിനാൽ, വ്യാകരണ സിദ്ധാന്തം കാര്യമായി അദ്ദേഹത്തിന്റെ കൃതിയിൽ പരാമർശവിഷയമാകുന്നില്ല. മററു വ്യാകരണങ്ങളുടെ കഥയും അതുതന്നെ.

''ഒരു വൈയാകരണൻ എന്നുള്ള നിലയിൽ ജോർജ് മാത്തനച്ചന്റെ നാമം ശശ്വത്കരിക്കാൻ പോരുന്നതാണ് ഈ ഗ്രന്ഥം'' (സാമുവൽ ചന്ദനപ്പള്ളി, 1969:48), ''പല അംശങ്ങളിലും മൗലികത്വം പ്രകടമാക്കിയിട്ടുള്ള വൈയാകരണനാണ് അദ്ദേഹം'' (സുകുമാരപ്പിള്ള, 1980:48)—ജോർജ് മാത്തനെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ ഒട്ടും അത്യുക്തിയല്ല. മററു വ്യാകരണകർത്താക്കളുടെ ശ്രദ്ധയിൽപെടാത്ത പല ഭാഷാസ്വഭാവങ്ങളും ജോർജ് മാത്തൻ സൂക്ഷ്മതയോടെ വിശദീകരിച്ചു കാണിച്ചിട്ടുണ്ട്. അതുപോലെ സ്ഥിരപ്രതിഷ്ഠങ്ങളായ ചില വ്യാകരണസങ്കല്പങ്ങളെ യുക്തിപൂർവം ചോദ്യം ചെയ്യാനും അദ്ദേഹം മടിക്കുന്നില്ല.

ഗ്രന്ഥത്തിന്റെ അവതാരികയിൽ, മലയാളത്തിൽ കേന്ദ്രസ്ഥാനീയമായ മധ്യസ്വരം എഴുതിക്കാണിക്കുന്നതിനെക്കുറിച്ച് ജോർജ്ജ് മാത്തൻ ദീർഘമായി ഉപന്യസിക്കുന്നുണ്ട് (ജോർജ്ജ് മാത്തൻ, 1969: 15–19). ഈ സ്വരത്തെ (ഗുണ്ടർട്ട് 'അരയുകാരം,' ജോർജ്ജ് മാത്തൻ 'അർധാച്ച്', രാജരാജവർമ്മ 'സംവൃതോകാരം' എന്നെല്ലാം പേരിട്ടു വിളിക്കുന്നതു്) അകാരചിഹ്നം ഉപയോഗിച്ചെഴുതുന്നതു ശരിയല്ല എന്നും ആഗമികമായും വ്യാവഹാരികമായും വ്യാകരണപരമായും കേന്ദ്രമധ്യസ്വരത്തിന് ഉകാരത്തോടാണു ബന്ധമുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അക്കാലത്തു് ഈ സ്വരം എഴുതിക്കാണിക്കാൻ മീത്തലടയാളം ഉപയോഗിച്ചിരുന്നില്ല. ചിലർ അകാരസ്വരവും (വ്യഞ്ജനത്തിന്റെ മൗലികലിപി തന്നെ) ചിലർ ഉകാരസ്വരവുമാണ് ഈ സ്വരമെഴുതിക്കാണിക്കാൻ ഉപയോഗിച്ചിരുന്നതു്. പില്ക്കാലത്തു് ആററൂർ കൃഷ്ണപ്പിഷാരടി ഈ സ്വരത്തെ അര–അകാരം എന്നുതന്നെ വിശേഷിപ്പിക്കുന്നുമുണ്ട്. ഏതായാലും കേന്ദ്രമധ്യസ്വരത്തെക്കുറിച്ച് ജോർജ്ജ് മാത്തൻ അവതാരികയിൽ നല്കുന്ന സാമാന്യം ദീർഘമായ വിശദീകരണം, വ്യാകരണവിഷയ

ത്തിൽ അദ്ദേഹത്തിനുള്ള സൂക്ഷ്മനിരീക്ഷണപാടവം എടുത്തു കാണിക്കുന്നു.

രണ്ട്

'മലയാഴ്മയുടെ വ്യാകരണ'ത്തിന്റെ സാമാന്യസ്വഭാവം എന്താണെന്നു നോക്കാം. 'അക്ഷരലക്ഷണം', 'പദലക്ഷണം' എന്നീ രണ്ടു കാണ്ഡങ്ങളായി ഗ്രന്ഥം വിഭജിച്ചിരിക്കുന്നു. അക്ഷരലക്ഷണത്തിൽ 'സംജ്ഞ', 'വചനം' (ക്രിയ), 'അവ്യയം' എന്നീ മൂന്നദ്ധ്യായങ്ങളുണ്ട്. വാക്യവിചാരമോ ആഗമിക വിഷയങ്ങളോ ഈ വ്യാകരണത്തിൽ ചർച്ച ചെയ്തിട്ടില്ല എന്നതു് കാണ്ഡസംജ്ഞകളും അധ്യായശീർഷകങ്ങളും സൂചിപ്പിക്കുന്നു. വ്യാകരണാരംഭത്തിൽ ഗ്രന്ഥകാരൻ ഇങ്ങനെയും പ്രസ്താവിച്ചിട്ടുണ്ട്: ''വ്യാകരണത്തിൽ അക്ഷരലക്ഷണമെന്നും പദലക്ഷണമെന്നും വാചകലക്ഷണമെന്നും കാവ്യലക്ഷണമെന്നും നാലു കാണ്ഡങ്ങൾ ഉണ്ടു്'' (ടി:27). കാവ്യലക്ഷണം വ്യാകരണപദ്ധതിയിലൊതുക്കുന്നതെങ്ങനെ എന്ന സംശയം ഇരിക്കട്ടെ. വാക്യവിചാരം നിസ്സംശയമായും വ്യാകരണചിന്തയിലുൾപ്പെടുത്തേണ്ടതാണെന്ന കാര്യത്തിൽ ഗ്രന്ഥകാരന് സന്ദേഹമുണ്ടായിരുന്നില്ല. എന്നിട്ടും ആ വിഷയം അദ്ദേഹം തന്റെ വ്യാകരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു് -വാക്യഘടനയെ വിശദാപഗ്രഥനത്തിന് വിധേയമാക്കുന്നില്ല എന്നതു് - പാരമ്പര്യ വ്യാകരണത്തിന്റെ പൊതുസ്വഭാവമാണ്. മലയാള വ്യാകരണങ്ങളെന്നല്ല മറ്റേതു ഭാഷയിലെ പാരമ്പര്യ വ്യാകരണങ്ങളും ശബ്ദവിചാരത്തിനും പദവിചാരത്തിനുംകൊടുക്കുന്ന പ്രാധാന്യം വാക്യവിചാരത്തിനു കല്പിച്ചു കൊടുത്തിട്ടില്ല. വ്യവഹാരഭാഷയുടെ-വാമൊഴിയായാലും വരമൊഴിയായാലും -പ്രായോഗികമായ ഏകകം-അടിസ്ഥാനഘടകം-വാക്യമാണെന്ന് എല്ലാവർക്കുമറിയാം. എന്നിട്ടും വാക്യവിശകലനം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്നതു് പാരമ്പര്യവ്യാകരണങ്ങൾക്കുള്ള പൊതുവായ പോരായ്മയാണെന്നു പറയാം.

മൂന്ന്

'മലയാഴ്മയുടെ വ്യാകരണ'ത്തിലെ പരാമൃഷ്ട വിഷയങ്ങളെ ഓരോന്നായെടുത്തു വിലയിരുത്താൻ ഈ ലഘുപ്രബന്ധത്തിൽ ഉദ്ദേശിക്കുന്നില്ല. മററു വ്യാകരണങ്ങളിൽ നിന്നു് വ്യത്യ

സ്തമായതും മൗലികത്വം അവകാശപ്പെടാവുന്നതുമായ ഏതാനും നിരീക്ഷണങ്ങൾ എടുത്തു കാണിക്കാം.

(1) പ്രയോഗത്തിലുണ്ടായിരുന്ന മലയാള അക്ഷരമാല 'മലയാഴ്മയ്ക്കു നല്ലവണ്ണം കൊള്ളുന്നില്ല' (ടി: 29) എന്ന് അഭിപ്രായപ്പെട്ടുകൊണ്ട്, പത്തു സ്വരങ്ങളും മുപ്പത്തെട്ടു വ്യഞ്ജനങ്ങളും ഉള്ള അക്ഷരമാലയാണു ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നത്. അ, എ, ഇ, ഒ, ഉ എന്നീ ഹ്രസ്വങ്ങളും അവയുടെ ദീർഘങ്ങളും ചേർന്നതാണു പത്തു സ്വരങ്ങൾ. വർഗാക്ഷരങ്ങൾ (ക മുതൽ മവരെ) 25, സാർധസ്വരങ്ങൾ (യ, ര, ല, വ) 4, ഊഷ്മാക്കൾ (ശ, ഷ, സ, ഹ) 4, അന്തസ്ഥങ്ങൾ (ള, ഴ, റ വർത്സ്യഖരം, വർത്സ്യാനുനാസികം) 5 എന്നിവ ചേർത്തു മുപ്പത്തെട്ടു വ്യഞ്ജനങ്ങളും. ഭാഷയിലെ മൗലികസ്വനങ്ങളുടെ നിർണ്ണയനത്തിനു ജോർജ് മാത്തൻ നല്കുന്ന വിശദീകരണം ശ്രദ്ധാർഹമാണ്: ''അച്ചുകളിൽ (സ്വരങ്ങളിൽ) ഋ, ഌ, അവയുടെ ദീർഘങ്ങൾ, ഐ, ഔ, അം, അഃ എന്നിവയെത്തള്ളിയിരിക്കുന്നതു, മുറയ്ക്കു പറയുംപോൾ അവ അച്ചുകൾ അല്ലായ്ക കൊണ്ടാകുന്നു. ഋ, ഌ എന്നിവയും അവയുടെ ദീർഘങ്ങളും ര, ല എന്നിവയുടെ വികാരങ്ങൾ ആകുന്നു. അവയിൽ ഋകാരദീർഘവും ഌകാരത്തിൻെറ ഹ്രസ്വദീർഘങ്ങളും. മലയാഴ്മയിൽ തീരെ വരുന്നില്ല. സംസ്കൃതത്തിലും അപൂർവം ആകുന്നു. ഋ എന്നതു വരുന്നതാകയാൽ അതിനെക്കുറിച്ചു പിന്നാലെ കാണും. അം, അഃ എന്നവ അകാരത്തോടു മകാരവും ഹകാരവും ചേരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു. ഐ, ഔ, എന്നവ ദ്വിത്വസ്വരങ്ങൾ ആകയാൽ മുറപ്രകാരമുള്ള സ്ഥലത്തു അവയെക്കുറിച്ചു പറയും. എകാരത്തിൻെറയും ഒകാരത്തിൻെറയും ദീർഘസ്വരങ്ങളെ വെവ്വേറെ അക്ഷരങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നതു, അക്ഷരമാലയുടെ വൃത്തിക്കായിട്ടാകുന്നു'' (ടി:30).

മലയാളത്തിലെ അക്ഷരമാലയെക്കുറിച്ച് വൈയാകരണന്മാർക്കിടയിൽ എത്ര വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത് എന്നതിനു താഴെ കൊടുക്കുന്ന വിവരങ്ങൾ പരിശോധിച്ചാൽ മതി. (മലയാളത്തിലെ മൊത്തം വർണങ്ങൾ-സ്വനിമങ്ങൾ-എത്ര എന്നതിനു ഓരോ വ്യാകരണവും നല്കുന്ന വിവരങ്ങളാണു താഴെ കൊടുത്തിരിക്കുന്നത്): (1) 'മലയാള ഭാഷാവ്യാ

കരണം'– ഗുണ്ടർട്ട് (സ്വരങ്ങൾ 16; വ്യഞ്ജനങ്ങൾ 38)—54. (2) 'മലയാഴ്മയുടെ വ്യാകരണം' —ജോർജ്ജ് മാത്തൻ (സ്വരങ്ങൾ 10; വ്യഞ്ജനങ്ങൾ 38) — 48. (3) 'കേരള കൗമുദി' — കോവുണ്ണി നെടുങ്ങാടി (സ്വരങ്ങൾ 18; വ്യഞ്ജനങ്ങൾ 37)–55. (4) 'കേരള ഭാഷാവ്യാകരണം'—പാച്ചു മൂത്തത് (സ്വരങ്ങൾ 16; വ്യഞ്ജനങ്ങൾ 35)— 51. (5) 'കേരള പാണിനീയം'— എ. ആർ. രാജരാജവർമ്മ (സ്വരങ്ങൾ 16; വ്യഞ്ജനങ്ങൾ 37) — 53. (6) 'വ്യാകരണമിത്രം'— എം. ശേഷഗിരിപ്രഭു (സ്വരങ്ങൾ 17; വ്യഞ്ജനങ്ങൾ 36)—53. (7) 'അഭിനവവ്യാകരണം' – സി. വി. വാസുദേവഭട്ടതിരി (സ്വരങ്ങൾ–12; വ്യഞ്ജനങ്ങൾ –36)—48. (8) 'കൈരളീശബ്ദാനുശാസനം' — കെ. സുകുമാര പിള്ള (സ്വരങ്ങൾ 15; വ്യഞ്ജനങ്ങൾ 37) — 52.

നമ്മുടെ ഭാഷയുടെ അടിസ്ഥാന ശബ്ദങ്ങൾ ഏവ എന്ന കാര്യത്തിൽ നമ്മുടെ പ്രസിദ്ധ വൈയാകരണന്മാർക്കുള്ള അഭിപ്രായം നോക്കുക. ആരും മററുള്ളവരോട് പൂർണ്ണമായും യോജിക്കുന്നില്ല. മൊത്തം സംഖ്യയുടെ കാര്യത്തിൽ 'കേരള പാണിനീയ'വും 'വ്യാകരണ മിത്ര'വും സമാനരാണെങ്കിലും അവരുടെയും നിരീക്ഷണങ്ങൾ വ്യത്യസ്തങ്ങളാണെന്നു കാണാൻ വിഷമമില്ല. അതുപോലെ മൊത്തം സംഖ്യയുടെ കാര്യത്തിൽ ജോർജ് മാത്തനും സി. വി. വാസുദേവഭട്ടതിരിയും യോജിക്കുന്നുണ്ടെങ്കിലും അവരുടെ വിശദീകരണങ്ങൾ സമാനങ്ങളല്ലെന്നു വ്യക്തം. മലയാള ഭാഷയിൽ എത്ര അടിസ്ഥാനവർണങ്ങളുണ്ട് എന്നാരെങ്കിലും അന്വേഷിച്ചാൽ നാം പറയുന്ന ഉത്തരം എന്തായിരിക്കും? ആർക്കും സുനിശ്ചിതമായ ഉത്തരം നല്കാൻ കഴിയില്ല. ആധുനിക ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മലയാള ഭാഷയുടെ സ്വനിമ സംഖ്യ എത്രയാണെന്നോ? വെറും 38 (പ്രബോധചന്ദ്രൻ നായർ, 1980: 85–86). മററതൊരു പരിപുഷ്ടഭാഷയ്ക്കും ഈയൊരു ഗതികേട് നേരിടേണ്ടിവരുമെന്നു തോന്നുന്നില്ല. ഈ കാര്യത്തെക്കുറിച്ച് ലേഖകൻ വളരെ ലളിതമായ ഒരു ചർച്ച നടത്തിയത് ഓർമ്മിപ്പിക്കട്ടെ. മലയാളത്തിൽ 45 അടിസ്ഥാന വർണ്ണങ്ങളാണ് ഉള്ളതെന്ന് ഈ ലേഖകൻ ആ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചത്. (പ്രഭാകരവാരിയർ, 1985: 51–59). ദീർഘത്തെ ഒരു പ്രത്യേക സ്വനിമമായി പരിഗണിക്കുകയാണെങ്കിൽ സ്വനിമ സംഖ്യ 46 ആകും.

അതിരിക്കട്ടെ. ജോർജ് മാത്തന്റെ നിരീക്ഷണത്തിലേക്കു മടങ്ങാം. ഋ കാര ൠ കാരങ്ങൾ മലയാളത്തിലെ ഉച്ചാരണ സ്വഭാവമനുസരിച്ച് സ്വരങ്ങളല്ലെന്നും അതുകൊണ്ട് അവയെ അടിസ്ഥാനാക്ഷരമാലയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും ജോർജ് മാത്തൻ ചൂണ്ടിക്കാണിക്കുന്നതു് താത്ത്വികമായി ശരിയാണ്. ''അർധാച്ചിന്റെ ശബ്ദത്തോടു അടുത്ത ഒരു ശബ്ദംസാർധ സ്വരങ്ങളായ ര, ല എന്നിവയോടു ചേരുമ്പോൾ'' (ജോർജ് മാത്തൻ 1969:35) ആണ് ഋ കാര ൠ കാരങ്ങൾ ഉച്ചരിക്കപ്പെടുന്നതെന്ന നിരീക്ഷണവും ശരിതന്നെ. എന്നാൽ അർധാച്ചിനെ അടിസ്ഥാനശബ്ദങ്ങളിലൊന്നായി പരിഗണിക്കാതിരിക്കുമ്പോൾ ഇവയുടെ പ്രത്യക്ഷീകരണത്തെ എങ്ങനെ വ്യാഖ്യാനിക്കുമെന്നുകൂടി സൂചിപ്പിക്കേണ്ടതായിരുന്നു. ഋഷി, ഋണം, ഋഗ്വേദം തുടങ്ങിയ പദങ്ങളിൽ ഋകാരം സ്വതന്ത്രമായിത്തന്നെ പ്രത്യക്ഷപ്പെടുന്നുമുണ്ട്. വ്യഞ്ജനങ്ങളോട് ചേർന്നു് ഋകാരം വരുന്ന പദങ്ങൾ വളരെയുണ്ട്. അതുകൊണ്ട്, ഹ്രസ്വമായ ഋകാരത്തെ (അതു വ്യഞ്ജനസ്വരസംയോഗമാണെന്ന് അംഗീകരിച്ചുകൊണ്ടു തന്നെ) മലയാളത്തിലെ അടിസ്ഥാനവർണമായി സ്വീകരിക്കേണ്ടി വരില്ലേ? അതല്ലെങ്കിൽ ഋകാരത്തെ അക്ഷരമാലയിൽ നിന്നു നീക്കി പകരമായി റ കാരത്തിനു പിറകിൽ കേന്ദ്രസ്വര ചിഹ്നം ഉപയോഗിച്ച് എഴുതിക്കാണിക്കേണ്ടി വരും. ഈ മാററം സ്വനസിദ്ധാന്തമനുസരിച്ച് അംഗീകാര്യമാണെങ്കിലും സാർവത്രികമായി സ്വീകരിക്കപ്പെടുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വർത്സ്യഖരാനുനാസികങ്ങളെയും (മൗണ്യാക്ഷരങ്ങൾ എന്ന ഗ്രന്ഥത്തിൽ) അടിസ്ഥാനവർണമാലയിലുൾപ്പെടുത്തിയിരിക്കുന്നു. ''നാവുകൊണ്ടു തീരെത്തടഞ്ഞിട്ടു പുറപ്പെടുന്നു'' (ടി : 39) എന്നതിനാൽ അവ വർഗാക്ഷരങ്ങൾ തന്നെ എന്നു് ജോർജ് മാത്തൻ വ്യക്തമാക്കുന്നുണ്ട്. സ്വരങ്ങളെ ക്രമീകരിക്കേണ്ട രീതിയെക്കുറിച്ചുള്ള ഗ്രന്ഥകാരന്റെ അഭിപ്രായം പ്രത്യേകശ്രദ്ധ അർഹിക്കുന്നുണ്ട്. സ്വരങ്ങളെ അ, എ, ഇ, ഒ, ഉ, എന്നിങ്ങനെയാണു ക്രമീകരിച്ചിട്ടുള്ളതു്. ''എ കാരവും ഒ കാരവും ഇ കാരത്തിനും ഉ കാരത്തിനും മുൻപിൽ വെക്കപ്പെട്ടിരിക്കുന്നതു, അക്ഷരങ്ങൾക്കു ആധാരമായിരിക്കുന്ന അകാരത്തോടു അവെക്കു ഇവയിലും അടുപ്പമുള്ളതിനാൽ ആകുന്നു'' (ടി:31) എന്ന നിരീക്ഷണം സ്വീകാര്യമായി

തോന്നുന്നില്ല. സ്വരക്രമീകരണത്തിൽ നമ്മുടെ വൈയാകരണന്മാരാരുംതന്നെ ഒരടിസ്ഥാനതത്ത്വം അംഗീകരിച്ചു കാണുന്നില്ല. രാജരാജവർമ്മ എ കാര ഒ കാരങ്ങളെ സ്വരസംഘാതങ്ങളായി (അ + ഇ = എ; അ + ഉ = ഒ. രാജരാജവർമ്മ, 1982:99) കരുതിയതിനാൽ (ഈ അഭിപ്രായം ശരിയല്ല; എകാര ഒകാരങ്ങൾ സ്വരസംഘാതങ്ങളല്ല, ഏകസ്വരങ്ങൾ തന്നെയാണ്) അവയെ അടിസ്ഥാന സ്വരങ്ങളായ (?) അകാര ഇകാര ഉകാരങ്ങൾക്കും സംസ്കൃതത്തിൽനിന്നു സ്വീകരിച്ച സ്വരങ്ങൾക്കും പിറകെ ക്രമീകരിച്ചതിലും പാകപ്പിഴയുണ്ട്. ഉച്ചാരണപരമായി നാവിന്റെ ഉയർച്ചയും സ്ഥാനവും ആണല്ലൊ സ്വരങ്ങളുടെ ധ്വനിമൂല്യത്തിനു നിയാമകമാകുന്നത്. (ചുണ്ടുകളുടെ വർത്തുളത്വവും അവർത്തുളത്വവും ആയ അവസ്ഥകൾ ഇവിടെ പ്രസക്തമല്ല). അങ്ങനെയാണെങ്കിൽ ഉയർച്ച, സ്ഥാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഉച്ചമായ മുൻസ്വരം (ഇ), മധ്യമായ മുൻസ്വരം (എ), നിമ്നമായ മുൻസ്വരം (അ), കേന്ദ്രസ്വരം (സംവൃതോകാരം എന്നു വിളിച്ചു വരുന്നത്), ഉച്ചമായ പിൻസ്വരം (ഉ), മധ്യമായ പിൻസ്വരം (ഒ) എന്നിങ്ങനെ ക്രമീകരിക്കാമെന്നു തോന്നുന്നു. ഋകാരത്തിന്റെ പ്രത്യേകസ്വഭാവം പരിഗണിച്ച് അതിനെ ക്രമീകരണരേഖയുടെ അവസാനത്തിൽ കൊണ്ടുചെല്ലാം. ഐകാര ഔകാരങ്ങളെ, അവ യുഗ്മസ്വരങ്ങളാകയാൽ, അടിസ്ഥാനസ്വരമാലയിൽ ഉൾപ്പെടുത്തേണ്ടതുമില്ല.

(2) 'ചില അക്ഷരങ്ങൾക്കുള്ള വിശേഷങ്ങൾ' എന്ന ഖണ്ഡത്തിൽ ഉച്ചാരണത്തിൽ വർണങ്ങൾക്കു സംഭവിക്കുന്ന വികാരങ്ങളെക്കുറിച്ചു വിവരിക്കുന്നു. ഇവയിൽ ഒരു നിരീക്ഷണം ശ്രദ്ധാർഹമായിരിക്കുന്നു: "ഇ, ഉ എന്നവ തനിച്ചെങ്കിലും ഹല്ലിൽ (വ്യഞ്ജനത്തിൽ) ചേർന്നു എങ്കിലും അകാരം ചേർന്ന പൂർണാക്ഷരത്തിനു മുൻപിൽ വന്നാൽ എ, ഒ എന്നവപോലെ ചൊല്ലുകയാകുന്നു ഏറെ നടപ്പ്. ഇടം, പിണം, ഉടൽ, കുടം എന്നവ എടം, പെണം, ഒടൽ, കൊടം എന്നു എഴുതുംപോലെ ഉച്ചരിക്കുന്നു... അകാരം അടങ്ങിയിരിക്കുന്ന ഹല്ലു ഇരട്ടിയക്ഷരമോ കൂട്ടക്ഷരമോ ആകുന്നു എങ്കിൽ ശബ്ദത്തിനു ഠരം മാററമില്ല" (ജോർജ് മാത്തൻ, 1969:41). ഈ ഉച്ചാരണവിശേഷം സംഭവിക്കുന്നത് ട, ല, റ, ള, ഴ എന്നിവയ്ക്കു മുമ്പാണെന്നും

'പിന്നത്തെ അകാരം കലർന്നു വന്നിട്ടു്' ആണു മാററമുണ്ടാകുന്നതെന്നും ഗുണ്ടർട്ടും (1962:28), ട, ണ, ര, ല, റ, ള എന്നിവയ്ക്കു മുമ്പാണെന്നു് ശേഷഗിരിപ്രഭുവും (1983:69) പ്രസ്താവിച്ചിരിക്കുന്നതു പൂർണമായും സ്വീകാര്യമല്ല. വിത–വെത, പക–പൊക തുടങ്ങി മററു വ്യഞ്ജനങ്ങൾക്കുമുമ്പും ഈ മാററം സംഭവിക്കുന്നുണ്ടല്ലൊ. ഈ വർണവികാരം രാജരാജവർമ്മയും സൂചിപ്പിക്കുന്നുണ്ടു്. എന്നാൽ ഏതു സ്വനിക പരിതഃസ്ഥിതിയിലാണു് ഈ ഉച്ചാരണഭേദം സംഭവിക്കുന്നതെന്നു് (അടുത്ത പദാംഗസ്വരം അകാരമാകുമ്പോൾ) 'കേരളപാണിനീയം' വ്യക്തമാക്കുന്നില്ല. ഈ ഉച്ചാരണഭേദം ചില രൂപങ്ങളിൽ അതിവ്യാപനം വന്നു് സ്ഥിരപ്രതിഷ്ഠ നേടിയിട്ടുമുണ്ടു്. ചിലവു്, വിളക്കു് എന്നീ പദങ്ങളുടെ ശരിയായ രൂപങ്ങൾ ചെലവു്, വെളക്കു് എന്നായിരിക്കണം. ചെല്, വെൾ എന്നീ ധാതുക്കളിൽനിന്നാണു് ഈ പദങ്ങളുടെ വ്യുത്പാദനം. ഇ–എ മാററം ഈ പദങ്ങളിൽകൂടി വ്യാപിച്ചിരിക്കണം എന്ന തെററിദ്ധാരണയാകാം ഇകാര സഹിതങ്ങളാണു് പരിനിഷ്ഠരൂപങ്ങൾ എന്ന തെററിദ്ധാരണ ഉളവാക്കിയതു്.

(3) മലയാളത്തിൽ സംബന്ധിക ചേർന്ന നാമരൂപങ്ങളെ വിഭക്തി പ്രയോഗത്തിലുൾപ്പെടുത്തുന്നതു് ശരിയല്ല എന്നു് ഈ ലേഖകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു് (പ്രഭാകരവാരിയർ, 1977). ജോർജ് മാത്തൻ സംബന്ധിക വിഭക്തിരൂപമല്ല എന്നു പറയുന്നില്ലെങ്കിലും, അതിനു കാരകബന്ധമല്ല വിശേഷണബന്ധമാണു് ഉള്ളതെന്നു് സ്പഷ്ടമായി സൂചിപ്പിച്ചിട്ടുണ്ടു്. ''ആകയാൽ ശേഷം വിഭക്തികൾ ഒക്കയും വചനാധേയങ്ങളുടെ സ്വഭാവമുള്ളവയാകുന്നു, എങ്കിലും ഷഷ്ഠി നാമാധേയലക്ഷണമുള്ളതായിരിക്കുന്നു'' (ജോർജ് മാത്തൻ, 1969:77). ഗുണ്ടർട്ടു് വിഭക്തിയെ പദകാണ്ഡത്തിലല്ല അവതരിപ്പിക്കുന്നതു്; വാചകകാണ്ഡത്തിലാണു്. സംബന്ധികയെ കുറിച്ചു് അദ്ദേഹം പ്രസ്താവിക്കുന്നു: ''ഷഷ്ഠി വിഭക്തികളിൽ കൂടിയതല്ല. സമാസരൂപമത്രെ എന്നൊരു വിധത്തിൽ പറയാം'' (ഗുണ്ടർട്ടു്, 1962:162).

(4) വിഭക്തി പ്രയോഗത്തെക്കുറിച്ചുള്ള മറെറാരു നിരീക്ഷണം ശ്രദ്ധാർഹമായിരിക്കുന്നു: ''നിർലിംഗനാമങ്ങളുടെ സ്വരൂപം വിരൂപവിഭക്തികൾക്കും കൂടെ പ്രയോഗിക്കപ്പെടുക

നടപ്പുണ്ട്. അങ്ങനെയുള്ള പ്രയോഗത്തിനു് ആന്തരവിഭക്തി യെന്നു പേർ രൂപത്തോടുകൂടി വരുന്നതിനു വിവരണവിഭക്തിയെന്നും പറയാം'' (ജോർജ് മാത്തൻ, 1969:80). ഇവിടെ ശൂന്യരൂപം (zero morph) എന്ന സങ്കല്പത്തെ ലളിതമായി സൂചിപ്പിച്ചിരിക്കയാണ്.

(5) ''ചില ശബ്ദങ്ങൾ തനിച്ചർഥം ഇല്ലാതെയും മററു പദങ്ങളോടുകൂടി മാത്രം വരുന്നുണ്ട്. ആയ്‌വ 'ഉപസർഗങ്ങൾ' എന്നു ചൊല്ലപ്പെടുന്നു. അവ കൂടി വരുന്ന പദങ്ങൾക്ക 'ഉപസർഗസമാസം' എന്നു പേരായിരിക്കുന്നു'' (ടി:95). ഈ നിരീക്ഷ വ്യക്തമായും അസ്വീകാര്യമാണ്. പ്രത്യയാധിഷ്ഠിത രൂപങ്ങളെ സമാസങ്ങളിൽ ഉൾപ്പെടുത്തുന്നതു ശരിയല്ല.

(6) ക്രിയകളുടെ വർഗീകരണത്തിലും ജോർജ്ജ് മാത്തൻ മൗലികമായ ഒരു നിലപാടു സ്വീകരിച്ചിരിക്കുന്നതു കാണാം. ക്രിയകളെ സാമാന്യമായി 'ശുദ്ധവചനം', 'വാച്യവചനം' എന്നിങ്ങനെ രണ്ടായി വിഭജിക്കാമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (ടി:115). ശുദ്ധവചനം എന്നതുകൊണ്ട്, അദ്ദേഹം അൎത്ഥമാക്കുന്നതു് വ്യാപാരസ്വഭാവം സൂചിതമല്ലാത്തതും ക്രിയാധൎമ്മം മാത്രം സൂചിപ്പിക്കുന്നതുമായ ക്രിയയെയാണ്. 'ആകുന്നു', 'അല്ല' എന്നിവ ഈ വകുപ്പിൽ പെടുന്നു. 'ആകുന്നു' (ആണ് എന്നും), 'അല്ല' എന്നിവയ്ക്കു വാക്യത്തിൽ രണ്ടു നാമങ്ങളെ സംയോജിപ്പിക്കുക എന്ന ധർമ്മമല്ലാതെ സ്വയം വാച്യാൎത്ഥം കല്പിക്കാനാവില്ല. അവയെ 'സംയോജക ക്രിയകൾ' എന്നു വിളിക്കുന്നതായിരിക്കും ഉചിതം. മറിച്ച് വാച്യമായ അർത്ഥം (വ്യാപാരത്തെക്കുറിച്ചുള്ള സ്പഷ്ടമായ സൂചന)കല്പിക്കാവുന്നവയാണ് വാച്യവചനം എന്ന വിഭാഗത്തിൽ പെടുന്നത്. വാച്യവചനങ്ങളെ മൂന്നായി തരം തിരിക്കാം. ഭാവവചനം (stative verb), സംഭവവചനം (event verb), ക്രിയാവചനം (action verb). ഈ വിഭജനം അൎത്ഥാസ്പദമായതാണെങ്കിലും വാക്യഘടനയിൽ ഇവയ്ക്കുള്ള പ്രസക്തി അദ്ദേഹം തുടർന്നു സ്പഷ്ടമാക്കുന്നുണ്ട്. നിഗീർണകർത്തൃകം എന്ന രാജരാജവർമ്മ നിർദ്ദേശിക്കുന്ന ക്രിയാവിഭാഗത്തെ ജോർജ് മാത്തൻ ''ചില സംഭവവചനങ്ങൾക്കും സംഭവവചനങ്ങളായിട്ടു പ്രയോഗിക്കപ്പെടുന്ന ക്രിയാവചനങ്ങൾക്കും കൎത്താവ് ഉണ്മാനമായിരിക്കും'' (ടി:116) എന്നു പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ക്രിയകളെ

ഭാവം, സംഭവം, ക്രിയ എന്നിങ്ങനെ വിഭജിക്കുന്നതു് വാക്യഘടനയിലെ പല പ്രയോഗങ്ങളെയും സുഗമമായി വ്യാഖ്യാനിക്കാൻ സഹായകമാകുമെന്ന് ആധുനിക ഭാഷാശാസ്ത്രകാരന്മാരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

(7) നാമാധേയങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ജോർജ് മാത്തൻ വളരെ ശ്രദ്ധാർഹമായ ഒരു നിരീക്ഷണം നടത്തുന്നുണ്ട്. ''സപ്തമിയോടു ചേരുംപോഠ 'ഉള്ള' എന്നതു് ആധാരത്തിന്റെ ഇരിപ്പിടത്തെയും 'ആയ' എന്നതു 'എ' എന്ന ചുരുങ്ങി ആധാരത്തിനു സ്ഥലത്തോടുള്ള സംബന്ധത്തെയും കാണിക്കുന്നു. ദൃഷ്ടാന്തം: 'ചീനത്തുള്ള ജനങ്ങഠ' എന്നു് ആ ദിക്കിൽ പാർക്കുന്ന എല്ലാ ജാതിക്കാരെയും പറയാം. 'ചീനത്തെ ജനങ്ങഠ' എന്നു് ആ ദിക്കിലെ ജാത്യകുടികളായ ചീനന്മാരെ സംബന്ധിച്ചേ പറയാവൂ; പിന്നെയും 'ചീനത്തുള്ള ജനങ്ങഠ' എന്നു് ആ സ്ഥലത്തു പാക്കുന്നവരെത്തന്നെ പറഞ്ഞുകൂടു; 'ചീനത്തെ ജനം' എന്നു് അവിടം വിട്ടു മറുദിക്കിൽ പോയി പാർക്കുന്നവരെയും പറയാം'' (ടി: 144). ആധാരികാന്തത്തോടു് 'ഉള്ള' ചേർന്നാലും 'എ' ചേർന്നാലും അതു നാമവിശേഷണധർമ്മം പ്രദർശിപ്പിക്കും. എന്നാൽ ഈ രണ്ടു പ്രയോഗങ്ങഠക്കും അർഥവ്യത്യാസമുണ്ടു് എന്നാണ് ജോർജ് മാത്തൻ ചൂണ്ടിക്കാണിക്കുന്നതു്. ഈ സവിശേഷപ്രയോഗത്തെപ്പററി ലേഖകൻ മററൊരിടത്തു് വിശദമായി ചർച്ചചെയ്തിട്ടുള്ളതിലേക്കു് ശ്രദ്ധ ക്ഷണിക്കുന്നു (പ്രഭാകരവാരിയർ, 1977).

(8) ജോർജ് മാത്തൻ ഉപയോഗിച്ചിട്ടുള്ള പല വ്യാകരണസംജ്ഞകളും ഇന്നു് പ്രചാരത്തിലില്ല. വ്യാകരണസംവർഗങ്ങളുടെ സംജ്ഞാകരണത്തിലും അദ്ദേഹം തൻേറതായ ഒരു നിലപാടു സ്വീകരിച്ചതായി കാണാം. ചില ഉദാഹരണങ്ങഠ നോക്കുക: ആത്മസ്ഥാനം (ഉത്തമപുരുഷസർവനാമം); ആശയകവസ്ഥ (നിയോജകപ്രകാരം); ഇടബന്ധം (ഇടനില), ഗണനാമം (ബഹുത്വത്തെ സൂചിപ്പിക്കുന്ന ഏകവചനത്തിലുള്ള നാമം, ഉദാ: സൈന്യം); നാമാധേയം (പേരെച്ചം); വചനം (ക്രിയ); വചനാധേയം (വിനയെച്ചം).

ആധാരവസ്തുതകളുടെ വൈപുല്യം, സമീപനരീതി, വിഷയസംവിധാനം, സൈദ്ധാന്തിക പ്രായോഗികാംശങ്ങഠക്കു

നല്കിയ ഊന്നൽ തുടങ്ങിയ പല കാര്യങ്ങളിലും മലയാളത്തിലെ മുഖ്യവ്യാകരണങ്ങൾ വൈഭിന്ന്യം പുലർത്തുന്നു. ഒന്നിനും സാർവത്രിക സ്വീകാരാർഹത കല്പിക്കാനാവില്ല. ഏതാണ്ട് എഴുപതു വർഷങ്ങൾക്കു മുമ്പു പ്രസിദ്ധീകരിക്കപ്പെട്ട 'കേരളപാണിനീയം' (കാരികാത്രപത്തിലുള്ളതു് -1916-ൽ) പ്രയോഗാർഹതയിൽ മുൻപന്തിയിൽ നില്ക്കുന്നു എങ്കിലും, ഇന്നത്തെ നിലയിൽ അതിലെ പല നിരീക്ഷണങ്ങളും വിമർശനീയങ്ങളാണ്. 'മലയാഴ്മയുടെ വ്യാകരണം' സിദ്ധാന്ത ചർച്ചയിൽ 'കേരളപാണിനീ'യത്തെ അതിശയിക്കുന്നു എങ്കിലും പ്രായോഗികവ്യാകരണമെന്ന നിലയിൽ അതിന്റെ സ്വീകാര്യത പരിമിതമാണ്. പക്ഷേ, ഒന്നുണ്ട്. വ്യാകരണകാര്യങ്ങളെക്കുറിച്ച ചിന്തിക്കുന്നവർക്കെല്ലാം ജോർജ് മാത്തന്റെ വ്യാകരണഗ്രന്ഥത്തിലെ പരാമർശങ്ങൾ പരിശോധിക്കേണ്ടിവരും. അതുതന്നെ ആ വ്യാകരണത്തിന്റെ പ്രകൃഷ്ടതയ്ക്കു ദൃഷ്ടാന്തമല്ലേ?

ഗ്രന്ഥസൂചി

1. ഗുണ്ടർട്ട്, ഹെർമ്മൻ. (1962) : **മലയാളഭാഷാ വ്യാകരണം.** കോട്ടയം: എൻ. ബി. എസ്. (ഒന്നാം പതിപ്പ് 1868)
2. ജോർജ് മാത്തൻ. (1969) : **മലയാഴ്മയുടെ വ്യാകരണം** കോട്ടയം: എൻ. ബി. എസ്. (ഒന്നാം പതിപ്പ് 1863)
3. പ്രബോധചന്ദ്രൻ, വി. ആർ. (1980) : **സ്വനവിജ്ഞാനം.** തിരുവനന്തപുരം : കേരളഭാഷാ ഇൻസ്ററിററ്യൂട്ട്.
4. പ്രഭാകരവാരിയർ, കെ. എം. (1977–എ) : 'മലയാളത്തിലെ ഒരു പ്രത്യേകത'. **ഭാഷാസാഹിതി**
5. പ്രഭാകരവാരിയർ, കെ. എം. (1977–ബി) : 'സംബന്ധികയും സംബോധനയും.' **ഭാഷാപോഷിണി.** 1. 1.
6. പ്രഭാകരവാരിയർ, കെ. എം. (1985) : **ശൈലീശില്പം** മദ്രാസ്: ചാസൻ ആൻറ് കോ. (ഒന്നാം പതിപ്പ് 1978)

7. രാജരാജവർമ്മ, എ. ആർ. (1982): **കേരളപാണിനീയം** കോട്ടയം: എൻ. ബി. എസ്. (ഒന്നാം പതിപ്പ് 1895)

8. ശേഷഗിരി പ്രഭു, എം. (1986) : **വ്യാകരണ മിത്രം** തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി. (ഒന്നാം പതിപ്പ് 1904)

9. സാമുവൽ ചന്ദനപ്പള്ളി. (1969): **റവ. ജോർജ് മാത്തനും മലയാള ഭാഷയും** തിരുവല്ല: ക്രിസ്ത്യൻ ലിററേച്ചർ സൊസൈററി.

10. സുകുമാരപിള്ള, കെ (1980) : **കൈരളീ ശബ്ദാനുശാസനം**. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്.

വാക്യപദീയവും സ്ഫോടസിദ്ധാന്തവും

ഡോ. കെ. വിജയൻ

സംസ്കൃതഭാഷയ്ക്ക ചാന്ദ്രവ്യാകരണം ആപിശല വ്യാകരണം കാശകൃത്സ്നവ്യാകരണമെന്നിങ്ങനെ പല വ്യാകരണശാഖകഠം ഉണ്ടായെങ്കിലും പാണിനീയവ്യാകരണ മാണ സർവങ്കഷവും സർവതോഭദ്രവും ചിരസ്ഥായിയുമായി നിലകൊള്ളന്നതു്. ഭാഷയുടെ വളർച്ചയ്ക്കൊത്തു പുതിയ നിബ ന്ധനകഠം ഉരംക്കൊള്ളിച്ച കാലാനസൃതമാക്കാനം താത്ത്വികവും പ്രായോഗികവുമായ വശങ്ങഠം അപഗ്രഥിച്ച സുപ്രതിഷ്ഠിതമാ ക്കാനം പിന്നീടു് വന്ന കാത്യായനനും പതഞ്ജലിയും പരിശ്ര മിച്ചു. ഉത്തരോത്തരം വിപുലവും ആധികാരികവും ആയി അനഭവപ്പെടുന്ന അവരുടെ രചനകളെല്ലാം ചേർന്ന ചർച്ച ചെയ്യാത്തതും തീരുമാനമെടുക്കാത്തതുമായ വ്യാകരണവിഷയം ഒന്നംതന്നെ ഇല്ലെന്ന പറയാം.

വ്യാകരണപഠനം

വ്യാകരണപഠനത്തിന വിദ്യാർത്ഥികളുടെ ഇടയിൽ പണ്ടേ താത്പര്യം കുറഞ്ഞിരുന്നെന്ന ഭാഷ്യകാരനായ പത ഞ്ജലി അനസ്മരിക്കുന്നുണ്ടു്. വേദത്തിൽ നിന്ന വൈദിക ശബ്ദവും കാവ്യനാടകങ്ങളിൽ നിന്ന ലൗകികശബ്ദവും

തങ്ങൾ വശമാക്കിയെന്നും ഇനി വ്യാകരണം പഠിക്കുന്നതു നിരത്ഥകമാണെന്നും ഒരു കൂട്ടം വിദ്യാർത്ഥികൾ വിശ്വസിച്ചിരുന്നു. വിപ്രതിപന്നബുദ്ധികളായ അവരെ അനുനയപൂർവ്വം അടുത്തു വിളിച്ചു വ്യാകരണപഠനത്തിന്റെ പ്രയോജനം ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നു മഹാഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നു. ഈ അവസ്ഥ ഭർതൃഹരിയുടെ കാലത്തും ഉണ്ടായിരുന്നതായി വാക്യപദീയത്തിൽത്തന്നെ തെളിവുണ്ട്. പ്രസ്തുതകൃതിയുടെ രണ്ടാമത്തെ കാണ്ഡത്തിൽ ഗ്രന്ഥകാരൻ ഇപ്രകാരം പ്രസ്താവിക്കുന്നു. ''വിദ്യാർത്ഥികളിൽ വ്യാകരണപഠനത്തിനു് ആലസ്യം ബാധിച്ചു. അവർ വ്യാകരണം നന്നേ ചുരുക്കി പഠിക്കുകയോ അല്പവിദ്യകൊണ്ടു തൃപ്തിപ്പെടുകയോ ചെയ്തുവന്നു. അതു കാരണം വ്യാഡി രചിച്ച ഒരു ലക്ഷം ശ്ലോകമടങ്ങിയ സംഗ്രഹമെന്ന ഗ്രന്ഥം ലുപ്തപ്രായമായി. അപ്പോഴാണു ക്രാന്തദർശിയായ പതഞ്ജലിമുനി വ്യാകരണത്തിലെ നൈയാമികതത്ത്വങ്ങളെല്ലാം തേടിപ്പിടിച്ചു മഹാഭാഷ്യം രചിച്ചതു്. അതിന്റെ ഗാംഭീര്യവും സൗഷ്ഠവവും വിവരിക്കുക പ്രയാസം. അത്രയ്ക്കു സരസവും മനോരമവുമാണതു്. അതിന്റെ ശരിയായ പരിജ്ഞാനം നിപുണദൃഷ്ടികളായ പണ്ഡിതന്മാർക്കേ സാദ്ധ്യമാകൂ. ബൈജി, സൗഭവൻ, ഹര്യക്ഷൻ തുടങ്ങിയവർ വ്യാകരണമാകുന്ന ആഗമത്തിന്റെ ആന്തരാർത്ഥം ഗ്രഹിക്കാതെ ശുഷ്കമായ തർക്കസരണിയിലൂടെ ആ ആർഷരചനയിൽ ദോഷം കണ്ടെത്തി അതിനു ദുർഗതി വരുത്തി. ഇങ്ങനെ പതഞ്ജലിശിഷ്യന്മാരിൽ നിന്നു പരിഭ്രഷ്ടമായ വ്യാകരണാഗമം ദക്ഷിണാപഥത്തിലെ ഗ്രന്ഥപ്പുരകൾക്കു് അലങ്കാരം മാത്രമായി. പിന്നീടു ത്രികൂടപർവതത്തിലെ ത്രിലിംഗദേശത്തു നിന്നും രാവണൻ രചിച്ച മൂലവ്യാകരണാഗമം ഏതോ ബ്രഹ്മരാക്ഷസനിൽനിന്നു മനസ്സിലാക്കി ചന്ദ്രാചാര്യനും വസുരാതനും പ്രചരിപ്പിച്ചു. ക്രമേണ അതിനു പല ശാഖകളും ഉണ്ടായി.'' ഇങ്ങനെ വാട്ടവും കോട്ടവുമൊക്കെ ഉണ്ടായെങ്കിലും വ്യാകരണപഠനം പുതിയ മേഖലകളിലേയ്ക്കു കടക്കുകയും നൂതനമായ മാനങ്ങൾ കൈവരിക്കുകയും ചെയ്തു. പ്രത്യേക വിഷയങ്ങളിൽ ഗഹനമായ ചിന്ത അവതരിപ്പിക്കയായിരുന്നു ഈ കാലഘട്ടത്തിന്റെ സവിശേഷത. അക്കൂട്ടത്തിൽ പ്രഥമഗണനീയമാണു ഭർതൃഹരി രചിച്ച വാക്യപദീയം.

സംസ്കൃതവ്യാകരണത്തിൻെറ പ്രത്യേകത

സംസ്കൃതവ്യാകരണത്തിനു മററു ഭാഷാവ്യാകരണങ്ങൾക്കില്ലാത്ത ഒരു സവിശേഷതയുണ്ട്. ശബ്ദങ്ങൾക്കു സാധുതപം പറയുന്ന സാമാന്യസ്വഭാവത്തിനപ്പുറം കടന്നു അതൊരു മോക്ഷശാസ്ത്രമായി പ്രവർത്തിക്കുന്നു. എന്നല്ല, വ്യാകരണമല്ലാതെ ഋജുതമവും ലഘുതമവും അന്യൂനവുമായ മറെറാരു മോക്ഷശാസ്ത്രമില്ലെന്നാണു വൈയാകരണന്മാരുടെ പക്ഷം.[1] പാണിനിയുടെഅഷ്ടാദ്ധ്യായി ദാർശനികമായ ഒരടിസ്ഥാനത്തിലാണു നിർമ്മിച്ചിരിക്കുന്നതു്. ഈ വസ്തുത കാത്യായനൻെറ വാർത്തികങ്ങളിൽനിന്നു സ്പഷ്ടമാകുന്നു. വ്യാഡി രചിച്ച സംഗ്രഹത്തിൽ ഒരു ലക്ഷം ശ്ലോകങ്ങൾ കൊണ്ടു സാംഗോപാംഗമായി വ്യാകരണദർശനം വ്യവസ്ഥാപിതമായി. വൈപുല്യംകൊണ്ടോ ഗഹനതകൊണ്ടോ പില്ക്കാലത്തെ വിദ്വാന്മാരുടെ അധന്യതകൊണ്ടോ ആ ഗ്രന്ഥം നാമാവശേഷമായി. മഹാഭാഷ്യത്തിൽ അങ്ങിങ്ങായി പതഞ്ജലി നടത്തുന്ന പരാമർശങ്ങളേ ഇന്നു സംഗ്രഹം സംബന്ധിച്ചു ലഭിക്കുന്നുള്ളൂ. എന്നാൽ വ്യാകരണദർശനത്തിൻെറ സാമാന്യരൂപം ഭർത്തൃഹരിയുടെ വാക്യപദീയത്തിൽ നിന്നു കിട്ടുന്നു.

വാക്യപദീയനാമവും കാണ്ഡങ്ങളും

വാക്യവും പദവും വിചാരവിഷയമാകുന്നു എന്ന അർത്ഥത്തിലാണു ഭർത്തൃഹരി വാക്യപദീയമെന്നു സ്വഗ്രന്ഥത്തിനു പേരു നല്കിയതു്.[2] മൂന്നു കാണ്ഡങ്ങൾ അടിങ്ങിയിരിക്കുന്നതുകൊണ്ടു 'ത്രികാണ്ഡി' എന്നും വാക്യപദീയത്തെ വിളിച്ചു വരുന്നു. വാക്യപദീയത്തിൽ വാക്യവും പദവും വിവരിക്കുന്നതു് ആദ്യത്തെ രണ്ടു കാണ്ഡങ്ങളിലാണ്. കാരകം തുടങ്ങിയ ചില കാര്യങ്ങളാണു മൂന്നാം കാണ്ഡത്തിലെ പ്രതിപാദ്യം. അതുകൊണ്ടു രണ്ടു കാണ്ഡങ്ങൾ മാത്രമേ ഭർത്തൃഹരി രചിച്ചിട്ടുള്ളൂ എന്നു ചിലർ

1. ഇയം സാ മോക്ഷമാർഗാണാ–
മ ജിഹ്മാ രാജപദ്ധതിഃ.
ഭർത്തൃഹരി, വാക്യപദീയം, 1–16
2. വാക്യം ച പദം ച വാക്യപദേ, തേ അധികൃത്യ കൃതോ ഗ്രന്ഥഃ വാക്യപദീയം.

അഭിപ്രായപ്പെടുന്നുണ്ട്.[3] ഭർതൃഹരി എഴുതിയ ടീക ഒന്നും രണ്ടും കാണ്ഡങ്ങൾക്കു മാത്രമേ ലഭ്യമായുള്ളൂ എന്ന വസ്തുത ഇതിനു് ഉപോദ്ബലകമായി അവർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഈ അഭിപ്രായം ശരിയല്ല. ഒന്നും രണ്ടും കാണ്ഡങ്ങളിൽ ഉത്ഥാപിതമായ വിഷയങ്ങളുടെ വിശദമായ വിചാരണ നടക്കുന്നതു മൂന്നാം കാണ്ഡത്തിലാണെന്നു വാക്യപദീയത്തിൽത്തന്നെ പ്രസ്താവമുണ്ടു്.

വർത്മനാമത്ര കേഷാഞ്ചിദ്
വസ്തുമാത്രമുദാഹൃതം
കാണ്ഡേ തൃതീയേ ന്യക്ഷേണ
ഭവിഷ്യതി വിചാരണാ. II. 485

ഇന്നു ലഭിക്കുന്ന മൂന്നാമത്തെ കാണ്ഡം ഭാവരൂപങ്ങളുടെ സവിശേഷതകൾ വച്ചു നോക്കിയാൽ ഭർതൃഹരിതന്നെ എഴുതിയതാണെന്നു മനസ്സിലാകും. പൂർവകാണ്ഡങ്ങളിലെ വിഷയങ്ങൾ സിദ്ധാന്തപരമായി ഉജ്ജ്വലപ്രകാശംകൊള്ളുന്നതു മൂന്നാം കാണ്ഡത്തിലാണു്. പ്രസ്തുതകാണ്ഡമില്ലെങ്കിൽ ആദ്യകാണ്ഡങ്ങളുടെ വിവരണം പൂർണമാകയില്ല. വാക്യപദീയത്തിനു വ്യാഖ്യാനം എഴുതിയ ഹേലാരാജൻ മൂന്നാം കാണ്ഡത്തെ മുമ്പു് ആവിഷ്കരിച്ച ആശയങ്ങളുടെ പൂരകമെന്ന നിലയിലാണു കാണുന്നതു്. ''ഇപ്രകാരം പദസംസ്കാരനിമിത്തഭൂതമായ പദാർത്ഥങ്ങളുടെ വിചാരം പരിസമാപ്തമായി'' എന്നു മൂന്നാം കാണ്ഡത്തിന്റെ അവസാനം അദ്ദേഹം കുറിക്കുന്നു.[4]

കാരികകൾ

വാക്യപദീയത്തിലെ കാരികകൾ പലപ്പോഴും മഹാഭാഷ്യത്തിന്റെ ആശയങ്ങളുടെ അനുരണനം ഉൾക്കൊള്ളുന്നതു കാണാം. ''യഥാംബാംബേതി ശിക്ഷമാണോ ബാലോ*f* ന്യഥോച്ചാരയതി'' എന്ന ഭാഷ്യപരാമർശം ഭർതൃഹരി ഇപ്രകാരം വാക്യപദീയത്തിൽ ഉൾക്കൊള്ളിക്കുന്നു.

3. ഗംഗാധരശാസ്ത്രി, വാക്യപദീയം, കാശി

4. ഇത്യന്തഃ പദസംസ്കാരനിമിത്തഭൂതാഃ പദാർത്ഥാഃ പര്യവസിതവിചരാഃ ടി. പുറം 152

അംബാംബേതി യഥാ ബാലഃ
ശിക്ഷമാണോഽപഭാഷതേ
അവ്യക്തം തദവിദാം തേന
വ്യക്തേ ഭവതി നിശ്ചയഃ [5]

വാക്യപദീയകാരികകൾക്കു മഹാഭാഷ്യവുമായി കാണുന്ന പദസാദൃശ്യവും ആശയസംവാദവും വച്ചുകൊണ്ടു ധാരാളം കാരികകൾ ഭർതൃഹരി വ്യാഡിയുടെ സംഗ്രഹത്തിൽ നിന്നു സ്വീകരിച്ചിരിക്കാമെന്നു വിചാരിക്കുന്നവരുമുണ്ട്. വ്യാകരണത്തിൻെറ ഭദ്രതയ്ക്കും നിലനില്പിനും വേണ്ടി എഴുതിയ വാക്യപദീയത്തിൽ സിദ്ധാന്തപ്രതിപാദകമായ സംഗ്രഹത്തിലെ പല ശ്ലോകങ്ങളും കടന്നുകൂടിയിരിക്കാം. അവ ഗ്രന്ഥത്തിൻെറ മാററു വർദ്ധിപ്പിച്ചും ആധികാരികത്വം പകർന്നും പരിശോഭിക്കുകയാണെന്നു കരുതണം.

ബ്രഹ്മകാണ്ഡത്തിൽ നൂററിയമ്പത്തിയാറും വാക്യകാണ്ഡത്തിൽ നാനൂററിയെൺപത്തിയാറും പദകാണ്ഡത്തിൽ ആയിരത്തിയിരുനൂററിപ്പതിനെട്ടുമായി ആകെ ആയിരത്തി എണ്ണൂററിയറുപതു കാരികകളാണ് ഇന്നു ലഭിക്കുന്ന വാക്യപദീയത്തിൽ ഉള്ളത്. ഏതാനും കാരികകൾ നഷ്ടപ്പെട്ടിട്ടുണ്ടാകാം. പദകാണ്ഡത്തിൽ സ്വരൂപവും ഉദാഹരണവും ഉപപത്തിയും കൊടുത്തിട്ടുള്ളതായി ഭർതൃഹരിതന്നെ പറഞ്ഞിട്ടുള്ള ചില വസ്തുതകൾ ആഗമഭ്രംശം കൊണ്ടോ ലേഖകപ്രമാദം കൊണ്ടോ അവിടെ കാണാനില്ലെന്നു പുണ്യരാജൻ പ്രസ്താവിക്കുന്നു. [6]

ശബ്ദബ്രഹ്മം

ശബ്ദതത്വം അനാദിയും അനന്തവുമാണ്. അതിൻെറ നിലനില്പിനു മാററമോ മഹത്ത്വത്തിന് ഏററക്കുറച്ചിലുകളോ

5. 'അംബ, അംബ' എന്നു പറയാൻ തുടങ്ങുന്ന കുട്ടി തുടക്കത്തിൽ അവ്യക്തമായും തെററായും ഉച്ചരിക്കുന്നു. എന്നാൽ കേൾക്കുന്നവർ ശരിയായ ശബ്ദം ഊഹിച്ചെടുത്ത് അർത്ഥം മനസ്സിലാക്കുകയാണ് പതിവ്. ഇപ്രകാരം അപഭ്രംശം സാധുശബ്ദം വഴി അർത്ഥമുളവാക്കുമെന്നു മനസ്സിലാക്കാം. I 152

6. ഏതേഷാം വിതത്യ സോപപത്തികം സനിദർശനം സ്വരൂപം പദകാണ്ഡേ ലക്ഷണസമുദ്ദേശവിനിർദ്ദിഷ്ടമിതി ഗ്രന്ഥകൃതൈവ സ്വവൃത്തൗ പ്രതിപാദിതം. ആഗമഭ്രംശാത് ലേഖകപ്രമാദാദിനാ വാ ലക്ഷണസമുദ്ദേശശ്ച പദകാണ്ഡമദ്ധ്യേ ന പ്രസിദ്ധഃ.

ഒന്നും സംഭവിക്കുന്നില്ല. ആ ശബ്ദതത്ത്വത്തിന് അർത്ഥരൂപവും അവിച്ഛിന്നമായ ഒരാത്മഭാവവും ഉണ്ട്. അതിൽനിന്നു ജഗത്ത് ഉത്പന്നമാകുകയും എല്ലാ വ്യവഹാരപ്രക്രിയയും നിലവിൽ വരികയും ചെയ്യുന്നു.[7] സ്വാധിഷ്ഠിതമായ കാലശക്തിയിലൂടെയാണ ശബ്ദതത്ത്വം ഇവയൊക്കെ ആവിഷ്കരിക്കുക. കാലശക്തിയുടെ നിയന്ത്രണം ഉള്ളതുകൊണ്ട് ഒരു ശബ്ദത്തിൽനിന്ന് ഒരു സമയത്ത് അനേകം കാര്യങ്ങൾ ഉണ്ടാകുകയില്ല. ശബ്ദബ്രഹ്മത്തിന്റെ സ്വരൂപം അറിയാനും അതിനെ പ്രാപിക്കാനും ഉള്ള പ്രമുഖമായ ഉപായം വേദപഠനമാണ്. അറിവ് എന്ന രൂപത്തിൽ വേദം ഒന്നേ ഉള്ളൂവെങ്കിലും ധാരാളം അംഗങ്ങളും ഉപാംഗങ്ങളുമായി വിഭജിച്ചു പഠിക്കുന്ന സമ്പ്രദായമാണ ഋഷിപരമ്പര ആവിഷ്കരിച്ചിട്ടുണ്ടത്. വ്യാകരണം അവയിൽ സുപ്രധാനമായ ഒരംഗമാണ്. അതിനെ ആശ്രയിച്ചു ശബ്ദബ്രഹ്മത്തെ സാക്ഷാത്കരിക്കാനും മോക്ഷം പ്രാപിക്കാനും കഴിയും. ശബ്ദവും അർത്ഥവും അവയുടെ സംബന്ധവും നിത്യമാണ്.[8] ഈ സുസ്ഥിരത വ്യാകരണത്തിന്റെ രചനയ്ക്കും അതിന്റെ സാർത്ഥകതക്കും നിദാനമായി നിലകൊള്ളുന്നു.

പ്രമാണങ്ങൾ

ആഗമം (ശബ്ദം) പ്രമാണങ്ങളിൽ വച്ചു ശ്രേഷ്ഠമാണ്. അനുമാനത്തിൽ അതു് അന്തർഭവിക്കുന്നില്ല. ഇന്ദ്രിയങ്ങൾകൊണ്ടു ഗ്രഹിക്കാനാവാത്തതും സാമാന്യാനുഭൂതിക്ക് അപ്പുറത്തുള്ളതുമായ കാര്യങ്ങളെ ഋഷിമാർ അവരുടെ അന്തർനേത്രം കൊണ്ടു കാണുകയും ശബ്ദസഹായത്തോടെ ആവിഷ്കരിക്കുയും ചെയ്യുന്നു. അവരുടെ വചനങ്ങളെ അനുമാനംകൊണ്ടു തടയാനോ അസത്യമെന്നു സ്ഥാപിക്കാനോ ഒരുമ്പെടുന്നതു ശരിയാകയില്ല.

7. അനാദിനിധനം ബ്രഹ്മ ശബ്ദതത്ത്വം യദക്ഷരം
വിവർത്തതേഽർത്ഥ ഭാവേന പ്രക്രിയാ ജഗതോ യതഃ I 1.

8. നിത്യാഃ ശബ്ദാർത്ഥസംബന്ധാഃ
സമാമ്നാതാ മഹർഷിഭിഃ
സൂത്രാണാം സാനുതന്ത്രാണാം
ഭാഷ്യാണാം ച പ്രണേതൃഭിഃ I. 23

അതീന്ദ്രിയാനസംവേദ്യാൻ
പശ്യന്ത്യാർഷേണ ചക്ഷുഷാ
യേ ഭാവാൻ വചനം തേഷാം
നാനുമാനേന ബാധ്യതേ.

അനുമാനത്തിൻെറ ഏററവും വലിയ ദോഷം യുക്തി കൊണ്ടു സ്ഥാപിക്കുന്ന ഒന്നിനെ മററൊരു യുക്തി കൊണ്ടു ബാധിക്കാനാവുമെന്നതാണ്. രത്നത്തിൻെറ വില നിശ്ച യിക്കാൻ കേവലമായ അനുമാനം മതിയാവില്ല. അഭ്യാസവും വേണം. അതുകൊണ്ട് അഭ്യാസത്തെ ഒരു പ്രത്യേക പ്രമാണ മായി അംഗീകരിക്കണം. പിതൃക്കളുടെയും രാക്ഷസന്മാരു ടേയും മററും സിദ്ധികഠം പ്രത്യക്ഷത്തിനും അനുമാനത്തിനും അതീതമായതുകൊണ്ട് അദൃഷ്ടം കൂടി പ്രമാണമായി അംഗീ കരിച്ചേ മതിയാവൂ. ഇങ്ങനെ വാക്യപദീയമനുസരിച്ച പ്രത്യ ക്ഷം, അനുമാനം, ആഗമം, അഭ്യാസം, അദൃഷ്ടം എന്നു അഞ്ചു പ്രമാണങ്ങഠം ആവാം.[9] അവയിൽ പ്രത്യക്ഷം ലൗകികമെ ന്നും അലൗകികമെന്നും രണ്ടുതരം. ലൗകികപ്രത്യക്ഷം സാധാ രണ രീതിയിൽ ഇന്ദ്രിയാർത്ഥസന്നികർഷം നിമിത്തം ഉണ്ടാ കുന്നതാണ്. എന്നാൽ ഋഷിമാർക്കു് ഇന്ദ്രിയാപേക്ഷമല്ലാത്ത ജ്ഞാനം ഉള്ളതായി അനുഭവമുണ്ട്. അവരുടെ സംവേദനം അലൗകികപ്രത്യക്ഷം അംഗീകരിക്കാതെ വിവരിക്കാനാവില്ല.

ആവിർഭൂതപ്രകാശാനാ
മനുപപ്ലവചേതസാം
അതീതാനാഗതജ്ഞാനം
പ്രത്യക്ഷാന്ന വിശിഷ്യതേ. I, 37

ജഗത്സൃഷ്ടി

ജഗത്തിനെ ശബ്ദത്തിൻെറ വിവർത്തമായും പരണാമ മായും ഭർതൃഹരി വിവരിക്കുന്നു.[10] വിവർതവും പരിണാമവും

9. വൈയാകരണന്മാർ പ്രത്യക്ഷം, അനുമാനം, ശബ്ദം എന്നു മൂന്നു പ്രമാണങ്ങഠം മാത്രമാണ് അംഗീകരിക്കുക.

10. ശബ്ദസ്യ പരിണാമോƒയം;
ഏതദ് വിശ്വം വ്യവർതത. I. 120

രണ്ടാണെങ്കിലും ഇവിടെ ഗ്രന്ഥകാരൻ പര്യായമായി കരുതുന്ന ണ്ടാകണം. അല്ലെങ്കിൽ ജഗത്തു സ്ഫോടത്തിന്റെ വിവർത്തവും വൈഖരി പരിണാമവുമാണെന്നു വ്യാഖ്യാനിക്കാം.[11]

സൃഷ്ടിയുടെ പ്രാരംഭത്തിൽ പശ്യന്തി എന്ന ശബ്ദതത്വം അപരിമിതമായ ശക്തിയോടുകൂടിയ സ്വന്തം മായയുടെ സഹായത്തോടെ നാമരൂപാത്മകമായ ജഗത്തിനെ ബുദ്ധിസ്ഥമാക്കി തന്റെ തന്നെ സ്വാതന്ത്ര്യശക്തിയായ കാലശക്തിയോടൊത്തു ചേർന്ന് ആകാശാദികളും പിന്നീടു ഭൂതദ്രവ്യങ്ങളും സൃഷ്ടിച്ചു.

വാക്യവിചാരം

അഖണ്ഡമെന്നും സഖണ്ഡമെന്നും വാക്യം രണ്ടു പ്രകാരമുണ്ട്. അവയ്ക്കു വീണ്ടും പല ഭേദങ്ങളും പറയുന്നു. വാക്യാർത്ഥം ചർച്ച ചെയ്യുമ്പോൾ മൂന്നു ചിന്താഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. അവയിൽ അഭിഹിതാന്വയവാദവും അന്വിതാഭിധാനവാദവും തള്ളിയിട്ടു ഭർതൃഹരി പ്രതിഭാവാദം സ്വീകരിക്കുന്നു. പ്രതിഭയാണു വാക്യാർത്ഥം. പ്രത്യാത്മനിയതമായ പ്രതിഭ തക്ക സമയത്തു സ്ഫുരിച്ചുകൊള്ളും. വസന്തകാലത്തു കുയിലിന്റെ കണ്ഠത്തിനു മധുരഗുണം വരുന്നതുപോലെയും പക്ഷികൾക്കു കൂടുണ്ടാക്കാനുള്ള ജ്ഞാനോദയമുണ്ടാകുന്നതു പോലെയും അതു സ്വയം സിദ്ധമാണ്.

സ്ഫോടസിദ്ധാന്തത്തിന്റെ വളർച്ച

സ്ഫോടായനൻ എന്ന ആചാര്യനെ സ്ഫോടതത്വത്തിന്റെ ഉപജ്ഞാതാവായി പറഞ്ഞുവരുന്നു. പാണിനിയുടെ അഷ്ടാധ്യായിയിലെ ഒരു സൂത്രമാണ് ഇതിനു് ആധാരം.[12] സ്ഫോടായനന്റേതായി സ്ഫോടം സംബന്ധിച്ച എന്തെങ്കിലും പരാമർശം ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ നാഗേശൻ സ്ഫോടവാദമെന്ന സ്വഗ്രന്ഥത്തിൽ സ്ഫോടായനമഹർഷി

11 അദ്വൈതികളെപ്പോലെ ജഗത്ത് മിഥ്യയാണെന്നു വൈയാകരണന്മാർ വിവർത്തശബ്ദത്തിലൂടെ ഉദ്ദേശിക്കുന്നില്ല.

12. ''അവങ് സ്ഫോടായനസ്യ'' VI. 1. 123

യുടെ സിദ്ധാന്തം പരിഷ്കരിച്ച് അവതരിപ്പിക്കയാണെന്നു പറഞ്ഞിട്ടുണ്ട്.[13] കാത്യായനനും പതഞ്ജലിയും സ്ഫോട സിദ്ധാന്തം ഉൾക്കൊള്ളുകയും സ്വാഭിപ്രായം ആനുഷംഗികമായി പ്രകാശിപ്പിക്കയും ചെയ്തു കാണുന്നു.[14] ഭർത്തൃഹരി വാക്യപദീയത്തിൽ സ്ഫോടതത്ത്വം മുഖ്യവിഷയമാക്കി. മണ്ഡനമിശ്രൻ, നാഗേശഭട്ടൻ തുടങ്ങിയവർ പ്രസ്തുത തത്ത്വം യുക്തിയുടെ ഉരകല്ലിൽ ഉരച്ചു മാററുകൂട്ടി.

സ്ഫോടസ്വഭാവം

ഒരു പദത്തിലെ ഉത്തരോത്തരവർണങ്ങൾ ഉച്ചരിക്കുമ്പോൾ പൂർവപൂർവവർണങ്ങൾ നഷ്ടമാകുന്നു. അതുകൊണ്ടു സ്ഫോടമെന്ന ശബ്ദതത്ത്വം അർത്ഥം ജനിപ്പിക്കുന്നതായി വൈയാകരണന്മാർ സിദ്ധാന്തിക്കുകയാണ്. വർണങ്ങൾ അനുക്രമമായി ഉച്ചരിക്കുന്നതുകൊണ്ടു സ്ഫോടത്തിൻെറ പ്രതീതിയിൽ നിശ്ചിതമായ ക്രമം കാണാൻ കഴിയും. എന്നാൽ സിദ്ധാന്തപക്ഷത്തിൽ ഇതു് അംഗീകരിക്കാവുന്നതല്ല. മയിൽ മുട്ടയുടെ സ്വഭാവം ഇവിടെ ഉദാഹരിക്കുന്നു. രസരൂപത്തിൽ നിലകൊള്ളുന്ന മുട്ടയുടെ കരുക്കളിൽ മയിലിൻെറ അംഗങ്ങളുടെ വൈചിത്ര്യം കാണാൻ കഴിയുകയില്ല. എന്നാൽ വികാസം പ്രാപിക്കുന്നതു ക്രമത്തോടുകൂടിയാണ്. ഇതുതന്നെ സ്ഫോടത്തിൻെറ സ്വഭാവവും. അതിൽ ക്രമമില്ല. വർണം, പദം, വർണാവയവം പദാവയവം, ജാതി, വ്യക്തി തുടങ്ങിയ പ്രതീതികൾ ഭ്രമം മാത്രം.

13. വൈയാകരണനാഗേശഃ
സ്ഫോടായനല്ലഷേർമതം
പരിഷ്കൃത്യോക്തവാംസ്തേന
പ്രീയതാം ജഗദീശ്വരഃ
അഡയാർ ലൈബ്രറി സീരീസ് നംബർ 55, പുറം 102

14. യേനോച്ചാരിതേന സാസ്നാലാംഗൂലകകുദഖുരവിഷാണിനാം സംപ്രത്യയോ ഭവതി; അക്ഷരം ന ക്ഷരം വിദ്യാത്. മഹാഭാഷ്യം, പസ്പശാഹ്നികം.

സ്ഫോടസിദ്ധാന്തത്തിന്റെ വികസിതരൂപം

ഗ്, ഔ, വിസർഗം എന്നിങ്ങനെ മൂന്നു വർണങ്ങൾ ആണു 'ഗൗഃ' എന്നു് ഉച്ചരിക്കുമ്പോൾ കേൾക്കുക. വൈയാകരണന്മാർക്കു ശബ്ദമെന്നതു വർണങ്ങളുടെ സംഘാതമല്ല. അതിനും അപ്പുറമുള്ള ഒരു തത്ത്വമാണു്. അതു നിത്യവും അഖണ്ഡവും വ്യക്തിനിഷ്ഠവുമാണു്. ഉച്ചരിച്ചു കേൾക്കുമ്പോൾ വ്യക്തിഗതമായ സ്ഫോടം അഭിവ്യക്തമാകും. ആ അഭിവ്യക്തിയിലൂടെ അർത്ഥബോധം ഉണ്ടാകുന്നു. ഉച്ചരിക്കപ്പെടുന്ന ശബ്ദമാണു് അഭിവ്യക്തിക്കു കാരണം. ഇങ്ങനെ ആലോചിക്കുമ്പോൾ ശബ്ദം വ്യഞ്ജകവും സ്ഫോടം വ്യംഗ്യവുമാണെന്നു സിദ്ധിക്കും. അർത്ഥത്തെ സ്ഫോടം വഹിച്ചു തരുന്നു. ധ്വനിക്കും സ്ഫോടത്തിനും തമ്മിൽ വ്യംഗ്യവ്യഞ്ജകഭാവമാണു്. ഉള്ളതു്. സ്ഫോടത്തിനും അർത്ഥത്തിനും തമ്മിലാകട്ടെ വാച്യവാചകഭാവവും.

വാക്കിലെ ഓരോ വർണവും സ്ഫോടത്തെ ഉന്മീലനം ചെയ്യുന്നു. ആദ്യത്തേതു താരതമ്യേന അധികം സ്പഷ്ടമായിരിക്കയില്ല. അടുത്തതു് അല്പം കൂടി സ്പഷ്ടമായിരിക്കും. തുടർന്നു വരുന്നവ കൂടുതൽ കൂടുതൽ സ്പഷ്ടത ഉൾക്കൊള്ളും. അവസാനത്തെ വർണത്തിൽ എത്തുമ്പോൾ മുമ്പു് ഉച്ചരിച്ചു കേട്ടതും അവ്യക്തമായും വ്യക്തമായും വ്യക്തതരമായും മററും ഉന്മീലനം ചെയ്യപ്പെട്ടതും ആയ സ്ഫോടം പൂർണമാത്രയിൽ സുവ്യക്തമായി ഭവിക്കുന്നു.

ഈ അനുഭവം ഉദാഹരണത്തിന്റെ സഹായത്തോടെ ഇങ്ങനെ വിവരിക്കാം. രത്നവ്യാപാരി രത്നം പരിശോധിക്കുന്നെന്നു കരുതുക. അയാൾ ഏറെ നേരം രത്നത്തെ സൂക്ഷിച്ചു നോക്കും. ആ സമയമത്രയും അയാളുടെ മനസ്സിൽ ജ്ഞാനലവങ്ങളുടെ പരമ്പര സഞ്ജാതമായിക്കൊണ്ടിരിക്കും. അതിൽ ഓരോന്നിലും ആ രത്നം ഉത്തമമാണെന്ന അറിവു് ഉണ്ടാകുന്നെന്നു വിചാരിക്കുക. എന്നാൽ ആദ്യനിമിഷം ഉണ്ടായ അറിവിനെക്കാൾ പ്രബലമായിരിക്കും അടുത്ത നിമിഷത്തിലെ അറിവു്. അറിവിന്റെ സാമാന്യസ്വഭാവം ആ നിമിഷങ്ങളിൽ ഒന്നാണെങ്കിലും അതു സൃഷ്ടിക്കുന്ന അനുഭവം ഉത്തരോത്തരം ബലം കൂടിയതായിരിക്കും. ഏററവും ഒടുവിലായി

ഉണ്ടാകുന്ന അറിവു ജനിപ്പിക്കുന്ന സംസ്കാരം പൂർവപൂർ നിമിഷങ്ങളിലെ സംസ്കാരങ്ങളുമായി ചേർന്നു രത്നം ഉത്ത മമാണെന്നു പൂർണമായും സുവ്യക്തമായും ബോധിപ്പിക്കുന്നു. ഇതുപോലെയാണ് പദാന്തമായ വർണം പദസ്ഫോടത്തെ സമ്പൂർണമായി പ്രകാശിപ്പിക്കുക.[15] മററൊരു വിശദീകരണം കാവ്യം മനഃപാഠമാക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ തവണ കാവ്യം വായിക്കുമ്പോഴും കൂടുതൽ കൂടുതൽ സ്പഷ്ടമായ സംസ്കാരം അത് അനുവാചകനിൽ ഉളവാക്കും. ആ സംസ്കാ രങ്ങളുടെ ആകെത്തുകയും പ്രസ്തുത ശ്രമത്തിൻെറ അവസാന ത്തെ വായന ജനിപ്പിക്കുന്ന സംസ്കാരവും കൂടിച്ചേർന്നാണു കാവ്യം പൂർണമായും സ്പഷ്ടമായും മനസ്സിൽ നിന്നു ചൊ ല്ലിക്കേൾപ്പിക്കാനുള്ള കഴിവുണ്ടാക്കുക.[16]

അനുക്രമമായി തെളിഞ്ഞു നിശ്ചിതപദം സംബന്ധിച്ച സ്ഫോടത്തിൻെറ സമ്പൂർണമായ ഗ്രഹണം സംഭവിക്കുന്ന അനു ഭവം ശേഷകൃഷ്ണൻ ഇങ്ങനെയാണു വിവരിക്കുക: ''കമലപദം ഉച്ചരിക്കാനായി 'ക' എന്നു തുടങ്ങുമ്പോൾ ശ്രോതാവു കകാരം മാത്രമല്ല മനസ്സിലാക്കുക. മററെന്തോ മനസ്സിലാക്കാനുണ്ടെന്ന ബോധംകൂടി അയാളിൽ ഉളവാകുന്നുണ്ട്. എന്നല്ല, ഉച്ചരിക്കാൻ പോകുന്ന വാക്ക് കകാരംകൊണ്ടു തുടങ്ങുന്നതാണെന്നും മററൊന്നു കൊണ്ടല്ലെന്നും അയാൾക്ക് ഉറപ്പാകുമല്ലോ. എന്നാൽ കകാരം കൊണ്ടു തുടങ്ങുന്ന ധാരാളം പദങ്ങളുള്ളതിൽ വക്താവ് ഏതു തന്നെയാണ് ഉച്ചരിക്കാൻ പോകുന്നതെന്നു വ്യക്തമല്ല. അടുത്ത

15. യഥാ രത്നപരീക്ഷിണഃ പരീക്ഷമാണസ്യ പ്രഥമസമധിഗമാനു പാഖ്യാതമനുപാഖ്യേയരൂപ പ്രത്യയോപാഹിതസംസ്കാരരൂപാ ഹിത– വിശേഷായാംബുദ്ധൗ ക്രമേണചരമേ ചേതസിചകാസ്തി രത്നതത്ത്വം. മണ്ഡനമിശ്രൻ, സ്ഫോടസിദ്ധി, മദ്രാസ് പുറം 129--131

16. യഥാനുവാകഃ ശ്ലോകോ വാ
സോഢത്വമുപഗച്ഛതി
ആവൃത്ത്യാ ന തു സ ഗ്രന്ഥഃ
പ്രത്യാവൃത്തി നിരൂപ്യതേ. വാക്യപദീയം, I 82

അക്ഷരമായ മ കാരം ഉച്ചരിക്കുമ്പോൾ കകാരം കൊണ്ടു തുടങ്ങുന്ന പദങ്ങളുടെ വിസ്തൃതമായ സീമ 'കമ' എന്നു തുടങ്ങുന്ന പദങ്ങളുടെ സംഖ്യയിലേയ്ക്കു ചുരുങ്ങുന്നു. അനന്തരം ല കാരംകൂടി ഉച്ചരിക്കുമ്പോൾ സന്ദേഹത്തിന് ഇട നല്കാത്ത വിധം സുസ്പഷ്ടമായ പദാർത്ഥജ്ഞാനം ഉണ്ടാകുകയാണ്.'' [17]

വർണങ്ങളുടെ ക്രമം അർത്ഥത്തിനും ക്രമം നല്കുന്നു. നദീശബ്ദം ഉച്ചരിക്കുമ്പോഴും ദീനശബ്ദം ഉച്ചരിക്കുമ്പോഴും വർണങ്ങളുടെ ക്രമം ഭിന്നമാണ്. വക്താവിന്റെ ലക്ഷ്യവും പ്രയത്നവുമാണു വർണങ്ങളുടെ ക്രമത്തിനും ഭേദത്തിനും കാരണം. നദീശബ്ദവും ദീനശബ്ദവും ഒരേ ഉദ്ദേശ്യത്തോടെ ഉച്ചരിക്കുകയില്ലെന്നു തീർച്ച. ദീനശബ്ദത്തിലെ നകാരം നദീശബ്ദത്തിലെ നകാരത്തിൽ നിന്നു ഭിന്നമാണെന്നു പ്രയത്നഭേദം വച്ചു പറഞ്ഞേ മതിയാവൂ. ദീനശബ്ദം ഉച്ചരിക്കുന്ന പ്രയത്നമല്ലല്ലോ നദീശബ്ദം ഉച്ചരിക്കാൻ വേണ്ടതു്. [18]

ഓരോ വർണത്തോടും ചേർത്തു് ഓരോ സംസ്കാരം സ്വീകരിക്കേണ്ട എന്നതാണ് ഈ വിശദീകരണത്തിന്റെ മേന്മ. മീമാംസകരുടെ മതമനുസരിച്ച്, അന്ത്യവർണം ഉച്ചരിക്കുമ്പോൾ സംസ്കാരങ്ങളുടെ ആകെത്തുകയായി പദാർത്ഥജ്ഞാനം ഉണ്ടാകയാണ്; പദബോധം ഉണ്ടാകയല്ല. ഓരോ വർണവും കേൾക്കുമ്പോൾ അതതു വർണത്തിന്റെ ജ്ഞാനത്തിൽ നിന്നും ഭിന്നമായി അർത്ഥബോധം ജനിപ്പിക്കാൻ പര്യാപ്തമായ മറ്റൊന്നു സംസ്കാരമാണ് സംജാതമാകുകയെന്ന ചോദ്യത്തിനു മറുപടി പറയാൻ മീമാംസകർക്കു വിഷമമാകുമെന്നു വൈയാകരണന്മാർ ചിന്തിക്കുന്നു. അവരുടെ യുക്തിയനുസരിച്ചു വർണങ്ങൾ ഉച്ചരിക്കുമ്പോഴുണ്ടാകുന്ന അസ്പഷ്ടജ്ഞാനം സ്ഫോട

17. തഥാഹി കമലമിത്യുക്തേ കകാരമകാരാനുഭവേഽപി കിം കമലീയഃ സ്ഫോടഃ, കമനീയോ വേതി സന്ദേഹോ നാവഗച്ഛതി താവദ് യാവന്ന ചരമോ ലോ നോ വാനുഭൂയതേ. തസ്മാദീഷത്വം സന്ദിഗ്ദ്ധത്വം നിശ്ചിതത്വമേവ സ്ഫുടതരം.

സ്ഫോടതത്ത്വനിരൂപണം, പുറം 10

18. പ്രയത്നഭേദതോ ഭിന്നാ
ധ്വനയോഽസ്യ പ്രകാശകാഃ
പ്രത്യേകമനുപാഖ്യേയ-
ജ്ഞാനതദ്ഭാവനാ ക്രമാത്.
മണ്ഡനമിശ്രൻ, സ്ഫോടസിദ്ധി, V 18

വുമായി ബന്ധപ്പെട്ടിരിക്കയാണ്. ആ സ്ഫോടമാണ് അന്ത്യവർണത്തിൻെറ ഉച്ചാരണത്തോടെ സമ്പൂർണമായ അർത്ഥബോധം ജനിപ്പിക്കുന്നതു്.

വർണങ്ങൾ അനുക്രമമായി ഉച്ചരിക്കുമ്പോൾ ഉന്മീലിതമായിക്കൊണ്ടിരിക്കുന്നതു വർണരൂപമായ സ്ഫോടമാണെന്നു മനസ്സിലാക്കണം. വർണരൂപമായ ഒരു ജ്ഞാനമല്ല വർണം ഉച്ചരിക്കുമ്പോൾ ഉണ്ടാകുന്നതെങ്കിൽ അതു തെററായ ജ്ഞാനമാകാനേ വഴിയുള്ളൂ. വർണം ഉച്ചരിക്കുമ്പോൾ സ്ഫോടം തന്നെയാണ് അറിവിൽ ഭാസിക്കുക. എന്നാൽ അതു വർണാത്മകമായിരിക്കും. അന്ത്യവർണം ശ്രവിക്കുമ്പോൾ വർണാത്മകമായ സ്ഫോടോന്മീലനം അന്ത്യഘട്ടത്തിലെത്തുക നിമിത്തം പദാർത്ഥത്തിൻെറ സുസ്പഷ്ടമായ ബോധം ഉണ്ടാകുന്നു.

അനുക്രമമായി സമ്പൂർണജ്ഞാനത്തിലേയ്ക്കു നയിക്കുന്ന ഈ അനുഭവം ഉദാഹരണം കൊണ്ടു സ്പഷ്ടമാക്കാവുന്നതാണ്. ദൂരെ നിന്നു് ഒരു മരം കാണുന്നെന്നു വിചാരിക്കുക. ആദ്യം അതു മരമെന്നുതന്നെ അറിയണമെന്നില്ല. കുന്നായിട്ടോ ആന ആയിട്ടോ തോന്നാം. ഇവിടെ അറിവും വസ്തുവും ഭിന്നമായിരിക്കുമ്പോൾ തെററായ ജ്ഞാനമാകും. എന്നാൽ ക്രമേണ അതു മാറി വാസ്തവികമായ മരത്തിൻെറ ജ്ഞാനം ജനിക്കുന്നു. മിഥ്യാജ്ഞാനത്തിൻെറ ഒരു പരമ്പരയ്ക്കു ശേഷം ഇവിടെ യഥാതഥമായ ജ്ഞാനം ഉണ്ടാകയാണെന്നു് അറിയണം. ഉന്മീലിതമായിക്കൊണ്ടിരിക്കുന്ന സ്ഫോടത്തിൻെറ അവസ്ഥയും ഇതു തന്നെ. അന്ത്യവർണം കേൾക്കുന്നതിനു മുമ്പു മററു് ആശയങ്ങളുടെ ബോധം തെളിഞ്ഞു തെളിഞ്ഞു വന്നാലും അന്ത്യവർണശ്രവണത്തോടെ മാത്രമേ അതൊക്കെ വിരമിക്കുന്ന രീതിയിൽ സ്ഫോടം പ്രകാശിച്ച് അസന്ദിഗ്ദ്ധമായ അർത്ഥബോധം ഉളവാകൂ.[19]

19. യഥൈവ ദർശനൈഃ പൂർവൈർ
ദൂരാത് സന്തമസേഽപി വാ
അന്യഥാകൃത്യ വിഷയ-
മന്യഥൈവാധ്യവസ്യതി.
വ്യജ്യമാനേ തഥാ വാക്യേ
വാക്യാഭിവ്യക്തിഹേതുഭിഃ
ഭാഗാവഗാഹരൂപേണ
പൂർവം ബുദ്ധിഃ പ്രവർതതേ. വാക്യപദീയം I. 89–90

വർണങ്ങളായി പ്രത്യക്ഷപ്പെടുന്നതു സ്ഫോടം തന്നെ. എന്നാൽ സ്ഫോടം അവയവങ്ങളോടു കൂടിയതു് അല്ല. ആ നിലയ്ക്കു ഭാഗികമായി വർണങ്ങളുടെ രൂപത്തിൽ സ്ഫോടഗ്രഹണം സംഭവിക്കുന്നു എന്ന ചിന്ത ഇവിടെ സംഗതമാണു്. ഭിന്നഭിന്നങ്ങളായ വർണങ്ങളും പദങ്ങളും വാക്യങ്ങളും വക്താവു് ഉച്ചരിക്കുന്നു. ആ സമയത്തു ശരീരത്തിനു് ഉള്ളിലുള്ള വായു ഉച്ചാരണസ്ഥാനങ്ങളിൽ നിയന്ത്രിതമായ തരംഗരൂപത്തിൽ ബഹിർഗമിക്കയാണു്. അതോടെ വർണങ്ങളും പദങ്ങളും വാക്യങ്ങളും ഉണ്ടാവുന്നു. വ്യത്യസ്തങ്ങളായ പദങ്ങളായി പരിണമിക്കുമ്പോൾ പ്രയത്നഭേദം നിമിത്തം വർണങ്ങൾ ഭിന്നമായി അനുഭവപ്പെടും. സ്ഫോടം അവയവരഹിതമാണെങ്കിലും സാവയവമായി തോന്നാൻ ഈ പ്രയത്നഭേദം തന്നെയാണു് കാരണം.

അനുക്രമമായി ഉച്ചരിക്കുന്ന വർണങ്ങളിൽ നിന്നു ഉത്തരോത്തരം സ്പഷ്ടമാകുന്ന സ്ഫോടം സമ്പൂർണമായി ഉന്മീലിതമായി അർത്ഥബോധം ഉണ്ടാക്കുമ്പോൾ അതിനെ പദസ്ഫോടം എന്നു വിളിക്കാം. പദസ്ഫോടം പ്രത്യക്ഷസിദ്ധമാണു്. പല നിറവും വിശേഷങ്ങളുമുള്ള ചിത്രം കാണുമ്പോൾ അതു് ഒററച്ചിത്രമാണെന്നും പ്രത്യക്ഷത്തിൽ അനുഭവിക്കയാണെന്നും സ്പഷ്ടമാണല്ലോ.

പദം വർണങ്ങളുടെ ആകെത്തുകയ്ക്കും അപ്പുറത്തുള്ള ഒരു സത്തയാകുന്നതു പോലെ പദങ്ങൾക്കു് ഉപരിയായി വാക്യത്തിൽ നിന്നു അർത്ഥബോധം ഉണ്ടാക്കുന്ന ഒരു തത്ത്വം കൂടി ഉണ്ടു്. അതാണു വാക്യസ്ഫോടം. ത്വരിതമായ സംഭാഷണത്തിൽ പദങ്ങൾക്കു കുറേയൊക്കെ നാശം സംഭവിച്ചാലും അർത്ഥം മനസ്സിലാക്കാൻ ഈ തത്ത്വമാണു സഹായിക്കുക. ഇനിയും ഇത്തരത്തിലുള്ള ഉപരിചിന്ത ആവാം. പദങ്ങൾക്കു വാസ്തവികമായ നിലനില്പില്ലാത്തതു കൊണ്ടു് അംഗീകരിക്കുന്ന വാക്യത്തിന് ഖണ്ഡികയില്ലെങ്കിൽ എന്തു വ്യക്തിത്വമാണുള്ളതു്. ഖണ്ഡികയാണു് അവിദ്യാവിലാസംകൊണ്ടു വാക്യമായും പദമായും വർണങ്ങളായും അനുഭവപ്പെടുക. ഖണ്ഡികയും ആത്യന്തികമായ തത്ത്വമല്ല. അതു് അദ്ധ്യായത്തിൻെറ അവാസ്തവികമായ വിഭജനം മാത്രമാണു്. വാസ്തവത്തിൽ അവിഭക്തവും ജ്ഞാന

രൂപവും ആയ ആത്മാവല്ലേ രചനയായി ചമയുക? അന്തരാത്മാവ് ജ്ഞാനരൂപമായ സവിശേഷതയ്ക്കും ഉപരി മററു പലതും ഉൾക്കൊള്ളുന്നുണ്ട്. അതുകൂടി പരിഗണിക്കുമ്പോൾ ഈ അന്തരാത്മാവു തന്നെ കേന്ദ്രീയവും ശാശ്വതവും അഖണ്ഡവുമായ ഒരു പരമതത്ത്വത്തിൻെറ വിവർത്തമാണെന്ന നിഗമനത്തിൽ എത്താം. വേദാന്തികൾ ഇതിനെ ബ്രഹ്മമെന്നു വിളിക്കുന്നു. വൈയാകരണന്മാർ സ്ഫോടമെന്നും. സൂക്ഷ്മമായ ശബ്ദം തന്നെയാണു സ്ഫോടം. അതുകൊണ്ടു ശബ്ദബ്രഹ്മമെന്നാണ് ഇതു് അറിയപ്പെടുക. എല്ലാ പരിണതികളും ഇതിൽ നിന്നു് ഉണ്ടാകുന്നു. ഇതിന് ആദിയുമില്ല. അന്തവുമില്ല.

അവലോകനം

സംസ്കൃതഭാഷയ്ക്കു പല വ്യാകരണശാഖകളുണ്ടായിരുന്നെങ്കിലും പാണിനിയുടെ വ്യാകരണമാണു ഗുണപുഷ്ടികൊണ്ടു സർവാദൃതമായിത്തീർന്നതു്. വേദങ്ങളും അവയെ ആശ്രയിച്ചുള്ള ശാസ്ത്രങ്ങളും പഠിച്ചു ജീവിതത്തിലേയ്ക്കു കടക്കാൻ വെമ്പൽ കാട്ടിയ വിദ്യാർത്ഥികൾ വിപുലമായ ശാസ്ത്രാന്തരമായി പരിണമിച്ച വ്യാകരണം പഠിക്കാൻ മടി കാട്ടി. ശാസ്ത്രത്തിനു കുറേയൊക്കെ ഹാനി വരാൻ അതു കാരണമായി. എങ്കിലും തത്പരരായ ഒരു വിഭാഗം വ്യാകരണപഠനം തുടർന്നു വന്നു. ലോകത്തിൽ മറെറാരു ഭാഷാവ്യാകരണത്തിനും അവകാശപ്പെടാനില്ലാത്ത ഒരു തത്ത്വശാസ്ത്രം ഉരുത്തിരിയാനും വികാസം പ്രാപിക്കാനും ,അതു് ഇടനല്കി. ആ വഴി സഞ്ചരിച്ച പൂർവസൂരികളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചു യുക്തിയുടെ പ്രബലമായ അടിത്തറയിൽ പ്രസ്തുത തത്ത്വശാസ്ത്രം പ്രതിഷ്ഠിക്കാൻ വാക്യപദീയത്തിലൂടെ ഭർതൃഹരിക്കു കഴിഞ്ഞു. അർത്ഥരൂപവും അവിച്ഛിന്നമായ ആത്മഭാവവുമുള്ള ബ്രഹ്മതത്ത്വം ജഗത്തിൻെറ ഉത്പത്തിക്കും വ്യവഹാരപ്രക്രിയയ്ക്കും ആധാരഭൂതമായി നില്ക്കുന്നെന്നു ലോകം പരക്കെ അറിഞ്ഞതു് അപ്പോഴാണു്. പ്രത്യക്ഷം, അനുമാനം, ആഗമം, അഭ്യാസം, അദൃഷ്ടം എന്നീ അഞ്ചു പ്രമാണങ്ങൾ സ്വീകരിച്ചു സ്ഥാപിച്ച ശബ്ദതത്ത്വം പ്രപഞ്ചസൃഷ്ടിക്ക് എങ്ങനെ കാരണമാകുന്നെന്നു ഭർതൃഹരി വിശദമായി ചിന്തി

ക്കുന്നുണ്ട്. വർണം, പദം, വാക്യം എന്നിവയെക്കുറിച്ചു മൗലികമായി ചിന്തിച്ച് അവതരിപ്പിച്ച ശബ്ദതത്ത്വം വൈയാകരണന്മാരുടെ അനന്തരപരമ്പരയെ അത്യധികം ആകർഷിച്ചു. അവർ അതിന്റെ സൂക്ഷ്മാംശങ്ങളിലേക്കു കടന്നു് ആ ചിന്താപദ്ധതിക്കു പുതിയ മാനവും പ്രതിഷ്ഠയും നല്കി.[20]

20 രാമഗോവിന്ദശുക്ല വാക്യപദീയത്തിനു രചിച്ച ഭൂമികയും (വാരണസി 1961) കെ. എ. സുബ്രഹ്മണ്യ അയ്യരുടെ സ്ഫോടസിദ്ധാന്തമെന്ന ലേഖനവും (ജേണൽ ഓഫ് ഗംഗാനാഥഝാ ഇൻസ്റ്റിറ്റ്യൂട്ട് വാല്യം V. 1948) ഇതിനു് അവലംബമായിട്ടുണ്ട്.

ഭാഷാപഠനം പാശ്ചാത്യനാടുകളിൽ

ഡോ. എൻ. എൻ. മൂസ്സത്

ഈ ശതാബ്ദത്തിൻെറ ആദ്യദശകങ്ങളിൽ പോലും ഭാഷയെ സ്ഥിരവും അവ്യയവുമായ ഒരു പ്രതിഭാസമായി കാണുന്ന പ്രവണതയുണ്ടായിരുന്നു. വ്യാകരണത്തിനു് അപ്രമാദിത്വം കല്പിച്ചു കൊടുക്കുവാനും അതിലെ നിയമങ്ങളെ അലംഘനീയങ്ങളായി കണക്കാക്കാനുമുള്ള പ്രേരണയാണു് പണ്ടുണ്ടായിരുന്നതു്. അനുശാസനങ്ങളുടെ രൂപത്തിലാണു്, അപഗ്രഥനത്തിൻെറ രീതിയിലല്ല – വിധിയുടെ മട്ടിലാണു്, വിവരണത്തിൻെറ മാതൃകയിലല്ല – ഭാഷാധ്യാപനം പണ്ടൊക്കെ നടന്നു പോന്നതു്. വ്യാകരണ സമ്മതിയുള്ളതൊക്കെ ശരി, അല്ലാത്തതൊക്കെ തെററു് എന്ന വിധത്തിൽ. ഇതിനു പുറമേ, ഭാഷകളെ പദവികളുടെ അടിസ്ഥാനത്തിലുള്ള ശ്രേണികളിൽ നിബന്ധിക്കാനുള്ള ശ്രമവും നടന്നു പോന്നു. യൂറോപ്യൻ ഭാഷകൾ മാത്രമായിരുന്നു അന്നൊക്കെ യഥാർത്ഥത്തിൽ ശ്രദ്ധേയമായ ഭാഷകൾ – കൂട്ടത്തിൽ അവരുടെ പൂർവ്വികരായ ഗ്രീക്കും ലത്തീനും. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഭാഷാഗവേഷണരംഗത്തുണ്ടായ വിപ്ലവകരമായ പുരോഗതി ശ്രദ്ധേയമാണു്. ഭാഷ അചഞ്ചലമായ ഒന്നല്ലെന്നും, അതു് സദാ പരിവർത്തന വിധേയമാണെന്നും വന്നതോടെ അധമ

മെന്നു കരുതിപ്പോന്ന ഉപഭാഷാരൂപങ്ങളോടും മററും പുലർത്തിപ്പോന്ന അവഗണനയ്ക്കു മാററം വന്നു. രാഷ്ട്രീയരംഗത്തു് ജനാധിപത്യം വരുത്തി വച്ച മാററത്തിനു സമാന്തരമാണു് ഭാഷയുടെ രംഗത്തുണ്ടായ ഈ മാററമെന്നു പറയാം.

ഭാഷാപഠനത്തിൻെറ രംഗത്തു് ഭാരതത്തിനു് മറേറതു ദേശത്തേക്കാളും സമ്പന്നവും പ്രാചീനവുമായ പാരമ്പര്യം അവകാശപ്പെടാനുണ്ടു്. പാണിനി മഹർഷിയോടൊപ്പം കാത്യായനനും പതഞ്ജലിയും ഉൾപ്പെടുന്ന മധ്യഘട്ടവും പ്രാക്പാണിനീയവും പശ്ചാത്കാലീനവുമായ രണ്ടു ഘട്ടങ്ങളും ഉൾപ്പെടുന്നതാണു് നമ്മുടെ വ്യാകരണശാഖയുടെ വികാസഗതി.

പ്രാചീനയവനരും ഭാഷയുടെ ഉത്പത്തി, വികാസചരിത്രം, ഘടന എന്നിവയെക്കുറിച്ചുള്ള അന്വേഷണത്തിൽ ഉത്സുകരായിരുന്നു. പാശ്ചാത്യരുടെ പരമ്പരാഗത ഭാഷാചിന്തകൾക്കെല്ലാം തന്നെ അവരോടു കടപ്പാടുണ്ടു്. തങ്ങളുടെ ഭാഷയെ മാത്രം അപഗ്രഥന വിധേയമാക്കുകയും അതാണു് സാർവ്വത്രികമായ മാതൃകയെന്നു് വിശ്വസിക്കുകയും ചെയ്തതാണു് അവർക്കു പററിയ മുഖ്യമായ തെററു്. ഡയോണിഷ്യസ് ത്രാക്സ് (ബി. സി. രണ്ടാം ശതകം) അപ്പോളോണിയസ് ഡൈസ്കോളസ് (എ. ഡി. രണ്ടാം ശതകം) എന്നിവരുടെ വ്യാകരണഗ്രന്ഥങ്ങളിൽ ഈ മാതൃകയിലുള്ള സമീപനങ്ങൾ കാണാം. ഭാരതീയർ വേദങ്ങളുടെ വ്യാഖ്യാനം ലക്ഷ്യമാക്കിക്കൊണ്ടു് ഭാഷാപഠനം ആരംഭിച്ചതുപോലെ പ്രാചീനയവനർക്കു തങ്ങളുടെ ഇതിഹാസങ്ങളായ ഹോമറിൻെറ കൃതികളുടെ വ്യാഖ്യാനമായിരുന്നു ലക്ഷ്യം. വിശുദ്ധഗ്രന്ഥങ്ങളായി കണക്കാക്കപ്പെട്ടുപോരുന്ന ഇലിയഡും ഒഡിസിയും നമ്മുടെ വൈദിക സംസ്കൃതത്തെപ്പോലെ, വളരെ പഴക്കം ചെന്നതും അന്യഥാ അജ്ഞാതവുമായ ഒരു തരം ഗ്രീക്കിലാണ് രചിക്കപ്പെട്ടിട്ടുള്ളതു്. ഈ ഗ്രന്ഥങ്ങൾ മനസ്സിലാക്കാനും ശുദ്ധ പാഠമായി പകർത്തി സൂക്ഷിക്കാനും ഈ ഭാഷയുടെ അപഗ്രഥനവും പഠനവും ആവശ്യമായിരുന്നു. അരിസ്റ്റാർക്കസ് (ബി. സി 216–144) ആയിരുന്നു ഈ രംഗത്തെ ഒരതികായൻ. ഗ്രീസിൽ നിന്നു് നമുക്കു ലഭിക്കുന്ന ഏററവും പഴക്കമുള്ള രേഖ പ്ലേറേറായുടെ (ബി. സി. 425-348) 'ഡയലോഗ്' ആണു് (cratylus). ഭാഷ സ്വാഭാവിക

മായി രൂപപ്പെട്ടുവെന്ന സിദ്ധാന്തമാണ് ഇതിൽ പ്ലേറേറാ അവതരിപ്പിക്കുന്നത്. ഭാഷ എന്നതുകൊണ്ടു പദങ്ങളെയാണ് പ്ലേറേറാ മുഖ്യമായും ലക്ഷ്യമാക്കുന്നത്. ഒരു വസ്തുവിനും അതിൻെറ സംജ്ഞയ്ക്കും തമ്മിലുള്ള സത്വശാസ്ത്രപരമായി സാധുവെന്നു കരുതാവുന്ന ബന്ധത്തെപ്പററി അദ്ദേഹം പറയുന്നുണ്ട്. ആശയതലത്തിൽ പ്രകാശിക്കുന്ന ബുദ്ധിപരമായ സത്യം മാത്രമാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥ സത്യം. ഈ സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ബഹുവിചിത്രമായ നിരുക്തിയും ശബ്ദചർച്ചകളും നടത്താൻ അദ്ദേഹം തുനിഞ്ഞിട്ടുണ്ട്. പ്ലേറേറായുടെ ശിഷ്യനായ അരിസ്റ്റോട്ടിലിൻെറ വീക്ഷണം (ബി. സി. 384-322) ഇതിൽ നിന്നു് ഭിന്നമാണ്. 'ഓൺ ഇൻറർപ്രറേറഷൻ' എന്ന പ്രബന്ധത്തിൽ, ഭാഷ പരസ്പര ധാരണയുടെയും അംഗീകാരത്തിൻെറയും അടിസ്ഥാനത്തിൽ രൂപപ്പെട്ടുവെന്ന് അദ്ദേഹം വാദിക്കുന്നു. ഒരു പദം ആ രൂപത്തിലായതു്, ആകാമായിരുന്ന അസംഖ്യം രൂപങ്ങളിലൊന്നു് സ്വീകരിച്ചതു കൊണ്ടോ, കുറെയാളുകൾ ഒരു വസ്തുവിനെ ഒരു പ്രത്യേക സംജ്ഞ കൊണ്ടു് പ്രതിരൂപപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുള്ളതു കൊണ്ടോ മാത്രമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. പദങ്ങളുടെ നിരുക്തം നിർണ്ണയിക്കാൻ അദ്ദേഹം കാര്യമായ ശ്രമമൊന്നും നടത്തിയില്ല. ഭാഷ സ്വച്ഛന്ദസ്വഭാവമുള്ളതാണെന്ന ഈ വീക്ഷണമാണ് ഇന്നു ഭാഷാശാസ്ത്രജ്ഞന്മാർ പ്രായേണ സ്വീകരിച്ചു പോരുന്നതു്. യവനരുടെ ഭാഷാപഠനം തുടക്കം മുതൽ തന്നെ ഭാഷാവിഷയകമായ വസ്തുതകളോടെന്നതിനെക്കാൾ തത്ത്വചിന്തയോടു ബന്ധപ്പെട്ടാണ് വളർന്നതു്. ബി. സി. 308-ൽ ആഥൻസിൽ സീനോ രൂപം നല്കിയ 'സ്റേറായ്ക്സ്' വ്യാകരണം ക്രമപ്പെടുത്തി. ഏതാണ്ടു് ബി. സി. 300-നും 15 നും ഇടയ്ക്കുള്ള കാലമാണ് ഗ്രീസിലെ ശബ്ദശാസ്ത്ര പഠനങ്ങളുടെ സുവർണ്ണകാലമെന്നു പറയാം. ഹോമറുടെ കൃതികളിലെ ഭാഷയെ അരിസ്ററാർക്കസ്സ് പഠന വിധേയമാക്കിയപ്പോൾ അയോളോണിയസ്സ് ഡയസ്കോളസ് വാക്യഘടനയെക്കുറിച്ചും ഗ്രീക്കു ഭാഷയുടെ പ്രാദേശിക ഭേദങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ നടത്തി. വെറും നാന്നൂറുവരികളിൽ കുറവുള്ളതെങ്കിലും ഡയണീഷ്യസ്സ് ത്രാക്സ് രചിച്ച ഗ്രീക്കു ഭാഷ

യുടെ ആദ്യവ്യാകരണം പിന്നീടുണ്ടായ ഗ്രീക്കു- ലത്തീൻ വ്യാകരണങ്ങൾക്കൊക്കെ വഴിയൊരുക്കിയതെന്ന നിലയിൽ ശ്രദ്ധേയമാണ്.

അപ്പോളോണിയസ് ഡൈസ്കോളസിന്റെ പുത്രനായ ഹെരോദ്യൻ ഉൾപ്പെടെയുള്ള ചില പില്ക്കാല വൈയാകരണന്മാർ പ്രാചീന ഗ്രീക്കിന്റെ പദനിഷ്പത്തി സ്വരാഘാതം തുടങ്ങിയവയെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ സമാഹരിച്ചിട്ടുണ്ട്. ഗ്രീസിൽ എട്ടാം നൂററാണ്ടോടുകൂടി ഭാഷ ദൈവദത്തമെന്ന സങ്കല്പം മാറുകയും ശാസ്ത്രീയമായ സമീപനങ്ങൾ രൂപപ്പെടുകയും ചെയ്തു. ഗ്രീക്കുകാർ തങ്ങളുടെ ഭാഷയോടല്ലാതെ മററൊരു ഭാഷയോടും താത്പര്യം പ്രദർശിപ്പിച്ചില്ല. അലക്സാണ്ടറുടെ സൈന്യങ്ങൾ ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ചുററിയടിച്ച കാര്യം അനുസ്മരിക്കുമ്പോൾ ഇതു് വിസ്മയകരമായ ഒരു വൈപരീത്യമായി തോന്നാം.

റോമിൽ

റോമാക്കാരും ഭാഷാപഠനത്തിന്റെ കാര്യത്തിൽ യവനരെ അനുകരിക്കുകയാണ് ചെയ്തതു്. ആദ്യകാല വ്യാകരണങ്ങളെല്ലാം ഗ്രീക്കു മാതൃകയിൽ രചിക്കപ്പെട്ടവയാണ്. വാറോ (ബി. സി. 116- 27) രചിച്ചതാണ് ആദ്യത്തെ ലത്തീൻ വ്യാകരണമായ 'ഡിലിംഗ്വാ ലാററിന'. എ. ഡി. 35-നും 90-നും ഇടയ്ക്കു് ജീവിച്ചിരുന്ന ക്വിൻറിലിയൻ, എ. ഡി. നാലാം നൂററാണ്ടിന്റെ മദ്ധ്യത്തോടടുത്തു് ജീവിച്ചിരുന്ന എലിയസ് ഡൊനാററസ്സ് എന്നിവരുടേതാണ് പിന്നീടു് എടുത്തു പറയാവുന്ന വ്യാകരണ ഗ്രന്ഥങ്ങൾ. പ്രിഡിയന്റെ 'ഗ്രാമററിക്കൽ കാററിഗറീസ്സ്' ആണ് മധ്യകാലഘട്ടത്തിലെ ആധികാരികമായ ലത്തീൻ വ്യാകരണം.

പദവ്യുൽപ്പത്തിയുടെ രംഗത്തും യവനരെ കവച്ചുവയ്ക്കാൻ റോമാക്കാർക്കു കഴിഞ്ഞില്ല. ഗ്രീക്കു മാതൃകയെ അനുകരിച്ച് പദോൽപ്പത്തിയെ ഭാവനാവിലാസത്തോടെ സമീപിച്ച് സമാധാനം തേടുന്ന നയം തന്നെ അവരും സ്വീകരിച്ചു. വിരുദ്ധഗുണങ്ങൾപോലും സംജ്ഞാകരണത്തിന് കാരണമാകാമെന്നുവരെയുള്ള കാടു കയറിയ ഭാവനകൾ ഈ രംഗത്തു കാണാം.

'സുന്ദരം' എന്നർത്ഥമുള്ള bellus എന്ന പദത്തിൽ നിന്നാണത്രേ യുദ്ധമെന്നർത്ഥമുള്ള bellum ഉണ്ടായതു്–കാരണം യുദ്ധം സുന്ദരമല്ല എന്നതു തന്നെ.

മധ്യയുഗത്തിന്റെ അവസാനവും ആധുനികഘട്ടത്തിന്റെ ആദ്യവും വളരെ കുറച്ചു് നേട്ടങ്ങളേ ഭാഷാപഠനരംഗത്തുണ്ടായിട്ടുള്ളൂ. 19-ാം നൂററാണ്ടിൽ മാത്രമാണ് പിന്നീട് കാര്യമായ പുരോഗതി ഈ രംഗത്തുണ്ടാവുന്നതു്.

ക്രിസ്തുമതത്തിന്റെ പ്രചാരം ഭാഷാപഠനത്തിന്റെ മേഖലയെ വളരെയേറെ വികസിപ്പിക്കുകയും പരിപുഷ്ടമാക്കുകയും ചെയ്തു. ദ്വീപാന്തരങ്ങളിലേക്കു് സുവിശേഷവുമായി കടന്നെത്തിയ ക്രിസ്തുമതപ്രചാരകന്മാർക്കു് ബൈബിളിന്റെ നാട്ടുഭാഷാവിവർത്തനങ്ങൾ ആവശ്യമായി വന്നു. നാലാം നൂററാണ്ടു മുതലേ ബൈബിൾ വിവർത്തനങ്ങൾ ഉണ്ടായിത്തുടങ്ങി. മധ്യയുഗങ്ങളിലെ ഭാഷാചിന്തകന്മാർക്കു് പലതരം ഭാഷകളെക്കുറിച്ചുള്ള പ്രായോഗികജ്ഞാനം കൈവന്നിരുന്നുവെങ്കിലും സാർവ്വത്രികമായി അവയ്ക്കു പ്രചരിക്കാൻ ഇടവന്നതു് അച്ചടിയുടെ ആവിർഭാവത്തിനു ശേഷമാണ്. പതിനാറാം നൂററാണ്ടുവരേയും ഭാഷകളുടെ സമഗ്രമായ ഒരു സർവ്വേ സാധ്യമായിരുന്നില്ല. അന്നേയ്ക്കു് ക്ലാസിക്കൽ ഭാഷകളല്ലാതുള്ള നാട്ടുഭാഷകളുടെ വ്യാകരണങ്ങളും ശബ്ദകോശങ്ങളും ധാരാളമുണ്ടായി. അന്നത്തെ ഭാഷാപഠനങ്ങളിലധികവും കേവലം പദങ്ങളുടെ പട്ടികകളിൽ കവിഞ്ഞൊന്നും ആയിരുന്നില്ലെങ്കിലും ചരിത്രപരമായി അവയ്ക്കു കല്പിക്കേണ്ട പ്രാധാന്യം വളരെയേറെയാണ്. ഉദാഹരണത്തിന് ബൽജിയംകാരനായ ഒരു പ്രഭു തയ്യാറാക്കിയ കുറെ പദങ്ങളുടെ ഒരു പട്ടിക മാത്രമാണ്, ക്രിമിയയിൽ വ്യവഹാരത്തിലിരുന്ന രൂപത്തിലുള്ള ഗോഥിക്കിനെക്കുറിച്ചുള്ള നമ്മുടെ ആകെ അറിവ്. ഏതാണ്ട് ഇക്കാലത്തോടടുത്താണ് അറിയപ്പെട്ട ഭാഷകളെക്കുറിച്ചെല്ലാമുള്ള ഒരു സർവ്വേ നടത്താനുള്ള ശ്രമങ്ങളാരംഭിച്ചതു്. ഗെഡ്നർ (1555) മെഗിഡർ (1592) തുടങ്ങിയവരുടെ ബഹുഭാഷാ മാതൃകകൾ ഇക്കാലത്തു് പ്രസിദ്ധീകൃതങ്ങളായി. 18-ാം നൂററാണ്ടാവുമ്പോഴേയ്ക്കും ഈ ഇനത്തിൽപ്പെടുന്ന കൃതികൾ ധാരാളമുണ്ടാവുന്നുണ്ടു്. ജർമ്മൻ സഞ്ചാരിയായ എ. എസ്. പല്ലസിന്റെ "കമ്പാരററീവ് വൊക്കാബുലറി ഓഫ് ദ വേൾഡ്സ് ലാംഗ്വേജസ്" (1786-89) സ്പെയിൻകാരനായ

ജസ്യൂട്ട് ലോറൻസോ പാണ്ഡുരോയുടെ എണ്ണൂറിൽപരം ഭാഷകളെ സംബന്ധിച്ചു കൊണ്ട് ഇതേ മട്ടിലുള്ള ഒരു പഠനം (1800-85) തുടങ്ങിയവ ഇക്കൂട്ടത്തിൽപെടുന്നു. ഭാഷയുടെ പൊതുസ്വഭാവത്തെ സ്പർശിച്ചു കൊണ്ട് ഈ കാലഘട്ടത്തിലുണ്ടായ കൃതികളിൽ ഏററവും പ്രധാനം 1660-ൽ പ്രകാശിതമായ 'പോർട്ട് റോയൽ ഗ്രാമർ' ആണ്. തത്ത്വചിന്തയുടെ സ്വഭാവം കലർന്ന വ്യാകരണങ്ങളുടേയും ഭാഷാപഠനങ്ങളുടേയും പാരമ്പര്യത്തിൽ ഭാഷാപരമായ വസ്തുതകൾക്ക് യുക്തിപരമായ വിശദീകരണം നല്കാനുള്ള ശ്രമം പ്രദർശിപ്പിക്കുന്ന ഗ്രന്ഥമെന്ന നിലയിൽ ഇതു് ശ്രദ്ധേയമാണ്. പദങ്ങളെ സംബന്ധിച്ചുള്ള ആഗമികാന്വേഷണങ്ങൾ ഗ്രീക്കുകാരുടെയും റോമാക്കാരുടേയും പഠനങ്ങളേക്കാൾ വളരെയൊന്നും മെച്ചമായിരുന്നില്ല. ഹീബ്രുവാണ് മനുഷ്യന്റെ ആദ്യഭാഷ എന്ന അന്ധവിശ്വാസം ദൃഢമൂലമായിരുന്നതിനാൽ, പദങ്ങളുടെ ആഗമചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങളെല്ലാം ആ സിദ്ധാന്തത്തിന് ഉപോദ്ബലകമാകും മട്ടിൽ വസ്തുതകളെ വളച്ചൊടിച്ചു കൊണ്ടുള്ളവ ആയിരുന്നു. ശിശുക്കളെ സമൂഹത്തിൽ നിന്നകററി പാർപ്പിച്ച് ഭാഷോത്പത്തിക്ക് പരിഹാരം കാണാനാഗ്രഹിച്ച ജയിംസ് നാലാമൻ പരീക്ഷണങ്ങൾക്ക് ശേഷം പറഞ്ഞതു് അവർ (ശിശുക്കൾ) എല്ലാം നല്ല ഹീബ്രു സംസാരിച്ചുവെന്നാണത്രെ! ഹീബ്രു, സിറിയക്, ഗ്രീക്ക്, ലത്തീൻ, ഫ്രഞ്ച്, ഇററാലിയൻ, സ്പാനിഷ്, ജർമ്മൻ, ഫ്ളെമിഷ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലെ പദങ്ങളുടെ പരസ്പരബന്ധം കാണിക്കുന്ന ഒരു ശബ്ദകോശം 1606-ൽ പ്രസിദ്ധീകരിച്ച റിച്ചാർഡിന്റെയും ചിന്താഗതി ഇതിൽ നിന്നും വളരെയൊന്നും ഭിന്നമായിരുന്നില്ല. അക്ഷരങ്ങൾ കൂട്ടിയും കുറച്ചും, മാററിയും മറിച്ചും വിഭിന്ന ഭാഷകളിലെ പദങ്ങളെ തമ്മിൽ ബന്ധിപ്പിക്കാമെന്നായിരുന്നു റിച്ചാഡിന്റെ പക്ഷം. അതിനുള്ള കാരണമോ? ഹീബ്രു വലത്തു നിന്നും ഇടത്തോട്ടും ഗ്രീക്കും മററു ഭാഷകളും ഇടത്തുനിന്നും വലത്തോട്ടുമാണ് എഴുതുന്നതു് എന്നതുതന്നെ! മററു പണ്ഡിതന്മാരും തങ്ങളുടെ ഭാഷയാണ് ഏററവും പഴയതും മൗലികവും എന്നു തന്നെ വിശ്വസിച്ചു. ബൈക്കാനുസ് (1518-72) എന്ന ഡച്ചു പണ്ഡിതനും സ്വീഡൻകാരനായ ആൻഡ്രിയസ് കെംകെയും ഇതേ ചിന്താഗതിക്കാരാണ്.

പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യത്തോടടുത്തുവരെയുള്ള കാലഘട്ടത്തിൽ ഭാഷയെ സംബന്ധിച്ച വിവരങ്ങഠം സംഭരിക്കുന്നതിൽ വൻതോതിൽ വിജയമുണ്ടായിക്കൊണ്ടിരുന്നുവെങ്കിലും അപഗ്രഥനത്തിലും വിശദീകരണത്തിലും പ്രാചീന മാതൃകകളെതന്നെയാണ് അനുസരിച്ചു പോന്നതു്. ശരിക്കും ശാസ്ത്രീയമായ ഒരു സമീപന സമ്പ്രദായം രൂപപ്പെടാൻ പത്തൊമ്പതാം നൂററാണ്ടാകേണ്ടിവന്നു. എന്നാലും പിന്നീടുണ്ടായ ശാസ്ത്രീയ സമീപനങ്ങഠംക്കു് മുൻഗാമികളായി മൂന്നുപേരെങ്കിലും ഈ കാലഘട്ടത്തിലുണ്ടായി. ലയബനിസു്, ഹെർഡർ, സർവില്യം ജോൺസു്.

തത്ത്വചിന്തകൻ, ഗണിതജ്ഞൻ എന്നീ നിലകളിൽ പരക്കെ അറിയപ്പെടുന്ന ലയ്ബ്നിസ് എല്ലാ വിജ്ഞാന ശാഖകളിലും പാരംഗതനായിരുന്നു. ഭാഷകളുടെ പരസ്പര ബന്ധത്തെക്കുറിച്ച് പഠിക്കാനും അതിൻെറ അടിസ്ഥാനത്തിൽ അവയുടെ ഗോത്രബന്ധം സ്ഥാപിക്കാനുമാണു് അദ്ദേഹം ആഗ്രഹിച്ചതു്. ബൈബിളിലെ ഹീബ്രുവിൽ നിന്നു് എല്ലാ ഭാഷകളെയും നിഷ്പാദിപ്പിക്കുന്ന മാററലിനെ അദ്ദേഹം എതിർത്തു. 'യൂറോപ്യൻ' എന്നൊരു ഭാഷാഗോത്രത്തെക്കുറിച്ച് സങ്കല്പിച്ച അദ്ദേഹം കൃത്യമായ നിരീക്ഷണങ്ങളേക്കാഠം സഹജാവബോധത്തെയാണു് കൂടുതൽ ആശ്രയിച്ചതെങ്കിലും ഈ ഭാഷകളെല്ലാം ഒരു കുലകൂടസ്ഥനിൽ നിന്നാണു് രൂപപ്പെട്ടതെന്നു വാദിച്ച ആദ്യ പണ്ഡിതൻ അദ്ദേഹമായിരുന്നു. ഈ ദർശനത്തിൻെറ വികസിത രൂപമാണു് ആധുനിക താരതമ്യാത്മകമായ ഭാഷാശാസ്ത്രത്തിൻെറ ആധാരശില. യൂറോപ്പ്, ഏഷ്യ, ഈജിപ്തു്, എന്നിവിടങ്ങളിലെ ഭാഷകളെക്കുറിച്ചുള്ള താരതമ്യപഠനങ്ങളുഠംക്കൊള്ളുന്ന ലയ്ബനിസിൻെറ ഗ്രന്ഥം (miscellanea Berolimensia) 1710-ൽ ബർലിൻ അക്കാദമി പ്രസിദ്ധീകരിച്ചു. എല്ലാ ജീവൽ ഭാഷകളെയും കുറിച്ചുള്ള പഠനങ്ങഠം തയ്യാറാക്കാൻ അദ്ദേഹം തൻെറ വ്യാപകമായ സ്വാധീന വലയങ്ങഠം പ്രയോജനപ്പെടുത്തി. അന്നൊക്കെ പണ്ഡിതസമ്മതി നേടിയിരുന്ന രണ്ടേ രണ്ടു ഭാഷകഠം ലത്തീനും ഫ്രഞ്ചും മാത്രമായിരുന്നിട്ടും മാതൃഭാഷയായ ജർമ്മനിൽ അദ്ദേഹം ധാരാളം പ്രബന്ധങ്ങളെഴുതുകയും പ്രസിദ്ധീകരി

ക്കുകയും ചെയ്തു. സാഹിത്യത്തിന്റേയും ബോധനത്തിന്റേയും മാധ്യമമായി നാട്ടു ഭാഷകളെ ഉയർത്തിയെടുക്കാൻ അദ്ദേഹം ആവുന്നതെല്ലാം ചെയ്തു.

ഒരു ജർമ്മൻ പുരോഹിതനായിരുന്ന ഹെർഡർ (1744-1803) ശാസ്ത്രീയമായ ഭാഷാപഠനത്തെ ത്വരിതപ്പെടുത്താൻ സഹായിച്ച 18-ാം നൂററാണ്ടിലെ മററൊരു പണ്ഡിതനാണ്. 'കൺസേണിംഗ് ദ ഒറിജിൻ ഓഫ് ലാംഗേജ്' എന്ന പേരിൽ 1772-ൽ അദ്ദേഹം തയ്യാറാക്കിയ പ്രബന്ധത്തിൽ ഭാഷ ദൈവത്തിൽ നിന്നും മനുഷ്യനു നേരിട്ടു ലഭിച്ച സിദ്ധിയാണെന്ന പഴഞ്ചൻ മതത്തെ പാടേ നിരാകരിച്ചു. ഭാഷ മനുഷ്യന്റെ സൃഷ്ടിയാണെന്ന വാദത്തോടും അദ്ദേഹം യോജിച്ചില്ല. വളർച്ചയെത്തിയ ഒരു ഭ്രൂണം പുറത്തുകടക്കാൻ സ്വയം പ്രദർശിപ്പിക്കുന്ന മാതിരിയുള്ള ഒരു ആവേഗമാണ് ഭാഷയുടെ പിറവിക്കുപിന്നിലുള്ളതെന്നദ്ദേഹം അഭിപ്രായപ്പെട്ടു. പക്ഷേ, ഹീബ്രുവിന്റെ മൗലികതയെ അദ്ദേഹം പിൻതാങ്ങുക തന്നെ ചെയ്തു.

1782-മുതൽ മരണം വരെ കൽക്കത്തയിലെ ബ്രിട്ടീഷ് കോടതിയിൽ ജൂറിയായിരുന്ന സർ വില്യം ജോൺസ് (1746-1794) എന്ന ഇംഗ്ലീഷുകാരൻ ലയ്ബനിസിനെയും ഹെർഡറെയും പോലെ പ്രശസ്തനായിരുന്നില്ലെങ്കിലും 19-ാം നൂററാണ്ടിലെ ഭാഷാശാസ്ത്രത്തിന് അവരിരുവരോടുമുള്ളതിനേക്കാൾ കടപ്പാട് ജോൺസിനോടാണെന്നു പറയാം. ഒരു ദശാബ്ദത്തിലേറെക്കാലം അദ്ദേഹം സംസ്കൃതമഭ്യസിച്ചു. സംസ്കൃതത്തിൽ അസാമാന്യമായ അവഗാഹം നേടുക മാത്രമല്ല, ആ ഭാഷയ്ക്കു് മററ് യൂറോപ്യൻ ഭാഷകളുമായുള്ള ആന്തരിക ബന്ധം കണ്ടെത്തുകയും ചെയ്തു അദ്ദേഹം. 1786 ഫെബ്രുവരി- 2-ാനു- ഏഷ്യാററിക് സൊസൈററിയുടെ മുമ്പാകെ ജോൺസ് നടത്തിയ ഒരു പ്രഭാഷണത്തിൽ ആധുനിക താരതമ്യാത്മക ഭാഷാശാസ്ത്രത്തിന്റെ ആദ്യ നിനദങ്ങൾ കേൾക്കാം. ''ലത്തീനെക്കാൾ വ്യാപകവും ഗ്രീക്കിനെക്കാൾ പൂർണ്ണവുമായ സംസ്കൃതം, പഴക്കമെന്തായാലും വിചിത്രമായ ഘടനയോടുകൂടിയതാണ്. ക്രിയാധാതുക്കളുടെയും വ്യാകരണഘടനയുടെയും കാര്യത്തിൽ ഈ രണ്ടു ഭാഷകളോടും അതിനു്, യാദൃച്ഛികമാകാൻ സാധ്യമാകാത്തവണ്ണം, കടുത്ത സാമ്യമുണ്ട്. ഇന്നു

നിലവിലില്ലാത്ത ഏതോ പൂർവ്വികമായ ഒരു ഭാഷയിൽ നിന്നു് വന്നവയെന്നു വിശ്വസിക്കാതെ ഒരു ഭാഷാശാസ്ത്രജ്ഞനും ഈ മൂന്നു ഭാഷകളെ പരിശോധിക്കുവാനാവില്ല. അത്രമേൽ ശക്തമാണ് അവയ്ക്കു തമ്മിലുള്ള സാമ്യം.'' എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഗോഥിക്, കെൽത്തിക്, പഴയ പേർഷ്യൻ എന്നിവയും ഇക്കൂട്ടത്തിൽപ്പെടുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജോൺസിനു മുമ്പും ചിലർ ഈ ഭാഷകൾക്കു തമ്മിലുള്ള ബന്ധവും സാമ്യവും ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ, ഇവ ഒരേ മൂലഭാഷയിൽ നിന്നായിരിക്കണം ആഗമിച്ചതെന്ന നിഗമനം അദ്ദേഹത്തിനു മുമ്പാരും പ്രദർശിപ്പിച്ചിട്ടില്ല.

പാരമ്പര്യത്തിന്റെ യാഥാസ്ഥിതികത്വത്തെ മറികടക്കാൻ കഴിഞ്ഞതോടെ, ഈ പുതിയ വീക്ഷണത്തിൽ ഭാഷാപഠനം നടന്നു. ഭാഷകൾ സദാ മാറിക്കൊണ്ടിരിക്കുന്നുവെന്നും അവയ്ക്കു് ചരിത്രമുണ്ടെന്നും, ചരിത്രപരമായ അടിസ്ഥാനത്തിൽ ഭാഷാപഠനം സാദ്ധ്യമാണെന്നും പണ്ഡിതന്മാർ മനസ്സിലാക്കി. 18-ാം നൂററാണ്ടിന്റെ അന്ത്യത്തിനു മുമ്പ് യുദ്ധത്തിനും രാജവംശങ്ങൾക്കും മാത്രമല്ല, ഭാഷയ്ക്കും ചരിത്രം ചേരുമെന്ന ചിന്ത പലർക്കുമുണ്ടായിരുന്നില്ല. 1800 മുതൽ ശാസ്ത്രീയമായി ഭാഷകളെ പരിശോധിക്കാനും ചരിത്രപരമായി അതിന്റെ വികാസപരിണാമങ്ങൾ വിശദീകരിക്കാനും തുടങ്ങിയതോടെ ഇടുങ്ങിയ അർത്ഥത്തിലെങ്കിലും ഭാഷാശാസ്ത്രം ജന്മമെടുത്തു.

പത്തൊമ്പതാം നൂററാണ്ട്–ഭാഷാശാസ്ത്രം പിറക്കുന്നു

19-ാം നൂററാണ്ടിലേക്കു കടക്കുമ്പോൾ ഈ പുതിയ സമീപനം സ്വീകരിച്ചുകൊണ്ടു് ആദ്യമായി ഭാഷാഗവേഷണം നടത്തിയതു് ഡന്മാർക്കുകാരനായ ക്രിസ്റ്റിയൻ റാസ്ക് (1787-1832) ആണെന്നു കാണാം. 1814-ൽ അദ്ദേഹം ഡാനിസ് അക്കാദമിക്ക് സമർപ്പിച്ച പ്രബന്ധം (An investigation into the origin of the old norse or kelandic languages) സ്കാൻഡിനേവിയൻ ഭാഷയുടെ ആഗമം, അതിന് ഇതര ഭാഷകളോടുള്ള ബന്ധം എന്നിവയെപ്പററിയുള്ള പഠനമാണ്. പദങ്ങളെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ഭാഷാപഠനങ്ങളെ അപലപിച്ച റാസ്ക് ഭാഷയുടെ സമഗ്രഘടനയെ ക്രമീ

കമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഊന്നിപ്പറഞ്ഞു. പദങ്ങൾ ഭൂമിശാസ്ത്രപരമായ അടുപ്പം കൊണ്ടോ വ്യാവസായികമോ മററു തരത്തിലുള്ളതോ ആയ സമ്പർക്കങ്ങൾ വഴിയായോ അങ്ങോട്ടുമിങ്ങോട്ടും കടന്നുകയറുമ്പോഴും വ്യാകരണഘടന ഇത്തരം സ്വാധീനങ്ങളെ അതിജീവിച്ചു നില്ക്കുന്നു. ഡാനിഷ് ഭാഷയ്ക്കു പകരം ജർമ്മനിലോ ഫ്രഞ്ചിലോ എഴുതപ്പെട്ട് ആ പ്രബന്ധത്തിന് കൂടുതൽ വ്യാപകമായ പ്രചാരം കിട്ടിയിരുന്നെങ്കിൽ ആധുനികഭാഷാശാസ്ത്രത്തിന്റെ സ്ഥാപകനായി അദ്ദേഹം അറിയപ്പെട്ടേനേ. അദ്ദേഹത്തിനു ലഭിക്കുമായിരുന്ന പ്രശസ്തിമുഴുവൻ ലഭിച്ചതു് ഒരു ജർമ്മൻ പ്രൊഫസറായ ജേക്കബ് ഗ്രിമ്മിനാണ്. ഗ്രിം, ജർമ്മൻ ഭാഷയിൽ ഗോഥിക്, സ്കാൻഡിനേവിയൻ, ഇംഗ്ലീഷ്, ഫ്രീസിയൻ, ജർമ്മൻ എന്നീ ജർമ്മാനിക് ഭാഷകളുടെ ഒരു താരതമ്യ വ്യാകരണം (Deutsche grammatic) പ്രസിദ്ധീകരിച്ചപ്പോൾ റാസ്കിന്റെ സിദ്ധാന്തത്തെ വിപുലപ്പെടുത്തുക മാത്രമാണ് അദ്ദേഹം ചെയ്തതു്.

ജേക്കബ് ഗ്രിം (1785-1863) ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ വിധിക്കുകയല്ല വിശദീകരിക്കുകയാണ് തന്റെ ലക്ഷ്യം എന്നു വ്യക്തമാക്കുന്നുണ്ടു്. ഭാഷാപഠനത്തിൽ അറുത്തു മുറിച്ച നിയമങ്ങൾ അല്ല തുറന്ന വീക്ഷണമാണ് ആവശ്യമെന്ന് ഗ്രിം സിദ്ധാന്തിച്ചു. ഒരേ ഗോത്രത്തിൽപ്പെട്ട വിഭിന്നഭാഷകളിലെ പദങ്ങളിൽ കാണുന്ന ധ്വനിവിപരിണാമങ്ങളുടെ നിയതസ്വഭാവത്തെക്കുറിച്ച് അദ്ദേഹം ആഴത്തിൽ ഗവേഷണം നടത്തി. 1819–ൽ പുറത്തു വന്ന ജർമ്മൻ വ്യാകരണത്തെ തുടർന്ന് 1826 1831, 1837 എന്നീ വർഷങ്ങളിലായി മൂന്നു വാല്യങ്ങൾ കൂടി പ്രകാശിതമായി.

സംസ്കൃതവും മററ് ഇൻഡോ യൂറോപ്യൻ ഭാഷകളും തമ്മിലുള്ള ബന്ധത്തെ അധികരിച്ച് 1816-ൽ ഫ്രാൻസ് ബോപ്പ് പ്രകാശിപ്പിച്ച പഠനവും ശ്രദ്ധേയമായ ഒരു സംഭാവനയായി കരുതാം.

ആഗസ്ററ് ഷ്ലീഷറുടെ (1843-1901) ജൈവപ്രകൃതി സിദ്ധാന്തം, അദ്ദേഹത്തിന്റെ ശിഷ്യനായ ജൊഹന്നാസ് ഷ്നിററിന്റെ തരംഗസിദ്ധാന്തം തുടങ്ങിയവയും 19–ാം നൂററാണ്ടിൽ ഉണ്ടായ ഭാഷാപഠനങ്ങളിൽ ശ്രദ്ധിക്കേണ്ടവ തന്നെ. ഒരു

വൃക്ഷമെന്നോണം കിളിർത്ത് വളർന്ന് ശാഖോപശാഖകളു മായി പടരുന്ന ജൈവഘടനയാണ് ഭാഷയ്ക്കുള്ളതെന്ന ഷ്ലീ ഷറുടെ സിദ്ധാന്തത്തോട് വിയോജിച്ചുകൊണ്ട് സമുദ്രോപരിത ലത്തിൽ തരംഗങ്ങളെന്നവണ്ണമാണ് ഭാഷയിൽ മാററങ്ങളുണ്ടാ കുന്നതെന്നും അതു് എല്ലായിടത്തും ഒരു പോലെയോ ഒരേ അള വിലോ അല്ലെന്നും ഷ്നിററ് വാദിച്ചു. മാക്സ്മുള്ളർ (1823–1900) ഈ രണ്ട് അഭിപ്രായഗതികളുടെയും ഇടയിൽ നില്ക്കാ നാണ് ഇഷ്ടപ്പെട്ടതു്. ഭാഷയ്ക്കു് സ്വതന്ത്രമായ ഒരു ജൈവഘടന ഉണ്ട് എന്ന വാദം അദ്ദേഹം സ്വീകരിച്ചില്ല.

വരമൊഴിയെ ഉപാത്തമാക്കിക്കൊണ്ടു് വിധികരം നിർമ്മി ക്കാനും ആ വിധികരംക്കു് അപ്രമാദിത്വം കല്പിച്ചു കൊടുക്കാനും ഭാഷയുടെ സ്വന്തരൂപതലങ്ങളെ ഏറെക്കുറെ അവഗണിക്കാനും ഉത്സാഹം കാട്ടിയ സാമ്പ്രദായികവൈയാകരണന്മാർക്കെതിരെ ഒരു കൂട്ടം നൂതനഭാഷാചിന്തകന്മാർ 1870–കളിൽ പ്രത്യക്ഷ പ്പെട്ടു. 'അഭിനവവൈയാകരണന്മാർ' എന്നാണ് ഇവർ അറി യപ്പെടുന്നതു്. സാമ്പ്രദായികവ്യാകരണത്തിന്റെ ആരാധ കർ അപഹസിച്ചു നല്കിയതാണ് ആ സംജ്ഞ എങ്കിലും അതു് ഉറയ്ക്കുകയാണുണ്ടായതു്. ഗ്രന്ഥങ്ങളിൽ കാണുന്ന വിശേഷവ്യവ ഹാര ഭാഷയല്ല സാമാന്യവ്യവഹാരഭാഷയാണ് വിശകലന വിധേയമാക്കേണ്ടതെന്നവർ ശഠിച്ചു. ഉക്തരൂപം മാത്രമുള്ള ഭാഷ കളാണ് ലോകഭാഷയിൽ ഏറിയപങ്കും എന്നിരിക്കെ ഭാഷാ പ ഠനത്തിനു് വരമൊഴിയെ ആശ്രയിക്കുന്നതിൽ അർത്ഥമില്ലയെ ന്നവർ കരുതുന്നു.

ഇൻഡോ യൂറോപ്യൻ ഗോത്രത്തിന്റെ പൂർവ്വരൂപം പുനഃ സൃഷ്ടിക്കാനുള്ള പല ശ്രമങ്ങളും താരതമ്യാത്മകപഠനങ്ങളുടെ രംഗത്തു് നടന്നെങ്കിലും അക്കാര്യത്തിൽ പൂർണ്ണമായ വിജയം നേടാനായില്ല. വർണ്ണപരിണാമങ്ങളെ സംബന്ധിച്ചുള്ള നിയ മങ്ങളുടെ നിർമ്മിതിയാണ് കാര്യമായി നടന്നതു്. ആഗസ്റ്റ് ലാസ്കിൻ, കാൻബ്രക്ക്മാൻ തുടങ്ങിയവർ ധ്വനിനിയമങ്ങളെ സിദ്ധാന്തപക്ഷത്തിലേക്കുയർത്തിയവരാണ്. ധ്വനിനിയമ ങ്ങരംക്കു് അപവാദങ്ങളില്ലെന്നു് വിശ്വസിച്ചവരാണ് അഭിന വവൈയാകരണന്മാർ. അപവാദങ്ങളില്ലാത്ത നിയമം ഇല്ല എ ന്നതിനുപകരം നിയമത്തിൽ ഒതുക്കാൻ കഴിയാത്ത അപവാദ ങ്ങരം ഇല്ല എന്നതായിരുന്നു അവരുടെ നിലപാടു്. ആഗമികാ

ടിസ്ഥാനത്തിലും താരതമ്യാടിസ്ഥാനത്തിലും ഉള്ള ഭാഷാപഠനങ്ങൾ ഈ കാലഘട്ടത്തിൽ ധാരാളമുണ്ടായി. ബോഷ്, ആഗസ്റ്റ് ഷ്ളെയ്സർ, കാൾ ബ്രഹ്മാൻ, ബർത്തോൾ ഡെൽബ്രക് എന്നിവരുടെ ഇൻഡോയൂറോപ്യൻ ഭാഷകളുടെ താരതമ്യവ്യാകരണങ്ങളും ആഗസ്റ്റ്ഫ്രെഡറിച്ച് പോട്ടിൻെറ പദനിരുക്തപരമായ പഠനങ്ങളും ഫ്രെഡറിച്ച് ഡീസിൻെറ മൊമാൻസ് ഭാഷകളുടെ വ്യാകരണം, ജോഹൻ കാസ്പർസിയസ്സിൻെറ കെൽററിക് ഭാഷകളുടെ വ്യാകരണം എന്നീ ഗ്രന്ഥങ്ങളുമെല്ലാം ഈ രംഗത്തുണ്ടായ ശ്രദ്ധേയങ്ങളായ പഠനങ്ങളാണ്.

ഈ പഠനങ്ങൾ ഭാഷയുടെ വികാസപരിണാമങ്ങളുടെ പൊതുസ്വഭാവങ്ങളെക്കുറിച്ചുള്ള പല പുതിയ ഉപദർശനങ്ങളും രൂപപ്പെടുത്താൻ സഹായിച്ചു. ഒരേ മൂലഭാഷയിൽ നിന്നു് പിരിഞ്ഞു പോകുന്ന ഭാഷകളിലോരോന്നും സ്വതന്ത്രമായ വളർച്ചയുടെ ഗതിയാണ് പിന്തുടരുന്നതെന്നും ഈ നിരീക്ഷണങ്ങൾ തെളിയിച്ചു. ഈ പഠനങ്ങളിൽനിന്നു് ഉപലബ്ധങ്ങളും അനുമിതങ്ങളുമായ നൂതനാശയങ്ങളുടെ പിൻബലത്തോടെ ഭാഷാപഠനം കൂടുതൽ വ്യക്തമായ മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞു. അഭ്യൂഹങ്ങൾക്കുപകരം ശാസ്ത്രീയമായ തെളിവുകളുടെ സഹായത്തോടെ ഭാഷാപരിണാമങ്ങളെക്കുറിച്ചു പഠിക്കാൻ ഇതു വഴിയൊരുക്കി. വില്യം ഡൈ്വററ് വിററ്നി (1827–1894), ഹെർമൻ പോൾ (1846–1921) വിൽഹെം ഹംബോൾട്ട് (1767-1835) സ്റ്റെയിന്താൾ (1823–1899) ജവോൺഡെർഗെബെ ലെൻറ്സ് (1840–1893) വിൽഹെം മുൺട് (1832–1920) ഡെൽബ്രക് തുടങ്ങിയവരെല്ലാം ഭാഷാപഠനത്തെയും ചരിത്രപരമായ സമീപനത്തെയും ഭാഷകളുടെ ആഭ്യന്തരഘടനയെയും മനഃശ്ശാസ്ത്രപരമായ സമീപനത്തെയും എല്ലാം പററിയുള്ള വിലപ്പെട്ട പഠനങ്ങൾ കാഴ്ചവച്ചവരാണ്. ഇതേ കാലയളവിൽത്തന്നെ ഫിന്നോ-ഉഗ്രിയൻ, സെമിററിക്, ബാന്തു, മലയോ-പോളിനേഷ്യൻ തുടങ്ങിയ ഗോത്രങ്ങളിൽ പെട്ട പല ഭാഷകളും ചരിത്രപരമായ പഠനങ്ങൾക്കു് വിധേയമായിക്കൊണ്ടിരുന്നു. പാണിനീയത്തിൻെറ ആധുനിക പാശ്ചാത്യവ്യാഖ്യാനം രചിച്ച ഓട്ടോ ബേട്ട്ലിങ്ക് (1815–1904), ഫ്രൈഡ്റിച്ച് മുള്ളർ (1834-1898), ഫ്രാൻസ് നിക്കോളാസ് ഫിൻങ്ക് (1876-1910)

തുടങ്ങിയവരും സോഷറും എല്ലാം ഈ രംഗത്തെ ആദ്യകാല നായകന്മാരാണ്.

19-ാം ശതകത്തിന്റെ അവസാനം ഹ്യൂനോ ഷ്യൂഷാർഡററ് (1842–1928) ധ്വനിനിയമങ്ങൾ നിയതമാണെന്ന വീക്ഷണഗതിയോട് വിയോജിപ്പു പ്രകടിപ്പിച്ചു. ശുദ്ധഗോത്രസങ്കല്പത്തേയും അദ്ദേഹം അംഗീകരിച്ചില്ല. വിജാതീയഗോത്രങ്ങളുടെ സാങ്കര്യവും മിശ്രണവും പുതുഭാഷകൾക്ക് ജന്മമരുളാം എന്ന് അദ്ദേഹം വിശ്വസിച്ചു.

പതുക്കെ പതുക്കെ താരതമ്യാത്മകവും ആഗമികവുമായ സമീപനങ്ങളുടെ പരസ്പരബന്ധത്തിലേക്ക് ഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ പതിഞ്ഞു. അതോടെ വിവരണാത്മകസമ്പ്രദായത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു സമ്പ്രദായം ഭാഷാപഠനത്തിന്റെ രംഗത്ത് ശക്തി പ്രാപിച്ചു.

ഇരുപതാം നൂററാണ്ട്

ആധുനികഭാഷാശാസ്ത്രം പഴയ മട്ടിലുള്ള വ്യാകരണപഠനങ്ങളോടും ഭാഷാവിജ്ഞാനനിരീക്ഷണങ്ങളോടും അതിന്റെ ദർശനങ്ങളിൽ കടപ്പെട്ടിട്ടുണ്ടെങ്കിലും ഇരുപതാം നൂററാണ്ടിന്റെ നാലാം ദശകം മുതലെങ്കിലുമുള്ള അതിന്റെ വളർച്ച വളരെ ദ്രുതഗതിയിലായിരുന്നു. പുതിയ സിദ്ധാന്തങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള ഭാഷാസ്വഭാവപുനരാഖ്യാനങ്ങളും വളരെ പ്രധാനമാണ്. 20-ാം നൂററാണ്ടിന്റെ ആദ്യപകുതി സ്ട്രക്ച്ചറലിസത്തിന്റെ – ഘടനാവ്യാകരണത്തിന്റെ – കാലമാണ്. ഫെർഡിനാൻഡ് സോഷർ ആണ് ഈ നൂതനപ്രസ്ഥാനത്തിന്റെ നേതാവ്. ഭാഷയുടെ സാമൂഹികധർമ്മത്തിന്മേൽ കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് കൂടുതൽ ശാസ്ത്രീയമായി ഭാഷയുടെ ഘടനയെ വിശകലനവിധേയമാക്കുന്ന ഒരു സമ്പ്രദായമാണ് സോഷർ ആവിഷ്കരിച്ചത്. വ്യക്തിപരമായ അംശങ്ങൾക്കപ്പുറം നില്ക്കുന്ന ഭാഷയുടെ വിനിമയപരമായ പ്രസക്താംശങ്ങളും ഭാഷയിലെ ഏകകങ്ങളുടെ പരസ്പരബന്ധങ്ങളുടെ ആകെത്തുകയായ ഘടനയും കണ്ടെത്തുക എന്നതിലാണ് ഘടനാവ്യാകരണം ശ്രദ്ധയർപ്പിക്കുന്നത്.

റോമൻ ജേക്കബ്സൺ, കാർഡേവ്സ്കി, ട്രൂബർട്ട്– സ്ക്കോയ് തുടങ്ങിയവർ ചേർന്ന് 1926-ൽ ആരംഭിച്ച പ്രേഗ്

സ്കൂശം സോഷറുടെ ചിന്താപദ്ധതികളുടെ പിൻതുടർച്ചയാണ്. ഭാഷാപഠനത്തെ കൂടുതൽ വസ്തുനിഷ്ഠമാക്കുവാൻ ഈ നീക്കം സഹായിച്ചു. പ്രകരണം, സാഹചര്യം, വക്താവിൻെറയും ശ്രോതാവിൻെറയും വൈയക്തികമായ അംശങ്ങൾ തുടങ്ങിയ ഘടകങ്ങൾക്ക് ഭാഷാപഠനത്തിലുള്ള പ്രസക്തിക്ക് ഇവർ പ്രാധാന്യം കല്പിച്ചു. ഭാഷാപരിണാമത്തെക്കുറിച്ചുള്ള പഠനത്തിനു് ഭാഷയെ സംബന്ധിച്ച സമഗ്രാവബോധം ആവശ്യമാണ് എന്നവർ കരുതി.

എഡ്വേർഡ് സപീറും ലിയോനാർഡു ബ്ലൂംഫീൽഡും അമേരിക്കൻ സ്ട്രക്ചറലിസത്തിനു് നേതൃത്വം നല്കിയവരാണ്. സപീർ 1921-ൽ പ്രകാശിപ്പിച്ച തൻെറ കൃതിയിൽ പരസ്പരാശ്രിതങ്ങളായി വർത്തിക്കുന്ന അർത്ഥതലത്തെയും ആവിഷ്കരണതലത്തെയും വേർതിരിച്ചു കാണുന്നു. ഭാഷണത്തിനുപകരിക്കുന്ന അവയവങ്ങളിൽ ഒന്നിൻെറയെങ്കിലും പ്രാഥമിക ധർമ്മം ഭാഷണമല്ല. ശ്വസനം, ചർവ്വണം തുടങ്ങിയവയുടെ നിർവ്വഹണത്തിനു സഹായിക്കുന്ന പല അവയവങ്ങളുടെയും അധിന്യസ്ഥധർമ്മം മാത്രമാണ് ഭാഷണം എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ബ്ലൂം ഫീൽഡിൻെറ 'ലാംഗ്വേജ്' 1933-ലാണ് പ്രസിദ്ധീകൃതമായതു്. ആധുനികഭാഷാശാസ്ത്രത്തിൻെറ ആചാര്യനായി കണക്കാക്കപ്പെടുന്ന ബ്ലൂം ഫീൽഡ്, പിൽക്കാലത്ത് വിവരണാത്മകപദ്ധതി എന്ന പേരിലറിയപ്പെട്ട വ്യാകരണമാതൃകയുടെ ആവിഷ്കർത്താവാണ്. പദങ്ങളുടെ വ്യാകരണികവർഗ്ഗീകരണം, ഭാഷാഘടകങ്ങളെ കണ്ടെത്തൽ, വർണ്ണപരിണാമങ്ങളെ സംബന്ധിച്ച നിരീക്ഷണങ്ങൾ ഇവയെല്ലാം ഈ ഗ്രന്ഥത്തിലുണ്ട്. ചാൾസ് ഹോക്കററ്, കെന്നത്ത് പൈക്ക്, റോബർട്ട് ഗ്ലീസൺ, യൂജിൻ നൈഡാ തുടങ്ങിയവർ ബ്ലൂം ഫീൽഡിൻെറ വ്യാകരണപദ്ധതി വികസിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്തവരാണ്. ഭാഷയിലെ ഏകകങ്ങളെ അവയുടെ പെരുമാററത്തിൻെറ അടിസ്ഥാനത്തിൽ നിർദ്ധാരണം ചെയ്ത് വർഗ്ഗീകരിക്കുന്ന മാതൃകയ്ക്ക് ഇവരാണ് ഉത്തരവാദികൾ.

ഇരുപതാം നൂററാണ്ടിലെ നാലും അഞ്ചും ദശകങ്ങൾ സ്വനവിജ്ഞാനശാഖയ്ക്ക് ഒട്ടേറെ നേട്ടങ്ങൾ കൈവന്ന കാലയള

വാണ്. സ്വനം, ഉപസ്വനം, സ്വനിമം, വ്യത്യയം, പൂരകവിതരണം, സ്വതന്ത്രപരിവർത്തനം, ബഹുമുഖപൂരണം തുടങ്ങി ഒട്ടേറെ ഭാഷാശാസ്ത്രസങ്കല്പങ്ങൾ ഇക്കാലത്താണ് രൂപപ്പെട്ടത്. ഓരോ ഭാഷയിലും ഉള്ള, ഓരോ ഭാഷകനും പ്രയോജനപ്പെടുത്തുന്ന അസംഖ്യം സ്വനങ്ങളിൽ ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തമായവയെ ഒഴിവാക്കിക്കൊണ്ട് അല്പതമയുഗ്മങ്ങളുടെ സഹായത്തോടെ പ്രസക്തങ്ങളായ സ്വനിമങ്ങളെ കണ്ടെത്തുന്ന രീതിയും ഭാഷണം എന്ന സങ്കീർണ്ണപ്രക്രിയയെക്കുറിച്ചുള്ള പഠനവും എല്ലാം ഈ കാലഘട്ടത്തിന്റെ നേട്ടങ്ങളായി കരുതാം.

കൂട്ടത്തിൽ പറയട്ടെ. വർണ്ണങ്ങൾ അർത്ഥവത്താണ് (അർത്ഥവന്തോ വർണ്ണാഃ-മഹാഭാഷ്യം 1. 1.2) എന്നു പറയുന്ന മഹാഭാഷ്യകാരൻ കൂപം, യൂപം, സൂപം എന്നീ പദങ്ങളിലെ ആദ്യവർണ്ണങ്ങൾ അർത്ഥവ്യത്യാസത്തിനു കാരണമാകുന്നു എന്ന് ഉദാഹരിക്കുന്നുണ്ട്. "വർണ്ണവ്യത്യയേ ച അർത്ഥാന്തരഗമനാന്മന്യാമഹേ അർത്ഥവന്തോ വർണാഃ ഇതി" എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഇത്, അല്പതമയുഗ്മങ്ങളുടെ സഹായത്തോടെ വർണ്ണങ്ങളെ കണ്ടെത്തുന്ന രീതി പാശ്ചാത്യപണ്ഡിതന്മാർ ആവിഷ്കരിക്കുന്നതിനും എത്രയോ നൂററാണ്ടുകൾ മുമ്പുള്ള ഉപദർശനമാണെന്നോർമ്മിക്കാം.

നിയമം നിർമ്മിക്കാനല്ല ശാസ്ത്രീയമായ വിവരണം നല്കാനാണ് വൈയാകരണൻ ശ്രമിക്കേണ്ടത് എന്നായിരുന്നു ഈ കാലഘട്ടത്തിലെ ഭാഷാചിന്തകരുടെ മുഖ്യമായ കാഴ്ചപ്പാട്. ഘടനയുടെ അടിസ്ഥാനത്തിൽ ഏകകങ്ങളെ നിർണ്ണയിക്കുക എന്നതാണ് മുഖ്യമായ മാർഗ്ഗം. വായ്മൊഴിയെ മുഖ്യോപാത്തമാക്കുകവഴി ഭാഷാപ്രയോഗമാണ് ഭാഷാജ്ഞാനമല്ല അപഗ്രഥനവിധേയമാകുന്നത് എന്നൊരു പരിമിതി ഈ രീതിക്കുണ്ട്. അതുപോലെതന്നെ വാക്യഘടനാതലം താരതമ്യേന അവഗണിക്കപ്പെടുന്നുവെന്നതും ഈ പ്രസ്ഥാനത്തിന്റെ ഒരു ന്യൂനതയാണ്.

ഇങ്ങനെ സ്ട്രക്ച്ചറലിസത്തിനും ആഗ്രഹിച്ച സംതൃപ്തി നല്കാനാവാതെ വന്നപശ്ചാത്തലത്തിലാണ് പ്രജനക-രചനാന്തരണസമീപനത്തിന്റെ ആവിർഭാവം. ബ്ലൂം ഫീൽ

ഡിൻെറ അനുയായി ആയിരുന്ന സെലിഗ് ഹാരിസ് ആണ് പ്രജനകരീതി തുടങ്ങിവെച്ചതെങ്കിലും ഹാരിസിൻെറ ശിഷ്യനായ നോം ചോംസ്കിയാണ് ഇതിനെ ഒരു മഹാപ്രസ്ഥാനമായി വളർത്തിയത്. വിവരണാത്മകസമീപനത്തെക്കാൾ സാമ്പ്രദായികപദ്ധതിയാണ് കൂടുതൽ മെച്ചമെന്ന പക്ഷക്കാരനായിരുന്നു ചോംസ്കി. ഭാഷാജ്ഞാനത്തെ കണക്കിലെടുക്കാതെ കുറെ പ്രയോഗമാതൃകകളെ മാത്രം ആശ്രയിച്ചുകൊണ്ട് കേവലം ഉപരിതലസ്പർശിയായ സമീപനമാണ് വിവരണാത്മക രീതി കൈക്കൊള്ളുന്നവർ സ്വീകരിക്കുന്നതെന്നതായിരുന്നു ചോംസ്കിയുടെ മുഖ്യമായ ആക്ഷേപം. വിവരണപര്യാപ്തിയും ലാളിത്യവും സാർവ്വലൗകികത്വവുമാണ് വ്യാകരണത്തിനുണ്ടായിരിക്കേണ്ട മൂന്നു ഗുണങ്ങൾ എന്നദ്ദേഹം വിശ്വസിച്ചു. വർണ്ണതലത്തിൽനിന്നും വ്യാകരണത്തെ മോചിപ്പിക്കുകയും വാക്യഘടനാതലത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തതാണ് ചോംസ്കിയുടെ നേട്ടം. വ്യാകരണസാധുതയും പ്രയോഗസാധുതയും രണ്ടായിക്കണ്ട അദ്ദേഹം നിയതമായ ഒരുപററം നിയമങ്ങളുപയോഗിച്ച് അനിയതവും അനന്തവുമായ വാക്യങ്ങൾ – വ്യാകരണസാധുതയുള്ള വാക്യങ്ങൾ – നിർമ്മിക്കാനുതകുന്ന ഒന്നായിരിക്കണം വ്യാകരണം എന്നു വാദിച്ചു.

ഇന്നിപ്പോൾ ഭാഷാശാസ്ത്രം വളരെയേറെ വികാസം പ്രാപിച്ച ഒരു ശാസ്ത്രശാഖയാണ്. മാനവികവിജ്ഞാനശാഖകളിൽ ഏററവും ശാസ്ത്രീയവും ശാസ്ത്രശാഖകളിൽ ഏററവും മാനവികവും എന്നു വിശേഷിപ്പിക്കാവുന്ന ഒരു ശാഖ പരീക്ഷണനിരീക്ഷണങ്ങളിലൂടെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുകയും, കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രവചനങ്ങൾ നടത്തുകയും ചെയ്യുക, സ്ഥലകാലപരിമിതികൾക്കതീതമായി നിയമങ്ങൾ രൂപപ്പെടുത്താൻ കഴിയുക, മനുഷ്യൻെറ മററ് അന്വേഷണപഥങ്ങളിലും ഇതരവിജ്ഞാനശാഖകളിലും വെളിച്ചം വിതറാനും അങ്ങനെ മനുഷ്യവിജ്ഞാനത്തിൻെറ ആകെത്തുകയുമായി ബന്ധിച്ചു നില്ക്കാനും സാധിക്കുക തുടങ്ങി ഏതൊരു ശാസ്ത്രത്തിനുമുണ്ടായിരിക്കേണ്ട യോഗ്യതകളെല്ലാം ഭാഷാശാസ്ത്രത്തിനും അവകാശപ്പെടാം. നരവംശശാസ്ത്രം, മനശ്ശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളുമായി സഹകരിച്ച് വളരുന്ന പല ശാഖകളും ഭാഷാശാസ്ത്രത്തിനുണ്ട്. സാഹി

ത്യനിരൂപണം, ശൈലീപഠനം, ഭാഷാദ്ധ്യാപനം തുടങ്ങി പലമേഖലകളിലും പ്രയുക്ത ഭാഷാശാസ്ത്രം കാര്യമായ സംഭാവനകൾ അർപ്പിച്ചു പോരുന്നുണ്ട്. യന്ത്രസഹായത്തോടെയുള്ള വിവർത്തനം, വിദേശഭാഷാപഠനത്തിൽ കമ്പ്യൂട്ടറിന്റെ വിനിയോഗം തുടങ്ങി ഭാഷാശാസ്ത്രം കൈ എത്തിച്ചിട്ടുള്ള മണ്ഡലങ്ങൾ വേറെയും പലതുണ്ട്. സ്വനവിജ്ഞാനം, രൂപവിജ്ഞാനം, വാക്യവിജ്ഞാനം, ഭാഷാഭേദവിജ്ഞാനം, അർത്ഥവിജ്ഞാനം, നിഘണ്ടുവിജ്ഞാനം, ലിപിവിജ്ഞാനം എന്നിങ്ങനെ നിരവധി വിഭാഗങ്ങൾ ഭാഷാശാസ്ത്രത്തിൽ വളർച്ച പ്രാപിച്ചിരിക്കുന്നു. ആകെക്കൂടി പറഞ്ഞാൽ അത്യന്തം സമ്പന്നവും വികസിതവുമായ ഒരു വിജ്ഞാനശാഖയാണിന്നു ഭാഷാശാസ്ത്രം— താരതമ്യാത്മകവും ആഗമികവും വിവരണാത്മകവുമായ സമീപനസമ്പ്രദായങ്ങളുടെ പരസ്പരപൂരകസ്വഭാവം മനസ്സിലാക്കി, അവയുടെ സമർത്ഥമായ സമന്വയം സാധിച്ചുകൊണ്ടു വളരുകയും ഭാവിയെക്കുറിച്ച് ഒട്ടേറെ പ്രത്യാശ തരികയും ചെയ്യുന്ന ഒരു ശാസ്ത്രശാഖ.

സദാചാരവും സൗന്ദര്യബോധവും

കെ. അയ്യപ്പപണിക്കർ

മനുഷ്യാവസ്ഥയുടെ അടിസ്ഥാനപരമായ ദുരന്തസ്വഭാവത്തെ പരാമർശിച്ചുകൊണ്ടു് കുമാരനാശാൻ എഴുതി:

കരുതുവതിഹ ചെയ്യുവയ്യ; ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂടയായു-
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം.

ചെയ്യാനാഗ്രഹിക്കുന്നതിനും ചെയ്യാൻ വിധിക്കപ്പെട്ടതിനും തമ്മിലുള്ള ധർമ്മസങ്കടത്തിൽനിന്നാവാം ലൗകികജീവിതത്തിന്റെ സന്താപം ഉത്ഭവിക്കുന്നതു്. നാക്കിനിണങ്ങുന്നതു് വയറിനിഷ്ടപ്പെടാതെ വരുമല്ലൊ. തെററിനേയും ശരിയേയും പററിയുള്ള ജന്മസിദ്ധമായ അവബോധത്തിന്റെയൊ നന്മതിന്മകളെപ്പററിയുള്ള പരമ്പരാർജിതബോധത്തിന്റെയൊ ഫലമാണു് മനുഷ്യന്റെ ധാർമ്മികചോദനകൾ. സൗന്ദര്യത്തെപ്പററിയുള്ള അവന്റെ സങ്കല്പങ്ങളെ ഈ ചോദനകൾ പലപ്പോഴും സ്വാധീനിക്കാറുണ്ടു്. പ്ലേറേറായെപ്പോലുള്ള ചിന്തകർ കലാദർശനത്തിനെതിരെ ധർമ്മദർശനം ഉയർത്തിപ്പിടിക്കുന്നവരാണു പൊതുവേ. പല രാജ്യങ്ങളിലെയും സംസ്കാരഭേദങ്ങളിൽ

കലാദർശനവും ധർമ്മദർശനവും തമ്മിലുള്ള സംഘർഷം കാണാവുന്നതാണ്.

ഗുണവാനും വീര്യവാനുമായ ആദർശപുരുഷനെ തേടുന്ന വാല്മീകി രാമനിൽ സങ്കല്പസാഫല്യം കണ്ടെത്തുന്നു. രാമായണനായകനെ ഈശ്വരാവതാരമായി കണക്കാക്കിയാലും ഐശ്വരമഹിമയോടുള്ള മനുഷ്യന്റെ ആഭിമുഖ്യത്തിന്റെ പ്രതീകമായി കണക്കാക്കിയാലും ഇതിഹാസകൃതിയിൽനിന്നു വ്യക്തമാകുന്നതു് മനുഷ്യനു രക്ഷപ്പെടാൻ കഴിയാത്ത പീഡനങ്ങൾ എല്ലാം കഥാനായകൻ സ്വയം ഏറെറടുത്തേ പററൂ എന്നാണ്. പഴയ ഒരു ചൊല്ലുണ്ടല്ലൊ കൃഷ്ണാവതാരത്തിൽ ഒരു സത്യവും രാമാവതാരത്തിൽ ഒരു വ്യാജവുമേ ഉള്ളൂ എന്നു്. രാമന്റെ വ്യാജവൃത്തി ബാലിവധവും കൃഷ്ണന്റെ സദ്വൃത്തി സ്യമന്തകം വീണ്ടെടുത്തു കൊടുക്കലും ആണെന്നു തോന്നുന്നു. ഈ കഥാതന്തുക്കൾക്കു് എന്തെല്ലാം സൂക്ഷ്മവ്യാഖ്യാനഭേദങ്ങൾ നല്കിയാലും ധർമ്മദർശനത്തിനും കലാദർശനത്തിനും തമ്മിലുള്ള സംഘർഷത്തെ ഈ ചൊല്ലു് അടിവരയിട്ടു വ്യക്തമാക്കുന്നു – രാമൻ സദാചാരത്തിന്റെയും കൃഷ്ണൻ സൗന്ദര്യബോധത്തിന്റെയും പ്രതീകങ്ങളാകേണ്ടിവരുന്നു എന്നു മാത്രം.

ഒരു കുററവാളിയെ വലിയ കലാകാരനാകുന്നതിൽ നിന്നു തടയുന്ന വ്യവസ്ഥകൾ വല്ലതും നിലവിലുണ്ടോ? അതുപോലെ ഒരു കലാകാരൻ കുററവാളി ആകുന്നതിനും തടസ്സമുണ്ടോ? സാമാന്യസദാചാരവ്യവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ടു് കുത്തഴിഞ്ഞ ജീവിതം നയിക്കുന്നതിൽ കുപ്രസിദ്ധി നേടിയവരല്ലേ ലോകത്തിലെ ഏററവും പ്രശസ്തരായ ഏതാനും നർത്തകരും ചിത്രകാരൻമാരും സംഗീതജ്ഞരും എഴുത്തുകാരും? സാൽവദോർ ദാലിയുടെ ആത്മകഥയിലെ ചില ഭാഗങ്ങൾ സദാചാരനിരതരെ ഞെട്ടിപ്പിക്കാൻ പോന്നതല്ലേ? മഹത്തായ കലാസൃഷ്ടികൾ മാനുഷികാനുഭവങ്ങളുടെ തീക്ഷ്ണത ആവിഷ്കരിക്കുന്നു–അവ സുഖകരമായാലും അല്ലെങ്കിലും. അവ ഉത്തമകലാസൃഷ്ടികളാണെങ്കിൽപ്പോലും അവയുടെ സൃഷ്ടിയുമായി ബന്ധപ്പെട്ട ചില അനുഭവങ്ങളെങ്കിലും സൻമാർഗ്ഗവിരുദ്ധമായെന്നു വരാം. ലോകത്തിലെ അത്ഭുതങ്ങളിലൊന്നാണ് ഈജിപ്ററിലെ പിരമിഡുകൾ. നമ്മുടെ സൗന്ദര്യതൃഷ്ണയെ അവ ഒരള

വുവരെ തൃപ്തിപ്പെടുത്തുന്നു. എങ്കിലും അവയുടെ നിർമാണത്തിനുവേണ്ടി നിർബന്ധിതസേവനം നടത്തിയ ആയിരക്കണക്കിനു തൊഴിലാളികൾ നേരിടേണ്ടിവന്ന ക്രൂരതയെ അവയുടെ സൗന്ദര്യം സ്വയം ന്യായീകരിക്കുന്നുണ്ടോ? മററു സ്മാരകശിലാശില്പങ്ങളുടെ എല്ലാം കാര്യത്തിലും ഈ ചോദ്യം പ്രസക്തമാണ്. സ്മാരകകലാസൃഷ്ടികൾ നിർമിക്കുന്നതിനു വിയർപ്പൊഴുക്കിയവരിൽ പലർക്കും അതിൽ വേണ്ടപോലെയുള്ള പങ്കാളിത്തം ഉണ്ടായിരുന്നില്ല. അങ്ങനെ, സൗന്ദര്യപക്ഷത്തിൽ ന്യായീകരിക്കാവുന്ന പലതും സൻമാർഗ്ഗപക്ഷത്തിൽ എളുപ്പം ന്യായീകരിക്കാവുന്നവയല്ലെന്നു വരുന്നു. ദേവദാസീസമ്പ്രദായത്തിനു ധാർമികന്യായീകരണമേ ഇല്ല; എങ്കിലും ദക്ഷിണേന്ത്യൻ നൃത്തത്തിൻെറ വികാസത്തിന് ദേവദാസികളുടെ സംഭാവന ആർക്കു നിഷേധിക്കാൻ കഴിയും?

സാഹിത്യകൃതികളുടെ ആസ്വാദനത്തിൻെറ കാര്യത്തിലും ഈ സന്മാർഗസൗന്ദര്യവൈരുദ്ധ്യം ഇടപെടുന്നുണ്ട്. രാവണൻെറ സ്വഭാവം ധാർമ്മികാടിസ്ഥാനത്തിൽ വിലയിരുത്താൻ സാധിക്കും. അപ്പോൾ പോരായ്മകൾ പലതും കണ്ടു എന്നു വരും. പക്ഷേ അദ്ദേഹത്തിൻെറ അനുയായികൾക്ക് അർധസഹോദരനായ വൈശ്രവണനെ തുരത്തി ലങ്കയിലെ രാക്ഷസവംശമഹത്വം പുനഃസ്ഥാപിച്ച രാവണൻെറ പ്രവൃത്തി ശ്ലാഘനീയമായിത്തോന്നും. രാവണൻ ഒരു സൗന്ദര്യാരാധകനായിരുന്നു. വലിയ വൈണികൻ, കടുത്ത ശിവഭക്തൻ, പ്രസിദ്ധമായ ശിവസ്തോത്രം പോലുള്ള കീർത്തനങ്ങളുടെ രചയിതാവ്, വൈദ്യവിദ്യാവിചക്ഷണൻ, വാസ്തുശില്പി, ഉദ്യാനപരിരക്ഷകൻ. എങ്കിലും അദ്ദേഹം എതിരാളികളുടെ മേൽ അടിച്ചേല്പിച്ച ക്രൂരതകൾ, സീതാപഹരണം, മാല്യവാൻെറയും വിഭീഷണൻെറയും ഉപദേശങ്ങൾ നിരസിച്ചത് – ഇവയെല്ലാം പരിഗണിക്കുമ്പോൾ അദ്ദേഹത്തിൻെറ കലാപരമായ നേട്ടങ്ങളെല്ലാം അപ്രധാനങ്ങളായി മാറുന്നു. ബാലാമണിയമ്മയുടെ വിഭീഷണൻ എന്ന പ്രസിദ്ധകവിതയിൽ രാമൻെറ സീതാപരിത്യാഗകഥയും മററും മനസ്സിൽ വച്ചുകൊണ്ടു് രാക്ഷസൻമാർക്കിടയിലെ രാമഭക്തനായ വിഭീഷണൻ ചോദിക്കുന്നു – അധർമം പോലെ ധർമ്മവും ക്രൂരമാണോ എന്ന്. നമ്മുടെ ഈ നല്ല നൂററാണ്ടിൽ തന്നെ ഹിററ്ലർ വലിയ ഒരു കലാ

രസികനായിരുന്നത്രെ; മഹത്തായ ചിത്രങ്ങൾ ശേഖരിക്കുന്നതിൽ നിഷ്ണാതൻ. മനുഷ്യരുടെ കൂട്ടക്കൊലയിലും അദ്ദേഹം ഒരു കലാകാരനായിരുന്നല്ലോ. സാഹിത്യത്തിലും ജീവിതത്തിലും മനുഷ്യരുടെ പെരുമാററത്തെ നമുക്ക പലപ്പോഴും വിലയിരുത്തേണ്ടിവരുന്നു, ധാർമ്മികവും സൗന്ദര്യബോധപരവുമായ അടിസ്ഥാനത്തിൽ. ഈ രണ്ടു വ്യതിരിക്ത മൂല്യങ്ങളുടെയും ഇടയിൽപ്പെട്ടു വിഷമിക്കുന്ന എഴുത്തുകാരൻെറ കടമയെപ്പററി നമുക്ക് എന്തുപറയാൻ കഴിയും ?

ഒരെഴുത്തുകാരൻ വിട്ടുവീഴ്ചയില്ലാത്ത സദാചാരവാദിയാകുമ്പോൾ അയാളുടെ രചനകൾ വായനക്കാർക്ക രസം നല്കാതെ വരും. ഇംഗ്ലീഷ് കവി ജോൺ കീററ്സ് പറഞ്ഞതുപോലെ വായനക്കാരുടെമേൽ സുവ്യക്തമായ ലക്ഷ്യങ്ങളോടെ സമീപിക്കുന്ന എഴുത്തുകാരനെപ്പററി നാം സംശയാലുക്കളായിരിക്കും. ഒരു കലാസൃഷ്ടിയുടെ സ്വാധീനത വ്യാപിക്കുന്നതു് യുക്തിയുക്തമായോ കാര്യകാരണബന്ധത്തോടെയോ പ്രവചനവിധേയമായോ അല്ല. അതെപ്പോഴും നമ്മെ അദ്ഭുതപ്പെടുത്തും. നമ്മുടെ സാധാരണ പ്രതീക്ഷകൾക്ക് അതീതമായിരിക്കും അതിൻെറ പ്രവർത്തനരീതി. കാരണം, ജീവിതസത്യത്തിൽ നിന്നു വ്യത്യസ്തമാണു് കാവ്യസത്യം. എഴുത്തുകാരൻെറ അനുഭൂതി വായനക്കാരൻെറ ഭാവനയെ ജ്വലിപ്പിക്കുന്നു; വായനക്കാരൻ എഴുത്തുകാരൻെറ കൃതിയിലേക്ക കൊണ്ടുവരുന്ന സ്വന്തം അനുഭവസമ്പത്തു് അത്ഭുതകരമായ ഒരു രാസപ്രക്രിയയ്ക്കു വഴിയൊരുക്കുന്നു. ഒരു കൃതിയുടെ സൗന്ദര്യം അതിൻെറ ഉപരിതലപാഠത്തിലല്ല സ്ഥിതിചെയ്യുന്നതു്; മറിച്ച് വായനക്കാരൻെറ ഭാവന പുനഃസൃഷ്ടിച്ചെടുക്കുന്ന ആന്തരപാഠത്തിലാണു്. ഗോയയുടെ യുദ്ധത്തെപ്പററിയുള്ള ചിത്രങ്ങൾ പുറമേ സുന്ദരങ്ങളല്ല; ഭീകരങ്ങളാണു്. അവയുടെ ബീഭത്സതയിൽ ഒരു ഭീകരസൗന്ദര്യം നാം കണ്ടെത്തുന്നു. ബാഹ്യസൗന്ദര്യം കണക്കാക്കി മൃദുലരേഖകളും സുകുമാരവർണ്ണങ്ങളും ഉപയോഗിച്ചിരുന്നുവെങ്കിൽ അവയുടെ കെടുതികൾ ചിത്രീകരിക്കുന്നതിൽ പരാജയപ്പെട്ടേനെ. ചങ്ങമ്പുഴക്കവിതകളിലെ സംഗീതവുമായി താരതമ്യപ്പെടുത്തിയാൽ ഇടശ്ശേരിക്കവിതകൾക്ക സംഗീതമില്ലെന്നു പറയേണ്ടിവരും. പക്ഷേ ഇടശ്ശേരിക്കൃതികളുടെ ധ്വനിപാഠം സംഗീതസാന്ദ്രമാണു്. ഭാവനാസൃഷ്ടിയായ ഒരു സാഹിത്യകൃതിയിൽ പ്രവചനാതീത

മായ ഒരു ഘടകമുണ്ട്. ഈ അദൃശ്യഘടകം കേവലസദാചാരവീക്ഷണത്തോടെ സമീപിച്ചാൽ അനുഭവവേദ്യമല്ലാതാകും. ഇതാണ് ഒരു കൃതിയുടെ ഭാവനാശക്തി, സൗന്ദര്യദർശനദീപ്തി. ഇതു ശരീരത്തിലൂടെ, ഇന്ദ്രിയങ്ങളിലൂടെ, വികാരങ്ങളിലൂടെ, ബുദ്ധിവ്യാപാരത്തിലൂടെ, അവസാനം ആത്മാവിലൂടെ പ്രവർത്തിക്കുന്നു. ഒരു സാഹിത്യകൃതിയിൽനിന്നു ലഭിക്കുന്ന ആനന്ദം, സൗന്ദര്യാനുഭൂതി, മററുവിധത്തിൽ ലഭിക്കുന്ന ആനന്ദാനുഭവത്തിൽനിന്നു വ്യത്യസ്തമാണ്—സാധാരണ അർത്ഥത്തിലുള്ള ആനന്ദമല്ല തന്നെ. അന്നമയാദി പഞ്ചകോശങ്ങളെയോ സപ്തകോശങ്ങളെയോ സമാഹരിക്കുന്ന ഒരു സമഗ്രാനുഭൂതിയാണതു്. ആദ്ധ്യാത്മികാനുഭൂതിയോളം ചെന്നെത്തുന്ന ഒരു കഴിവ് ഉത്തമസാഹിത്യകൃതികൾക്കുണ്ട്. അധമസാഹിത്യകൃതികൾ അന്നമയത്തിൽ, ശാരീരികതലത്തിൽ, ഒതുങ്ങുന്നു. ഈ അർത്ഥത്തിൽ ഷേക്സ്പിയറുടെ ഹാംലററ് അഭിനയിച്ചു കാണുമ്പോൾ-കാളിദാസൻെറ മേഘദൂതം വായിക്കുമ്പോൾ-അതിനപ്പുറത്തു് മററ് ലക്ഷ്യങ്ങളില്ലെന്നേ തോന്നൂ. ഈ സമഗ്ര സൗന്ദര്യാനുഭൂതിക്കു് അപ്പുറത്തു് മറെറാരനുഭൂതി സാധ്യമല്ല - ഇതു് സാക്ഷാത്കരിക്കുന്നവരെ സംബന്ധിച്ചിടത്തോളം. സാമൂഹികമോ രാഷ്ട്രീയമോ സാംസ്കാരികമോ ആയ മാനങ്ങൾ നിശ്ശേഷം ഇല്ലാത്ത ഒരു നല്ല സാഹിത്യകൃതി ഉണ്ടാവാനിടയില്ല: കൃതിയിൽ പ്രത്യക്ഷദൃശ്യമല്ലാത്തതുകൊണ്ടു് അതു നിലവിലില്ലെന്നു കരുതരുതു്. കശുവണ്ടിയിൽ വിത്തു പുറത്താണ്; നാളികേരത്തിൽ അതു് നിഗൂഢനിക്ഷിപ്തമാണെന്നു പറയാം. ചില സാഹിത്യകാരന്മാരുടെ, കൃതികൾ കശുവണ്ടിപ്പരുവമാണ്-പ്രദർശനലോലുപത എന്നു പറയാം. വിത്തു പുറത്തിട്ടു വേലി കെട്ടുന്നു എന്നു നാടൻ ചൊല്ല്. കേവലസദാചാരമാത്രവാദിയും കേവലസൗന്ദര്യമാത്രവാദിയും കാര്യത്തിൻെറ മർമ്മം ഗ്രഹിക്കാതെ പോകുന്നു. കലക്കു ധാർമ്മികമൂല്യങ്ങൾ അപ്പാടെ മറക്കാൻ സാധ്യമല്ല; പക്ഷേ അതു സൃഷ്ടിക്കുന്ന ധാർമികബോധം മററു മനുഷ്യവൃത്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ളതല്ല. ഈ നിലയ്ക്കു നോക്കിയാൽ സദാചാരവും സൗന്ദര്യബോധവും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല. ശരിയായ അർത്ഥത്തിൽ ഇവ രണ്ടും പരസ്പരവിരുദ്ധങ്ങളല്ല. ഉദാത്തമായ സൗന്ദര്യബോധം ഉദാത്തമായ ധാർമികതയ്ക്കു കടകവിരുദ്ധമാവണമെന്നില്ല—പക്ഷേ അതു് ഉദാത്തമേഖലയിൽ മാത്രം.

കീഴേത്തലങ്ങളിൽ സമന്വയിപ്പിക്കാൻ സാധ്യമാകാത്ത വൈപരീത്യവും വ്യത്യസ്തതയും നിലനിൽക്കുന്നതും ഒരു സത്യമത്രേ.

ഒരു കൊങ്കണി സുഹൃത്തു പണ്ടുപറഞ്ഞ കഥ ഓർമ വരുന്നു. ആ പെൺകുട്ടി ഒരു ദുർബലനിമിഷത്തിൽ ഒരു തെററു ചെയ്തുപോലും. ഒരു പുരുഷനുവേണ്ടി കന്യകാത്വം നശിപ്പിച്ചത്രേ. എന്താണങ്ങനെ ചെയ്തതെന്നു അന്വേഷിച്ചു ചെന്ന ഗുണദോഷികളോടു് അവൾ നിഷ്കളങ്കമനസ്സായി പറഞ്ഞു, സുഖത്തിനുവേണ്ടി. അതൊരു ന്യായീകരണമായി ഈ ഗുണദോഷികൾ എടുത്തു കാണുമോ?

നമ്മുടെ കാലത്തു് ഒരുതരം ഉപഭോക്തൃമനോഭാവം കാരണം സദാചാരം ലംഘിക്കാതെ തന്നെ മനസ്സിനെ രസിപ്പിക്കുന്ന സാഹിത്യവും സദാചാരം ലംഘിച്ചോ ലംഘിക്കാതെയൊ സൗന്ദര്യതൃഷ്ണ ശമിപ്പിക്കാത്ത സാഹിത്യവും തമ്മിലുള്ള വ്യത്യാസം അവ്യക്തമായിപ്പോയിട്ടുണ്ടു്. തോമസ് ഹാർഡിയുടെ ''ടെസ്'', ജെയിംസ് ജോയ്സിൻെറ ''യൂളിസിസ്'', ഡി. എച്ച്. ലോറൻസിൻെറ ''പുത്രന്മാരും കാമുകന്മാരും'' തുടങ്ങിയ കൃതികളോടു് മുൻകാലങ്ങളിലുണ്ടായ എതിർപ്പ് സദാചാരം അടിസ്ഥാനമാക്കിയുള്ളതായിരുന്നല്ലൊ. വിഭിന്നസമൂഹങ്ങളിൽ, വ്യത്യസ്തകാലഘട്ടങ്ങളിൽ, വിഭിന്ന കാലാവസ്ഥകളിൽ സദാചാരബോധം മാറിക്കൊണ്ടിരിക്കും. നൂറുകൊല്ലം മുൻപ് മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി മറച്ച മാറുമായി പ്രതിഷേധിച്ചവരുടെ പിൻതലമുറയിൽ ബ്രാ കത്തിച്ചു കളയുവാൻ തയ്യാറെടുക്കുന്ന സ്ത്രീസ്വാതന്ത്ര്യവാദികൾ ഉള്ളതായി നമുക്കു കാണാം. ശാശ്വതസത്യങ്ങളിൽ വേരുറച്ചവയല്ല സൗന്ദര്യമൂല്യങ്ങളെന്നും നമുക്കറിയാം. സൗന്ദര്യസങ്കല്പം തന്നെ സദാ ചഞ്ചലവുംഅനിശ്ചിതവും മാറിക്കൊണ്ടിരിക്കുന്നതും ആണു്. എങ്കിലും സദാചാരവും സൗന്ദര്യബോധവും തമ്മിൽ സമരസപ്പെടുത്തിക്കൊണ്ടുപോകാൻ സഫലമായി യത്നിച്ചിട്ടുള്ള ചില എഴുത്തുകാർ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ളതായി കാണാം. മധ്യയുഗങ്ങളിലെ ഭാരതത്തിൽതന്നെ ഉണ്ടായ ഭക്തകവികൾ ഉദാഹരണമായി തോന്നുന്നു. ഋഷികളായ കവികൾക്കു് ഇരട്ടക്കാഴ്ചപ്പാടുണ്ടല്ലോ. ഋഷികളെന്ന നിലയ്ക്കു് അവർ ധാർമികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു; കവി

കളെന്ന നിലയിൽ അവർ സൗന്ദര്യമൂല്യങ്ങൾ കൊണ്ടാടുന്നു. ഗുരു നാനാക്കിന്റെ ജപ്ജിയിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചു കൊള്ളുന്നു. വാക്കിന്റെ – നാമത്തിന്റെ–മഹത്തായ ധർമ്മത്തെപ്പററിയുള്ള ഋഷിയായ കവിയുടെ ഉദാത്തസങ്കല്പം ഇവിടെ പ്രത്യക്ഷമാകുന്നു. ഇവിടെ ''നാമം'' എന്ന പദം സാഹിത്യത്തിനു ചുരുക്കെഴുത്തായി സങ്കല്പിക്കാം.

മനനത്താലേ ബുദ്ധിമനസ്സുകളുണരുന്നു
മനനത്താലേ സകല ഭുവനവും തെളിയുന്നു
മനനത്താലേ ബന്ധനവിധികൾ മാറുന്നു
മനനത്താലേ യമപുരിയൊഴിവാകുന്നു
അത്ര നിരഞ്ജനമേ തിരുനാമം
മനനത്താലറിയുന്ന മനസ്സിൽ.

ദർശനത്തിന്റെ കവിതയിൽ – യോഗാനുഭൂതികളുണർത്തുന്ന ഗാനങ്ങളിൽ – ഈ സമന്വയം ധർമ്മസൗന്ദര്യങ്ങളെ ബന്ധിച്ചു നിർത്തുന്നു. ത്യാഗരാജന്റെ കീർത്തനങ്ങളും ദാന്തെയുടെ കവിതയും ടോൾസ്റ്റോയിയുടെ ചില കഥകളും നമുക്ക് ഇതു കാണിച്ചു തരുന്നു.

ബൗദ്ധികവും ആധ്യാത്മികവുമായ തലങ്ങളിൽ നടക്കുന്ന വൈരുദ്ധ്യസമന്വയമാണ് ഇവിടെ കാണുന്നത്. ലൗകികമായ ഒരു തലത്തിനുപരി നടക്കുന്ന സമന്വയദർശനം ഇതുപോലെ തന്നെ തികച്ചും ലൗകികവും മതേതരവും കേവലം മാനുഷികവുമായ ഒരു തലത്തിൽ വച്ചും ഈ സമന്വയം ദശിക്കാൻ കഴിയുമെന്നു തോന്നുന്നു. കന്നഡയിലെ വചനകാരന്മാരും–13-ാം നൂററാണ്ടിലെ ബസേവശരനും അല്ലാമപ്രഭുവും – അഥവാ പ്രാചീന ദ്രാവിഡകവിവര്യനായ വള്ളുവർ തുടങ്ങിയവരും ധാർമികസൗന്ദര്യദർശനങ്ങളുടെ സമന്വയം സാധിച്ചവരാണ്. വള്ളുവരുടെ തിരുക്കുറളിൽ നിന്നു് ഒരു ഭാഗം ഇവിടെ കൊടുക്കുന്നു. ''അറിവ്'' ഇവിടെ സാഹിത്യം എന്നതിനു് ഉപമേയമാകാം.

അറിവാണ് ഏററവും നല്ല കാവലാൾ
ശത്രുക്കൾക്ക് തകർക്കാനാവാത്ത കോട്ട
അറിവാണ് നമ്മെ നേർവഴി നയിക്കുന്നത്
തിന്മയിൽ നിന്നു മനസ്സിനെ രക്ഷിക്കുന്നതും
ഒരാൾ സംസാരിക്കുമ്പോൾ
അതിന്റെ നേരർത്ഥം കണ്ടെത്തുന്നതാണറിവ്
ബുദ്ധിപൂർവം സംസാരിക്കാനുള്ള കഴിവാണറിവ്
മററുള്ളവർ പറയുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നതും.

കവിയും സഹൃദയനും

എം. എസ്. മേനോൻ

ധാരാളം ഗ്രന്ഥങ്ങളെഴുതി പ്രശസ്തനായ ഒരെഴുത്തുകാരനോട് സാഹിത്യാസ്വാദകനായ ഒരു സഹൃദയൻ ചോദിച്ചു: ''വായനക്കാരില്ലെങ്കിലും നിങ്ങളെഴുതുമായിരുന്നോ?''

മറുപടി: ''ഓഹോ! എഴുതുമായിരുന്നു.''

ആത്മവിശ്വാസമോ അഹന്തയൊ ധിക്കാരമൊ കാപട്യമോ മററെന്തെല്ലാമൊ ആണ് ഈ മറുപടിയിൽ അടങ്ങിയിട്ടുള്ളതെന്ന് വേണമെങ്കിൽ നിങ്ങൾക്ക ധരിക്കാം. അതല്ലെങ്കിൽ സാക്ഷാൽ ഗീതാകാരൻെറ ആദർശം പുലർത്തുന്നവനാണ് ഈ എഴുത്തുകാരനെന്നും കരുതാവുന്നതാണ്.

കർമ്മണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന

എന്നതാണല്ലൊ ഗീതാകാരൻെറ ഉപദേശം. എഴുത്ത് എഴുത്തിനുവേണ്ടി, മററൊന്നിനും വേണ്ടിയല്ല എന്നു ചുരുക്കം.

സത്യത്തിൽ സർഗാത്മകസാഹിത്യകാരൻ സാഹിത്യരചനാവേളയിൽ തൻെറ കൃതിക്ക് ഒരനുവാചകൻ വേണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ? തൻെറ ആശയങ്ങൾക്കും അനുഭൂതികൾക്കും കലാസുഭഗമായ ഒരാവിഷ്കാരം നല്കുന്നതിലല്ലെ സ്വാഭാ

വികമായും അയാൾ അപ്പോൾ ശ്രദ്ധിക്കുക? അതേയെന്നു തന്നെ പലയെഴുത്തുകാരും പ്രസ്താവിച്ചിട്ടുണ്ട്. സാഹിത്യരചനയുടെ അവസാനദശയിൽ മാത്രമേ വായനക്കാരൻ സ്രഷ്ടാവിൻെറ മനസ്സിലേക്കു കടന്നുവരുന്നുള്ളു. ആ അവസ്ഥയിൽ അയാളും വിമർശകനായിത്തീരുന്നു. തൻെറ സൃഷ്ടിയുടെ രൂപവും ഭാവവും മൂല്യവും സൗന്ദര്യവുമെല്ലാം അയാളുടെ ബോധപൂർവ്വമായ വിശകലനത്തിനും വിലയിരുത്തലിനും വിധേയമാകുന്നു. ആ സന്ദർഭത്തിൽ എഴുത്തുകാരനും അയാളുടെ കൃതിയും തമ്മിൽ മാത്രമേ സംഭാഷണം നടക്കുന്നുള്ളു. പരഹൃദയസംക്രമണം ആ കൃതി നിർവ്വഹിക്കുന്നില്ല. സർഗ്ഗപ്രക്രിയ പൂർണ്ണമായാൽ, സാഹിത്യനിർമ്മിതിക്കു നിയതമായ രൂപവും ശില്പഭംഗിയും ഭാവദീപ്തിയും മററും കൈവന്നു കഴിഞ്ഞാൽ, പിന്നെ സ്രഷ്ടാവ് സ്രഷ്ടാവല്ലാതായിത്തീരുന്നു. തൻെറ സൃഷ്ടി തൻേറതുമാത്രമാണെന്നു അയാൾക്കവകാശപ്പെടാൻ വയ്യ. വായനക്കാരൻ കൂടി ആ കൃതിയുടെ അവകാശിയാണു പിന്നെ. തൻെറ സൃഷ്ടിക്കു വിവേകിയും സഹൃദയനുമായ വായനക്കാരനും പ്രസാധകനുമുണ്ടാകണമെന്നും അംഗീകാരത്തിനു പുറമെ യശസ്സും ധനവും ലഭിക്കണമെന്നും എഴുത്തുകാരനാഗ്രഹിക്കുന്നു. തൻെറ സാഹിത്യസൃഷ്ടി വായനക്കാർ വിലകൊടുത്തു വാങ്ങണമെന്നാശിക്കാത്ത ഒരെഴുത്തുകാരനുമുണ്ടാവില്ല. താനങ്ങനെ ആശിക്കുന്നില്ലെന്നു് ഏതെങ്കിലുമൊരെഴുത്തുകാരൻ ശഠിക്കുന്നുവെങ്കിൽ ഒന്നുകിൽ അയാൾ ഒരത്ഭുതജീവിയാണ്; അല്ലെങ്കിൽ 'ഹിപ്പോക്രിററാണ്.'

ആരാണീ വായനക്കാരൻ? അയാൾ എഴുത്തുകാരനിൽ നിന്നു എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? സംസ്കൃതസാഹിത്യത്തിൽ സ്രഷ്ടാവിനെ 'കവി'യെന്നും, വായനക്കാരനെ 'സഹൃദയ'നെന്നുമാണ് പറഞ്ഞു വരുന്നത്. നിരന്തരമായ ആസ്വാദനശീലംകൊണ്ട് കണ്ണാടിപോലെ നിർമ്മലമായിത്തീർന്ന ഹൃദയത്തിൽ താനാസ്വദിക്കുന്ന കൃതിയിലെ വർണ്ണ്യവിഷയവുമായി താദാത്മ്യം പ്രാപിക്കാൻ അർഹനാരോ അയാളത്രേ സഹൃദയൻ. നിർമ്മാതാവിൻെറ ഹൃദയത്തോടു തുല്യമായ ഹൃദയമുള്ളവനെന്നു ചുരുക്കം. സാഹിത്യാസ്വാദനത്തിൻെറ മുഹൂർത്തത്തിൽ സംഭവിക്കുന്ന 'ഹൃദയസംവാദ'ത്തെ ഭാരതീയസാഹിത്യമീമാംസകന്മാർ രസസിദ്ധാന്തത്തിൻെറ സാരസർവ്വസ്വ

മായി സങ്കല്പിച്ചിരിക്കുന്നു. ഈ പ്രക്രിയ നിർവ്വഹിക്കാത്ത ഒരു കൃതിയെ ഉത്തമസാഹിത്യകൃതിയായി അവരംഗീകരിച്ചിട്ടില്ല. സാഹിത്യകലയുടെ പൊരുരം ഒളിഞ്ഞു കിടക്കുന്നതു് കവിയിലും സഹൃദയനിലുമായിട്ടാണു് എന്നത്രേ അവരുടെ സിദ്ധാന്തം. 'സരസ്വത്യാസ്തത്ത്വം കവിസഹൃദയാഖ്യം വിജയതേ' എന്ന അഭിനവഗുപ്താചാര്യൻെറ സൂക്തം പ്രസിദ്ധമാണു്. അതിൽനിന്നു് ഒരു തത്ത്വം വെളിപ്പെടുന്നു. സൃഷ്ടിയെ വിമർശനത്തിൽനിന്നും വിമർശനത്തെ സൃഷ്ടിയിൽ നിന്നും വേർപെടുത്തിക്കാണുന്നില്ല, ഭാരതീയാചാര്യന്മാർ. സാഹിത്യകാരനോ സാഹിത്യവിമർശകനോ മേലേ എന്ന തർക്കവും ഇവിടെ ഉദിച്ചിട്ടില്ല. എഴുത്തുകാരൻ വിമർശകൻെറയും, വിമർശകൻ എഴുത്തുകാരൻെറയും ആജന്മശത്രുവാണെന്ന 'ദർശനവും' ഇവിടെ രൂപം കൊണ്ടിട്ടില്ല.

നിർമ്മാതാവും ആസ്വാദകനും വിരുദ്ധചേരികളിൽനിന്നു് വാഗ്യുദ്ധം നടത്തുന്ന രംഗങ്ങരം ഭാരതീയസാഹിത്യത്തിൽ കാണുന്നില്ല. ചിലപ്പോരം ചില കവികരം തൻെറ കവിത വേണ്ടപോലെ മനസ്സിലാക്കാൻ കഴിയാതിരുന്ന ചില ആസ്വാദകരെപ്പററി ആവലാതിപ്പെട്ടിട്ടുണ്ടാകാം, ഭവഭൂതിയെപ്പോലെ. അരസികന്മാരുടെ മുമ്പിൽ കവിത വായിക്കാനുള്ള ദൗർഭാഗ്യം എനിക്കുണ്ടാകാതിരിക്കട്ടെയെന്നു പ്രാർത്ഥിച്ചവരുമുണ്ടു്. എങ്കിലുമവർ ആസ്വാദകരെ കടുത്ത ശത്രുക്കളായിക്കരുതിയിരുന്നില്ല. നിരൂപകൻെറ കഴിവിനെ പ്രശംസിക്കാൻ കവികരം സന്നദ്ധരായിരുന്നു. ഈ സൽപ്രവണതയ്ക്കു് നാന്ദി കുറിച്ചതു് വേദകാലത്തെ ഋഷികളത്രേ. വാക്കിൻെറ സ്ഥൂലവും സൂക്ഷ്മവുമായ രൂപത്തേയും അർത്ഥത്തിൻെറ പൊരുളിനെയും നല്ലപോലെ മനസ്സിലാക്കിയ മന്ത്രദ്രഷ്ടാക്കരം കവിയെയും കവിതയെയും കാവ്യാസ്വാദകനെയും കുറിച്ചു് തങ്ങരംക്കുള്ള അഭിപ്രായം പല സന്ദർഭങ്ങളിലും പ്രകാശിപ്പിച്ചിട്ടുണ്ടു്. 'കവിത വായിക്കുന്നവനെല്ലാം അതു് മനസ്സിലാക്കുന്നില്ല. കവിത കേരംക്കുന്നവനെല്ലാം അതിൻെറ അർത്ഥം ഗ്രഹിക്കുന്നില്ല. ആസ്വാദനശക്തിയുള്ളവന്നു മാത്രമേ കവിത തൻെറ രൂപം വെളിപ്പെടുത്തുന്നുള്ളൂ. അനുരക്തയായ പത്നി തൻെറ ശരീരം ഭർത്താവിന്നു മാത്രം വെളിപ്പെടുത്തുന്നതുപോലെ' എന്ന ഋഗ്വേദസൂക്തം പ്രസിദ്ധമാണു്.

സൃഷ്ടിയുടെയും വിമർശനത്തിൻെറയും ഹൃദ്യമായ സമന്വയത്തിൻെറ കഥയാണ് ആദികവിയുടെ കാവ്യവിളംബരപ്പെടുത്തുന്നത്. വാല്മീകിയുടെ ശോകം തന്നെയാണ് ശ്ലോകമായിത്തീർന്നത്. നിഷാദനോടുള്ള ധാർമ്മികരോഷത്തിന്ന് ഛന്ദോമയമായ ആവിഷ്കാരം നൽകിയ ഋഷിയിൽ വിമർശകൻെറയും കവിയുടെയും ധർമ്മങ്ങൾ സമന്വയിച്ചിരിക്കുന്നു. കലയുടെ രണ്ട് മുഖങ്ങളാണ് സൃഷ്ടിയും വിമർശനവുമെന്ന തത്ത്വത്തിൻെറ പ്രകടോദാഹരണമായി ആചാര്യന്മാർ 'രാമായണ'ത്തെ ഉദാഹരിച്ചിട്ടുമുണ്ട്.

പശു പാൽ ചുരത്തുന്നതു് തൻെറ കുട്ടിക്ക് കുടിക്കാനാണ്. കുട്ടി മുലകുടിച്ച് തൃപ്തനാകുമ്പോൾ തള്ളപ്പശു ആനന്ദമനുഭവിക്കുന്നു. അതുപോലെ കവി കവിത രചിക്കുന്നതു് ആസ്വാദകനെക്കൂടി മനസ്സിൽ കരുതിയാണ്. അയാൾ തൻെറ കവിത ആസ്വദിക്കുമ്പോൾ കവിഹൃദയം നിർവൃതിക്കൊള്ളുന്നു. ഈ ആശയമാണ്.

''വാഗ്ധേനുർദ്ദുഗ്ധ ഏതം ഹി
രസം യദ് ബാലതൃഷ്ണയാ
തേന നാസ്യ സമഃ സ സ്യാദ്
യോഗിഭിർദ്ദുഹ്യതേ ഹി യഃ''

എന്ന കാരികയിൽ ഭട്ടനായകൻ വിവരിക്കുന്നതു്. ഈ തത്ത്വം ഗ്രഹിക്കുമ്പോൾ കാളിദാസൻെറ കുമാരസംഭവത്തിലെ ഹിമാലയവർണ്ണനയിലെ ഈ പദ്യത്തിൻെറ അർത്ഥസൗന്ദര്യം കൂടുതൽ സ്പഷ്ടമാകും.

''യം സർവ്വശൈലാഃ പരികല്പ്യ വത്സം
മേരൗ സ്ഥിതേ ദോഗ്ധരി ദോഹദക്ഷേ
ഭാസ്വന്തി രത്നാനി മഹൗഷധീശ്ച
പൃഥൂപദിഷ്ടാം ദുദുഹുർദ്ധരിത്രീം.''

പൃഥുചക്രവർത്തിയുടെ നിർദ്ദേശമനുസരിച്ച് ഭൂമി ഗോരൂപം ധരിച്ച് കന്നുകുട്ടിയായ ഹിമവാന്ന് രത്നങ്ങളെയും മഹൗഷധികളെയും മതിയാവോളം ചുരത്തിക്കൊടുത്തുവെന്നതാണല്ലോ ഇതിൻെറ അർത്ഥം. കന്നുകുട്ടിയായി ഹിമവാനെത്തന്നെ തിരഞ്ഞെടുത്തതു് ഭൂമി തൻെറ സർവ്വസ്വവും ആ കുട്ടിക്ക നല്കമെന്നു കരുതിത്തന്നെയാണ്. ഉത്കൃഷ്ടരത്നങ്ങളും ഉത്തമൗഷധികളും

ഹിമവാനിലാണ് കൂടുതലുള്ളതെന്നു് വ്യക്തമാക്കുന്നതോടൊപ്പം സഹൃദയനായ ആസ്വാദകനാണ് കവിത തൻെറ രൂപസൗന്ദര്യം മുഴുവനുമായി സമർപ്പിക്കുന്നതെന്ന ആശയവും ഈ പദ്യം പ്രകാശിപ്പിക്കുന്നതായി സഹൃദയോത്തമനായ അഭിനവഗുപ്തൻ കരുതുന്നു.

കാളിദാസനെത്തന്നെ നമുക്കു വീണ്ടും സ്മരിക്കാം. 'ശാകുന്തള'ത്തിൻെറ തുടക്കത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു.

'ആ പരിതോഷാദ് വിദുഷാം
ന സാധു മന്യേ പ്രയോഗവിജ്ഞാനം
ബലവദപി ശിക്ഷിതാനാ-
മാത്മന്യപ്രത്യയം ചേത:'

('വിദ്വാന്മാരഭിനന്ദിച്ചേ
വിജ്ഞാനം സാധുവായ് വരൂ
നല്ല ശിക്ഷ കഴിച്ചോർക്കു-
മില്ല വിശ്വാസമാത്മനി')

മഹാനായ ഒരു കലാകാരൻ മഹാനായ ഒരു കലാവിമർശകനു് നല്കുന്ന ബഹുമതിമുദ്രയാണീ പദ്യം. സദസദ്വ്യക്തി– നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവ്– യുള്ള വായനക്കാരനാണ് തൻെറ കവിത വായിച്ച് അഭിപ്രായം പറയേണ്ടതെന്ന് പ്രഖ്യാപിച്ച കവിയും കാളിദാസൻ തന്നെ.

സാഹിത്യാസ്വാദകനെ ഭാവകനെന്നു സങ്കല്പിച്ചവർ വിമർശനവും ഭാവനയാണെന്നു കരുതി. കവിയും ഭാവകൻതന്നെ ഈ സങ്കല്പത്തിൽ. കവിതാരചനക്കുപകരിക്കുന്ന ഭാവനയെ – പ്രതിഭയെ – 'കാരയിത്രി'യെന്നും ആസ്വാദനത്തിനുപകരിക്കുന്ന ഭാവനയെ 'ഭാവയിത്രി'യെന്നും നിർവചിച്ച രാജശേഖരൻ സ്വർണ്ണത്തേയും അതുരച്ചുനോക്കുന്ന കല്ലിനേയും ഒരേ വസ്തുവായി–ഒരേ പദാർത്ഥത്തിൻെറ തന്നെ രണ്ടു രൂപങ്ങളായിട്ടാണ് കണ്ടതു്. ഒന്നു് സ്വർണ്ണത്തെ സൃഷ്ടിക്കുന്നു; മറേറതു് അതിനെ പരീക്ഷിക്കുന്നു. സർഗ്ഗപ്രതിഭയുടേയും വിമർശനപ്രതിഭയുടെയും സമന്വയത്തിൽ സാഹിത്യത്തിൻെറ – വിശാലമായ അർത്ഥത്തിൽ കലയുടെ – തത്ത്വം കണ്ടെത്തിയതു് ഭാരതീയൻെറ ദാർശനികസ്വഭാവത്തെ വെളിപ്പെടുത്തുന്നു.

ഭാരതീയസാഹിത്യതത്ത്വമനുസരിച്ച് രസാനുഭൂതി കവിക്കും കവിതാസ്വാദകനും തുല്യമാണ്. കവി മാത്രം സൃഷ്ടിക്കുന്നു; സഹൃദയൻ സൃഷ്ടിക്കുന്നില്ല, വിമർശിക്കുന്നേയുള്ളൂ എന്ന ധാരണ ശരിയല്ല. കവിക്കും രസാസ്വാദമുണ്ടാകുന്നത് ഭാവകാവസ്ഥയിലാണ്. ഭാവകന്റെ അവസ്ഥയെക്കുറിച്ച് കർണ്ണാടകത്തിലെ ഒരു പ്രശസ്തകവയിത്രിയായ വിജ്ജികയുടെ അഭിപ്രായം ശ്രദ്ധേയമാണ്. ഭാവകനെ–സഹൃദയനെ–അവർ അങ്ങേയററം ആദരിക്കുന്നു. 'മൂകനാ'യ കവിയെന്നു അവർ അയാളെ വിളിക്കുന്നു. കവിയുടെ ദർശനവും ഭാവനയും വിവരണാതീതമാണ്; അവ്യാഖ്യേയമാണ്. അവയെ വാക്കുകളിലൂടെ വ്യാഖ്യാനിക്കുകയെന്ന പാഴ്‌വേലക്ക് സഹൃദയൻ തയ്യാറില്ല. അതിനുപകരം അയാം മൂകനായി, രോമാഞ്ചാദിസാത്വകഭാവങ്ങളിലൂടെ മാത്രം, കാവ്യാസ്വാദനത്തിൽ തന്റെ പ്രതികരണമെന്താണെന്നു് സൂചിപ്പിക്കുന്നു. ഇതാണവരുടെ വാക്കുകൾ:

''കവേരഭിപ്രായമശബ്ദഗോചരം
സ്ഫുരന്തമാർദ്രേഷു പദേഷു കേവലം
വദദ്ഭിരംഗൈഃ കൃതരോമവിക്രിയൈർ
ജനസ്യ തൂഷ്ണീംഭവതോഽയമഞ്ജലിഃ''

(ആർദ്രങ്ങളായ പദങ്ങളിൽ മിന്നിത്തിളങ്ങുന്ന, വാക്കുകൾക്ക് ഗോചരമല്ലാത്ത, കവിയുടെ അഭിപ്രായത്തെ-ആശയത്തെ-രോമാഞ്ചമുൾക്കൊള്ളുന്ന തന്റെ അംഗങ്ങളിലൂടെ - നിശ്ശബ്ദമായി- പ്രകാശിപ്പിക്കുന്ന ആസ്വാദകനു് എന്റെ കൂപ്പുകൈ.) സഹൃദയനിലും കവിയുടെ ബീജമുണ്ടെന്നുതന്നെയല്ലേ ഈ അഞ്ജലിബന്ധം വ്യഞ്ജിപ്പിക്കുന്നതു്?

പ്രതിഭ, വ്യുൽപ്പത്തി, അഭ്യാസം - ഈ മൂന്നു സിദ്ധിയും കവിക്കും സഹൃദയനുമൊരുപോലെ അത്യന്താപേക്ഷിതമാണ് എന്നു് ഭാരതീയസാഹിത്യമീമാംസകന്മാർ അനുസ്മരിപ്പിച്ചിട്ടുണ്ട്. എങ്കിലേ അവർക്കു തമ്മിൽ ഹൃദയസംവാദമുണ്ടാകൂ–സമാനമായ ഹൃദയമുള്ളവനാണല്ലോ സഹൃദയൻ.

കാളിദാസൻ വാക്കിന്നും അർത്ഥത്തിന്നും തമ്മിലുള്ള നിത്യസംപൃക്തത്വം വെളിപ്പെടുത്തിക്കൊണ്ടാണ് രഘുവംശകാവ്യം തന്നെ ആരംഭിച്ചതു്. (വാഗർത്ഥാവിവ സംപൃക്തൗ)

ഏറെക്കുറെ ഇതേ ബന്ധം തന്നെയാണ് കവിക്കും സഹൃദയന്നും സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്. കാവ്യമീമാംസകൻ കവിയെ വാഗ് ഭാവകനെന്നും സഹൃദയനെ ഹൃദയഭാവകനെന്നും വിശേഷിപ്പിച്ചിട്ടുള്ളതിൽനിന്നു കവിയും ഭാവകൻ തന്നെയെന്നു അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നുണ്ടു്. 'സരസ്വത്യാസ്തത്ത്വം കവിസഹൃദയാഖ്യം വിജയതേ' എന്ന അഭിനവഗുപ്തൻെറ വാക്യവും സാഹിത്യത്തിൻെറ തത്ത്വം കവിയിലും സഹൃദയനിലും തുല്യമായി വർത്തിക്കുന്നുവെന്നതന്നെയാണ് സമർത്ഥിക്കുന്നതു്. നിർമ്മാണരൂപമായ കവിവ്യാപാരവും വിചാരാത്മകമായ സഹൃദയവ്യാപാരവും ഒന്നിച്ചു ചേരുന്നിടത്താണ് സാഹിത്യത്തിൻെറ പൊരുൾ കുടികൊള്ളുന്നതെന്നു് ചുരുക്കം. കവിസഹൃദയത്വത്തെയും സഹൃദയൻ കവിത്വത്തെയും ഉൾക്കൊള്ളുകയും ആസ്വദിക്കുകയും ചെയ്യുന്നുവെന്ന ഈ ആശയം സംസ്കൃതസാഹിത്യസമീക്ഷകരെല്ലാവരും പൊതുവിൽ അംഗീകരിച്ചിരിക്കുന്നു.

സഹൃദയൻ മനസ്സുകൊണ്ടു് ആദ്യം കവിയായിത്തീർന്നാലേ കവിയുടെ കവിതയാസ്വദിക്കുവാൻ അയാൾക്കു കഴിയൂ എന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. സ്വന്തം ഹൃദയത്തിൽ കവിത്വത്തിൻെറ അംശമില്ലാത്ത ഒരു വായനക്കാരനു് ഒരിക്കലും ഒരു നല്ല ആസ്വാദകനോ സഹൃദയനോ ആകാൻ കഴിയില്ല.

പ്രതിഭയുടെ സ്വരൂപത്തിൽ വ്യത്യാസമുണ്ടെങ്കിലും കവിത്വവും സഹൃദയത്വവും രണ്ടും ഒന്നിൻെറതന്നെ രണ്ടു മുഖങ്ങൾ മാത്രമാണ്, എന്നത്രെ ഭാരതീയാചാര്യമതം.

സുഭദ്രാഹരണമഹാകാവ്യം

എൻ. വി. പി. ഉണിത്തിരി

പ്രസിദ്ധമായ ഭട്ടികാവ്യം പോലുള്ള ചിലതിനെ മാററി നിർത്തിയാൽ, വ്യാകരണാദിശാസ്ത്രപാഠങ്ങരം കാവ്യത്തിലൂടെ നിർവഹിക്കുന്ന കൃതികരം കൂടുതൽ രചിച്ചിട്ടുള്ളത് കേരളീയഗ്രന്ഥകാരന്മാരാണ്. കൃഷ്ണലീലാശുകൻെറ ശ്രീ-ചിഹ്നകാവ്യം, പയ്യൂർ പരമേശ്വരൻെറ ഹരിചരിതം, വാസുദേവൻെറ വാക്യാവലി, (മറെറാരു) വാസുദേവൻെറ വാസുദേവവിജയം, മേല്പുത്തൂർ ഭട്ടതിരിയുടെ ധാതുകാവ്യം, സൂക്തശ്ലോകം, കൂടല്ലൂർ നമ്പൂതിരിപ്പാടിൻെറ പാണിനീയസൂത്രോദാഹരണകാവ്യം, വാസുദേവൻെറ ഗജേന്ദ്രമോക്ഷം, രാമപാണിവാദൻെറ രാസക്രീഡ, വിദ്വാൻ ഗോദവർമ്മ ഇളയതമ്പുരാൻെറ ഹേത്വാഭാസോദാഹരണകാവ്യം, വൈക്കത്തു പാച്ചു മൂത്തതിൻെറ രാമവർമ്മമഹാരാജചരിതം, വയസ്കര ആര്യൻ നാരായണൻ മൂസ്സതിൻെറ നക്ഷത്രവൃത്താവലി, ഇലത്തൂർ രാമസ്വാമി ശാസ്ത്രിയുടെ സുത്രപരാഘവം, പണ്ഡിതരാജൻ പി. നാരായണൻ നമ്പൂതിരിയുടെ സുഗളാർത്ഥമാല എന്നിങ്ങനെ ആ പട്ടിക നീളുന്നു. അക്കൂട്ടത്തിൽ ഏററവും മുന്തി നില്ക്കുന്നതത്രേ, ക്രി. പി 16-ാം ശതകത്തിൽ ജീവിതം നയിച്ച ബ്രഹ്മദത്തനാരായണൻെറ സുഭദ്രാഹരണം.

കവികൾ രണ്ടു വിധത്തിലാണെന്നാണ് നാരായണൻെറ പക്ഷം–കഠോരമാർഗ്ഗസഞ്ചാരികൾ, സുകുമാരമാർഗ്ഗചാരികൾ എന്നിങ്ങനെ. ഇതിലേതെങ്കിലുമൊന്നു് നല്ലതെന്നോ ചീത്തയെന്നോ പറയാവതല്ല. മയിലുകൾ മേഘഗർജ്ജനങ്ങളിൽ ഉത്കണ്ഠ കൂറുന്നു; അരയന്നങ്ങളാകട്ടെ കാൽവളക്കിലുക്കങ്ങളിലും. ഓരോന്നിനും അതിൻേറതായ ഗുണവും ദോഷവും ഉണ്ടു്. കവി പറയുന്നു:

കഠോരമേകേ സുകുമാരമന്യേ
മാർഗ്ഗം കവീന്ദ്രാ വചസഃ പ്രപന്നാഃ
മേഘസ്വനേഷൂന്മനസോ മയൂരാ
ഹംസാഃ പുനർന്നൂപുരശിഞ്ജിതേഷു (1.9)

ഇതിൽ കഠോരമാർഗ്ഗമാണു് താൻ കൈക്കൊണ്ടിരിക്കുന്നതു്. കരപററാൻ പ്രയാസമായ വ്യാകരണക്കടൽ ബുദ്ധിയാകുന്ന മുങ്ങിക്കപ്പലുപയോഗിച്ചു് ആഴത്തിൽ തപ്പിയെടുത്ത സുശബ്ദരത്നങ്ങൾകോർത്തു് താൻ സുഭദ്രാഹരണമെന്നു പേരുള്ള ഹാരം രചിക്കുകയാണു് എന്നത്രേ കവി ആമുഖമായി പ്രസ്താവിക്കുന്നതു്.

സുദുസ്തരം വ്യാകരണാംബുരാശിം
മനസ്തരിത്രേണ വിഗാഹ്യ ലബ്ധൈഃ
സുശബ്ദരത്നൈ രചയാമി ഹാരം
കാവ്യം സുഭദ്രാഹരണാഭിധാനം (1. 10)

പാണിനിയുടെ വ്യാകരണസൂത്രങ്ങൾ മിക്കവാറും കാശികാവൃത്തിയിലെ ക്രമം പിന്തുടർന്നുകൊണ്ടു് ഉദാഹരിക്കുന്ന പ്രസ്തുതകാവ്യം ഏറെ പ്രൗഢഗംഭീരവും സമാനമായ മററു ശാസ്ത്രകാവ്യങ്ങളോടു് താരതമ്യപ്പെടുത്തുമ്പോൾ ലളിതസുന്ദരവും ആകുന്നു. ഏതാനും സൂത്രങ്ങൾ ക്രമം നോക്കാതെ ഉദാഹരിക്കുന്ന കീർണ്ണകാണ്ഡം (ഒന്നാം സർഗ്ഗം), സന്നന്തധാതുക്കളും മററു ചില കാര്യങ്ങളും വിവരിക്കുന്ന സൂത്രങ്ങളുടെ ഉദാഹരണമായ മിശ്രകാണ്ഡം (രണ്ടാം സർഗ്ഗം), കൃത്പ്രത്യയങ്ങൾക്കു് ഉദാഹരണങ്ങൾ നല്കുന്ന അധികാരകാണ്ഡം (3–6 സർഗ്ഗങ്ങൾ), തദ്ധിതകാണ്ഡം (7–9 സർഗ്ഗങ്ങൾ), സമാസകാണ്ഡം (പത്താം സർഗ്ഗം) ക്രിയകൾ ഉദാഹരിക്കുന്ന തിങന്തകാണ്ഡം (11–16 സർഗ്ഗങ്ങൾ) ഗുണാലങ്കാരപ്രധാനമായ പ്രസന്നകാണ്ഡം (17–20 സർഗ്ഗങ്ങൾ)

എന്നിങ്ങനെ ഏഴ വിഭാഗങ്ങളിലായി ഇരുപതു സർഗ്ഗങ്ങളിൽ വിഭിന്നവൃത്തമനോഹരങ്ങളായ 2200 - ൽ പരം ശ്ലോകങ്ങൾ അടങ്ങിയതാണ് സുഭദ്രാഹരണകാവ്യം. ഗ്രന്ഥകാരൻ തന്നെ ആദ്യത്തെ 16 സർഗ്ഗങ്ങൾക്ക് രചിച്ച വിവരണമെന്ന വ്യാഖ്യാനത്തിൻെറ ആരംഭത്തിൽ കാണ്ഡാടിസ്ഥാനത്തിലുള്ള ഈ വിഷയസൂചന നല്കുന്നുണ്ട്:

പ്രകീർണ്ണകാണ്ഡഃ പ്രഥമോഽത്ര സർഗ്ഗോ
മിശ്രഃ സനാദ്യന്തയുതോ ദ്വിതീയഃ
കാണ്ഡഃകൃതാം സർഗ്ഗചതുഷ്കമൂർദ്ധ്വം
സർഗ്ഗത്രയം തദ്ധിതകാണ്ഡമൂർദ്ധ്വം
സമാസകാണ്ഡം ദശമസ്തു സർഗഃ
സർഗാഃ പരേ ഷട് തു തിങന്തകാണ്ഡം
തതഃ പരം സർഗ്ഗചതുഷ്ടയം തു
പ്രസന്നകാണ്ഡം ഗുണഭൂഷണാഢ്യം (പുറം 2)

സുപ്രസിദ്ധമായ സുഭദ്രാഹരണകഥയാണ് ഈ മഹാകാവ്യത്തിലെ പ്രതിപാദ്യം. വിവരണത്തിൽ 20 സർഗ്ഗങ്ങളുടെയും ഉള്ളടക്കം ഇപ്രകാരം സംക്ഷേപിച്ചിരിക്കുന്നു:

രാജ്യവർണ്ണന, മാരാമവർണ്ണനം, പുരവർണ്ണനം,
ശ്വേതവാഹനനിര്യാണം, വിശ്വാമിത്രവിലോകനം,
ഉലൂപീദർശനം, പാണ്ഡുപുടഭേദനവർണ്ണനം,
ദർശനം ചൈത്രവാഹിന്യാ, വിവാഹോഽഗസ്ത്യദർശനം,
കൃഷ്ണഫല്ഗുനസംയോഗഃ, സുഭദ്രാപാർത്ഥദർശനം,
സ്ഥാപനം യതിപാർത്ഥസ്യ, സുഭദ്രാപാണിപീഡനം,
പ്രസ്ഥാനചിന്താ ദമ്പത്യോർ, ദമ്പത്യോരനുശാസനം,
പാർത്ഥമാധവസംഗ്രാമഃ, ശക്രപ്രസ്ഥപ്രവേശനം,
വൃഷ്ണിപാണ്ഡവസംയോഗഃ പാണ്ഡുപുത്രസുതോദയഃ
ഇതി ക്രമേണ നാമാനി സർഗ്ഗാണാമിഹ വിംശതേഃ (പു.1-2)

സുഭദ്രാഹരണം ഒരു വ്യാകരണകാവ്യമെന്ന നിലയ്ക്ക് മേന്മ കൂടിയതാണെന്നു പറഞ്ഞുവല്ലോ. മാതൃക കാണിക്കാനായി ചില വ്യാകരണസൂത്രങ്ങളുടെ ഉദാഹരണപ്രകാരങ്ങൾ ചൂണ്ടിക്കാട്ടാം. 'ആഢ്യസുഭഗസ്ഥൂലപലിതനഗ്നാന്ധപ്രിയേഷു ച്വ്യർത്ഥേഷ്വച്വൗ കൃഞഃ കരണേ ഖ്യുന് 'എന്ന സൂത്രത്തിൻെറ ''കർത്തരി ഭുവഃ ഖിഷ്ണുച്ഖുകഞൗ'' ''അരുർദ്വിഷദജന്തസ്യ മുമ്'' എന്നീ

സൂത്രങ്ങളും കൂടി ചേർന്നു് പ്രവർത്തിക്കുമ്പോഴുള്ള രൂപങ്ങളുടെ ഉദാഹരണങ്ങളും, പാഞ്ചാലിയുടെ ദാസിമാരെപ്പററിയും അവളുടെ ഔദാര്യത്തെപ്പററിയും വിവരിക്കുന്ന കൂട്ടത്തിലുള്ള ഈ രണ്ടു ശ്ലോകങ്ങളാണു്:

ആഢ്യംഭവിഷ്ണുഃ സുഭഗംഭവിഷ്ണുഃ
സ്ഥൂലംഭവിഷ്ണുസ്തനചക്രവാളഃ
യദ്ദാസ്യമാപ്ത്വാ യുവലോചനാനാം
പ്രിയംഭവിഷ്ണർ വനിതാജനോഽഭൃത്
അന്ധംഭവിഷ്ണൂൻ പലിതംഭവിഷ്ണൂൻ
നഗ്നംഭവിഷ്ണൂംശ്ച ജനാനനാഥാൻ
നിസ്വാനരക്ഷദ് ദയയാശ്രിതാൻ യാ
പരോപകാരൈകരസാർദ്രചിത്താ (1. 34-35)

ലട് പ്രകരണത്തിൽ 'ദിവു ക്രീഡാവിജിഗീഷാവ്യവഹാരദ്യുതിസ്തുതിഗതിഷു' എന്നിങ്ങനെ ദിവാദിഗണത്തിലെ ദിവ്ധാതുവിൻെറ അർത്ഥങ്ങളും ഉദാഹരിച്ചിരിക്കുകയാണു് താഴെ ചേർക്കുന്ന പദ്യത്തിൽ:

ദീവ്യസി ത്വം ഹരേ ദീവ്യൻ സുഹൃദ്ഭിഃ സഹ ദീവ്യസി
ദ്വിഷോ ദീവ്യസി ദേവിത്വാ ജനൈർദിവ്യൈശ്ച
ദീവ്യസി (XI. 71)

(ഹേ ഹരേ, ത്വം ദീവ്യൻ ദ്യോതമാനഃ സൻ ദീവ്യസി വ്യവഹരസി രാജ്യതന്ത്രം വ്യവഹാരം കരോഷി. തഥാ സുഹൃദ്ഭിഃ സഹ ക്രീഡസി. തഥാ ദ്വിഷോ വിജിഗീഷസേ. തഥാ ദിവ്യൈർജനൈരാഗത്യ സ്തൂയസേ സർവ്വം കാര്യമീപ്സുഭിഃ)

ഉദാഹരണപ്രദർശനത്തിൽ ഗ്രന്ഥകാരൻ കഴിയുന്നത്ര സമഗ്രത പാലിച്ചിട്ടുണ്ടു്. പക്ഷേ എല്ലാ ഉദാഹരണങ്ങളും എടുത്തു കാട്ടുക ദുസ്സാധമാണെന്ന വസ്തുതയെപ്പററി അദ്ദേഹം ബോധവാനാണു്. വ്യാഖ്യാനത്തിലെ ചില പ്രസ്താവനകൾ നോക്കുക: ''കൃത്സ്നാനി ത്തുദാഹരണാനി ഉദാഹർത്തും പാണിനിരപി ന പാരയതി'' (പു. 107) ''അഥ ശൈഷികാഃ സംക്ഷേപേണൈവോദാഹ്രിയന്തേ കോ നാമ തദ്ധിതാബ്ധിം കൃത്സ്നനാവഗാഹേത?'' (പു. 170)

കേവലം ഉദാഹരണം കാണിക്കുക മാത്രം ചെയ്യുമ്പോൾ അർത്ഥചമത്കാരം കുറഞ്ഞയിടങ്ങളിൽ, ശബ്ദവൈചിത്ര്യം

വരുത്തുവാൻ കവി ശ്രദ്ധിക്കുന്നുണ്ട്. ഉദാഹരണമായി, ലിട് പ്രകരണത്തിൽ സുഭദ്രയുടെ വേഷപ്രസാധനത്തെ വർണ്ണിക്കവേ കവി എഴുതുന്നു:

ആമുമോചാംഗദം ദീപ്തം, മാബബന്ധ ച കങ്കണം,
മേഖലാം കലയാമാസ, ധാരയാമാസ നൂപുരം (XIV. 15)

വ്യാകരണകാവ്യമെന്ന നിലയ്ക്കു മാത്രമല്ല, മഹാകാവ്യമെന്ന നിലയ്ക്കും സുഭദ്രാഹരണം സഹൃദയഹൃദയാവർജ്ജകമത്രേ. അതീവ രമണീയങ്ങളായ പ്രകൃതിവർണ്ണനങ്ങൾക്ക് ഇക്കാവ്യത്തിൽ ഒരു ക്ഷാമവുമില്ല. ചില പദ്യങ്ങൾ മാത്രം ഉദ്ധരിക്കുന്നു.

ചന്ദ്രോദയം

ഗളിതോദയരാഗേണ രേജേ സിതകരേണ ദിക്;
സുദതീവ ഹസത്യൈന്ദ്രീ സംഹൃതധ്വാന്തകുന്തളാ;
മയൂഖപുഷ്പൈരചയംസ്തമശ്ചികുരബന്ധനം
മുഖം വിഭാവരീവധ്വാസ്സംചസ്കാര കലാനിധിഃ
(II. 108–109)

(ഉദയരാഗം വെടിഞ്ഞ ചന്ദ്രനാൽ ദിക്ക് ശോഭിച്ചു. കിഴക്കു ദിക്ക് ഇരുൾ തലമുടിയൊതുക്കി സുന്ദരിയെപ്പോലെ ചിരിച്ചു. കലാനിധിയാകട്ടെ കിരണകുസുമങ്ങൾകൊണ്ട് രാത്രിവധുവിൻെറ ഇരുൾത്തലമുടി കോതിക്കെട്ടി അവളുടെ മുഖത്തിനു മോടികൂട്ടി)

യുദ്ധത്തിന്നിടയിൽ കുതിരക്കുളമ്പടിയേററും മററുമുയരുന്ന പൊടിപടലങ്ങളുടെ വർണ്ണനത്തിൽ നിന്നൊരു ഭാഗം:

ലസത്പതാകാതലകേതുബാഹ്വാ–
ശ്ലിഷ്ടേഭകുംഭസ്തനചക്രവാളാ
ആകാശമാശ്ലിഷ്യ തദാ നിവൃത്താ
ധ്രുവം ധരാ ധൂളിതതിച്ഛലേന (XVII.50)

(വിലസുന്ന കൊടിക്കൂറത്തലപ്പുകളോടുകൂടിയ കൊടിമരങ്ങളാകുന്ന കൈകളിലമർന്ന ആനകളുടെ മസ്തകങ്ങളാകുന്ന സ്തനചക്രവാളങ്ങളോടുകൂടിയ ഭൂമി പൊടിപടലങ്ങളെന്ന വ്യാജേന ആകാശത്തെ ഒന്നു കെട്ടിപ്പുണർന്ന് ഉടനെ വിട്ടുവോ എന്നു തോന്നും)

ചന്ദ്രികാവർണ്ണനം

സാന്ധ്യനൃത്തചലിതസ്യ ധൂർജ്ജടേ-
രട്ടഹാസ ഇവ ഭസ്മപൂരിതഃ
ചന്ദ്രപാദനികരോ നിരങ്കുശഃ
സാമ്പ്രതം ദിശി ദിശി പ്രതായതേ (XX·77)

(സന്ധ്യാനേരത്തെ നൃത്തത്തിൽ ഇളകിയാടുന്ന ധൂർജ്ജടിയുടെ ചാമ്പൽ വീണു കലർന്ന അട്ടഹാസംപോലെ എതിരററ ചന്ദ്രരശ്മികൾ ദിക്കെങ്ങും പരന്നു.)

കേരളത്തിൽ സുഭദ്രാഹരണത്തിനു് വളരെയേറെ പ്രശസ്തിയുണ്ടായിരുന്നു. കേരളത്തിൽ പലെടങ്ങളിലായി ഇക്കൃതിയുടെ ഇരുപത്തഞ്ചോളം താളിയോലഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടു്. വിശ്രുതവൈയാകരണനായ മേല്പുത്തൂർ നാരായണഭട്ടതിരി തൻെറ പ്രക്രിയാസർവ്വസ്വമെന്ന വ്യാകരണഗ്രന്ഥത്തിൽ ഈ കൃതിയിൽനിന്നു് ചില ഭാഗങ്ങൾ പ്രമാണികമായി ഉദ്ധരിക്കുന്നതു കാണാം. ''ഔപകർണ്ണമിതി ച സുഭദ്രാഹരണേ,'' ''സത്യംകരോതി സത്യംവദതീത്യേവാത്ഥേ ഇതി സുഭദ്രാഹരണേ,'' ''ഭുക്താഃ പീതാ അതിഥയഃ ഇത്യാദൗ തു കർമ്മവിവക്ഷയാ അകർമ്മകത്വാത് കർത്തരി ക്തഃ ഇതി സുഭദ്രാഹരണേ'' എന്നിവ നോക്കുക.

സുഭദ്രാഹരണത്തിൻെറ രൂപഭാവങ്ങളുടെ സ്വാധീനം ഭട്ടതിരിയുടെ നാരായണീയത്തിലും കാണാം. ഉദാഹരണത്തിനു്, കാളിയമർദ്ദനം വർണ്ണിക്കുന്ന,

പാദപരിക്രമമഞ്ജുളകൂജത്-
കിങ്കിണികാവലയാംഘ്രിവിഭൂഷം
ബാഹുവിലാസവിധൂതദുകൂലം
കാളിയനാഗശിരസ്സു ച നൃത്യൻ (XIX. 77)

എന്ന സുഭദ്രാഹരണത്തിലെയും

അധിരുഹ്യ തതഃ ഫണിരാജഫണാൻ
നനൃതേ ഭവതാ മൃദുപാദരുചാ
കളനൂപുരശിഞ്ജിതമഞ്ജുമിളത്
കരകങ്കണസങ്കുലസങ്ക്വണിതം

എന്ന നാരായണീയത്തിലെയും പദ്യങ്ങൾ ചൂണ്ടിക്കാട്ടാവുന്നതാണു്. കുഞ്ചൻനമ്പ്യാരുടെ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും ഈ സ്വാധീനം സഹൃദയർക്കു് ദർശിക്കാം. നോക്കുക:

ധൂളിച്ഛടാധൂസരിതൗ തദാനീം
രരാജതു രാമരഥാംഗപാണീ
മേഘാംബുപാതൈഃ കലുഷൗ പ്രയാഗേ
ഗംഗാകളിന്ദാത്മജയോരിവൗഘൗ

(സുഭദ്രാഹരണം XVII·57)

നീലാളിവർണ്ണൻ ഭഗവാൻ മുകുന്ദൻ
താലാങ്കനച്ഛസ്ഫടികപ്രകാശൻ
കാളിന്ദിയും ഗംഗയുമേകഭാഗേ
മേളിച്ച കാന്തിപ്രസരം കലർന്നാർ (ശ്രീകൃഷ്ണചരിതം)

ശരാവലീദാരിതവാരവാണോ
നിഷ്യന്ദമാനവ്രണശോണിതാർദ്രഃ
ബീഭത്സുരാലംബത ബാലഭാനു-
പ്രഭാപരിഷ്വക്തതമാലലീലാം

(സുഭദ്രാഹരണം XVII·70)

ഹലായുധൻ തൻെറ വെളുത്ത വിഗ്രഹം
വലീമുഖാംഗക്ഷതജം തെറിക്കയാൽ
സ്ഫുരത്പ്രഭാതാർക്കമരീചിതപ്തമാം
ശരദ്ഘനം പോലെ വിളങ്ങി സംഗരേ

(ശ്രീകൃഷ്ണചരിതം)

ഇപ്രകാരം ശാസ്ത്രകാവ്യമെന്ന നിലയ്ക്കും മഹാകാവ്യമെന്ന നിലയ്ക്കും ഒരുപോലെ പ്രസിദ്ധവും പ്രൗഢസുന്ദരവുമായ സുഭദ്രാഹരണം, ഇംഗ്ലീഷിൽ വിമർശനാത്മകമായൊരു സുദീർഘപഠനത്തോടുകൂടി പ്രസാധനം ചെയ്തിരിക്കയാണ് ഡോ. എം.എസ്. മേനോൻ. പ്രസ്തുത പഠനത്തിൽ അദ്ദേഹം മുമ്പ് എണ്ണിപ്പറഞ്ഞ കേരളീയകൃതികളടക്കമുള്ള സംസ്കൃതത്തിലെ ശാസ്ത്രകാവ്യങ്ങളെ സാമാന്യമായി പരിചയപ്പെടുത്തിയതിനുശേഷം ഒരു വ്യാകരണകാവ്യമെന്ന നിലയിൽ സുഭദ്രാഹരണത്തെ നിഷ്കൃഷ്ടമായ പരിശോധനയ്ക്കു വിധേയമാക്കുകയാണ്. ഗ്രന്ഥകർത്താവിനെപ്പററി മുൻഗവേഷകന്മാർ മുന്നോട്ടുവെച്ച അഭിപ്രായങ്ങൾ വിലയിരുത്തി കൂടല്ലൂർ മനയ്ക്കലെ അംഗമാണ് കവി എന്ന വാദത്തിനു് ഉപോദ്ബലകമായി കൂടുതൽ തെളിവുകൾ നിരത്തിക്കൊണ്ടു് അദ്ദേഹം അതിനെ ശരിവെക്കുന്നു. നാളിതുവരെ മദിരാശിയിലും തിരുവനന്തപുരത്തും മററുമുള്ള താളിയോലഗ്രന്ഥങ്ങളിൽ ഉറങ്ങിക്കിടന്നിരുന്ന ഈ വിശിഷ്ടകൃതിയുടെ പ്രകാശനത്തിലൂടെ ഡോ. മേനോൻ ലോകത്തിലെങ്ങുമുള്ള സംസ്കൃതപണ്ഡിതന്മാരുടേയും ഗവേഷകന്മാരുടേയും കൃതജ്ഞതയ്ക്കു് പാത്രമായിരിക്കുന്നു.

ഭർതൃഹരി അദ്വൈതിയാണോ?

ഡോ. ശ്രീകൃഷ്ണ ശർമ്മ

യശഃശരീരനായ പ്രിയസുഹൃത്ത് ഡോക്ടർ രാഘവൻ പിള്ളയുടെ പാണ്ഡിത്യവും പ്രതിഭയും ബഹുമുഖമായിരുന്നു, എങ്കിലും ഭർത്തൃഹരിയുടെ തത്ത്വശാസ്ത്രവുമായിട്ടായിരുന്നു അദ്ദേഹത്തിനു മുഖ്യബന്ധം. ഡോക്ടർ ബിരുദത്തിനായി അദ്ദേഹം വാക്യപദീയത്തെ ഉദ്ദേശിച്ചാണല്ലോ ഗവേഷണം നടത്തിയതു്. അതിനാൽ അദ്ദേഹത്തെ അധികരിച്ചുള്ള ഈ സ്മരണികയിൽ, ഭർത്തൃഹരിയെപ്പററിയുള്ള ഒരു ലേഖനമെഴുതാമെന്നു വിചാരിച്ചു. ആ വിചാരത്തിൻെറ ഫലമാണീ ലേഖനം.

ഭർത്തൃഹരിയുടെ പ്രസിദ്ധിക്കു നിദാനം വ്യാകരണശാസ്ത്രത്തിന്നും ഭാഷാശാസ്ത്രത്തിന്നും അദ്ദേഹം ചെയ്ത സേവനങ്ങളാണു്. എന്നാൽ തത്ത്വചിന്തയിൽ അദ്ദേഹമൊരദ്വൈതിയായിരുന്നു എന്നു വേണം കരുതാൻ. വാക്യപദീയം എന്ന അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ വ്യാകരണഗ്രന്ഥത്തിൽ അദ്ദേഹത്തിൻെറ അദ്വൈതിത്വം ഉദാഹരിപ്പാൻ ധാരാളം കാരികകളുണ്ടു്. ഉദാഹരണത്തിനു നോക്കുക.

യത്ര ദ്രഷ്ടാ ച ദൃശ്യം ച ദർശനം ചാവികല്പിതം
തസ്യൈവാർത്ഥസ്യ സത്യത്വമാഹുസ്ത്രയ്യന്തവേദിനഃ
(വാ. പ. 3. 3. 72)

കാണുന്നവനും കാണപ്പെടുന്നതും കാഴ്ചയും എവിടെ വെവ്വേറെയല്ലയോ അവിടെയാണ് സത്യമെന്നു വേദാന്തികൾ പറയുന്നു.

ആത്മാ പരഃ പ്രിയോ ദ്വേഷ്യോ വക്താ വാച്യം പ്രയോജനം
വിരുദ്ധാനി യഥൈകസ്യ സ്വപ്നേരൂപാണി ചേതസഃ
അജന്മനി തഥാനിത്യേ പൗർവാപര്യവിവർജ്ജിതേ,
തത്ത്വേ ജന്മാദിരൂപത്വം വിരുദ്ധമുപലഭ്യതേ.
(വാ. പ. 3. 17. 18)

സ്പന്ദകാരികകൾക്ക് താനെഴുതിയ വ്യാഖ്യാനത്തിൽ രാമകണ്ഠാചാര്യർ (കാശ്മീർ ടെക്സ്റ്റ്സ് സീരിസ്, 6, 1913) ഭർത്തൃഹരിയുടേതെന്നു പറഞ്ഞ് ഈ കാരിക ഉദ്ധരിക്കുന്നു:

പ്രവിഭജ്യാത്മനാത്മാനം സൃഷ്ട്വാ ഭാവാൻ പൃഥഗ്വിധാൻ
സർവേശ്വരഃ സർവമയഃ സ്വപ്നേ ഭോക്താ പ്രവർത്തതേ.

ഈ കാരിക വാക്യപദീയത്തിലില്ല. പക്ഷേ 1. 9. കാരികയുടെ വൃത്തിയിൽ ഇതു കാണുന്നുണ്ട്. വൃത്തി ഭർത്തൃഹരിയുടേതാണെന്നാണ് പൊതുവെ അംഗീകരിച്ചിട്ടുള്ളതു്.

പുറമേ നിന്നുള്ള തെളിവുകളുമുണ്ട്. രാമാനുജൻെറ ഗുരുവായിരുന്ന യാമുനാചാര്യർ ബ്രഹ്മസൂത്രവ്യാഖ്യാതാക്കളുടെ പട്ടികയിൽ ഭർത്തൃഹരിയെ ഉൾപ്പെടുത്തുക മാത്രമല്ല അദ്ദേഹമൊരദ്വൈതിയായിരുന്നുവെന്നു സൂചിപ്പിക്കുന്നുമുണ്ട്. പ്രകരണമിതാണ്. സ്വയംപ്രകാശമായ ബോധംതന്നെയാണ് ആത്മാവെന്നു സൗഗതന്മാർ പറയുന്നുവെന്നു പ്രസ്താവിച്ചതിനുശേഷം പ്രച്ഛന്നന്മാരും ഇതുതന്നെ പറയുന്നു. താഴെ എഴുതുന്ന ശ്ലോകം തെളിവാണ്.

ശുദ്ധം തത്ത്വം പ്രപഞ്ചസ്യ ന ഹേതുരനിവൃത്തിതഃ
ജ്ഞാതൃജ്ഞേയവിഭാഗസ്യ മായൈവ ജനനീ തതഃ

(ശുദ്ധമായ തത്ത്വം പ്രപഞ്ചത്തിനു കാരണമാവാൻ വഴിയില്ല. അറിയുന്നവൻ, അറിയപ്പെടുന്ന വസ്തു എന്നീ വിഭാഗത്തിനു മായയാണ് കാരണം). ഈ ശ്ലോകം തന്നെ ചിത്സുഖീവ്യാഖ്യാതാവായ പ്രത്യഗ്രൂപഭഗവാൻ ബ്രഹ്മജ്ഞാനികളിൽ ഉത്തമനായ ഭർത്തൃഹരിയുടേതാണെന്ന മുഖവുരയോടെ ഉദ്ധരിക്കുന്നുണ്ട്. ധാതുസമീക്ഷ എന്ന ഗ്രന്ഥത്തിലാണിതെന്നും പറയുന്നു. ശബ്ദധാതുസമീക്ഷ എന്ന ഗ്രന്ഥം ഭർത്തൃഹരിയുടേതാണെന്ന

പ്രസിദ്ധമെങ്കിലും അതിന്റെ മാതൃക ഇനിയും കണ്ടു കിട്ടിയിട്ടില്ല. അതിനാൽ യാമുനാചാര്യരും പ്രത്യഗ്രൂപഭഗവാനും ഭർത്തൃഹരി അദ്വൈതിയാണെന്നംഗീകരിച്ചിട്ടുണ്ട്. സോമാനന്ദനും ഉൽപലദേവനും ഭർത്തൃഹരിയെ വിമർശിക്കുകയും ഒരു വൈയാകരണനു് തത്ത്വചിന്തയിൽ തലയിടേണ്ട ആവശ്യമില്ലെന്നാക്ഷേപിക്കുകയും ചെയ്യുന്നു. എന്നാലവർ

ദിക്‌കാലാദ്യനവച്ഛിന്നാനന്തചിന്മാത്രമൂർത്തയേ
സ്വാനുഭൂത്യേകമാനായ നമഃ ശാന്തായ തേജസേ

എന്ന ശ്ലോകം ഉദ്ധരിക്കുകയും അതു് ശബ്ദധാതുസമീക്ഷയിലുള്ളതാണെന്നു പറയുകയും ചെയ്യുന്നു. അതേ പോലെ മററു പല കാശ്മീരപണ്ഡിതന്മാരും അദ്വൈതവാദങ്ങളുപന്യസിക്കുമ്പോൾ ഭർത്തൃഹരിയെ ഉദ്ധരിക്കുന്നുണ്ടു്. പ്രത്യഭിജ്ഞാവാദത്തിന്റെ പരമാചാര്യനും പ്രസിദ്ധാലങ്കാരികനുമായ അഭിനവഗുപ്തനും ഭർത്തൃഹരിവാക്യങ്ങളെ സാദരം സ്മരിക്കുന്നുണ്ടു്. ഭർത്തൃഹരിയെ 'തത്ര ഭവാൻ ഭർത്തൃഹരി' എന്നാണദ്ദേഹം സാധാരണ നിർദ്ദേശിക്കുന്നതു്. അദ്വൈതസിദ്ധാന്തത്തെ നിരാകരിക്കുമ്പോൾ ഭട്ടനാരായണകണ്ഠൻ എന്ന പണ്ഡിതൻ ഭർത്തൃഹരിയെയാണു് ഉദ്ധരിക്കുന്നതു്. ശബ്ദാദ്വൈതവാദത്തെ ഖണ്ഡനത്തിനായി ഉപന്യസിക്കുമ്പോൾ, ശാന്തരക്ഷിതനെന്ന ബൗദ്ധപണ്ഡിതൻ വാക്യപദീയത്തിലെ ആദ്യത്തെ കാരികയാണു് ഉദ്ധരിക്കുന്നതു്. ഭർത്തൃഹരിയുടെ സിദ്ധാന്തത്തെ ഇങ്ങനെയാണു് ശാന്തരക്ഷിതൻ സംഗ്രഹിക്കുന്നതു്:

അർത്ഥാവിഭാഗമേവേദം ബ്രഹ്മ തത്ത്വം സദാ സ്ഥിതം,

അവിദ്യോപപ്ലവാല്ലോകോ വിചിത്രം ത്വഭിമന്യതേ. അതായതു, ശബ്ദതത്ത്വമായ ബ്രഹ്മം അഖണ്ഡമാണു്; അവിദ്യ കാരണം ആളുകൾ ഇതിനെ പലതായി കാണുന്നു. അദ്വൈതവാദത്തിന്റെ പ്രതിഷ്ഠാപകരിൽ പ്രധാനികളായ ഗൗഡപാദനും ശ്രീശങ്കരനും മുൻപാണു് ഭർത്തൃഹരിയുടെ കാലം. ശങ്കരൻ ഭർത്തൃഹരിയുടെ പേരു പറയുകയോ അദ്ദേഹത്തെ ഉദ്ധരിക്കുകയോ ചെയ്യുന്നില്ലെങ്കിലും, ഭർത്തൃഹരിയുടെ വാദമുഖങ്ങൾ അദ്ദേഹത്തിനു പരിചിതങ്ങളായിരുന്നു എന്നതിൽ തർക്കമില്ല.

എന്നാൽ ഭർത്തൃഹരിയുപയോഗിക്കുന്ന അദ്വൈതവാദങ്ങളെപ്പററി പഠിക്കാൻ നമുക്കുള്ള സാമഗ്രി അതിവിരളമാണ്. വാക്യപദീയം, ത്രിപാദി എന്ന പേരിലറിയപ്പെടുന്ന മഹാഭാഷ്യവ്യാഖ്യ എന്നീ രണ്ടു വ്യാകരണഗ്രന്ഥങ്ങളാണ് നമുക്കുള്ള മുതൽ. ഇവയിൽ നിന്ന് മനസ്സിലാക്കാവുന്നിടത്തോളം ഭാഗങ്ങൾ എടുത്തു തട്ടിച്ചു നോക്കുമ്പോൾ, ഗൗഡപാദനും ശ്രീശങ്കരനും പ്രസ്താവിച്ച അദ്വൈതവാദങ്ങളോടിണങ്ങുന്നവയായി കാണാം. അഖണ്ഡവും ഏകവുമായ ബ്രഹ്മമാണ് ലോകത്തിന്നറവിടം, നാനാത്വം തോന്നുന്നതു് അവിദ്യയുടെ കളിയാണു്; അവിദ്യ അനിർവചനീയമാണ്; അതുണ്ടെന്നോ ഇല്ലെന്നോ വാദം കൊണ്ടു സ്ഥാപിക്കാൻസാധ്യമല്ല; വേദഭാഗങ്ങളും അവയുടെ പഠനവും അവകൊണ്ടു സാധിക്കുന്ന യജ്ഞാദികർമ്മങ്ങളുമെല്ലാം അവിദ്യയുടെ പരിധിയിൽ പെടുന്നവയാണ്. അങ്ങേ അററത്തു് പ്രാപ്യമായതു് ബ്രഹ്മമാണ്. അതു മാത്രമാണു സത്യം. പ്രതിഭാസിക്കുന്ന നാനാത്വം ഇല്ലാതാക്കാൻ കഴിയും. അതു സാധിച്ചാൽ ഏകമായ ബ്രഹ്മം മാത്രമാണു സത്യമെന്നറിയാം. ഈ കാര്യങ്ങളിലെല്ലാം ഭർത്തൃഹരി, ഗൗഡപാദരോടും ശ്രീശങ്കരനോടും യോജിച്ചു പോകുന്നു. പക്ഷേ ബ്രഹ്മം ശബ്ദതത്ത്വമാണെന്ന ഭർത്തൃഹരീപ്രസ്താവത്തിന് ഗൗഡപാദരോ ശ്രീശങ്കരനോ പിൻതുണ നല്കിക്കാണുന്നില്ല. വാക്കും ഓങ്കാരവും ബ്രഹ്മമാണെന്നു പ്രസ്താവിക്കുന്ന ഉപനിഷദ്വാക്യങ്ങൾ ഭർത്തൃഹരിയുടെ വാദത്തിനു ഉപോദ്ബലകമായി കാണിക്കാം. പക്ഷേ ശ്രീശങ്കരൻ അവയെ നേരിട്ടുള്ള വാച്യാർത്ഥം വഴിയല്ല പരിഗണിക്കുന്നതു്, ലാക്ഷണികാർത്ഥത്തിലാണ്. 'ഓമിത്യേതദക്ഷരമിദം സർവം' എന്ന മാണ്ഡൂക്യോപനിഷദ്വാക്യത്തിന്ന് ശങ്കരൻെറ അർത്ഥം, ഓംകാരം ബ്രഹ്മത്തെ ചൂണ്ടുന്നതാണെന്നു മാത്രമാണ്. പക്ഷേ, ഭർത്തൃഹരിയോ ഓംകാരത്തെ തന്നെ ശബ്ദതത്ത്വമായി പരിഗണിക്കുന്നു.

ഇവിടെ നമുക്ക് നേർവഴി സ്വല്പം വിട്ടു് മറെറാരു ഭാഗത്തേക്കുകൂടി ഒന്നു നോക്കാം. മഹാപണ്ഡിതനായിരുന്ന മഹാമഹോപാധ്യായ കുപ്പുസ്വാമി ശാസ്ത്രികൾ, ശങ്കരൻ സ്ഫോടവാദത്തെ ഖണ്ഡിക്കുന്നതായി വർണ്ണിച്ചിരിക്കുന്നു. അതു് ബ്രഹ്മസൂത്രം 1. 3.28 ലെ ഭാഷ്യത്തിലാണെന്നും. ഇവിടെ

ദേവന്മാർ ശബ്ദത്തിൽ നിന്നുണ്ടായവരാണെന്നു പറയലാണ് പ്രകൃതം. ഇവിടെ ശങ്കരൻ ചോദ്യമുന്നയിക്കുന്നു. ഏതാണീ ശബ്ദം, ദേവന്മാർക്കു ജന്മം കൊടുത്തതു്? എന്ന്. ആദ്യം സ്ഫോടമെന്നു പറയുന്നു. എന്നു തുടങ്ങി സ്ഫോടവാദമനുസരിച്ച് ശബ്ദത്തെ വിശകലനം ചെയ്യുന്നു. പിന്നീട് 'വർണ്ണങ്ങൾ തന്നെയാണ് ശബ്ദമെന്നു് ഭഗവാൻ ഉപവർഷൻ പറയുന്നു' എന്നു തുടങ്ങിയ മീമാംസകന്മാരുടെ വർണ്ണശബ്ദവാദത്തേയും വിവരിക്കുന്നു. രണ്ടു മതത്തേയും പ്രശംസിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നില്ല. അതിനാൽ ശങ്കരൻ സ്ഫോടത്തെ നിരാകരിക്കുന്നു എന്ന ശാസ്ത്രികളുടെ പ്രസ്താവം തികച്ചും സത്യത്തോടു നിരക്കുന്നതാണെന്നു പറയാൻ വയ്യ.

ബ്രഹ്മതത്ത്വത്തെ സംബന്ധിച്ചിടത്തോളം ഭർത്തൃഹരിയുടേയും ശ്രീശങ്കരൻേറയും വാദങ്ങൾ ഒത്തുപോകുന്നുണ്ട്. ബ്രഹ്മം പൗവാപര്യമില്ലാത്തതും നിരവധി ശക്തികളടങ്ങുന്നതുമാണ്. ശക്തികൾ അതിൽനിന്നു വേറിട്ടവയാണെന്നു പറഞ്ഞുകൂട. തീയിൻെറ പ്രകാശവും ചൂടും തീയിൽനിന്നു വേറിട്ടതല്ലല്ലോ. ഈ ശക്തികൾ അനിർവചനീയങ്ങളാണ്.

ഭർത്തൃഹരിയെ സംബന്ധിച്ചിടത്തോളം മോക്ഷമെന്നു പറയുന്നതു് ബ്രഹ്മപ്രാപ്തിയാവാം. ബ്രഹ്മത്തെ അറിയലാവാം. അല്ലെങ്കിൽ ബ്രഹ്മവുമായി ഒന്നുചേരലാവാം. ഇവ കാരികയനുസരിച്ച്. വാക്യപദീയം 1.5 ൻെറ വൃത്തിയിലാവട്ടെ 'ഞാൻ' 'എൻേറതു്' എന്നു പറയപ്പെടുന്ന അഹങ്കാരക്കെട്ടിനെ പൊട്ടിക്കലാണ്. ഒൻപതു് അഭിപ്രായങ്ങളും മോക്ഷത്തെപ്പററി അദ്ദേഹം പറയുന്നു. അവ എല്ലാം പ്രകൃതിയിൽ ലയിക്കൽ, ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിൻവലിക്കൽ, സ്വയം തൃപ്തനാവൽ, സ്വാതന്ത്ര്യമായിത്തീരൽ, ആത്മാവല്ലാതെ മററൊന്നിലുമിച്ഛയില്ലായ്മ, വികാരംകൊണ്ടുളവായ അവസ്ഥയിലേതിലുമല്ലാതിരിക്കുക, സർവ്വശക്തികളേയും സംഭരിക്കൽ, കാലത്തിൻെറ പ്രവൃത്തി തന്നിലുളവാകാതെ ഇരിയ്ക്കൽ എന്നിവയത്രേ. ജീവമുക്തിയെപ്പററി ഭർത്തൃഹരി ഒന്നും പ്രസ്താവിച്ചിട്ടില്ല. എങ്കിലും 'ഞാൻ' 'എൻെറ' എന്ന അഹങ്കാരക്കെട്ടുപൊട്ടൽ വേണമെങ്കിൽ ജീവമുക്തിയായി വ്യാഖ്യാനിച്ചുകൂടെ?

മലയാളനിരൂപണവും ഡോ. രാഘവൻ പിള്ളയും

ഡോ. കെ. രാമചന്ദ്രൻ നായർ

മലയാളനിരൂപണത്തിൻെറ പ്രഹതപഥങ്ങളിൽ നിന്നു് വ്യതിചലിച്ച എഴുത്തുകാരനാണു് ഡോ. രാഘവൻ പിള്ള. ആ വ്യതിചലനമാകട്ടെ ഡോ. രാഘവൻപിള്ളയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒരു പ്രതിഭാസമായി അവശേഷിക്കുകയും ചെയ്യുന്നു.

നമുക്കു് എന്നും നിരൂപണമെന്നു പറയുന്നതു് സാഹിത്യത്തിൽ ആരംഭിക്കുകയും സാഹിത്യത്തിൽ അവസാനിക്കുകയും ചെയ്യുന്ന ഒരു പ്രവർത്തനതന്ത്രമായിരുന്നു. സാഹിത്യത്തിനു്, ഏതു് സാഹിത്യവിഭാഗത്തിനും, നിയതമായ ചട്ടക്കൂടുകളുണ്ടു്; നിയതമായ നിയമാവലികളുണ്ടു്. ആ ചട്ടക്കൂടുകൾക്കുള്ളിൽ ആ നിയമാവലികൾക്കുള്ളിൽ, ആ നിയമാവലികൾക്കൊത്തു് അതു് പ്രവർത്തിക്കുന്നു. ഗുണം കണ്ടെത്താനായാലും കൊള്ളാം, ദോഷം തിട്ടപ്പെടുത്താനായാലും കൊള്ളാം, ആ ചട്ടക്കൂടുകളെക്കുറിച്ചും ആ നിയമാവലികളെക്കുറിച്ചും വ്യക്തമോ അവ്യക്തമോ ആയ കുറെ ധാരണകൾ രൂപപ്പെടുത്തി വച്ചാൽ മതി. ആ ധാരണകളുടെ അടിസ്ഥാനത്തിൽ ഏതു കൃതിയെയും ഏതു് എഴുത്തുകാരനെയും നമുക്കു് എളുപ്പം അളന്നു് വിലയിരുത്താം. രോഗനിർണ്ണയവും ചികിത്സാവിധിയും ക്ഷിപ്രസാദ്ധ്യമാവും. അങ്ങനെ, ഡോ. രാഘവൻ പിള്ളയുടെ ഭാഷയിൽ പറഞ്ഞാൽ നമ്മുടെ

നിരൂപണങ്ങൾ ''ആയുർവ്വേദക്കുറിപ്പടികളായി.'' അവ അങ്ങനെ തന്നെയല്ലേ ആവേണ്ടത് എന്ന് വാദിക്കുന്നവരുണ്ടാവാം. സാഹിത്യം വിലയിരുത്തപ്പെടേണ്ടത് സാഹിതീയമായ മാനദണ്ഡങ്ങൾ കൊണ്ടുതന്നെയല്ലേ? അങ്ങനെയായാൽ മാത്രമല്ലേ സാഹിത്യത്തിൻെറ ഇതരാനപേക്ഷമായ ആന്തരികസത്ത വെളിപ്പെടുകയുള്ളൂ? ആ വാദത്തിൽ സാംഗത്യം എത്രകണ്ടുണ്ടെങ്കിലും ഡോ. രാഘവൻ പിള്ള അതു് അപ്പാടെ അംഗീകരിച്ചു എന്നു വരുകയില്ല. കാരണം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാഹിത്യനിരൂപണം തൻെറ അതിവിപുലമായ ധൈഷണികജീവിതത്തിൻെറ അപ്രധാനമല്ലാത്ത ഒരു ഭാഗം മാത്രമായിരുന്നു. നമ്മുടെ മററു പ്രമുഖരായ നിരൂപകർ പലർക്കും-കേസരി ബാലകൃഷ്ണപിള്ളയെ മാത്രം മാററിനിർത്താമെന്നു തോന്നുന്നു – സാഹിത്യേതരമായൊരു ധൈഷണികജീവിതത്തെപ്പററി എന്തെങ്കിലും സങ്കല്പം ഉണ്ടായിരുന്നോ എന്നു തന്നെ സംശയമാണു്. അവർക്കു് സാഹിത്യം എന്നാൽ സാഹിത്യം മാത്രം; അവരുടെ പക്കൽ സാഹിത്യസംബന്ധിയായ ജ്ഞാനവിജ്ഞാനങ്ങൾ സമ്മാനിച്ച മുഴക്കോലുകൾക്കപ്പുറം മറെറാന്നുമുണ്ടായിരുന്നില്ല.

ഡോ. രാഘവൻ പിള്ളയുടെ 'സമീപനങ്ങൾ, സമന്വയങ്ങൾ' എന്ന ഉപന്യാസസമാഹാരത്തിലെ അതേ പേരുള്ള ആദ്യലേഖനത്തിൽ കവികർമ്മത്തിൻെറ കാഠിന്യം ചർച്ചചെയ്യുന്ന ഒരു ഭാഗമുണ്ടു്. ഒന്നൊന്നരപ്പുറം വരുന്ന ആ ഭാഗത്തു് അദ്ദേഹം ഒതുക്കിനിർത്തുന്ന വ്യക്തികളെയും ആശയതലങ്ങളെയും ഒന്നോടിച്ചു് പരിശോധിച്ചു നോക്കൂ. എമേഴ്സൺ, തോറോ, വാൾട്ട് വിററ്മാൻ, അവരിൽ സ്വാധീനം ചെലുത്തിയ ഇന്ത്യയിലെ വേദാന്തം, ജപ്പാനിലെ സെൻബുദ്ധമതം, ബ്ളൂം ഫീൽഡും പാണിനിയും, ചോംസ്കിയുടെ 'ജനറേററീവ്് ഗ്രാമറും' ഭർത്തൃഹരിയുടെ ശബ്ദബ്രഹ്മവാദവും, സാർത്ര്, വാക്യസ്ഫോടവാദവും ആധുനികകവിതയും ഇങ്ങനെ എത്രയോ കാര്യങ്ങൾ ഒരുമിച്ചു വച്ചാണു് അദ്ദേഹം കവികർമ്മത്തെപ്പററി ചർച്ച ചെയ്യുന്നതു്. ആ ചർച്ചയിൽ അന്തർഭവിക്കുന്ന ആശയവൈവിദ്ധ്യം ജാഗ്രത്തായ ഒരു ധൈഷണികജീവിതത്തിൽ നിന്നു മാത്രമേ ഉറവെടുക്കുകയുള്ളൂ. അത് വെറും സാഹിത്യചർച്ചയല്ല; സ്വാംശീകരിക്കാത്ത പുസ്തകജ്ഞാനം വിളമ്പുന്ന ഉപരിപ്ലവ

മായ വാക്യാടോപമല്ല. ഡോ. രാഘവൻ പിള്ള ഇരുപത്തിനാലു മണിക്കൂറും ധിഷണയുടെ ലോകത്തിൽ ജീവിച്ചയാളാണ്. ആ ധിഷണാജീവിതത്തിന്റെ ഉപോല്പന്നം മാത്രമാണ് അദ്ദേഹത്തിന്റെ സാഹിത്യനിരൂപണം. അതുകൊണ്ട് ആ നിരൂപണത്തിന് എല്ലുറപ്പുണ്ടായി; അതുകൊണ്ട് ആ നിരൂപണം മലയാളനിരൂപണത്തിന്റെ പ്രഹതപഥങ്ങളിൽ നിന്നുള്ള വ്യതിചലനമായി

ഡോ. രാഘവൻപിള്ള തെളിച്ച ഈ വെട്ടുവഴിയിലൂടെ സഞ്ചരിക്കാൻ ആരും ഇതുവരെ ഒരുങ്ങിപ്പുറപ്പെട്ടിട്ടില്ല. കാരണം അത് അല്പം ക്ലേശംപിടിച്ച പണിയാണ്. അതിനുള്ള കോപ്പും കൗശലവും ഒപ്പിക്കാൻ സാമാന്യത്തിൽക്കവിഞ്ഞ ഉൾക്കരുത്തു വേണം, ഉൾക്കാഴ്ചയും വേണം.

ഭാഗം മൂന്ന്

ഡോ. രാഘവൻ പിള്ളയുടെ കൃതികൾ

ഡോ. രാഘവൻ പിള്ളയുടെ ഗൃഹത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ നോക്കി തയ്യാറാക്കിയതാണു് ഈ ഗ്രന്ഥസൂചി. ഇതു പൂർണ്ണമല്ലെന്നു് അറിയാമെങ്കിലും ഭാവിഗവേഷകർക്കു് വഴികാട്ടിയായിത്തീരും എന്ന വിശ്വാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

—സമ്പാദകൻ

ഡോ. രാഘവൻ പിള്ളയുടെ കൃതികൾ

തയ്യാറാക്കിയത്: **ഡോ. എൻ. വി. കുഞ്ഞമ്മ**

മലയാളം

പുസ്തകങ്ങൾ

അർത്ഥത്തിന്റെ അതിർത്തികൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, നവംബർ, 1982.

അസ്തിത്വവാദികളും ഭഗവദ്ഗീതയും. മാതൃഭൂമി, 1987.

എന്റെ ലണ്ടൻ ജീവിതം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1956.

ഏകാങ്കസമാഹാരം (സമ്പാദകൻ. ഹിന്ദിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്).

കണ്ണാടിയിൽ ആലീസ് കണ്ട അദ്ഭുതലോകം (വിവർത്തനം).

കൽഹണൻ (വിവർത്തനം) സാഹിത്യ അക്കാദമി, 1983.

കൃതി ഒരു കൃഷിഭൂമി. ഡി.സി. ബുക്സ്, കോട്ടയം, 1987.

മലയാളപ്പിറവി (ലേഖനസമാഹാരം), എൻ.ബി.എസ്. 1968.

മൂഷികവംശം – മൂലവും പരിഭാഷയും, കേരളസർവ്വകലാശാല, പ്രകാശനവിഭാഗം, 1983.

സമീപനങ്ങൾ, സമന്വയങ്ങൾ സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം, 1986.

സാർത്രിന്റെ അസ്തിത്വദർശനം എൻ.ബി.എസ്. 1980.

ഹസ്തലിഖിത ഗ്രന്ഥശാലയുടെ ഡയറക്ടർ എന്ന നിലയിൽ സംസ്കൃതത്തിലും മലയാളത്തിലുമായി നൂറോളം കൃതികൾ എഡിററു ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കവിതകൾ

ഇലക്ഷൻ ഇൻ ചിക്കമെഗലൂർ (3.11.1978)

ഒരു ധൂർത്തനോട് (29.1.1979)

ചെറുതുരുത്തിയെക്കുറിച്ചെഴുതിയ ചില പദ്യങ്ങൾ (11.11.1978)

തിരശ്ശീല (6.8.81)

നദീദശകം (24.6.1984)

ബുദ്ധൻ

ചെറുകഥകൾ

ആൽത്തിയ. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ, 1965.

ഉറക്കഗുളിക

ഒരു കുടുംബത്തിന്റെ കഥ. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജനുവരി 1966

പഴയകിളി

പൊല്ലാപ്പ്

പ്രയാണം

പ്രോജക്ട് മാത്തുക്കുട്ടി (17.10.1980.)

മകിടികളി (16.10.1980.)

മഞ്ഞുരുള–ഒരു പുനർജ്ജന്മകഥ (റഷ്യൻകഥയുടെ പഠനവും തർജ്ജമയും)

വിശ്വാസത്തിന്റെ കഠാരി (14.10.1980)

ലേഖനങ്ങൾ

അകവൂർ നാരായണന്റെ വെണ്മണി പ്രസ്ഥാനം. കലാകൗമുദി ജൂലായ് 1984.

അക്ഷരങ്ങളിൽ ഉടക്കുന്ന അപകടങ്ങൾ (നർമ്മലേഖനം), മനോരമ ദിനപത്രം, ജനുവരി 12, 1985.

അഞ്ചാഴ്ച ചൈനയിൽ. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ആറു ലേഖനങ്ങൾ, 1956.

അതിമാനുഷൻ–ഒരസ്തിത്വകവിത. ഭാഷാസാഹിതി, ജൂലായ്–സെപ്റ്റംബർ 1980.

അധികാരവലിപ്പത്തിൻെറ മറ സൃഷ്ടിക്കാത്ത മഹാവ്യക്തി. വി.വി. ഗിരിയെക്കുറിച്ച്. കേരളകൗമുദി വീക്കെൻഡ് മാഗസിൻ, ജൂൺ 29, 1980.

അന്തർജനം മുതൽ അഷിതവരെ

അന്തഃസത്താനിരൂപണം. കലാകൗമുദി, 1983.

അരവിന്ദദർശനം. റേഡിയോപ്രഭാഷണം.

അവകാശികളിലേയ്ക്ക് ഒരഞ്ചടിപ്പാത. ജനുവരി 1, കലാകൗമുദി, 1984.

അവാർഡുകളുടെ വാർഡ് (നർമ്മലേഖനം), മനോരമ, ഏപ്രിൽ 17, 1986.

അസ്തിത്വവാദം

അസ്തിത്വവാദവും അയഞ്ഞ ജീവിതവും. മുഖവുര, മാസികം, ജനുവരി12, 1985.

അസ്തിത്വവാദത്തിൻെറ അകത്തളങ്ങൾ (അപ്രകാശിതം)

അസ്തിത്വവാദവും മലയാളസാഹിത്യവും. സാഹിത്യലോകം, ജൂലായ്–ഡിസംബർ 1985.

അസ്തിത്വവാദാനന്തരസാഹിത്യവും മലയാളവും. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 1982.

ആൺപ്രായമെത്തിയ ആക്ഷേപഹാസ്യം. മലയാളനാട്, നവംബർ 1984.

ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും. പത്രാധിപർക്കുള്ള കത്ത്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 26, 1982.

ആത്മസംഘർഷത്തിൻെറ കവി. സായുജ്യം—ഐക്യകേരള സ്പെഷ്യൽ ഒക്ടോബർ, 1981.

ആത്മാന്വേഷണത്തിൻെറ അനിഷേധ്യസ്വരം. ഗ്രന്ഥാലോകം, ഫെബ്രുവരി, 1975.

ആധുനികഭാരതീയകവിത (28.8.83), അപ്രകാശിതം.

ആധുനികസാഹിത്യം. മലയാളനാട് ഓണപ്പതിപ്പ്, സെപ്റ്റംബർ 13, 1970.

ആശാൻ – വിഷാദത്തിൻെറയും വികാസത്തിൻെറയും കവി ആശാൻ കവിത—ആശാൻ അക്കാദമി, തിരുവനന്തപുരം.

ആശാനും കവിതയിലെ സംഘർഷവും

ആശ്ചര്യചൂഡാമണി (വിവർത്തനം)

ഇടയൻെറ പാട്ട് (കവിതാനിരൂപണം)

ഉള്ളൂർ എന്ന പണ്ഡിതൻ (11.6.1961)

ഉള്ളൂർ കവിതയിലെ ക്ലാസിക് പ്രവണതകൾ. കവിതാസമിതി, തിരുവനന്തപുരം, 1961.

ഊഷ്മളമായ ഉദാത്തസ്വരം (കൈനിക്കരയെക്കുറിച്ച്), മാതൃഭൂമി ആഴ്ചപ്പതിപ്പ്.

എൻ. കൃഷ്ണപിള്ളയുടെ നാടകലോകം. ഭാഷാസാഹിതി ജനുവരി മാർച്ച്, 1979.

എൻ. പി. മുഹമ്മദിൻെറ എണ്ണപ്പാടം (നിരൂപണം), മാതൃഭൂമി.

എൻ. എൻ. പിള്ളയുടെ നാടകങ്ങൾ

എന്നത്തെയും മനുഷ്യൻെറ കഥ (ഭഗവദ്ഗീതയെക്കുറിച്ചൊരു പഠനം, രണ്ടു ഭാഗം), മലയാളമനോരമ ദിനപത്രം, ജൂലായ് 8. 1987, ജൂലായ് 25, 1987.

എന്നാലിനിയൊരു കഥയുരചെയ്യാം (കയറിനെക്കുറിച്ചു ചില ചിന്തകൾ) ഭാഷാപോഷിണി, ഏപ്രിൽ—മെയ് 1985.

എൻെറ പ്രിയസുഹൃത്ത് പ്രൊഫസർ ബാഷം. ഭാഷാപോഷിണി, ഡിസംബർ—മാർച്ച് 1985—86.

എന്താണു പ്രതിഭാസവിജ്ഞാനീയം. കലാകൗമുദി, ഏപ്രിൽ 1983.

എം.ടി.യുടെ രണ്ടാമൂഴം മാതൃഭൂമി.

എം. ലീലാവതിയുടെ വിപ്ലവത്തിൻെറ വീരേതിഹാസം മലയാളനാട് (24.10.1984).

എസ്. കെ.യുടെ യാത്രാവിവരണം

എസ്. പി. സി. എസ്സും ബൃഹദ്ഗ്രന്ഥപ്രസിദ്ധീകരണവും വിംശതി. സാഹിത്യപ്രവർത്തകസഹകരണസംഘം, 1965.

എഴുത്തച്ഛൻെറ ഒരു സ്തുതിയുടെ കഥ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1982 മാർച്ച് 28, ഏപ്രിൽ 3

എഴുത്തച്ഛൻെറ വിവർത്തനകല (മഹാഭാരതം) മലയാളസാഹിത്യം വാർഷികപ്പതിപ്പ്, 1985.

എഴുത്തിൻെറ തലയിലെഴുത്ത് തൃശ്ശൂർ പബ്ലിക് ലൈബ്രറി സുവനീർ.

ഏ. ആർ. രാജരാജവർമ്മ – മലയാളത്തിൻെറ രാജശില്പി (പ്രൊഫസർ ചന്ദ്രികാശങ്കരനാരായണൻെറ കൃതിക്ക് അവതാരിക)

ഏകാങ്കനാടകം മലയാളത്തിൽ

ഐവാൻ ഡെനിസോവിച്ചിൻെറ ജീവിതത്തിലൂടെ ഒരു ദിവസം (റഷ്യൻ കഥയുടെ പഠനവും തർജ്ജമയും)

ഒരു ദുർബലമായ കാഫ്കാനുകരണം (നിരൂപണം) ഒക്ടോബർ, 1983.

ഒരു മിഥിൻെറ നോവൽ (നിരൂപണം), കലാകൗമുദി, ജൂലായ് 1984.

ഓർവെലിൻെറ വർഷത്തിനു് ഒരോണക്കോടി. കലാകൗമുദി, മാർച്ച് 18, 1984.

കണ്ടത്തിൽ വർഗ്ഗീസുമാപ്പിളയും മലയാളവിമർശനവും. ഭാഷാപോഷിണി. ഡിസംബർ–ജനുവരി 1983–84.

കഥകളുടെ മാനുഷികപരിവേഷം

കരച്ചിലും കരളുരോഗവും (നർമ്മലേഖനം).

കരഞ്ഞു കരഞ്ഞു കരുത്തു നേടുക. നർമ്മലേഖനം, മലയാളമനോരമ ദിനപത്രം (7.2.1985).

കവിതയിലെ ഭാഷ. ഗ്രന്ഥാലോകം, ആഗസ്റ്റ് 1966.

കവിതാലോകത്തെ ആമ്പൽപ്പൊയ്ക. മലയാളമനോരമ, 1983 നവംബർ 27.

കവിയുടെ ഡി. എൻ. സി. യെക്കുറിച്ചന്വേഷണം. കലാകൗമുദി, ആഗസ്റ്റ് 8, 1982.

കവിയും കവിതയും സ്വക്ഷേത്രത്തിൽ. കലാകൗമുദി, ജൂലായ് 1981.

കഴിഞ്ഞ കാൽ ശതാബ്ദത്തിലെ മലയാളസാഹിത്യം (അർത്ഥത്തിൻെറ അതിർത്തികൾ എന്ന കൃതിയിൽ ചേർത്തു) സാഹിത്യ ലോകം ജൂലായ്–ആഗസ്റ്റ് 1972.

കവിപ്രതിഭയല്ല കവിപ്രതിഭാസം (പി. കുഞ്ഞിരാമൻ നായരെ ക്കുറിച്ച്).

കാദംബരിയും നമ്മുടെ ഇന്നത്തെ നോവലും. മലയാളി വാരാന്ത്യപ്പതിപ്പ്.

കാഫ്ക. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂലായ് 3–10, 1983.

കാരൂർക്കഥകളിലെ ലോകം. കാരൂരിൻെറ കഥാലോകം, സമീക്ഷ മദിരാശി.

കാലഘട്ടത്തിൻെറ പഞ്ചതന്ത്രം (എൻ.പി. മുഹമ്മദിൻെറ എണ്ണപ്പാടത്തെക്കുറിച്ച്) കേരളകൗമുദി, ഓണം വിശേഷാൽപ്രതി, 1985.

കാലുകൾ കവിതകൾ. കലാകൗമുദി, 1.2.1982.

കാളിദാസൻെറ ശൈലി. ഭാഷാപോഷിണി, ഏപ്രിൽ–മെയ് 1980.

കാളിദാസപ്രതിഭ (റേഡിയോ പ്രഭാഷണം)

കാവ്യതത്ത്വങ്ങൾ (ഗ്രന്ഥാലോകം, ഒക്ടോബർ 1966.)

കാവ്യബിംബവും ഭാരതീയകാവ്യമീമാംസയും. ഭാഷാസാഹിതി, ജനവരി–മാർച്ച് 1982.

കാവ്യഭാഷയുടെ കവിതകൾ (ദേശമംഗലം രാമകൃഷ്ണൻെറ "വിട്ടുപോയവാക്കുക"ളുടെ അവതാരിക) 14.3.1987.

കാഴ്ചപ്പാടുകൾ (അപ്രകാശിതം)

കുഞ്ചൻ നമ്പ്യാരുടെ പഞ്ചതന്ത്രം കിളിപ്പാട്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഒക്ടോബർ 24, 1965.

കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ നാടകവിവർത്തനങ്ങൾ (19.9.1964).

കുമാരനാശാൻ–സംഘർഷത്തിൻെറ കവി

കുമാരനാശാനും കവിതയിലെ സംഘർഷവും. ഭാഷാസാഹിതി, 1983.

കുലപതിയും കുഞ്ഞുങ്ങളും. സേലം കൈരളീസമാജം, 2.5.1984.

കൃതി ഒരു കൃഷിഭൂമി എന്ന ലേഖനവും അസ്തിത്വവാദത്തിലെ ആചാര്യന്മാർ എന്ന ഏഴു ലേഖനങ്ങളും. കലാകൗമുദി.

കൃതിയെക്കൊണ്ടു കൃതിയുടെ വാക്കുകളിൽ കൃതിയുടെ ആത്മകഥ എഴുതിക്കുക. കേരളസംസ്കാരം വാർഷികപ്പതിപ്പ്, സെപ്തംബർ, 1985.

ക്രുദ്ധമായ മാനുഷികത്വം ''തൂലിക പടവാളാക്കിയ കേശവദേവ്'' എന്ന പുസ്തകത്തിൽ. ഡി.സി. ബുക്സ്, 1986 ഭാഷാപോഷിണി (ഏപ്രിൽ–മെയ് 1984) യിൽനിന്ന്.

കേരളപാണിനി—നവോത്ഥാനത്തിന്റെ നായകൻ. ഭാഷാപോഷിണി, ജൂൺ–ജൂലായ് 1982.

കേരളവർമ്മയുടെ ഗദ്യം. ഭാഷാപോഷിണി, 1983.

കേശവദേവിന്റെ ജീവിതദർശനം ഭാഷാപോഷിണി.

കൊടുങ്കാററുകളെ ചങ്ങലയ്ക്കിട്ട പിതൃദേവൻ. നിരൂപണം.

കൗപീനവന്തഃ ഖലു ഭാഗ്യവന്തഃ (നർമ്മലേഖനം), മലയാളമനോരമ, മാർച്ച് 21, 1985.

ഖസാക്കിൽ പോയ ആനവണ്ടികൾ. (നിരൂപണം).

ഖസാക്കിന്റെ ഇതിഹാസത്തിലെ ദർശനം

ഗാന്ധിജിയെപ്പററി സമകാലികന്മാർ. ഗാന്ധിശതാബ്ദപ്രശസ്തി, ഗാന്ധിശതാബ്ദകമ്മിററി, 1969.

ഗീതാഞ്ജലിയുടെ മലയാളപരിഭാഷകൾ. ടാഗൂറും കേരളവും എന്ന കൃതിയിൽ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്, 1987.

ഗോദവർമ്മ. ചില സ്മരണകൾ.

ചങ്ങലയ്ക്കു ഭ്രാന്തു പിടിച്ചാൽ

ചന്ദ്രലേഖയോടു് (അപ്രകാശിതം) 27.8.1983.

ചർച്ചാവേദിയിലെ ചർച്ച. ഫലിതസാഹിത്യനിരൂപണം, സായുജ്യം മൂന്നു ലക്കം, ഫെബ്രുവരി 5, 12, 19, 1982.

ചിരിയുടെ ചിന്നംവിളി. മാതൃഭൂമി, ടി.വി. വർക്കി എഴുതിയ 'അവിശ്വാസി'' എന്ന കഥാസമാഹാരത്തിന്റെ നിരൂപണം.

ചില വിദ്യാലയസ്മരണകൾ. ജനയുഗം, 16.10.1983.

ചില്ലറയുണ്ടോ ചില്ലറ? (നർമ്മലേഖനം), മലയാളമനോരമ ദിനപത്രം, 2-7. 1985.

ചീത്തയെപ്പററി. ഭാഷാശാസ്ത്രപരമായ ഒരു ചർച്ച, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 1953.

ചെമ്മനം ചാക്കോയുടെ വർഷമേഘം. മലയാളനാട്.

ചേരിചേരാപ്രസ്ഥാനം–അതിൻെറ വികാസവും പരിണാമവും മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 30, 1979.

ചോദ്യോത്തരദശ്നം. ശ്രീനാരായണയുഗപ്രഭാവം, ശിവഗിരിമഠം, വർക്കല, 1978.

ചോദ്യം ചോദിക്കുന്ന മനുഷ്യൻ എവിടെ? സംസ്കാരം, വാർഷികം 1984.

ജി. പ്രതീകാത്മകകവി. ഭാഷാപോഷിണി, ജൂൺ–ജൂലായ്, 1983.

ജി. ശങ്കരപിള്ളയുടെ നാടകങ്ങൾ. അപൂർണ്ണം.

ടാഗോർ എന്ന മനുഷ്യൻ. രവീന്ദ്രോപഹാരം, സാഹിത്യഅക്കാദമി, ന്യൂഡെൽഹി, 1962.

ടി. പദ്മനാഭൻെറ കഥകൾ കലാകൗമുദി.

തന്ത്രസമുച്ചയം. റേഡിയോ പ്രഭാഷണം.

താരതമ്യപഠനം–ഭാഷയിലും സാഹിത്യത്തിലും. ഭാഷാസാഹിതി, ജനുവരി–മാർച്ച്, 1977.

താരതമ്യാത്മകസാഹിത്യം-പഠനം ഒരു സമീപനക്കുറിപ്പ്.

തിരുമേനിയും നിരാശതയും തെററിദ്ധാരണയും

ദശരൂപകങ്ങൾ

ദശനങ്ങൾ. (ലേഖനം), അമ്പലപ്പുഴ ഗോപകുമാറിൻെറ കവിതക്ക് അവതാരിക.

ദിനപത്രവും ദിനപ്പത്രവും. ജനയുഗം വാരിക, ഡിസംബർ 3, 1961.

ദുഃഖം. ഭാഷാപോഷിണി, ആഗസ്റ്റു–സെപ്റ്റംബർ, 1982.

നട്ടുച്ചയ്ക്ക് അസ്തമയം. (കൈനിക്കര പത്മനാഭപിള്ളയുടെ "സ്വാതി തിരുനാൾ" എന്ന പുസ്തകത്തെക്കുറിച്ച്) ഗ്രന്ഥാലോകം, ഏപ്രിൽ, 1967.

നമ്മുടെ പ്രസംഗവേദിയിലെ ചില ശൈലീധനന്മാർ

നമ്മുടെ വനിതാകഥാകൃത്തുകൾ. സാകേതം, തിരുവനന്തപുരം 8.10.1983.

നമ്മുടെ വിദ്യാഭ്യാസരംഗം

നര കണ്ടിട്ട്. ഭാഷാസാഹിതി, ഒക്ടോബർ—ഡിസംബർ 1978.

നവഭാരതകവിതയിലെ പ്രേമകവിതകൾ. മലയാളനാട് വിശേഷാൽപ്രതി, ജൂലായ് 1984.

നാടകത്തിലെ ബാലമനസ്സ്. കലാകൗമുദി, ലക്കം 243.

നാടകത്തിലെ വേശ്യകൾ. കലാകൗമുദി, ഡിസംബർ 1970.

നാടകവിവർത്തനങ്ങൾ. ഗ്രന്ഥാലോകം, ഏപ്രിൽ—മെയ്—ജൂൺ, 1984

നാടകവും ഫലിതവും. ഗ്രന്ഥാലോകം, ഡിസംബർ, 1954.

നാടകസാഹിത്യം (ഒരു പൗരാണികപാരമ്പര്യം)

നാടകാന്തം കവിത്വം (നിരൂപണം), ചിത്രവാരിക, ഡിസംബർ 3, 1962.

നിരൂപണം അമ്പതു വർഷം. മാതൃഭൂമി ജൂബിലിപ്പതിപ്പ്.

നിരൂപണം ഇന്ന്. സാഹിത്യലോകം, ഏപ്രിൽ—ജൂൺ 1976. (കേരളസാഹിത്യ അക്കാദമി സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം).

നിരൂപണത്തിന്റെ പുതിയ മുഖം. മാതൃഭൂമി.

നിരൂപണസാഹിത്യത്തിന്റെ പുരോഗതി. തിലകം വിശേഷാൽ പ്രതി, ജൂൺ 1964.

നിഷേധം ഭാരതീയദർശനത്തിൽ ഒരു കുറിപ്പ്. പ്രണവം - ശ്രീ അയ്യപ്പക്ഷേത്ര സേവാസമിതി, 1985.

നോവൽ—ഇന്നലെ, ഇന്ന് (ചർച്ച), കുങ്കുമം വാരിക, ജൂൺ, 1981.

നോവലിലെ ഗുരുലഘുക്കൾ. കലാകൗമുദി, ഓണപ്പതിപ്പ്, 1984.

നോവലിലെ മാംസവും മജ്ജയും, മനോരാജ്യം വിശേഷാൽ പ്രതി 20. 6. 1985.

പാട്ടു പാടാത്ത പക്ഷിവില്ല. (നർമ്മലേഖനം), മലയാളമനോരമ ദിനപത്രം, സെപ്തംബർ 6, 1985.

പത്രാധിപക്കുറിപ്പുകൾ. ഗ്രന്ഥാലോകം, 1966.

പന്ത്രണ്ടേകാങ്കങ്ങൾ

പരിമളം എന്ന കാവ്യഗുണം

പാരമ്പര്യവും ആധുനികതയും 14.2.1981.

പാരമ്പര്യം-മലയാള വ്യാകരണരചനയിൽ. മലയാളവിമർശം ജൂലായ് 1984.

പാലാക്കവിത വിഭിന്നവീക്ഷണങ്ങളിലൂടെ. പാലായുടെ കവിത, സംക്രമപ്പുലരിയുടെ കവിത, എൻ.ബി.എസ് 1983.

പാവപ്പെട്ടവരുടെ ഇതിഹാസം (മിഖായേൽ ഷൊളഖോവിന്റെ കൃതികളെപ്പററി) മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 18, 1984.

പുതിയ ശബ്ദങ്ങൾ പുതിയ അർത്ഥങ്ങൾ

പുതുമുഖം രാഷ്ട്രോ എൻടൻ സൈററിസ് (നർമ്മലേഖനം) മലയാള മനോരമ ദിനപത്രം,) 29.7.1985

പുസ്തകങ്ങളും വായനയും 1.11.1983

പുസ്തകനിരൂപണം (ചന്ദ്രോത്സവം)

പൂർണ്ണനിരൂപണം (ശിഖ, 7.2.1984)

പെൻഷൻ കവി (അപ്രകാശിതം), 26.8.1983

പുതിയ പുസ്തകങ്ങൾ-കൃഷ്ണും ചന്ദ്രകാന്തവും. കലാകൗമുദി ജൂലായ് 15, 1984.

പോരും പൊരുളും നിരൂപണത്തിൽ 'അമൃതമശ്നുതേ, എന്ന കൃതിയെക്കുറിച്ച്, മാതൃഭൂമി, 10.10.1984.

പൗരസ്ത്യചിന്തയും പാശ്ചാത്യസാഹിത്യനിരൂപണവും. ശ്രീ പുന്നശ്ശേരി നമ്പി സ്മാരകപ്രഭാഷണം; ഡിസംബർ 22, 1982.

പ്രതിപാത്രം ഭാഷണഭേദം. നിരൂപണം, കലാകൗമുദി, സെപ്തംബർ 28, 1986.

പ്രാക്തനകേരളകൃതികളും കേരളചരിത്രവും. റേഡിയോപ്രഭാഷണം.

പ്രാചീനനിരൂപണസങ്കല്പങ്ങളും ബിംബകല്പനയും

ഫിക്ഷനിലെ ബാഹ്യയാഥാർത്ഥ്യം

ബെക്കററിന്റെ മിസ്റ്റിക് ചിന്ത (ഭാഷാദർപ്പണം, പ്രകാശനവിഭാഗം, കേരള സർവ്വകലാശാല രണ്ടു ഭാഗം, 1987.)

ബെക്കററിന്റെ മിസ്ററിക് ചിന്ത (മലയാളനാട്).

ബോധനഭാഷയും ഔദ്യോഗികഭാഷയും. മാതൃഭൂമി വാർഷികപ്പതിപ്പ്, 1967.

ഭണിതി ഭംഗികരം ഭണിതി ഭംഗികരം. മലയാളനാട്, നവംബർ 26, 1976.

ഭയപ്പെടുത്തുന്ന മുറി (പിൻഡറുടെ നാടകസങ്കല്പം) മലയാളനാട്.

ഭാരതീയ–ആംഗലകവിത. മലയാളസാഹിത്യം, ജൂലൈ–ആഗസ്റ്റ്, 1981.

ഭാരതീയകവിത. മലയാളസാഹിത്യം, റിപ്പബ്ലിക് വിശേഷാൽ പ്രതി, 1982.

ഭാരതീയനാടകപ്രസ്ഥാനത്തിൽ ഭാസൻെറ സ്ഥാനം. ഭാഷാപോഷിണി, ഏപ്രിൽ–മെയ് 1981.

ഭാരതീയഭാഷാശാസ്ത്രം – വാക്യവിചാരം. ഭാഷാപോഷിണി, ഒക്ടോബർ–നവംബർ 1977.

ഭാരതീയസാഹിത്യചരിത്രത്തിനുള്ള നിരൂപണം. മാതൃഭൂമി.

ഭാരതീയസൗന്ദര്യദർശനം. ഗ്രന്ഥാലോകം, ഏപ്രിൽ 1974.

ഭാവതലസംഘർഷം ആശാൻകവിതയിൽ. ഭാഷാസാഹിതി ഒക്ടോബർ–ഡിസംബർ 1983.

ഭാഷാപോഷിണിയുടെ ഓർമ്മ. സഹൃദയസമിതി, പാലാ സ്മരണിക, 1977.

ഭാഷാവികസനം. വിജ്ഞാനകൈരളി, നവംബർ–ഡിസംബർ, 1983.

ഭൂതകാലാവബോധത്തിൻെറ കഥകരം (സി.വി. ശ്രീരാമൻെറ കഥകളുടെ നിരൂപണം) കലാകൗമുദി.

മനുഷ്യൻെറ മണമുള്ള കഥ. കലാകൗമുദി, ഫെബ്രുവരി 17, 1985.

മനുഷ്യനും മാതൃകാമനുഷ്യനും. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഏപ്രിൽ 4–10, 1982.

മനുഷ്യാവസ്ഥ ഇന്നത്തെ ഇന്ത്യൻ കവിതയിൽ. മാതൃഭൂമി.

മലയാളകവിതയിലെ ആമ്പൽപ്പൊയ്ക (സി.എ. ജോസഫിൻെറ കവിതയെക്കുറിച്ച്, മലയാളമനോരമ, 2.12.1983.

മലയാളകവിതയുടെ പുതുമുഖം. മലയാളനാട് വാർഷികപ്പതിപ്പ്, 1972

മലയാളഗദ്യത്തിനു കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ സംഭാവന. ഭാഷാപോഷിണി ഫെബ്രുവരി–മാർച്ച് 1983.

മലയാളത്തിൽ നാമവിശേഷണങ്ങൾ ഉണ്ടോ?

മലയാളത്തിലെ ദാർശനികനോവൽ. കലാകൗമുദി, ഡിസംബർ 6, 13, 1981.

മലയാളത്തിലെ രാമകഥാസാഹിത്യം. അപൂർണ്ണം.

മലയാളനാടകം

മലയാളനോവലും ദർശനങ്ങളും

മലയാളഭാഷാവ്യാകരണം. മലയാളവിമർശം.

മലയാളസാഹിത്യത്തിൽ തത്ത്വചിന്തയുടെ സ്വാധീനം. മലയാളനാട്.

മലയാളസാഹിത്യത്തിൽ രാമായണത്തിൻെറ സ്വാധീനം. ഭാഷാപോഷിണി, ഒക്ടോബർ–നവംബർ, 1982.

മഹാന്മാരെക്കുറിച്ച് ചില സ്മരണകൾ. മനോരാജ്യം വിശേഷാൽ പ്രതി, 1986.

മിഖായേൽ ഷൊളഖോവ്. മാതൃഭൂമി.

മൂഷികവംശം (ആമുഖം).

മൊഹൻ ജൊദാരോ ലിപിയുടെ പഠനത്തിൽ ഫിന്നിഷ് ടീമിൻെറ സംഭാവന

മൗനമാനം 25.8.1983.

രചനാതലസംഘർഷം ആശാൻകവിതയിൽ. ഭാഷാസാഹിതി, 1984.

രണ്ടു സരയൂനദികൾ, രണ്ടു ഗുഹന്മാർ. മലയാളസാഹിത്യം അഞ്ചാം വാർഷികപ്പതിപ്പ്, 1982.

രോഗികളോട് അല്പം കരുണ കാട്ടുക (നർമ്മലേഖനം), മലയാള മനോരമ ദിനപത്രം, 25.5.1986.

ലീലാതിലകത്തിൻെറ കർത്താവ്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ 10, 1962.

വർണ്ണനയുടെ നാനാർത്ഥം. മലയാള മനോരമ, ജൂൺ 25, 1987.

വാക്യപദീയം–ഗ്രന്ഥപാഠവും വ്യാഖ്യാനവും (അപൂർണ്ണം)

വാചാമൂലം. വിജ്ഞാനകൈരളി, ജനുവരി 1974.

വാചാമൂലം (ചർച്ച) വിജ്ഞാനകൈരളി, മെയ് 1974.

വായനയും ഗ്രന്ഥങ്ങളും. കരിയാത്തി ശ്രീ അവിട്ടം തിരുനാൾ ഗ്രന്ഥശാലാ സ്വരണിക, 1983.

വാസു നമ്പൂരിയുടെ കളി (നർമ്മലേഖനം മലയാളമനോരമ ദിനപത്രം, മാർച്ച് 7, 1986.

വിമർശനത്തിന്റെ അതിർത്തികൾ. മാതൃഭൂമി.

വിമോചനദൈവശാസ്ത്രവും ഭാരതീയപാരമ്പര്യവും. ജീവധാര, ആഗസ്റ്റ് 1985.

വിദ്യാഭ്യാസം പ്രാദേശികഭാഷകളിൽ ആകുന്നതിൽ സാങ്കേതികപദങ്ങൾക്കുള്ള സ്ഥാനം

വിദ്യാഭ്യാസത്തിനു് ഒരു താത്ത്വികപരിദൃശ്യം. ഗ്രന്ഥാലോകം ഡിസംബർ 1976.

വിമർശനത്തിന്റെ അർത്ഥതലങ്ങൾ. 1984

വിലാപവീരന്മാർ

വീണ്ടും വീണ്ടും ഉയിർക്കുന്ന കാവ്യാത്മകത. മലയാളമനോരമ വാർഷികപ്പതിപ്പ്, 1985

വെട്ടൂരിന്റെ കഥാലോകം. കലാകൗമുദി, 24.7.1983

വേദവിഹാരത്തിലെ രചനാതലങ്ങൾ. മഹാകവി കെ.വി. സൈമൺ ജന്മശതാബ്ദി സ്വരണിക 1984.

വേളികൊണ്ടുള്ള പലതരം കേളികൾ (നർമ്മലേഖനം), മലയാള മനോരമ ദിനപത്രം, 4.10.1985.

വൈക്കം മുഹമ്മദ് ബഷീർ ഒരിതിഹാസം. ഭാഷാപോഷിണി, ആഗസ്റ്റ്—നവംബർ 1986.

വൈരുദ്ധ്യങ്ങളുടെ വസന്തം-1983 ലെ തിരഞ്ഞെടുത്ത കവിതകൾ പഠനം, ഡി.സി. ബുക്ക് 1984

വൈലോപ്പിള്ളിക്കവിതയിലെ വൈരുദ്ധ്യാത്മകസമീപനം ഭാഷാപോഷിണി, ഒക്ടോബർ—നവംബർ 1985

വ്യക്തമദ്ധ്യാനി ഭാരത നിരൂപണം

വ്യാസന്റെ സാഹിത്യദർശനം

ശബരിമല ഉത്സവം

ശാസനങ്ങൾതൊട്ട മിഷനറിമാർവരെ. ഭാഷാപോഷിണി, ഒക്ടോബർ—നവംബർ 1979.

ശേഷഗിരി പ്രഭുവിന്റെ വ്യാകരണമിത്രം. വിജ്ഞാന കൈരളി, ഒക്ടോബർ, 1984.

ശ്രീ. അരവിന്ദകാവ്യദർശനം. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 3, 1972.

ശ്രീ. എൻ. ഗോപാലപിള്ള ഷഷ്ടിപൂർത്തിമംഗളോപഹാരം ആഗസ്റ്റ് 1961.

ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള ഒരു ബഹുമുഖപ്രതിഭ

സഞ്ചാരിയുടെഹൃദയം. കലാകൗമുദി, ജനുവരി 16, 1983

സദ്യയും സർവ്വാണിക്കഞ്ഞിയും (നിരൂപണം) 15.10.1982

സമകാലിക നാടകവേദി

സമഗ്രദർശിയായ കാളിദാസൻ. കേരളജനത വാർഷികപ്പതിപ്പ് ഒക്ടോബർ 8, 1961

സമീപനങ്ങൾ സമന്വയങ്ങൾ. മാതൃഭൂമി ആഴ്ചപ്പതിപ്പ്

സർഗ്ഗാത്മകമായ ഭൂതകാലാവബോധം കലാകൗമുദി, ജനുവരി 29, 1984

സാകേതം. ശ്രീ. അവിട്ടംതിരുനാൾ ലൈബ്രറി സുവനീർ.

സാകേതം—ചോദ്യോത്തരങ്ങൾ പൂർണ്ണനിരൂപണം-ശില ത്രൈമാസിക

സാർത്രിന്റെ കലാസാഹിത്യസിദ്ധാന്തം. കുങ്കുമം ഫെബ്രുവരി—മാർച്ച് 1982

സാഹിത്യങ്ങളുടെ താരതമ്യപഠനം—ഒരു പുതിയ ഫോർമുല, മലയാളവിമർശം, ജൂലായ് 1985.

സി. ഇ. എം. ജോഡ്—ഒരനുസ്മരണം 7.6.1953.

സി. ജെ. തോമസ് എന്ന നാടകകൃത്ത്. ഭാഷാസാഹിതി, ഏപ്രിൽ—ജൂൺ, 1979.

സി. വി. യുടെ ചരിത്രാഖ്യായികകൾക്ക് ഒരാമുഖം (രാമരാജാബഹദൂർ, ധർമ്മരാജാ, മാർത്താണ്ഡവർമ്മ) ലിററിൽ പ്രിൻസ് പ്രസിദ്ധീകരണം, 1983.

സി. വി. രാമൻ പിള്ള—ഒരു കുറിപ്പ്. കലാകൗമുദി, മെയ് 1983.

സി. വി. രാമൻ പിള്ളയുടെ നോവൽശില്പം. ഭാഷാപോഷിണി, ആഗസ്റ്റ്—സെപ്റ്റംബർ, 1981

സി. വി. രാമൻ പിള്ളയുടെ പ്രസക്തി. മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് 22—29, 1983

സി. വി. ശൈലിയുടെ പുനഃസൃഷ്ടി. കലാകൗമുദി, സെപ്റ്റംബർ, 28, 1986

സുകുമാർ അഴീക്കോടിന്റെ പുസ്തകത്തിനുള്ള മുഖലേഖനം 11.12.1983

സോക്രട്ടീസ് ചേട്ടനും തീവണ്ടിയാത്രയും (നർമ്മലേഖനം), മലയാള മനോരമ ദിനപത്രം, മാർച്ച് 29, 1985

സംവേദനത്തിന്റെ പ്രശ്നങ്ങൾ നാടകത്തിൽ. മാതൃഭൂമി ആഴ്ചപ്പതിപ്പ് സെപ്റ്റംബർ 20—26, 1981

സംസ്കൃതവും മലയാളവും. ഭാഷാപോഷിണി, ഫെബ്രുവരി—മാർച്ച്, 1984

സംസ്കൃതകലാശാല എന്തിനു്? മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഒക്ടോബർ 25, 1981

സംസ്കൃതസാഹിത്യചരിത്രം

സ്തംഭിക്കുന്ന മലയാളനാടകം. കേരളകൗമുദി വിശേഷാൽപ്രതി, 1981.

സ്ത്രീ—പൊററക്കാട്ടിന്റെ കഥ. നിരൂപണം.

സ്ത്രൈണം – സ്വാതന്ത്ര്യം – സ്ത്രീത്വം. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 1982

സ്ഫോടസിദ്ധാന്തം. കേരളകൗമുദി ഓണം വിശേഷാൽപ്രതി, 1986

സ്വാതന്ത്ര്യാനന്തരനിരൂപണം. മാതൃഭൂമി, 1983

സ്വാധീനത– മലയാളനാടകത്തിൽ. കലാകേളി (ഡോ. എസ്. കെ. നായർ സ്മരണിക).

ഹാസ്യസാഹിത്യത്തിലെ വററാത്ത ഉറവ (എം. എൻ.ന്റെ ഹാസ്യകൃതികൾ, കലാകൗമുദി, ആഗസ്റ്റ് 31, 1986

ഹ്ഡിനിയുടെ തൊപ്പി. മലയാളവ്യാകരണം.

സംസ്കൃതം

അനിരുദ്ധോ ബന്ധനസ്ഥഃ (വിവർത്തനം)

കൈലാസാന്ദോളനം

ദേവസമക്ഷം

രാഗോ ശിവഃ

രാഗീ പരമേശ്വരഃ

രാവണസ്യ കൈലാസോദ്വഹനം

വായസദശകം

സന്ധ്യാപ്രണാമഃ

സീതാവനവാസഃ

ENGLISH

Works

Caldwell and A.R. Rajarajavarma on Malayalam Grammar.

Commissioner (Translation from E.M. Koovur) Indian Literature September--October, 1981.

Ezhuthacchan, Sahitya Akademi, 1986.

Keralapaniniyam.

Neighbours (Short Story)

Oppol (Translation from M.T. Vasudevan Nair) Illustrated Weekly, December, 1981.

Ornaments of Karna, Selected Poems of Mahakavi Ulloor, University of Kerala.

Staircase (Translation from Thakazhi).

Steadily Flows the Yamuna (Translation of stories from P. Kesavadev)

Tatoos (Short Story)

Tharavad (Novel)

The Mail Carrier (Transaltion from S.K. Pottakkad) Indian Literature

The Tree of Love (Translation of S.K. Pottakkad's Ezhilampala).

The Vakyapadiya, Motilal Banarsidass, 1971.

The Vulture (Translation from M.P. Muhammad's story).

Poetry

A Blessed Cavern

A Blind, Byword, 27.

A Capital J., Byword, February 1979.

A Child Under Anesthesia

A Fruitless Hunt

A Little Balm

A Little Girl Dies

A Moral Man

An Andhra Night

Ancestors

A New Cover

An Honest Company.

An Unnoticed Centenary.

A Patch of Blue.

A Promise

A Rat's Company, Byword, 27.

A Return to a Public Window

A Saturday

A Spark-lit Dot

A String of Psalms

A Tale From a Village

A Tent

A Visit to Lucifier, Byword, December 1978
Beggars can be choosers
Blessed. Art and Poetry Today, January 1986
Bones
Breaths Living on Breaths
Campus -- 1978
Census
Chartered Agony
Complaint of an Introvert
Complaint
Cosmetics
Culture
Death at the Foot of the Tapioca Plant
Death by the Wayside
Death in a Hospital Ward
Death Upon a Cliff
Establishment
Failure
Fifteen-Chicago
For Her Who Cried, Byword, October, 1980
Fourteen Penang
Fourteen Salisbury
Frost Bites the Buds, Littcrit, December 1977
Grandma
Grey Tones and Other Poems, Samkaleen Prakashan, New Delhi, 1982
Growing a Garden
His Daughter's Pomp
House Sweet Home, (for Byword, 7--2--81)
Humour and Irony in Bernard Shaw

Hunger and Fever
Hymns to the Infinite
I am an Optimist
I Cried For Bones
I Know Your Face
I Live Because I Do Not Die
Indglish
Instant Death
Jackal's Dinner
Just One Craze
Learning From Leaves
Love Over the Sand Dunes, Byword, April, 1979
Mango Thief
Martyr's Day
Meet This Kerala, Souvenir, December 1981
Mortuary
My Poem
My Prayers
No Nagging Clock
No Wages Sin
Oblivion
Once Crazy Passion, Byword, July, 1978
On Nothing
Parts and the Whole
Pensioned Poetry
Petals and Thorns
Prayers
Rain on the Roof, Indian Literature, July--August 1986
Remembered Loots
Ripe Fruit

Sanatorium
Shared Witchcraft
Silvester Moon
Son-in-law
Speech
Stone-weighed Wings
Surrender
The Butterfly
The Blessed
The Climber
The Earth asked me to sleep with Her
The Golden Dust
Three Good Monkeys
The Headlights
The Journey
The Key of the Store
The Lone Star
The mud-stained Dhoti
The muted Syllable
The Old Weaver
The Pipe and the Curry
The President's Pensioner
The Promise of Despair
There are worse Sins
The River
The Saint
The Sleepless
The Song of Creation (Translation of Sargasangeetham by Vayalar)
The Surly Man
The Underground smile

The Visit

The wife

The wings of Night. Indian Literature

This Rickety Lodge

Those Breaths

To a Dead Friend, Indian Literature, 10--4--81

To a Mosquito

Tongues of Death

To Ramakrishnan Nair

To Tonghie

Two Dams

Wanted a New Poem, Byword, October 1979

Wealth

Worshippers Under a Calvery

With a Lesser Thud

Wounded Pride

Wrapt From Age

Younger Anger

Younger Company

Your Hands are So clean

Your Love

Articles

A case study in comparative fiction, IJDL, Vol. XIV, No. 1, Jan, 1985.

Adjectives in Malayalam, Paper submitted to All India Oriental Conference at Kashmir, 1961.

Adjectives in Malayalam, Journal of the Kerala University, ORI & MSS. Library, Nov. 1962.

A note on the man-pole Burden sign in the Mohenjo Daro Inscriptions, Journal of the Kerala University, ORI & MSS. Library, May 1971.

Ancient and Medieval poetry in Malayalam.

A school of creative writing and translation.

A study of the word citta (Translation of an article published in Mathrubhumi, August 1953.)

Comic play in Malayalam (Given to G. Sankara Pillai, Ruchi School of Drama, Aug. 1984.

Comparative Indian Poetry.

Contemporary Indian Poetry -- A comparative study

Convertibility and comparison' — "Studies In Comparative Literature", Papers presented at Trivandrum Conference (1986)

Criticism in Malayalam 1983, Malayalam Literary Survey, July-Dec. 1984.

Cultural affinity — facts of Indian reality, June 1963.

Cultural significance of the Ramayana and its relevance to contemporary times.

Dinapatram or Dinappatram (An Examination of doubling of sounds in compounds in Malayalam — Translation of original in Malayalam,

Cultural unity of India, Radio Talk

Existentialism in Malayalam.

Further studies in adjectives in Malayalam, Malayalarajyam (Three articles).

India's Philosophy of Grammar (translation of a paper published in Malayalam

Indian poetry of Death

Indian poetry today

Indian Universities and the contemporary world An examination of achievement and standards.

Kerala -- a cultural survey

Kerala Manuscripts and Indian Culture, Hindu Daily, 1964.

Kerala -- Note on cultural continuity

Koovoor's Simmering Satire, Malayalam Literary Survey, Jan-June, 1984.

Krishnalilasuka

Kuttu

Language and History, History on the March, Kerala History Association, Ernakulam 1966.

Literary Research in Malayalam (Department of English, Calicut University)

Mahakavi Ulloor, Contemporary Indian Literature, Jan. 1965.

Malayalam (An article on Drama)

Malayalam critics and creators, Indian Literature, 1981.

Malayalam formula and serious Novels.

Nalacharitam, Malayalam Literary Survey, Jan--March, 1982

Please meet Kerala.

S.K. Pottakkad

Pratipatram Bhasanabhedam (Malayalam Literary Survey)

Prophile of an Institution -- The University MSS. Library

Relevance of Religion

Religion as Psychotherapy, Ramanavami Special, April, 1969.

Sanskrit Studies in India -- Souvenir, Government Arts and Science College, 1971.

Semantics in Malayalam Grammar

The ABC of Sartre's Existentialism

The authorship of Lilatilaka (Translation of original in Malayalam)

The comic element in the Malayalam play (Article contributed to Ruchi, School of Drama, Trichur.)

The Drama in Malayalam.

The influence of Sanskrit on Malayalam Literature.

The Man-pole Burden sign in the Mohenjo Daro Inscriptions, Caritram, May--July, 1972.

The Magic on the wrist

The man formed a dyke in the Yangtse, Chinese news

The manuscript on the mantle piece

The modern relevance of Kuntaka. Samskritavimarsha, 1980--81

The Mricchakatika ed. by M.R. Kale

The Philosophy of Grammar

The place of traditional values in democratic education in India. Seminar on Problems of Democracy in India and the Relationship of Democracy to Education. 27th to 31st Jan, 1964.

The Problem of Doubling of Consonants in Malayalam Compounds.

The Psychology of Imagination

The Quest after Indian Unity -- Southern Chronicle

The Question and Answer Technique

The story of language in India: The University Herald, July, 1981.

The Tradition of Vedic Recitation in Kerala -- A project of tape-recording of Vedas.

The Trivandrum you visit

The Vallathol I know

Traditional Values in Indian Life

Trends in contemporary Malayalam Literature, Souvenir, 5th All-India writers' conference, 1965

Twentieth century Malayalam writing -- background and trends.

Ulloor as a didactic poet. Souvenir issued on the occasion of the unveiling of the statue of Mahakavi Ulloor 1981.

Vallathol's Unique contribution to literature in Kerala, Vallathol commemoration Volume, 1965

Vivekananda's contribution to Indian humanitarianism, Souvenir, Vivekananda Centenary Memorial Institute, Trivandrum, July, 1968


पुस्तकालय
पुस्तकालय
कांगड़ी विश्वविद्यालय

ഡോ. രാഘവൻ പിള്ളയുടെ സുഹൃത്തുക്കളും ആരാധകരും വിദ്യാർത്ഥികളും ചേർന്ന് അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ അർപ്പിക്കുന്ന ശ്രദ്ധാഞ്ജലി. ഒന്നാം ഭാഗത്തു സുഹൃത്തുക്കളുടെ അനുസ്മരണങ്ങളും രണ്ടാം ഭാഗത്തു പണ്ഡിതന്മാരുടെ പഠനങ്ങളും മൂന്നാം ഭാഗത്തു രാഘവൻ പിള്ളയുടെ കൃതികളുടെ വിവരണവും ചേർത്തിരിക്കുന്നു.

ഡോ. രാഘവൻ പിളള സ്മരണിക

സമ്പാദകൻ: ഡോ. ടി. ഭാസ്കരൻ

ജന്മസിദ്ധവും മൗലികവുമായ പ്രതിഭയെ പഠനമനനാദികരം കൊണ്ടു സമ്പന്നമാക്കിയ ഡോ. രാഘവൻപിള്ളയുടെ ജീവിതത്തിലേയ്ക്കും കൃതികളിലേയ്ക്കും വെളിച്ചം വിതറുന്ന ലേഖനങ്ങരം അടങ്ങുന്ന സ്മരണിക. രാഘവൻ പിള്ളയിൽ ജ്വലിച്ചു നിന്ന വിദ്യാവ്യസനിത അദ്ദേഹത്തെ വിജ്ഞാനത്തിൻെറ കൊടുമുടികരം ആരോഹണം ചെയ്യാൻ പര്യാപ്തനാക്കി. കവി, പണ്ഡിതൻ, ഗവേഷകൻ അദ്ധ്യാപകൻ എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. സുഹൃത്തുക്കളുടെയും പണ്ഡിതന്മാരുടെയും അനുസ്മരണങ്ങളും പഠനങ്ങളും ഈ സ്മരണികയെ ഹൃദ്യവും ഗഹനവുമാക്കിയിരിക്കുന്നു.

വില നാല്പതു രൂപ

ഡോ. കെ. രാഘവൻ പിള്ള സ്മാരകസമിതി

പ്രസിദ്ധീകരണം